Licence. No. 530 Dated. 10-9-1947

കലാനിധി



N INDIA 8 ANNAS

FOREIG 10 ANNA

★ [illegible] ★

Digitized by Google



വിഷയവിവരം.

പേജ്.


മുഖചിത്രം ററി. ആർ- രാജകുമാരി,
(കൃഷ്ണഭക്തി എന്ന ചിത്രത്തിൽ)

1. ഏതു ജന്മവരിമുപ്പത് 559
2. മരണത്തെക്കുറിച്ചു (കവിത)
വി. സി കുറുപ്പ് 561
3 സുഭാഷ് ബാബു 562
4. കലാസ്വാദനം (ചെറുകഥ)
കെ. എൻ. വി. കുറുപ്പ്. 563
5. കവിതാവൃത്തി (കവിത)
തൈയ്യാട്ട് 567
6. സാമ്പത്തികസമാധാനം
(ഉപന്യാസം) സി. പി. രാമകൃഷ്ണപിള്ള 570
7. കേരളവമ്മഭേവൻ (കവിത)
മുത്തൂർരാഘവൻനായർ. 575
8. ദരിദ്രലക്ഷണങ്ങൾ (ചെറുകഥ)
വിദ്വാൻ എം പരമേശ്വരൻപിള്ള 577
9. സാഫല്യം (കവിത)
ററി. ആർ. വിമല. 589

പേജ്.

10. പുന്നശ്ശേരി (ഉപന്യാസം)
എൽ. പി. പുന്തല. 590
11. മീരാ (കവിത) പി. ഉണ്ണികൃഷ്ണൻ. 593
12. ജീവൽനാടകം (ചെറുകഥ)
ഇ. എം കോവൂർ 594
13. മഗ്നോന്മത്തം (കവിത)
തയ്യണിയറ 598
14. ഭാരതത്തിലെ പ്രാചീന കല
(ഉപന്യാസം) എൻ. കേശവൻ. 599
15. ഗദ്ഗദഗീതം (കവിത)
കവിയൂർ എം. ജി. 603
16. അശാലത (തുടർച്ച നോവൽ) 604
17. പാട്ടന്ന കിനാവു് (കവിത)
കവനാലയം നാണുക്കുട്ടി 617
18. സമ്മാനം (ഏകാങ്കനാടകം)
ജി. ബി. നായർ. മണ്ണഞ്ചേരി 618
19. നന്ദി (കവിത) സാഹിതീസദനം
സി. കെ. എസ്. 622
20. കുപ്പലപായം (ഒരു സ്മരണ)
നാലാങ്കൽ കൃഷ്ണപിള്ള 624
21. ചിത്രകാരൻ (ചെറുകഥ)
എൻ. ഗോവിന്ദൻകുട്ടി 627
22. സരോജത്തിന്റെ കഥ
(ബാലപംക്തി) പത്മകുമാരി 635
23. കുഞ്ഞും കുട്ടിലെ കിളിയും (കവിത)
വൈക്കൻ കെ. ബാലകൃഷ്ണൻ 637
24. വിനോദപംക്തി. 638
25. ജ്യോതിഷപംക്തി 641
26. ജാതകചിന്താമണി
തകഴി കെ. രാമവാര്യർ 643

കേരളമഹാചരിത്രം.



ഗ്രന്ഥകർത്താവു്—സുപ്രസിദ്ധചരിത്രഗവേഷകനും ആക്കിയാളജിസ്റ്റും സാഹിത്യകാരനുമായ ശ്രീ. കുറുപ്പുംവീട്ടിൽ കെ. എൻ. ഗോപാലപിള്ള.

ഗ്രന്ഥകാരൻ രണ്ടു വ്യാഴവട്ടത്തിൽപരമായി കേരളം ഒട്ടുക്കു സഞ്ചരിച്ചും പുരാണവസ്തുപരങ്ങളായ നിരവധി ഗവേഷണങ്ങൾ നടത്തിയും പുരാതന രേഖകൾ സമ്പാദിച്ചും, ലിഖിതങ്ങൾ കണ്ടെടുത്തും പരിശോധിച്ചും തയ്യാറാക്കിയിട്ടുള്ള ഒരു ഉത്തമചരിത്രം—സഹ്യപർവ്വതനിരയുടെ അടിവാരംവരെ കടൽ അലയടിച്ചുകൊണ്ടിരുന്നകാലം—അഗസ്ത്യകൂടം, മഹേന്ദ്രഗിരി, അച്ചൻകോവിൽമല, ശബരിമല, അഴുതമേട്ട്, പൊന്നമ്പലമേട്ട്, മണിമല, മരയൂർ, കാന്തല്ലൂർ, ശീനലാർ മുതലായ മലകളും മേടുകളും പരിഷ്കാരം നിറഞ്ഞ നഗരങ്ങളും രാജ്യങ്ങളും ജനസ്ഥാനങ്ങളുമായിരുന്ന പുരാതനകാലം—ഹിമവാൻതൊട്ടു കന്യാകുമാരിവരെയും അവിടന്നു തെക്കോട്ടു ദക്ഷിണഖണ്ഡംവരെയും മലകളുടെ മുകൾപ്പരപ്പുകളിൽക്കൂടി ഗതാഗതമുണ്ടായിരുന്നകാലം—അക്കാലം മുതൽ ബ്രിട്ടീഷ് ആധിപത്യകാലംവരെയുള്ള കേരളത്തിന്റെ വിശ്വാസയോഗ്യമായ ചരിത്രം—കേരളം പരശുരാമൻ മെഴുവെറിഞ്ഞു സൃഷ്ടിച്ചതോ പെരുമാക്കന്മാർ വെട്ടിപ്പിടിച്ചതോ അല്ല—പരശുരാമൻ ആരു്?—പെരുമാക്കന്മാർ ആരു്?—കേരളത്തിൽ പെരുമാക്കന്മാരുടെ ഭരണസ്വരൂപം എന്തു്?—പുരാതന കേരളരാജ്യങ്ങൾ—നാടുവാഴികൾ—ഭരണക്രമം—സാമ്പത്തികാവസ്ഥ—സാമൂഹ്യാവസ്ഥ—മതങ്ങൾ—ഭാഷ—ലിപി—ആചാരം എന്നിത്യാദി പല നൂതന വിവരങ്ങളും—ചോററി എന്ന പുരാതനരാജ്യം—അതിന്റെ സ്ഥാനം—ഭാരതയുദ്ധത്തിൽ സഹകരിച്ച കേരളരാജാവു്—എന്നിങ്ങനെ പലതും—ഇരുപതോളം ഗവേഷണചിത്രങ്ങൾ—അവയിൽ ചിലതു് നാളതുവരെ മറ്റാരും കണ്ടുപിടിച്ചിട്ടില്ലാത്തതു്.

ഡമ്മി 8-ൽ 408 വശങ്ങളുള്ള ഒന്നാംഭാഗം വില രൂപാ 3 മാത്രം.
രണ്ടാംഭാഗം അച്ചടിയിൽ.

റെഡ്യാർ പ്രസ്സു്—തിരുവനന്തപുരം.

കലാനിധി

അഭിപ്രായങ്ങളും കുറ്റുകളും.

(തുടർച്ച)

''കലാനിധി'' ഞാൻ സശ്രദ്ധം വായിക്കാറുള്ള ഒരു മാസികയാണ്. സാഹിത്യാരാമത്തിലെ ഈ പുതുമലരിന്റെ ഓരോദളവുംവിടർന്നു വരുന്നതും അതിന്റെ ഗുണവും മണവും വർദ്ധിപ്പിച്ചുകൊണ്ടു മുന്നോട്ടുള്ള ഒരു കാലത്തിന്നിടയിൽ അനവധി വർഷങ്ങളും കൊണ്ടു നേടാവുന്ന പദവി അനായസേന കരസ്ഥമാക്കിയിട്ടുണ്ട്. 'കലാനിധി' അതിന്റെ പേരിനെ അക്ഷരംപ്രതി അർത്ഥവത്താക്കിക്കൊണ്ടു ഇക്കഴിഞ്ഞ വിദ്യാരംഭദിനത്തിൽ പുറത്താക്കിയ വാർഷികപ്പതിപ്പ് കൈരളിയേയും കേരളീയരേയും അന്യാദൃശവും അനന്യസുലഭവുമായ സൗരഭ്യം കൊണ്ട് എത്രമാത്രം തൃപ്തിപ്പെടുത്തിയിട്ടുണ്ടെന്ന് അനവധി പത്രങ്ങളും, നിഷ്പക്ഷമതികളായ അനവധി മഹാന്മാരും അനുമോദനംശിസ്സുകൾ കൊണ്ട് വെളിപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ ഇക്കഴിഞ്ഞ ലക്കത്തിൽ 'മലയാളി'യുടെ 'പുസ്തകനിരൂപക'ന്റെതായി ചേർത്തിരുന്ന അഭിപ്രായങ്ങളും വായിക്കുവാനുള്ള ദുർഭാഗ്യം എനിക്കും ഉണ്ടായി.

എന്തു പറയട്ടെ, ആക്ഷേപം അസൂയ ജനിപ്പിക്കുന്ന വേങ്കടഭിക്ഷാദികളോടും അനർഘരത്നങ്ങളായ ലേഖനപരമ്പരകളാലും, ചെറുപ്പരയിലും മണിമാളികയിലും വാങ്ങി വായിക്കുന്നതിനു തുല്യമായ വരിസംഖ്യയോടുകൂടി പ്രസിദ്ധീകരിക്കുന്ന ഈ മാസികയേപ്പറ്റി മലയാളിയുടെ നിരൂപകമന്യൻ ഇങ്ങിനൊക്കെ എഴുതിത്തള്ളാൻ പ്രേരിപ്പിച്ച സംഗതി എന്തെന്ന് എത്രകണ്ടു തല പുകഞ്ഞു ചിന്തിച്ചിട്ടും വ്യക്തമാകുന്നില്ല.

''ചില ലക്ഷണങ്ങൾ കണ്ടാൽ ഇതു് ചെറുകഥ എഴുതി പഠിപ്പിക്കുന്ന ഒരു മാസികയാണെന്നു തോന്നിപ്പോകും'' ഇതാണ് അദ്ദേഹത്തിന്റെ ആക്ഷേപങ്ങളിലൊന്ന്. മലയാളികൾ ഇന്നു ചെറുകഥാപാരായണത്തിൽ എത്രമാത്രം താല്പര്യം പ്രകടിപ്പിക്കുന്നുണ്ടെന്നു ചെറുകഥാവിദഗ്ദ്ധനായ ആ മാന്യൻ അറിയുന്നില്ലെങ്കിൽ അദ്ദേഹം പട്ടണപ്രാന്തംവിട്ടു ഈ ഗ്രാമങ്ങളിലേക്കിറങ്ങി വരുവാൻ ഞാൻ സവിനയം ക്ഷണിച്ചുകൊള്ളുന്നു.

എന്റെ വ്യക്തിപരമായ അഭിപ്രായമാണെങ്കിൽ ചെറുകഥകൾ ഇനിയും കൂടുതൽ ചേർക്കണമെന്നാണ്.

''കച്ചിട്ടു തുപ്പാനും, മധുരിച്ചിട്ടിറക്കാനും വയ്യാ'' എന്ന മട്ടാണ് ആ നിരൂപകമാന്യന്റെ അഭിപ്രായത്തിൽ ആദ്യന്തം ദർശമാകുന്നത്.

''പ്രസംഗവിഷയത്തിൽ പറയത്തക്ക പാകപ്പിഴകളൊന്നും വന്നിട്ടില്ല'' എന്നു വളരെ വിമ്മിഷ്ടപ്പെട്ടു മിക്കിയും മൂളിയും സമ്മതിക്കുന്ന അദ്ദേഹം തന്നെ ''പുസ്തകത്തിനു വലിപ്പം കൂട്ടാനാണ് ഈ ലേഖനങ്ങളും ചേർത്തിരിക്കുന്നതെങ്കിൽ—കുറേനല്ല ലേഖനങ്ങൾ ചേർത്തു ഇതിലും ചെറുതായി ഇറക്കിയാൽ മതിയായിരുന്നു'' എന്നു പറയുമ്പോൾ അദ്ദേഹത്തിന്റെ സ്വാഭിപ്രായത്തിൽ പോലും അദ്ദേഹത്തിനു ഒരു സ്ഥിരതയുമില്ലെന്നു തെളിയുന്നു

മലയാളിയുടെ ഈ പുസ്തകവിമർശകൻ ആരായിരുന്നാലും ശരി, ഞാൻ അദ്ദേഹത്തെ വെല്ലുവിളിക്കുന്നു—ഇന്നത്തെ മലയാളമാസികകളിൽ കലാനിധിയേക്കാൾ—അഥവാ കലാനിധിയോളമെങ്കിലും മെച്ചമായിട്ടുള്ള ഒരൊറ്റമാസികയെങ്കിലും കേരളക്കരയിലുണ്ടോ? ഉണ്ടെങ്കിൽ ഒന്നു കാണിക്കട്ടെ!

മനുഷ്യന്റെ വീക്ഷണകോണത്തിൽ പലരും പല രൂപത്തിലാണ് ഭവിക്കുന്നതു—വിശിഷ്യാ മഞ്ഞപിത്തമുള്ളവർക്ക് അവരുടെ കണ്ണിൽപെടുന്ന വസ്തുക്കളൊക്കെ മഞ്ഞനിറമായി തോന്നും, എന്നാൽ മറ്റുള്ള സകലമാനപേരേക്കാളും വിഭിന്നമായി തോന്നുന്ന തന്റെ അഭിപ്രായം ശരിയാണെന്നു സമർത്ഥിക്കുവാൻ മുതിർന്നാൽ അതൊരു സാഹസമല്ലേ?

അതല്ല വ്യക്തിപരമായ വല്ല വിരോധവും അദ്ദേഹത്തിനു കലാനിധിയുടെ പ്രവർത്തകന്മാരോടു ഉണ്ടായിട്ടുണ്ടെങ്കിൽ—"എറിഞ്ഞവനെ കടിക്കാതെ—ഏറെക്കടിക്കുന്ന" നായയെപോലെ അതു കലാനിധിയുടെ നേരേ പ്രയോഗിക്കേണ്ടതില്ലായിരുന്നു.

അപ്രാപ്യമായ ഒന്നിനെ പ്രാപിക്കുവാൻ പോകുന്നവനും, സത്യത്തിന്റെയും മാന്യതയുടേയും നേരേ കൊഞ്ഞണം കാട്ടുവാൻ മുതിരുന്നവനും സഹൃദയലോകത്തിൽ എന്തുസ്ഥാനമാണു ലഭിക്കുന്നതെന്നു പണ്ഡിതനായ അദ്ദേഹത്തോടു ഞാൻ പ്രത്യേകം പറയേണ്ടതില്ലല്ലോ?

മനോഹരമായി വിരിഞ്ഞു വികസിച്ചു നില്ക്കുന്ന ഒരു റോസാപൂവിൽനിന്നു ദുർഗന്ധമാണു പുറപ്പെടുന്നതെന്നു് ഒന്നല്ല, സഹസ്രക്കണക്കിനു് അദ്ദേഹം ജല്പിച്ചിരുന്നാലും സഹൃദയസമൂഹത്തിന്റെ വാസനക്കു് അണുവളവും ഭംഗം വരികയില്ല—വരുത്തുവാൻ സാധിക്കുന്നതുമല്ല.

കേരളവും മലയാളഭാഷയും ഉള്ളേടത്തോളംകാലം വരേയും കലാനിധി സാഹിത്യവാർവേദിയിലെ വാടാമലരായി—അണയാദീപമായി—അക്ഷയ ഭാസുരമായി—അനശ്വരകീർത്തിവളർത്തിക്കൊണ്ടു് അനർഘരത്നങ്ങളായ ലേഖനപരമ്പരകളാൽ കേരളീയരെ ആനന്ദസാഗരത്തിലാറാടിക്കുന്നതിനു ഞാൻ സർവ്വമംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു

മുത്തുകുളം, രാഘവൻ

തിരുവനന്തപുരത്തുനിന്നും ശ്രീ. ററി. സുബ്ബയ്യാ റെഡ്ഡ്യാരുടെ പ്രസിദ്ധകത്തിൽ, ശ്രീ: ആർ. നാരായണപ്പണിക്കർ ബി ഏ. എൽ. ററി. യുടെ അഭിജ്ഞതയും സമർത്ഥതയുമായ മേൽനോട്ടത്തിൽ, കഴിഞ്ഞകൊല്ലം കേരള സാഹിത്യകലാലോകത്തു കാലൂന്നിയ "കലാനിധി"മാസിക ഒരു വയസ്സു തികഞ്ഞു് ഇതാ രണ്ടാം വയസ്സിൽ കാലടിവച്ചിരിക്കുന്നു. മനോഹരങ്ങളായ പന്ത്രണ്ടു പൂർണ്ണഭാഗങ്ങൾ ഇണങ്ങിച്ചേർന്ന ഒരു സുരഭിലസുമം അതു സഹൃദയക്കു കാഴ്ചവച്ചുകഴിഞ്ഞു. രണ്ടാമതു മൊട്ടിട്ട നവസുമത്തിന്റെ ഒന്നാംഭാഗമാണിപ്പോൾ മുമ്പിലുള്ളതു്.

വിദ്യാരംഭത്തെ വരവേൽക്കുന്നിയാം വിധം ചിത്രീകരിച്ചിട്ടുള്ള ഒരു മുഖചിത്രത്തോടുകൂടി മേനിക്കവറിനുള്ളിൽ രസാവഹവും വിജ്ഞാനീയവുമായി അവതരിപ്പിച്ചിരിക്കുന്ന ഗദ്യപദ്യകൃതികൾ ഇരുനൂറ്റിറുപതു പേജുകളിലുൾക്കൊണ്ട ഒരു സാഹിത്യോപഹാരമാണിതു്. ലേഖകന്മാരിൽ പലരുടേയും ഛായാപടങ്ങൾക്കു പുറമേ, ഗാന്ധിജി, നെഹറുജി, ആചാര്യയായ പല നേതാക്കന്മാരുടേയും യുദ്ധന്മാരുടേയും ചേതോഹരങ്ങളായ ഛായാപടങ്ങളും ഇതിനൊരലങ്കാരമായിട്ടുണ്ടു്.....


തിരുവനന്തപുരം റെഡ്ഡ്യാർ പ്രസിൽ അച്ചടിച്ച ഈ വിശിഷ്ട പുസ്തകത്തിനു ഒന്നരരൂപ വലിയൊരു വിലയല്ല. കലാപ്രേമികൾ കൈയ്യൊഴിയേണ്ടുന്ന ഒരു പുസ്തകമാണിതു്.

സത്യവ്രതൻ

ഈ വിശേഷാൽപ്രതി എന്തുകൊണ്ടും മനോഹരവും വിജ്ഞാനപ്രദവുമായ ഒരു പ്രസിദ്ധീകരണമായിട്ടുണ്ടെന്നു പറയുവാൻ ഞങ്ങൾക്കു സന്തോഷമുണ്ടു്. മിക്ക രാഷ്ട്രീയനേതാക്കന്മാരുടേയും, സാഹിത്യകാരന്മാരുടേയും പടങ്ങളാൽ വിശേഷാൽപ്രതി അലംകൃതമായിരിക്കുന്നു. കേരളത്തിലെ പേരെടുത്ത എഴുത്തുകാർ എല്ലാപേരേയും ഒരുമിച്ചു കാണുവാൻ തരപ്പെടുത്തിയ റെഡ്ഡ്യാർപ്രസ്സുകാരുടെ ഈ പരിശ്രമം എന്തുകൊണ്ടും സമുചിതവും അഭിനന്ദാർഹവുമാണു്. 60 ലേഖനങ്ങളുൾക്കൊള്ളുന്ന ഈ വിശേഷാൽപ്രതി സാഹിത്യത്തിനു ഒരു വമ്പിച്ച നേട്ടം തന്നെയാണു്.

ചിത്രഭാനു.

(തുടരും)


Netaji Studio

യാവദ്ഭാരിത്യസ്ഥപതി യാവദ് ഭ്രാജതി ചന്ദ്രമാഃ ||
യാവദ്വായുഃ പ്രവഹതി താവജ്ജീയാൽ കലാനിധിഃ ||

കലാനിധി

-കഥാമയ സാഹിത്യ മാസിക-

Chief Editor—R. NARAYANA PANIKKAR, B. A., L. T.

സമം ൨ } ഫ്ലവർ കുംഭം { ലക്കം ൫

ആ ജനുവരി മുപ്പത്

ആ ശപ്തമായദിനത്തിൽ ഭാരതാംബിക ലജ്ജിച്ചു തലകുനിച്ചു. രണ്ടായിരത്തിഅഞ്ഞൂറുകൊല്ലം ആറുനോറുരുന്നിട്ടു കിട്ടിയ ഒരു അരുമസന്താനത്തിനെ-തന്റെറ അടിമത്തച്ചങ്ങലയെ ആത്മവീര്യം കൊണ്ടു പൊട്ടിച്ചെറിയുന്നതിനും, ലോകത്തിൽ ശാന്തിയും സമാധാനവും പരത്തുന്നതിനും വേണ്ടി സ്വജീവിതം അർപ്പിച്ചു ജീവിച്ചുപോന്ന ആ പുണ്യാത്മാവിനെ, ഹൈന്ദവജനതയുടെ ദുഷ്കർമ്മപരിപാകം മൂത്തിമദ്ഭാവം പൂണ്ട ഒരു പാഷണ്ഡൻ, വെടിവച്ചുവീഴ്ത്തി. ഇൻഡ്യമാത്രമല്ലാ, ലോകം മുഴുവനും ദുഃഖസാഗരത്തിൽ ആണ്ടു. രാജന്യന്മാരും, പ്രഭുക്കന്മാരും, വ്യവസായപ്രമുഖന്മാരും, വണിക് ശ്രേഷ്ഠന്മാരും, ഒക്കെ കണ്ണീരൊഴുക്കിയെങ്കിലും, നഷ്ടം അവർക്കാർക്കുമായിരുന്നില്ല, അവരുടെ കരച്ചിൽ കരച്ചിലുമായിരുന്നില്ല. എന്നാൽ ഉണ്ണാനില്ലാതെയും ഉടുപ്പാനില്ലാതെയും വലയുന്ന മൂകലക്ഷോപലക്ഷങ്ങൾക്ക്—മഹാത്മജിയുടെ ദേഹവിയോഗം തീരാനഷ്ടംതന്നെയാണ്. അവരുടെ ഏകമായ ആശാകേന്ദ്രമാണ് തകർന്നുപോയത്. പക്ഷേ, അവർ കരഞ്ഞാൽ ഇന്നിനി ആരും കേൾക്കാൻ ഇല്ല എന്നുള്ളതു സ്പഷ്ടികസ്ഫുടമായിത്തീർന്നിരിക്കുന്നു. ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സു തന്നെയും, രാഷ്ട്രീയസ്വാതന്ത്ര്യലബ്ധിയോടടുക്കുതോറും, ഗാന്ധിയൻമാർഗ്ഗത്തിൽനിന്നു അടിക്കടി തെറ്റിമാറിക്കൊണ്ടിരിക്കുന്നു. അതിനുള്ളിൽ

സ്വാതന്ത്ര്യലാഭത്തിനും, അധികാരപ്രാപ്തിയ്ക്കും വേണ്ടിയുള്ള വടംവലിയാണു് നടക്കുന്നതെന്നു് കണ്ണുള്ളവർക്കൊക്കെ കാണാൻ കഴിയും. പെകിത്താൻ വേദം ഉരുവിക്കുംപോലെ, ഗാന്ധിസിദ്ധാന്തങ്ങളെ ഉരുവിച്ചുകൊണ്ടു് നേതാക്കന്മാർ മൂകലക്ഷങ്ങളുടെ കണ്ണിൽ മണ്ണിടാനുള്ള ശ്രമം പൊടിപൊടിച്ചു നടത്തുന്നു ഗാന്ധി ഫണ്ടിനു വേണ്ടി സംഘടിതയത്നം ചെയ്യുന്നതിനുള്ള അവസരംപോലും അവർക്കു ലഭിക്കുന്നതില്ല.

'ബാപ്പുജി മരിച്ചിട്ടില്ല; അദ്ദേഹത്തിന്റെ ആത്മാവു് സദാ നമ്മുടെ ചെയ്തികളെ സശ്രദ്ധം നോക്കിക്കൊണ്ടിരിക്കയാണു്' എന്നു ശ്രീ. രാജഗോപാലാചാരിയർ പറയുന്നു. എന്നാൽ ആരു കേൾക്കാനാണു്! കരിഞ്ചന്തകാരും സർവ്വോൽക്കർഷേണ വർത്തിക്കുന്നു; വർഗ്ഗീയവിഷസർപ്പങ്ങൾ വീണ്ടും ഫണമുയർത്തുന്നു. എവിടെയും അസംതൃപ്തി കളിയാടിക്കൊണ്ടിരിക്കുന്നു.

നമുക്കു വാസ്തവത്തിൽ സ്വരാജ് ലഭിച്ചോ? ഇല്ല;—മഹാത്മജി ഭാവനചെയ്ത "സ്വരാജ്" ഇന്നും വിദൂരസ്ഥമായിരിക്കുന്നതേയുള്ളൂ. ഇൻഡ്യാ ഇന്നും പരാശ്രയത്തിൽനിന്നു നിർമ്മുക്തയല്ല. പരാശ്രയം നീങ്ങണമെങ്കിൽ, നേതാക്കന്മാരുടെ ശ്രദ്ധ നഗരങ്ങളിൽനിന്നു ഗ്രാമങ്ങളിലേയ്ക്കു പതിയണം; സാധാരണ ജനങ്ങളുടെ ജീവിതരീതിയാകെ മാറണം. ഓരോ ഗ്രാമവും സ്വയം പര്യാപ്തമായിത്തീരണം.

ശ്രീ. രാജഗോപാലാചാരിയർ പറയുംപോലെ 'ഗാന്ധിജി നമ്മുടെ ഇടയ്ക്കു ജീവിച്ചിരുന്നു എന്നു നാം അഭിമാനിച്ചതുകൊണ്ടായില്ല. അദ്ദേഹത്തിന്റെ ഉപദേശങ്ങളെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരണം. പ്രശംസകളാൽ നമുക്കു ജീവിച്ചിരിക്കുന്നതുവരെ പ്രീണിപ്പിക്കാം. 'എന്നാൽ പൊള്ളയായ പുകഴ്ത്തൽകൊണ്ടോ പ്രശംസകൊണ്ടോ ഗാന്ധിജിയുടെ ആത്മാവിനെ തൃപ്തിപ്പെടുത്താൻ ആർക്കും സാധ്യമല്ല'.

മനുഷ്യരത്നമായിരുന്ന മഹാത്മജിയെ ദൈവമാക്കി, ആ പരിശുദ്ധ നാമത്തെ മൂഷണംചെയ്തു സ്വാർത്ഥ നേടാമെന്നുവല്ല നേതാക്കന്മാരും വിചാരിക്കുന്നുണ്ടെങ്കിൽ, അവർ മൂഢസ്വർഗ്ഗത്തിൽ വർത്തിക്കുകയാണെന്നു ഓർമ്മയിരിക്കട്ടെ.

സർവ്വോദയദിനം നാം എല്ലാവരും യഥാശക്തി ആഘോഷിച്ചു; പക്ഷേ അതൊക്കെ ഒരു മാതിരി ഉത്സവച്ചടങ്ങുപോലെയല്ലേ നാം നടത്തിയതു്? മഹാത്മജിയുടെ സൃഷ്ടിപരിപാടിയിൽ ഏതെങ്കിലും ഒന്നു് നമ്മുടെ നേതാക്കന്മാരോ നാം തന്നെയോ നടപ്പിലാക്കാൻ ശ്രമിച്ചിട്ടുണ്ടോ എന്നു് ആ ദിവസം എങ്കിലും ഒന്നു് ആത്മപരിശോധന ചെയ്യുണ്ടതായിരുന്നു.



* മരണത്തെക്കുറിച്ച്.

മഹാത്മജിയുടെ തിരുവായ്മൊഴികൾ.

വി. സി. കുട്ടപ്പ്, അമ്പലപ്പുഴ.

I

മരണമൊരുജീവിതഭാവവ്യത്യാസമാ-
ണരികിലതുവന്നിട്ടും വേളയേതാകിലും,
വരണകൃതുകാകലം സ്വാഗതംചെയ്യുവാൻ
നരനകഴിയേണമെന്നുള്ള പൊരുളകലം
മമ ഹൃദയവേദിയിൽ വേരുറച്ചിട്ടിതാ
പലതു കഴിയുന്നുപോൽ സംവത്സരങ്ങളും.
മരണഭീതിയാം സംസാരരീതികൾ
മനതളിരിൽ നിന്നങ്ങു ദൂരീകരിക്കുവാൻ
ദൃഢാഹൃദയപൂർവ്വകം പണ്ടു പരിശ്രമം
പട്ടതരയാട്ടചെയ്തു ഞാൻ വാണതാംവേളയിൽ
ചിരവിരഹമാന്തതാം തോഴനെക്കാണുവാ-
നൊരുവനിയലുന്നതാമുൽക്കണപോലവേ
മൃതിയുടെസമഗമം മുന്നിലീക്ഷിച്ചു ഞാൻ
ചിലപൊഴുതിലാനന്ദമാന്തോക്കുന്നിതാ.
ധരയിലിഹ മാനവൻ ചിത്തദാർഢ്യത്തിനായ്
പരിചൊടുതുശ്രമം ചെയ്തുകൊണ്ടീടിലും
പലപൊഴുതുമായവൻ തെറ്റുവന്നു ഭയ-
ഭ്രമതയുടെ ബാധയാലെന്നു കാണുന്നു നാം?
അനഘഹൃദയാന്തരത്തിങ്കലെത്താതെയാ-
ശ്ചിക്ഷണയുടെ തുച്ഛത്തുടങ്ങും അറിവുകൾ
അവനിതലജീവിതത്തിങ്കൽ തടവുകൾ
അഭിമുഖസമീപനം ചെയ്തുവേ നിഷ്ഫലം.
അധിവസിതമായുള്ള ശക്തിചേതസ്സുകൾ-
ക്കധികതരമായിട്ടു മാറ്റകറ്റീടുവാൻ
ഒരു നിയതകാരണം തന്നെയാണാശ്രമേ
സതതമുപപന്നമാം സാഹായ്യലബ്ധികൾ.
അനവധികമായുള്ള ബാഹ്യപ്രലോഭനേ-
പ്രണയപരിമുക്തനാകുന്നു സത്യഗ്രഹീ.

II

മൃതിയശരനാകാതിരിക്കുവാനിപ്പൊഴേ
ഹിമശിരിയിലെത്തിഞാൻ സന്യസിച്ചീടുവാൻ
പറയുമൊരുവാക്കിനെ—ആരിൽ നിന്നാകിലും
അപഗതഭയാകുലം സന്ത്യജിച്ചീടുമേ.
ചരമഗതിമാറ്റുവാനാരുതാനാകിലും
കഴിവിയലുകില്ലെന്ന സത്യമറിഞ്ഞു ഞാൻ.
പ്രതിവിധികളെന്നല്ല രക്ഷാവ്യവസ്ഥകൾ
മൃതിഗതിനിരോധനം ചെയ്തീടുകില്ലെങ്കിലും
എതുപൊഴുമാരോഗ്യരക്ഷാകൃതികളാം
പൊതുജനപരായണൻ ഞാനെന്നുനിശ്ചയം.
ജഗദഖിലനായകൻ, ഞാൻ ചെയ്തുതീർക്കുവാൻ
തിരുമനസ്സിലാശിച്ച കാര്യങ്ങളൊക്കെയും
ക്ഷിതിയിൽ നിറവേറിയാൽ പിന്നെയിജ്ജീവിതം
നിമിഷമപി നീളുവാൻ സമ്മതിക്കില്ലവൻ

III

കൃശതരശരീരനാമെന്നെ വധിക്കുവാൻ
പലവുരുശ്രമിച്ചിതെൻ മത്സ്യസഹോദരർ.
കരുണയുടെ കാതലാമീശൻ തുണച്ചുമാം;
കൊലകരുതിവന്നവർ പശ്ചാത്തപിച്ചുപോൽ.
മരണമിവനേകുവാൻ വന്നിടുന്നോക്കുഞാൻ
ഒരു പരമദുഷ്ടനായ് തോന്നുന്നുവെങ്കിലോ
അവരുനിഹനിക്കുന്നതെന്നെയല്ലോർക്കുവിൻ
അവരുടെയുദഗ്രിയിൽ ദുഷ്ടനാമേകനെ.
ക്ഷിതിയിലൊരുമട്ടിലും രക്തസാക്ഷിത്വമെൻ
മതിയതിലുപാസിച്ച വെയുന്നതില്ല ഞാൻ.
സ്ഥിതിയിതുവിധത്തിലാണെങ്കിലും മാമക-
പ്രിയതരമനോജ്ഞമാം തത്ത്വമേതൊന്നിനും
പരമതുലസംരക്ഷ നല്കി മാനിക്കുവാൻ
തൊടിയിടയിൽ നേടുമേ രക്തസാക്ഷീപദം.

---

* ഗാന്ധിജിയുടെ ലേഖനങ്ങളിൽ നിന്നും മി: എസ്. പ്രാകരൻ നായർ ബി. എ. വിവർത്തനംചെയ്ത് 4-6-124-ലെ മലയാളരാജ്യത്തിൽ ചേർത്തിട്ടുള്ളതിനെ ഉപജീവിച്ച് എഴുതിയിട്ടുള്ളതാണ് ഈ പദ്യരോഗം.

സുഭാഷ് ബാബു



സുഭാഷ് ബാബു ജീവിച്ചിരിപ്പുണ്ടോ ഇല്ലയോ എന്നുള്ള പ്രശ്നം കഴിഞ്ഞ മകരം 10-ാംതീയതി അദ്ദേഹത്തിന്റെ 53-ാം ജന്മദിനം കൊണ്ടാടിയ അവസരത്തിൽ വീണ്ടും പൊങ്ങി. ശ്രീമുത്തുരാമലിംഗത്തേവർ, അദ്ദേഹം ജീവിച്ചിരിക്കുന്നുവെന്നും യഥാകാലം നമ്മുടെ ഇടയ്ക്കു ആവിർഭവിക്കുമെന്നും ഉറപ്പിച്ചു പറയുന്നു. ബാബുജിയുടെ സഹോദരനായ ശ്രീ. ശരച്ചന്ദ്രബോസിന്റെ അഭിപ്രായവും അതുപോലെതന്നെ. ആ പുണ്യചരിത്രനായ ത്യാഗിവര്യൻ വീണ്ടും വന്ന് നമ്മെ അനുഗ്രഹിക്കുമെങ്കിൽ ഭാരതഭൂമിയുടെ സുകൃതം നിശ്ശേഷം നശിച്ചു പോയിട്ടില്ലെന്നു സധൈര്യം പറയാം. പക്ഷേ, ഇന്നത്തെ നിലയിൽ അദ്ദേഹത്തിനു ഈ നാട്ടിൽ കാലുകുത്തുവാൻ ലജ്ജതോന്നുന്നുണ്ടായിരിക്കാം. രാഷ്ട്രീയസ്വാതന്ത്ര്യം നമുക്ക് ഏതാണ്ടു കരസ്ഥമായെന്നു പറയാം. സാമ്പത്തികമായും സാമൂഹികമായുമുള്ള സ്വാതന്ത്ര്യം കൂടി ലബ്ധമാകുന്ന അവസരത്തിൽ അദ്ദേഹം ഇൻഡ്യയിൽ വന്നു ഭരണസാരഥ്യത്തിൽ പ്രധാനമായ ഒരു പങ്കു വഹിച്ചു കാണുവാൻ ഈശ്വരൻ കടാക്ഷിക്കട്ടെ.

കലാസാദനം

ഒ. എൻ. വി. കുറുപ്പ്.

I

അയാൾ പരുപരുത്തഭിത്തിയിൽ ഒരു കലാകാരന്റെ ഹൃദയം തുറന്നു വച്ചിരുന്നു.

സുന്ദരങ്ങളായ അയാളുടെ കലാസൃഷ്ടികളുടെ മുന്നിൽ അവളുടെ മിഴികൾ വിടിരും—നിശ്ചലങ്ങളാകും.

അതാ, തെളിഞ്ഞ ജലപ്പരപ്പിനടിയിൽ നിന്ന് രണ്ടു പരൽ മീനുകൾ മാനത്തിന്റെ മനോഹാരിത മുഴുവൻ നുകരുകയാണ്. ജലപ്പരപ്പും പരൽമീനുകളും നിശ്ചലം; അതിന്റെ മുന്നിൽ അവളുടെ മിഴികളും.

മാനം മനോഹരമാണ്; മഴവില്ലുകൾ നിമ്മിക്കുവാനുള്ള നിറങ്ങൾ എല്ലാം അണിയിച്ചൊരുക്കിയ ഭാവനകൾ രൂപം പൂണ്ടതാണ്. അതൊക്കെയാപ്പരുപരുത്ത ഭിത്തിയിലെങ്ങനെ വരുത്തി?

"അസ്തമയം—അതു മറ്റൊരു ചിത്രമാണ്. അന്തിമേഘങ്ങളുടെ പൊന്നൂടയാടയിൽ നിന്ന്, ആഴിയുടെ നീലച്ചേലയിലേക്കു തങ്കക്കതിരവൻ തെന്നിത്തെന്നി വീഴുകയാണ്. പൊന്നും തുലിഴകൾ ഒകൊണ്ടവിടെ, തിരമാലകൾ കസവുരേഖകൾ തുന്നുകയാണ്.

കതിരവനും തിരമാലകളും ചലിക്കുന്നു; ഇടവിടാതെ ചലിക്കുന്ന വെറും കുമ്മായപ്പൂച്ചിന്റെ പുറത്താവുലനങ്ങൾ എങ്ങനെ വ്യക്തമാക്കി?—

ഒരു കഷ്ടകകന്യകയുടെ ചിത്രവുമുണ്ടവിടെ. തെളിഞ്ഞൊട്ടുന്ന അരുവിയിൽ നിന്ന്, ഒരു ചെപ്പുകുടത്തിൽ ജലം നിറച്ചുകൊണ്ടു കുനിഞ്ഞു നില്ക്കുന്ന ആ കഷ്ടകകന്യക അഴകും ആരോഗ്യമുള്ള "ഗ്രാമീണഭംഗി"കളുടെ ഒരു 'സിംബളാ'ണ്. നാലുകാലും കുത്തിക്കമിഴ്ന്നു വീഴാനെന്നപോലെ നിലകൊള്ളുന്ന കഷ്ടകങ്ങൾക്കിടയിൽ ആ ചിത്രത്തിന്റെ പശ്ചാത്തലത്തിൽ അവ്യക്തമായി കാണാം.

അങ്ങനെ അനവധി ചിത്രങ്ങൾ—സുന്ദരങ്ങളായ ഭാവനകൾ, കലാസൗന്ദര്യം മുഴുക്കൊണ്ടു അതിസുന്ദരങ്ങളായിത്തീർന്നതാണാ ചിത്രങ്ങൾ. അവൾ ആ ചിത്രങ്ങൾ ആസ്വദിച്ചാനന്ദിച്ചിരുന്നു പോകും. പക്ഷേ, ആ കലാസാദനം അവളെ ഒരാരാധികയാക്കി; ആ കലാസൃഷ്ടികളുടെ രചയിതാവിന്റെ ആരാധിക.

ഒരു വലിയ കലാകാരന്റെ വാചകം അവളുടെ ഓർമ്മയിൽ വന്നു. "നിലാവിന്റെ പിന്നിൽ അമ്പിളിയെന്നപോലെ, കലാസൃഷ്ടിയുടെ പിന്നിൽ കലാകാരൻ മങ്ങി വിളങ്ങുന്നു—" അതു തികച്ചും വാസ്തവമാണെന്നവൾക്കനുഭവപ്പെട്ടു.

ആ ചിത്രങ്ങളിൽ നിന്ന് ഒരായിരം പൊല്പതിരണങ്ങൾ അവളുടെ മിഴികളിലേക്കു പാഞ്ഞുചെന്നു. അവ തലച്ചോറി

ലിങ്ങനെയെഴുതി, "ആ ചിത്രകാരന്റെ ഹൃദയം നിറയെ ഭാവനകളായിരിക്കും!"

അമൂല്യമായ ആ ഹൃദയം നേടുവാൻ കഴിഞ്ഞെങ്കിൽ!—അവൾ കൊതിപൂണ്ടിരുന്നു.

ആ കഷ്ടകന്യക എത്ര ഭാഗ്യവതിയാണ്! അവളുടെ സൗന്ദര്യം, അതിന്റെ പതിന്മടങ്ങുമാറ്റിൽ ലോകത്തിനു കാഴ്ച വയ്ക്കപ്പെട്ടതു്, ആ കലാകാരന്റെ തൂലികയാലല്ലേ?. പ്രകൃതിയും സുകൃതിനിയാണു്—അവളുടെ വിലാസമഹിമകരം എല്ലാം കലാസൃഷ്ടികളായി മാറിപ്പെട്ടന്നില്ലേ?—

അയാളുടെ ഹൃദയത്തിലൊരു സ്ഥാനം നേടിയാൽ, അവളും ഒരു കലാസൃഷ്ടിയായി മാറപ്പെട്ടും. അവൾ കരുതിയിരുന്നു, അതൊരു ഭാഗ്യമാണെന്നു്!

ആ കലാകാരനാരായിരിക്കാം?—പുതിയതായി വാടകയ്ക്കെടുത്തതാണാവീടു്. മുമ്പവിടെയെത്രയെത്ര പേർ താമസിച്ചിട്ടുണ്ടാവും!—അക്കൂട്ടത്തിൽ ആ കാലാകാരനും!

സുന്ദരമായ കയ്യുടയിൽ, ആ ചുമർച്ചിത്രങ്ങളുടെയെല്ലാം അടിയിൽ എഴുതിയിരുന്നു, "ശ്രീ"എന്നു. അവൾക്കു് ഒരെത്തും പിടിയും കിട്ടിയില്ല. ആ "ശ്രീ"യുടെ പൂർണ്ണരൂപമെന്തായിരിക്കും? എങ്ങനെയറിയാൻ കഴിയും?

എന്നും ആ ചിത്രങ്ങളുടെ മുമ്പിൽ അവൾ ധ്യാനലീനയായിരിക്കും. ലോകത്തിലെ ഏറ്റവും സുന്ദരങ്ങളായ വസ്തുക്കൾ കൂട്ടിയിണക്കി, അവളുടെ ഭാവന ആ ചിത്രകാരനെ നിർമ്മിക്കും.

ഹൃദയം മന്ത്രിക്കും, "തെറ്റിപ്പോയി! അയാളുടെ സൗന്ദര്യം മുഴുവൻ ഹൃദയത്തിലാണു്" അവളുടെ ഭാവനയെ ഖണ്ഡിപ്പിക്കുകയാണതു്. ആ സൗന്ദര്യം നിറഞ്ഞ ഹൃദയം തേടിത്തേടി, ഓമ്മയുടെ പൂവാടിയിൽ പുഞ്ചിരി തൂകുന്ന വാടാമല്ലികളിലൊക്കെ ചെന്നു പറഞ്ഞിട്ടു്, വീണ്ടും നിരാശയുടെ ഏങ്ങലടിയോടെ അവളുടെ ഹൃദയം പാഞ്ഞുപോകും.

ചുവർച്ചിത്രങ്ങൾ പറയും, "ഞങ്ങളാ ചിത്രത്തിന്റെ ഏടുകളാണു്. വിശ്വസൗന്ദര്യത്തിന്റെ ഉറവകൾ ആ ഹൃദയത്തിൽ ഉറങ്ങിക്കിടക്കുന്നു. വല്ലപ്പോഴും മാത്രം ഉണർന്നൊഴുകിപ്പോകും!" എങ്കിൽ, അവൾക്കും ആ ഹൃദയത്തിലൊരു സ്ഥാനമുണ്ടാവില്ലേ?

കാർക്കുന്തൽ കോതിയൊതുക്കി, ആകാവുന്നത്ര മിനുമിനുപ്പുവരുത്തി അനുരാഗത്തിന്റെ തുടുതുടുപ്പു മുഴുവൻകവിളിണയിലും ചൊടികളിലും പരത്തി, അവൾ നിലയ്ക്കും ഇടയ്ക്കിടെ, താളത്തിനൊത്തു കാലടികൾവച്ചു പതുക്കെ നടക്കും. ആ "ഗമനഭംഗി"യും അദ്ദേഹം ചിത്രീകരിക്കട്ടെ. പക്ഷേ, എവിടെ ആ കലാകാരൻ?—ഭാവന! വെറും ഭാവന!

അവളുടെ ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നു, മൃദുലവും സുന്ദരവുമായ എന്തോ ഒന്നു ഉണർന്നെണീറ്റു., ആവേശപൂർവ്വം ആവർത്തിച്ചാവർത്തിച്ചു ചോദിക്കും! "ആ സുന്ദരകലകളുടെസ്രഷ്ടാവെവിടെ?"

വിശാലമായ ലോകത്തിലെ ഏതോ ഒരു മൂലയിലിരുന്നു അദ്ദേഹം പ്രകൃതിയുടെ ഏടുകൾ മറിച്ചുനോക്കുകയാവാം!...

II

അന്തിയിൽ, തന്റെ സൗന്ദര്യവിലാസങ്ങളെല്ലാം അതിന്റെ പരിപൂർണ്ണതയിൽ പ്രകാശിപ്പിച്ചുകൊണ്ടു് പ്രകൃതി ഗഗനം വയ്ക്കുന്നതു് ഏതോ കലാകാരൻ കാണാ

ന്നതിനായിരിക്കാം. അവൾ സഹായം ചോദിച്ചു; ആ സൗന്ദര്യാരാധകനെ തൃപ്തിപ്പെടുത്താൻ തനിക്കു കഴിവില്ലേ? ആ കലാഹൃദയംതന്റെ സൗന്ദര്യംകൊണ്ടു നിറയ്ക്കപ്പെട്ടുകൂടെ?

അവൾ പൂ ചൂടി—അന്തിമേഘങ്ങൾ പോലെ തുടുത്ത പൂവുകൾ. വികാരത്തിന്റെ പൊൻവെളിവുകൾ ഇളകിമറിയുന്ന, അലയാഴിയുടെ മനോഹാരിതയെ വെല്ലുന്ന ഒരു നീലച്ചേല ചുറ്റി ശോണിമയണിഞ്ഞ കവിളിണകളിൽ പ്രതീക്ഷകൾ തുളുമ്പിനിന്നു.

ഹൃദയം ഉറക്കെ ആ ചിത്രകാരനെ വിളിച്ചു.

ഒതുങ്ങിച്ചുമഞ്ഞു മറെറാരു സുന്ദരപ്രകൃതിയെപ്പോലെ അവളാ മതിലിനരികിലെ ചന്ദനവൃക്ഷത്തിൽ ചാരി നിലകൊണ്ടു. അവിടെ നിന്നാൽ പടിഞ്ഞാറു താണുകിടക്കുന്ന പ്രദേശങ്ങൾ കാണാം.

ഒരു വിശാലമായ പുല്ത്തകിടി; അവിടെ തണല്പ്പട്ട വിരിക്കുന്ന നാലഞ്ചു ഉയക്കൻമരങ്ങൾ. അതിനപ്പുറം ഒരു ക്രിസ്തീയദേവാലയമുണ്ട്. അതിന്റെ മുകളിൽ, സന്ധ്യാവാതലിന്റെ നേർക്കു കൈചൂണ്ടിനില്ക്കുന്ന കുരിശിന്റെ അരികുകൾ മറുപുറത്തു തട്ടുന്ന ചെങ്കനൽപ്രഭകൊണ്ടു തെളിഞ്ഞുമിന്നുന്നു. ആ കുരിശിന്റെ നേർക്കു കേന്ദ്രീകരിച്ചിരുന്ന ഹൃദയങ്ങളുടെ പ്രാർത്ഥനാഗാനങ്ങൾ പള്ളിക്കകത്തുനിന്നുമുയർന്നുവന്നു. അവിടെയും ഹൃദയങ്ങൾ മറെറന്തോ ഒന്നിൽ വിലയംപ്രാപിക്കാൻ കൊതികൊള്ളുന്നു.

പ്രാർത്ഥനകഴിഞ്ഞു പലരും പോകുന്നു. അവരുടെയെല്ലാം മുഖത്തു് ആശ്വാസത്തിന്റെ വെളിച്ചം വീശിയിരുന്നു.

അവളുടെ മുഖത്തുമാത്രം ആ വെളിച്ചം പരന്നില്ല. അവളുടെ ഹൃദയം അപ്പോഴും ഉറക്കെവിളിച്ചുകൊണ്ടിരുന്നു, ആ കലാകാരനെ.

പലരും ആ പുല്ത്തകിടിയിൽ ഇരുന്നു കാറുകൊള്ളുകയാണു്. കുളിർമ്മ!—അവൾക്കു കുളിർമ്മ വേണം; ശരീരത്തിനും മനസ്സിനും!

മാനത്തിന്റെ നിറം മാറിത്തുടങ്ങി. അവിടെ പല നിറങ്ങളും തെളിഞ്ഞും മറഞ്ഞും തുടങ്ങി. ഒടുവിൽ എങ്ങും ഒരു കടുംചുകപ്പു!—ചുകപ്പു മാത്രം!

ആ ചുമരിലെ "അസ്തമനം" ചിത്രത്തിലെന്നപോലെ, തങ്കക്കതിരവൻ ആഴിയിലേയ്ക്കു തെന്നിത്തെന്നി വീണുകൊണ്ടിരുന്നു.

ഒടുവിൽ നേരം ഇരുണ്ടുതുടങ്ങി.

അപ്പോഴും അവൾ ഒരേനിലയിൽ നില്ക്കുകയാണു്. പുല്ത്തകിടിയിൽ നിന്നു ചിലരൊക്കെ എണീറുപോയിത്തുടങ്ങി.

മതിലിനരികിലെ ഇലക്ട്രിക്ക് ലാമ്പ് പോസ്റ്റിലെ ബൾബ് കത്തി. അവൾ നില്ക്കുന്നിടത്തെങ്ങും പ്രകാശം പരന്നു.

പൊൻകിനാവുകൾ!—അവളുടെ ഹൃദയം പൊൻകിനാവുകൾകൊണ്ടു് നിറഞ്ഞിരുന്നു. ചുറ്റുപാടുകൾ വിസ്മരിക്കപ്പെട്ടു. നേരം ഇരുണ്ടതവളറിഞ്ഞില്ലായിരിക്കും. അവളുടെ ലോകത്തിൽ കിനാവിന്റെ വെളിച്ചം കാണും!.....

അന്തികൾ പലതുംപോയി.

അവൾ അണിഞ്ഞൊരുങ്ങി ആരെയോ കാത്തുനിന്നിരുന്നു. അപ്പുറത്തെ പള്ളിയിൽ, പിന്നെയും ചില പ്രാർത്ഥനാരംഗങ്ങളും നടന്നു. പുല്ത്തറയിൽ ആളുകൾ വന്നിരുന്ന കാറുകൊള്ളും. അവരൊക്കെ

കാണാനുണ്ടാവും, മതിലിനരികിലെ മരത്തിൽ ചാരിനില ക്കുന്ന ആ സുന്ദരിയായ യുവതിയെ. പക്ഷേ, അവരിലാരെങ്കിലും അറിഞ്ഞിരിക്കുമോ അവൾ കിനാവു കാണുകയാണെന്നു്?

III

ഒരു കൊച്ചചിത്രം; അന്നത്തെ അഞ്ചലിൽ വന്നതാണതു്.

അതവളുടെ ചിത്രമായിരുന്നു. അതിലും ആ നീലച്ചേലയാണവൾ ചുറ്റിയിരിക്കുന്നതു്. ഒരു നേരിയ പുഞ്ചിരി ചെഞ്ചൊടികളിൽ വിടിരാൻ വെമ്പുന്നുണ്ടായിരുന്നു. കവിളിൽനിന്നു ചൊഞ്ചോര തൊട്ടെടുക്കാം. നീണ്ട മിഴികളിൽ ഒരു സ്വപ്നമലിഞ്ഞുചേർന്നിരുന്നു. ആ ചിത്രത്തിനടിയിലും വ്യക്തവും മനോഹരവും ആയ കയ്യടയിൽ എഴുതിയിരുന്നു, "ശ്രീ" എന്നു്.

അവൾ തുള്ളിച്ചാടിപ്പോയി. ഹൃദയം പൊട്ടിത്തെറിക്കാൻ പോകുന്നു, സന്തോഷംകൊണ്ടു്! ആനന്ദബാഷ്പം നിറഞ്ഞു, ഒരുതുള്ളി ചിത്രത്തിൽ അടർന്നുവീണു.

അവളുടെ സൗന്ദര്യ്യവും ആ കലാകാരന്റെ ഹൃദയത്തിൽ പതിഞ്ഞു. അവളും ഒരു കലാസൃഷ്ടിയായി മാറ്റപ്പെട്ടു. അയാൾ—ആ ചിത്രകാരൻ—എങ്ങിനെ അവളുടെ പേരു മനസ്സിലാക്കി? അയാൾ ആരോടൊക്കെയോ തിരക്കിക്കാണും, ഇല്ലേ? അയാൾ തന്നെ സ്നേഹിക്കുന്നുണ്ടാവുമോ?—പ്രശ്നങ്ങൾ! അവൾക്കതൊക്കെ കഴഞ്ഞ പ്രശ്നങ്ങൾ തന്നെയായിരുന്നു.

ഹൃദയം അപ്പോഴും വിളിച്ചു ചോദിച്ചുകൊണ്ടിരുന്നു "അദ്ദേഹമെവിടെ?" അതിനും ഉത്തരം കിട്ടിയില്ല!

ഉറക്കമില്ലാത്ത രാത്രികൾ—ആനന്ദം നിറഞ്ഞ യാമങ്ങൾ—അവൾ ആ ചിത്രത്തിന്റെ മുന്നിലിരുന്നു സംസാരിച്ചിരുന്നു. അവളുടെ സ്നേഹം—അഭിനന്ദനങ്ങൾ—എല്ലാം എല്ലാം അവൾ പറഞ്ഞു. ആ ചിത്രത്തിന്റെ പിന്നിൽ അതിന്റെ സ്രഷ്ടാവു് ഒളിഞ്ഞുനില്ക്കുന്നുണ്ടാവും. അയാൾ അതൊക്കെ കേട്ടുകാണില്ലെ?—

ചുവർച്ചിത്രത്തിലെ പരൽമീനുകളെപ്പോലെ, രണ്ടു നീലമിഴികളിലൂടെ തന്നെയുറ്റുനോക്കിക്കൊണ്ടു പുതിയ ചിത്രവും തന്റെ ചേതനയിലേക്കെന്തൊക്കെയോ പകരുന്നതായിട്ടവൾക്കു തോന്നി—ഇക്കിളിയുളവാക്കുന്ന മൃദുലവും സുഖദവുമായ എന്തോ ചിലതു്! വിജയശോഭനമായ ഒരു ശോണിമ ആ കവിളിണയിൽ പരന്നു.

IV

വിവാഹാലോചനകളുമായി പലരും അവളെ സമീപിച്ചപ്പോൾ, സമ്മതിച്ചോ വിസമ്മതിച്ചോ ഒന്നു മൂളുകപോലും അവൾ ചെയ്തില്ല. ബന്ധുക്കൾ കുറ്റപ്പെട്ടു, "ഒന്നും കണ്ടില്ല, കേട്ടില്ല, എന്നമട്ടിലങ്ങു നടന്നാൽ മതിയോ സുധീ?"

അതു ശരിയാണു്. ഭാവിയുടെ പുഷ്പവാടിയിൽ ഇരുന്നു ജീവിതം ഒരു പൂങ്കുയിലിനെപ്പോലെ മധുരമായി കൂകി വിളിക്കുന്നു. അവിടെ ഏതു വേഷത്തിൽ കടന്നുചെല്ലാനാണു്! പൊൻകിനാവുകളുടെ കൂട്ടുകാരിയായിട്ടോ?—എന്നുവച്ചാൽ, ശപിക്കപ്പെട്ട ഒരു നിത്യകന്യകയുടെ ജീവിതത്തിൽ നിന്നതിനെന്തു മെച്ചമാണുള്ളതു്? കൊതിച്ചവക്കൊക്കെ നിഷേധിക്കപ്പെട്ട സ്ത്രീത്വത്തിന്റെ മഹാധനം, ഒരു ദിനംമുതൽ നിരാശയുടെ കൂട്ടു തട്ടി പുകഞ്ഞു കരിഞ്ഞുതുടങ്ങിയ ലോലമായ പ്രതീക്ഷയുടെ പട്ടുത്തുണിയിൽ പൊതിഞ്ഞു സൂക്ഷിച്ചുകൊണ്ടു്, ഏതോ പൊൻകിനാവിന്റെ പിറകേ ജീവിതകാലം മുഴുവൻ

അലഞ്ഞുതിരിഞ്ഞു്, ഒടുവിൽ ആ മഹാധനം അനിയന്ത്രിതമായി കൈയ്യിൽ നിന്നു നിലത്തുവീണു തകരുന്നതുകണ്ടു്, ഹൃദയം തകർന്നുമരിക്കുക!—അതാണു് ഒരു നിത്യകന്യകയുടെ വിധി! അതോർത്തു് അവളൊന്നു ഞെട്ടുങ്ങി!

ശരീരത്തിലെ ഓരോ രോമകൂപത്തിലൂടെയും സ്വീതപം മുറവിളികൂട്ടി. ഹൃദയം അപ്പോഴും ഏതോ സ്വപ്നങ്ങളം രചിച്ചു; ഏതോ ദേവനെ വാഴ്ത്തിപ്പാടി. ഒരു കൊടുങ്കാറ്റു്!—പക്ഷേ, പതുക്കെപ്പതുക്കെ, അതു് അറിഞ്ഞുണർത്തുപോയി! അപ്പോൾ അവളേതോ തീരുമാനത്തിലെത്തിച്ചേർന്നിരുന്നു.....

അവൾ വിവാഹിതയായി.

ആ ചിത്രമപ്പോഴും സൂക്ഷിക്കപ്പെട്ടിരുന്നു. അതിന്റെ സ്രഷ്ടാവിനോടവൾക്കപ്പോഴും ഹൃദയബന്ധമുണ്ടായിരുന്നു. വികാരാവേശത്തോടെ ഭർത്താവിന്റെ മാറിലമർന്നുകൊടുത്തപ്പോഴും അവളുടെ ഹൃദയം പാടിയതു്, സുന്ദരകലകളുടെ സ്രഷ്ടാവിനെപ്പറ്റിയായിരുന്നു.

നിത്യവും ആ ചരിത്രത്തിന്റെ മുന്നിൽ അവളുടെ പുഞ്ചിരികൾ വിടിരും. മിഴികൾ, മഴവില്ലു കണ്ടതുപോലെ വികസിക്കും.

"ശ്രീ!—അതാരാണു സുധീ!" ഒരിക്കലാ ഭർത്താവു ചോദിച്ചു.

അവളുടെ ഹൃദയം അപ്പോഴും ചോദിച്ചുകൊണ്ടിരുന്ന ചോദ്യമാണതു്. അതുവരെ ഒരുത്തരം കിട്ടിയിരുന്നില്ല. പക്ഷേ, സംശയങ്ങൾക്കൊന്നുമിടം കൊടുക്കാതെ അവൾ മറുപടി പറഞ്ഞു, "അവളെന്റെ കൂട്ടുകാരിയായിരുന്നു—ജയശ്രീ!"—

അവളുടെ കണ്ണുകളിൽ കൃത്രിമമായ ഒരു വിഷാദഭാവം പരന്നു—"അവളെന്നെ എത്രകണ്ടു സ്നേഹിച്ചിരുന്നു! അവളുടെ ഹൃദയം നിറയെ സ്നേഹവും മധുരഭാവനകളും ആയിരുന്നു!"

അയാളുടെ ചേതനയെ പുളകം ചാർത്തിക്കൊണ്ടു് എന്തൊക്കെയോ കടന്നുപോയി. ആ കൂട്ടുകാരിയെപ്പറ്റി പലതും ചോദിച്ചറിയുവാനുള്ള ഉൽക്കണ്ഠ അയാളുടെ ഹൃദയത്തിന്റെ താഴ്വരകളിൽ നിന്നുയർന്നു് ജിഹ്വാഗ്രം വരെ പാഞ്ഞുചെന്നു. പക്ഷേ, അയാളം സംയം നിയന്ത്രിച്ചു. മൗനം പൂണ്ടു് അവളുടെ മുഖത്തേക്കു നോക്കി.

അവൾ പറഞ്ഞവസാനിപ്പിച്ചു, "എന്റെ 'ശ്രീ'യിപ്പോഴെവിടെയാണെന്നെനിക്കറിഞ്ഞുകൂടാ! എന്നെപ്പറ്റിയാതൊരുവിവരവും അവൾക്കും അറിവില്ലായിരിക്കും." അപ്പോൾ യഥാർത്ഥമായ വിഷാദഭാവംതന്നെ അവളുടെ മുഖത്തു നിഴലിച്ചിരുന്നു.

അയാൾ വിചാരിച്ചു, "ശ്രീ"യെത്രനല്ല സ്നേഹിതയായിരിക്കും!....."

താനൊരു കള്ളം പറഞ്ഞുവെന്നവൾക്കു തോന്നിയതേയില്ല. എങ്കിലും ഒരു വല്ലായ്മ—ഒരു ഭീതി—അവളെ ബാധിച്ചിരുന്നു. അവൾ ഭർത്താവിന്റെ മുന്നിൽ നിന്നെണീറ്റുപോയി.

അയാൾ ഇരുന്നു കിനാവുകണ്ടു.

ചില മാറ്റങ്ങൾ അയാളിൽ വന്നു തുടങ്ങി. അയാൾ അറിയാതെ തന്നെ ആ കൈകൾ മുന്നോട്ടു നീളും; ആ ചിത്രമെടുക്കും; മൂകനായിട്ടയാളതു നോക്കിനില്ക്കും.

ഒരിക്കൽ, ഒരു സ്വപ്നാവസ്ഥയിലെന്നപോലെ, ആ ചിത്രം മുഖത്തോടടുപ്പിച്ചു് അയാൾ അമർത്തിയൊന്നു ചുംബിച്ചു!—അവൾ പിന്നിൽ നില്ക്കുന്നു, അതുകണ്ടുകൊണ്ടു്! അയാളൊന്നു ചൂളുങ്ങിപ്പോയി. എങ്കിലും, സംശയം നീക്കാൻ ആ വികാ

രാധീനൻ ഒന്നു ചിരിച്ചു. ചിത്രത്തിലും ഭാര്യയുടെ മുഖത്തിലും മാറിമാറിനോക്കി; രസിക്കുന്ന മട്ടൊക്കെ മുഖത്തു വരുത്തി.

അതൊക്കെ കള്ളമായിരുന്നു! ഇരുവർക്കു മതറിയാമായിരുന്നു!

അന്നു മുഴുവൻ അവരിരുവരും തന്നത്താൻ ചോദിച്ചുകൊണ്ടിരുന്നു, "അതു ചുംബനം ആരുടെ നേർക്കായിരുന്നു?....." അവർ ആ പഴയ വാചകം ഓർത്തു, "നിലാവിന്റെ പിന്നിൽ അമ്പിളിയെന്നപോലെ, കലാസൃഷ്ടിയുടെ പിന്നിൽ..." അവർക്കൊരസഹ്യത! ആ ചിത്രത്തിന്റെ പിന്നിൽ എന്തോ ഒന്നുണ്ട്. അതു തന്നെ വേദനിപ്പിക്കുന്നു.

ക്യാമറായിൽ പതിഞ്ഞ ഒരു ഛായയല്ലതു്; ഒരു അമൂല്യമായ കലാസൃഷ്ടി! അതിന്റെ പിന്നിൽ നവ്യവും ദിവ്യവും ആയ എന്തോ ഒന്നുണ്ട്. അതെന്താണു്?—അയാൾക്കും മനംനൊന്തു.

V

അയാളുടെ പുഞ്ചിരികളെല്ലാം ആ ചിത്രത്തിലർപ്പിക്കപ്പെട്ടു; ചിലപ്പോൾ ചുംബനങ്ങളും! ആ വീട്ടിൽ ഭാര്യ മറക്കപ്പെട്ടു; ഭർത്താവു് കിനാവു കാണുന്നു.

അവർക്കതു സഹിച്ചില്ല.

ആ ചിത്രത്തിന്റെ പിന്നിൽ അവർ ആ കലാകാരനെ കണ്ടിരുന്നു. പക്ഷേ, ഇന്നയാളെങ്ങോ പോയൊളിച്ചു. ഒരു മാസ്മരശക്തിയാണതിൽ കൂടികൊള്ളുന്നതെന്നവർക്കു തോന്നി.

ഭാര്യയും ഭർത്താവും ആ ചിത്രം രചിച്ച കരത്തെ സ്വപ്നം കണ്ടു; പുളകംകൊണ്ടു. പക്ഷേ, ഇരുവരുടെയും സ്വപ്നചിത്രങ്ങൾക്കു വ്യത്യസ്തമായ അന്തരമുണ്ടായിരുന്നു! രോമാവലിനിറഞ്ഞ, നാഡികൾ തെളിഞ്ഞ ഒരു കരം ഭാര്യയുടെ മുന്നിൽ തെളിഞ്ഞിരുന്നു! തരിവളകളണിഞ്ഞ അഴകുള്ള ഒരു കൊഴുത്ത കരം ആ ഭർത്താവും സ്വപ്നം കണ്ടു.

പക്ഷേ, അവർ പതിവ്രതയായ ഭാര്യയായിത്തന്നെ പെരുമാറി. അയാൾ ഭർത്താവല്ലാതാകുന്നു. അതാരുടെ തെറ്റു?

അവളുടെ മുന്നിൽ ആ ചിത്രത്തിന്റെ ഭംഗിയെല്ലാം പൊയ്പോയി. അതു ഭയാനകമാകുന്നു. അതവളെ പരിഹസിക്കുന്നു. അതിലെ ശ്രീയെല്ലാം നഷ്ടപ്പെട്ടുപോയി.

ഒരു രാത്രി അയാൾ സ്വപ്നത്തിൽ വിളിച്ചു, "എന്റെ ശ്രീ!"—

അവർ ചെവിയോർത്തു. അയാൾ തുടർന്നെന്തോ പിറുപിറുത്തു. അയാൾ കിനാവുകാണുന്നു!

അവർക്കതസഹ്യമായിത്തോന്നി. കിടക്കവിട്ടവളെണീറ്റുപോയി മേശപ്പുറത്തു നിന്നെന്തോ തപ്പിത്തടഞ്ഞെടുത്തു. തുറന്നു കിടന്ന ജനാലയുടെ അരികിലേക്കുനീങ്ങി. നിലാവെളിച്ചം തട്ടിയിരുന്ന അവൾ വച്ചു് അവർ ഒരു മാത്ര അതിലേക്കു നോക്കി. അതാ ചിത്രമായിരുന്നു.

അവളുടെ മുഖം ഭയാനകമായി. അടുത്ത മാത്രയിൽ നെടുകെയും കുറുകെയും ചിത്രം നൂറുതുണ്ടുകളാക്കപ്പെട്ടു! ജനാലയിലൂടെ അവളതു വെളിയിലേക്കു് എറിഞ്ഞു.

മാദകമായ നിലാവിൽ കുളിച്ചുനിന്ന ആ മുറ്റത്തെ അരിമുല്ല, ഒരായിരം പൂക്കളുടെ പുകതിവിടർന്ന മിഴികളിലൂടെ അമ്പിളിയെ നോക്കിച്ചിരിക്കുന്നു! അതും കിനാവുകാണുന്നു; വ്യർത്ഥമായ കിനാവു്!

കിടക്കയിൽ നിന്നും വീണ്ടുമാമധുരമായ വിളി—" "എന്റെ ശ്രീ!—"

"നശിച്ച കിനാവു!" അവർ പിറുപിറുത്തു. വെളിയിൽ ചിതറിക്കിടക്കുന്ന ആ ചിത്രത്തിന്റെ കീറത്തുണ്ടുകൾ നിലാവിൽ പൊട്ടിച്ചിരിച്ചുകൊണ്ടു് പറഞ്ഞു, "കലയെ പ്രേമിക്കൂ; അതിന്റെ സ്രഷ്ടാവനെ വിട്ടേക്കൂ!"

കർഷകപുത്രി

തൈയ്യാട്ട്.

[ആശാഭരിതമായ ഒരു പ്രണയപരിണാമം. മാധവി—നായിക; കണ്ണൻ—അവളുടെകമിതാവ്]

I

ഇന്നും പലപ്പോഴും കാണുമാറുണ്ടു ഞാൻ
സുന്ദരമായിരുന്നോരാ ലതാഗൃഹം!
മുന്നിലൊരുനാട്ടു ചെമ്പകം പൂവിട്ടു;
പൊന്മണിക്കായ്കളെത്തൂക്കി തേന്മാവുകൾ;
തേക്കു തുടർന്നു കിണറുമങ്ങേപ്പുറ-
മൊക്കെ കുരമ്പെൽവിരിപ്പുമുണ്ടിപ്പോഴും;
ആടിപ്പാതയാവള്ളിക്കുടിലിനെ
ക്കൂറിൽസമീപിച്ചുപോകയാണിപ്പൊഴും;
ധന്യരാംകൃഷിനാഥരാസന്നവി-
ലുന്നതം യഷിക്കയാം വിയപ്പിപ്പൊഴും;
ആരു മറക്കുമാമുദ്രശിരസ്സുരെ,
ചാരുസ്മിതവും വിരിഞ്ഞ വക്ഷസ്സുമായ്!
അദ്ദേശമിന്നുമെനിയ്ക്കുവിശ്രമാ-
ണിട്ടിക്കുമെശ്വർശ്രമമാണെങ്കിലും
കൺപീലിചെറു നനയാതെപോരില്ല
മാൺപഴും കർഷകപുത്രിയെയോർത്തുഞാൻ!

ലോകത്തിലേതോ ചിലതുണ്ടതെറ്റുകൾ
പാകം വരുംമുമ്പി താനേ തിരുത്തുവാൻ;
ജീവിതത്തിൽകലനാകുലസൽസുധ
തൂകിത്തരുന്ന നമുക്കൊരുദ്ദേശ്യത;
എന്നാലതിലുമധികം പലപ്പൊഴും
വന്നേതാരാളെ പിടിച്ചുപറിക്കയാം!
നിദ്രയിൽനിന്നും പുലരിയിലൊക്കെയും
സദ്മസം തെറ്റിയുണർത്തിയെന്നജവാൽ
മുറത്തു "ലവി"ലുണയത്തിരഞ്ഞിത-
ന്നാറാ "വാനമ്പാടി" പാടി രാഗാവലി!
കേട്ടു ഞാൻ കൊച്ചുകുട്ടിതൻ കൃഷിപ്പാട്ടു
കാട്ടരുവിപ്പുറത്തോ കുടിൽകളിൽ!!

II

ഓർക്കുന്നുവോ കറിക്കോപ്പുകൾ നുള്ളിനീ
ചേക്കുകയായിരുന്ന ചെറുവഴിയിൽ;
നിന്നിമേഷാക്ഷനായ് നിലക്കുമെൻനേർക്ക്, ചെ-
ന്താമ്രായനങ്ങൾ വിടർന്നു മിന്നിദ്വയം.
അത്തരം ലോചനം—ആ തിളക്കത്തിന്റെ
സത്യമെൻനേത്രത്തിൽമായില്ലൊരിക്കലും!
നിത്യവും വീശിയ,ക്കൺക്കൊള്ളിമീനൊരു
പുത്തനുലകെനിയ്ക്കേകിയാവേശമായ്!
പ്രേമരാജ്യത്തിന്റെ ചെങ്കോലുമന്തിയാ
ത്തുമയിലെന്റെ വിശ്വാസവും ശുദ്ധമായ്!
മറ്റി ഞാനാകെ,യാനന്ദം കളിച്ചെന്റെ
താവമാറായ വസതിയ്ക്കു ചുറ്റിലും
ഇമ്പം വളർന്നെനിയ്ക്കുപ്രഭേശത്തിലെ-
ത്തുമ്പച്ചെടികളും പൂക്കും ചിരികളിൽ
കൂട്ടിത്തടാകത്തിൽ, പൂക്കളങ്ങളിൽ, ലത-
ക്കെട്ടി,ലെന്തേ വെറും വായുവിൽക്കൂടിയും!

വാസന്തരാത്രി തൻ കാറിലനന്തരം
ഞാൻസദാ ചൊല്ലുമാറുണ്ടുവെളിസ്ഥലേ;
നൽക്കുളിർ ചന്ദ്രൻ വെളിയിലും ഗ്രാമീണ
പുല്ക്കുടിൽക്കൈത്തിരിക്കുട്ടങ്ങളും താഴെയും;
ദൂരെയാണെങ്കിലും ഞാനറിഞ്ഞീലയോ
ഭീരുപ്രകാശം വമിച്ച കതിരിനെ!
എത്തുകവിഞ്ഞു വിറയ്ക്കുമുൽക്കണ്ഠയാ-
ടെത്തി ഞാൻ നിൻപൂത്ത മാമരച്ചോലയിൽ;
അങ്ങുംഇരാറാതടിപ്പാലമുണ്ടപ്പുറം-
മിംഗിതജ്ഞമുള്ള മണിയറപ്പുമുഖം;

'ആ വിളക്കിന്റെ സമീപത്തിൽ'— ഓർത്തുഞാൻ
'എൻവിശ്വമോഹങ്ങളൊന്നിച്ചിരിക്കയാം!'

കന്നിൻചരിവുതിളങ്ങിക്കുറച്ചിട=
യ്ക്കുന്നിയിൽനിന്നും മുകിൽമറ മാറവേ,
ഞാനൊന്നവളോടടുത്തിരുന്നെങ്കിലോ?
ഞാനൊന്നവളെ വിളിച്ചാൽ കയക്കുമോ?
ഞാനിക്ഷണത്തിലവളെസ്സകലതും
മാനിച്ചുണർത്തിയാൽ, കേണിരന്നീടുകിൽ,
കാമൽപ്രതിജ്ഞയ്ക്കു തത്തുല്യവാഗ്ഭോന-
സാമർത്ഥ്യമാ മധുവാണിക്കു കാണുമോ?.....

തുന്നൽപ്പണിയിലിരുന്ന കുറച്ചു നീ,
പിന്നെയടങ്ങുമിളംകുറിലോമമേനേ,
കേട്ട നിൻശാനമകത്തു ഞാൻ, നിൻനിഴൽ
തട്ടിസ്സാക്ഷത്തിരുമ്മിലയിൽ കുറെ.. ...
എല്ലാമൊളിച്ചു ഞാൻ നോക്കി,യാനിലപ്പുതു
വല്ലോരുമെന്ന കണ്ടെന്നുവരികിലോ?
വാസരംവീണ്ടും കുറുകുഴിഞ്ഞീമനം
നിൻസവിധത്തിൽ തുറന്നുവച്ചീടവേ,
വേനലിൻനിശ്വാസമെത്തിത്തുടങ്ങി,നാം
താനനിലകൊണ്ടിടംവഴിത്താരയിൽ;
പകച്ചെടികളുണങ്ങിയില്ലെങ്കിൽ നിൻ-
പൊലിക്കവിളാരുകുമായ് പുലർവിണ്ണപോൽ,
അർദ്ധം കൃപയും, പരാർദ്ധം കപടവും,
മുഗ്ദ്ധാംഗി, മമ്മവഭോ ധാരയിൽ മുങ്ങി നീ;
തെല്ലിഷ്ട,മെന്നാലനിഷ്ടവും— ഉത്തമ
വല്ലഭോക്തിതം ന്യായം തരുണിയിൽ!.....

III

പാരംപണിപ്പെട്ട നീ വശത്തായിമേ,
പേരും പതിഞ്ഞു നാം കാന്തവധൂക്കളായ്;
അപ്പോൾമുതൽക്കെത്ര കുറുങ്ങളാകിയ
ചപ്പുചവിട്ടിങ്ങൊട്ടെറിഞ്ഞു കുത്തുകൾ!
എന്താകിലെന്തുഞാൻ സൌഹൃദ,മെൻപ്രിയ
ചന്തംകടത്തെത്തടഞ്ഞീടും പ്രതിഭയും;
മുക്കാലുമെൻഗ്രഹരാണിയായ് നീങ്കവ-
ന്നക്കടക്കണ്ണാൽ കഥിക്കുമാറുണ്ടുനീ;
തുംഗാനുരഞ്ജിതർ നമ്മൾ വിവാഹമാ-
മീംഗിതത്തിൽമുടന്ന കർമ്മമേ വേണ്ടുമേൽ!

ആക്കർമസൂയജനിച്ച യുഗ്മങ്ങളായ്
പാക്കയായിരുന്ന നാമിളൽപ്രേമം;
അക്കാലമണ്ടിസ്ഥാനമില്ലാത്തൊരു
പേക്കുത്തു ഞാൻകണ്ടു നിന്നിലിളം തനോ:
എന്നെപ്പരിഗ്രഹിച്ചീടാൻ കൊതിച്ചൊരു-
കന്നൽക്കരിങ്കണ്ണിവേറെയുണ്ടായിപോൽ!
എന്തുകരച്ചിൽ,എന്തുപരിഭ്രമ-
മെന്തുപരാതിക,മെന്തുതുടിച്ചുകൾ!
എങ്കാൽപ്പിടിച്ചാണയിട്ടു, നമസ്സുരി
ച്ചെങ്കരൾപൊട്ടുമപസ്വരമാതി നീ;
അന്നന്യമായ സമാഗമ വേളയിൽ
തന്നീടണം പോൽ മരിക്കായ്കയാനഞ്ഞ ഞാൻ;
അങ്ങടുത്തുള്ള പാതാളക്കിണറിൽ നീ
വിങ്ങിയ സാഹസാൽ ചാടിക്കളകിലോ!
ഞാൻപാതിരാത്രിയിലെന്തൊക്കെയായി,നി-
ന്നാപൽപ്പരിശ്രമം തെല്ലുതിരിക്കുവാൻ.
മദ്ഭടജനങ്ങൾ സമാശ്വാസമേകിയി-
ല്ലുദ്ധൃതമാം വിപച്ചുഴിയിൽ നിന്നതേ;
എന്നാലൊടുവിൽ നീ ജീവസന്ത്യാഗമോ-
ടെന്നെയുംക്രൂരി വരിക്കുമെന്നോതുവ,
തെല്ലുപശാന്തിവന്നെന്നെമിഴിച്ചുനി-
ന്ന,ല്ലലിൻബാഷ്പം തുടച്ചു ഞാൻ ചുംബനാൽ

അങ്ങിനെ നിൻകണ്ണിലൂടെ മൽക്കണ്ണുകൾ
മംഗിയിൽകണ്ട സമതുപ്തയായി നീ;
സ്നേഹക്കരുക്കിലെ നമ്മളൊർക്കലും
മോഹിതേ! പോകാ മറവിയിൽ താഴുവാൻ!
സ്നേഹം കുമിഞ്ഞു നിധിയായ നിന്നിൽ ഞാൻ
സ്നേഹമിരക്കും കടക്കാരനെപ്പൊഴും!

സംശയാതീതനായ് തീർന്ന ഞാൻ ലജ്ജിത-
വാശിവിട്ടെന്നിലെറിഞ്ഞുനവംസ്മിതം!...
ഏവം കരഞ്ഞും ചിരിച്ചുമെൻ മാധവിനീ
ഹാ! വിരചിച്ചുതനന്തബന്ധങ്ങളെ!
ഇപ്പുമാമ്മാധുരി, മുൽക്കായക്കാന്തിയാ-
ണിപ്പു തന്നാന്മിക്കൽകേരമാവുകിൽ!
ഭൂമേ പുണയമിപ്പോരിൽ ഭഗീയമാം
കാമത്തെയാശ്ലാനമിട്ടുവോ ഞാനേ പുരാ?
എന്നാൽ പഴിയ്ക്കൂ—നിനക്കാരിവില്ലയാ?
കന്നൽപ്പുകാമരമായിരുന്നീലഹം!

ഞാനും തൃതീയദശതൻ പരിധിയിൽ
മേനി ചുവന്നു വന്നിന്നു നിന്നീടിലും
നയ്യുമന്നത്തെ പ്രമോദപ്രസന്നത
ഭാവിക്ക യിസ്സുരണീയമാകില്ലുമേ!
പ്രത്യക്ഷനാളുകളെല്ലാം കഴികിലും,
സ്മൃത്യുമല്ലെൻറെ നിനവിനിയെങ്കിലും,
ഏറ്റവും ശ്രമിച്ചിട്ടുമാകാത്തമാതിരി
പറ്റിപ്പിടിപ്പു നിൻചിത്രം മനസ്സിൽ മേ!
അസ്ഥിരമിജ്ജഡമെങ്കിലും, ദൈവിക
സുസ്ഥിരപ്രേമത്തിലെത്തുന്ന വാഹനം.
ആർദ്രത, മൈത്രി തുടങ്ങിയ സാത്വിക
ചിത്രമസ്ഥായികൾ പ്രേമപ്രചോദനം;
പ്രേമമേ സൗന്ദര്യമീശാംശമെങ്കിനി-
ക്കുമാനുഷ്യതിയവിടെയാം മോക്ഷവും!
സൗന്ദര്യദീപ്തിയംശാത്മാവടിഞ്ഞവൻ
സൗന്ദര്യസേവകൻ ഞാൻ—കലാരാധകൻ!!

IV

ആത്മീയകാവ്യങ്കുരങ്ങളാൽ, ലൗകിക
സൗമ്യങ്ങളാം പൊൻപൂങ്കുകില്ലെന്നു കാൺകയാൽ
എങ്ങോ വസിക്കയാമന്നത്തെയാമോദ-
മഞ്ജരി,മാമകമാനസമാധുരി!
ഏതു രഹസ്യങ്ങളും വച്ചു കരുണം
സ്ത്രീയേ! നിനക്കു ചാരിത്രവൈൺമേടയിൽ.
നിന്ദിക്കയല്ല, നേർമാർഗ്ഗമായുഴിയിൽ
സുന്ദരതപത്തിന്നലംഭാവ നീതികൾ!
പരംപ്രശോഭിതമായ പ്രതീക്ഷയാ-
ലാരാൽ തുഴഞ്ഞു സുഖിക്കെസ്സുഖിക്കെ ഞാൻ,
പണ്ടൊക്കെളിർസുധാചന്ദ്രിക്കയാൽ ഭവൽ
തണ്ടാർത്തനുവെ സചിക്കെ സചിക്കെ ഞാൻ
അച്ചെവതോടിനെറ തീരവുംമാമര-
പ്പച്ചയുംവേർപ്പെട്ടിടാത്തതായോർത്തുപോയ്!

ചെറുദൂരംവരെപ്പോകയാൽ മൂന്നാമൻ
കറവാർകേശിയെ കാണാതിരുന്ന ഞാൻ!
എത്തിത്തിടുക്കമോടന്തോ കരിനിഴൽ
തത്തിയാവല്ലിക്കുടിലുകം ശൂന്യമായ്!
കാത്തുനിന്നീലയജ്യോതിസ്സുരൂപിണി-
യെത്തിപ്പിടിച്ചു മൽക്കണ്ണഞ്ചിലാട്ടവാൻ;
പൂത്തതൈമുല്ല ചവുട്ടാൽ തകർന്നു, മാ-
മത്തവല്ലിപ്പടപ്പുറമെന്തിങ്ങനെ!
പുത്തിലഞ്ഞിപ്പടിതന്നിൽപ്പതിച്ചുപോൽ
കത്തിച്ചതില്ലൊരു സായന്തനത്തിരി!

ഞങ്ങൾ തൻ'പുല്ലാന്നി' വള്ളിയുഞ്ഞാലയിൽ
തൂങ്ങിയതെന്തു'—കരിഞ്ഞപൂമാല്യമോ?
നിസ്സലസ്സോനോയ്', സ്മൃതപ്പൊതിയിൽ, വി-
ശ്വസ്തതൻ ലേഖനം കണ്ടു ഞാൻ—'കരുതുക'!

തെല്ലിടയെന്തോ നനഞ്ഞപാടേന്തിയും,
തെല്ലിടകുങ്കുമം തേഞ്ഞപാടേന്തിയും,
ആക്കടലാസ്സിൻ പുറമിരുന്നുള്ളിലെ-
ന്തൊക്കെയോ, നീക്ഷമിച്ചീടുകദ്ദേശമേ!
''എന്നെബ്ബലംകൊണ്ടു മാറുകയാണിവർ—
പിന്നെസ്സകലതും മപ്പുമാപ്പേകണേ!''

* * * * *

പിന്നിൽനിന്നെൻ മൂർദ്ധ്നിവന്നിടിവാൾപതി-
ച്ചെന്നുകി,ലൂഴി തകർന്നിതല്ലെങ്കിലോ!
പേക്കിനാവേറെ ഞാനീക്ഷിച്ചു—പൊൻതള-
പ്പൊങ്കത്തിൽ നിന്നെ പ്രതിഷ്ഠിച്ചു ബാന്ധവർ;
തങ്കത്തളിക നിറച്ചു നവരത-
മാങ്കനി വച്ചു നിവേദിച്ചു നില്പതായ്!
ചാരത്തിരിക്കും കുബേരൻ കഴലിനാൽ
നേരിയമൽത്തനു താഴത്തെറിവതായ്!.....
അയ്യോ! വിളിച്ചു ഞാൻ വാവിട്ടുണർന്നടൻ
വയ്യാതെകണ്ടു തറയിൽ കിടന്നതും;
മൂടൽമഞ്ഞേറിടുമന്തരീക്ഷം കണ-
ക്കാടലിൽമങ്ങി മസ്തിഷ്കമെന്നാകിലും
ഓർത്തേൻ—ശരി ബാഹ്യസമ്പൽക്കരങ്ങളിൽ
നാർത്തേൻമൊഴിയെബ്ബലിയാക്കി വീട്ടുകാർ!!

—അതു വിചാരങ്ങളിലാകണം ഞാനിട-
യ്ക്കാവിയോഗത്തിനൊരുങ്ങിയ വേളയിൽ
എന്തോ പറയാൻ തുടങ്ങി, നിവൃത്തി മാ-
മന്തമില്ലാതവൾ കെട്ടിക്കരഞ്ഞതും!
ഞാൻ മഹാശ്രദ്ധനറിഞ്ഞതില്ലാ, വധൂ—
സമ്യക്മനോഗതം—എല്ലാം വിധിമതം!
ചിത്തം തുടിപ്പിച്ചുകൺചോയച്ചുര-
ത്തത്തന്നോർമ്മേ! പറക്കുകിങ്ങാകെ നീ!!

സാമ്പത്തിക സമാധാനം.

സി. പി. രാമകൃഷ്ണപിള്ള, ബി. ഏ; ടി. സി. എസ്.

ഭാരതം സ്വതന്ത്രമായിട്ട് മാസങ്ങൾ പലതുകഴിഞ്ഞു. സ്വാതന്ത്ര്യശിശുവിന്റെ ജനനം കഠിനയാതനകൾക്കു ശേഷമാണുണ്ടായതു്. പക്ഷേ രാഷ്ട്രം അവയെല്ലാം സഹിച്ചു; മനസ്സോടെ, സന്തോഷത്തോടെ സഹിച്ചു. അന്നെല്ലാം ആയിരമായിരം പ്രതീക്ഷകളോടെ, സാക്ഷാൽക്കരിക്കുവാൻ പോകുന്ന സ്വപ്നങ്ങളോടെ കഴിഞ്ഞ ഭാരതം ആ യാതനകളെ അത്ര ഗണ്യമാക്കിയില്ല. അങ്ങിനെ നീണ്ടുനിന്ന ഒരു അഗ്നിപരീക്ഷണത്തിനുശേഷം, പ്രതീക്ഷക്കൊത്ത സുകുമാര്യത്തോടെയല്ലെങ്കിലും, ആ ശിശു സഞ്ജാതമായി. അതിനു ജന്മമെടുക്കുന്നതിനുള്ള തീവ്ര സമരത്തിൽ പറഞ്ഞിയ അംഗഭംഗങ്ങൾ അതിന്റെ ആകർഷണീയതയ്ക്കു കുറച്ചൊക്കെ മാറ്റുകുറച്ചു. എങ്കിലും നീണ്ടുനിന്ന കുറിരുട്ടിനുശേഷമുണ്ടായ ആ ഉദയം അതിൽ ചില നിണച്ചാലുകൾ കളങ്കം ചേർത്തെങ്കിലും—അഭികാമ്യമായിരുന്നു. ഭാരതാംബ ആഹ്ലാദം പൂണ്ടു് ആനന്ദനൃത്തം ചവുട്ടി. ഇരുളിൽ നിന്നും പെട്ടെന്നു് പ്രകാശത്തിലേക്കണഞ്ഞ അവർ തെല്ലുനേരത്തേക്കു ചുറ്റുപാടുകൾ തെളിഞ്ഞു കണ്ടില്ല. അതിൽ അത്ഭുതപ്പെടുവാനില്ല. ആ പ്രകാശവുമായി ഒന്നു ഇണങ്ങിത്തുടങ്ങിയപ്പോൾ തന്റെ ചുറ്റുപാടും അവർ കണ്ടുതുടങ്ങുകയാണു്. തന്റെ ഇതുവരെയുണ്ടായിരുന്ന സ്വപ്നവും ഇന്നു ചുറ്റുംകാണുന്ന യാഥാർത്ഥ്യവും തമ്മിൽ അതിഭീമമായ അന്തരമുണ്ടെന്നു മനസ്സിലാക്കുകയാണു്. ഈ അവസരത്തിൽ നമുക്കു നമ്മുടെ ചുറ്റും ശാന്തമായൊന്നു കണ്ണോടിക്കാം. നാം കാണുന്ന കാഴ്ചകളും നാം താലോലിച്ചിരുന്ന പ്രതീക്ഷകളും തമ്മിലൊന്നു താരതമ്യപ്പെടുത്തിനോക്കാം.

അതിരറ്റ ആശകളും പ്രകടമായ പ്രതീക്ഷയും നിറഞ്ഞ ഒരു അന്തരീക്ഷത്തിലാണു നമ്മുടെ ദേശീയനേതാക്കന്മാർ മാതൃഭൂമിയുടെ ഭാഗധേയം നിർണ്ണയിക്കുവാനുള്ള ഭാരം കയ്യേറ്റതു്. രാഷ്ട്രം അവരിൽ നിന്നു വളരെയെല്ലാം പ്രതീക്ഷിച്ചു; പ്രതീക്ഷിക്കുന്നു. 1947 ആഗസ്റ്റ് പതിനഞ്ചാം തീയതിക്കുശേഷം അത്യന്തം ഗുരുതരങ്ങളായ പല വിഷമ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടുപിടിക്കേണ്ട ചുമതല നമ്മുടെ ദേശീയ ഗവണ്മെൻറിനെ അഭിമുഖീകരിച്ചു. വർത്തമാനമായിരുന്ന അഭയാർത്ഥിപ്രശ്നം, ഐക്യരാഷ്ട്രസമിതിയേയും വിഷമിപ്പിക്കുന്ന കാശ്മീർപ്രശ്നം, ഒരു യഥാർത്ഥ വിപത്തായിതീർന്നിരുന്ന ഹൈദരാബാദ് പ്രശ്നം തുടങ്ങി ഏതൊരു ഭരണകൂടത്തേയും അമ്പരിപ്പിക്കുന്ന വൈഷമ്യങ്ങളുടെ മദ്ധ്യത്തിലാണു നമ്മുടെ ദേശീയഗവണ്മെൻറു പ്രവർത്തിക്കേണ്ടിവന്നതു്. ഈ പ്രാതികൂല്യങ്ങളെ നേരിടുന്നതോടുകൂടിത്തന്നെ നാട്ടിലെ ദരിദ്രലക്ഷങ്ങളുടെ സ്ഥിതി നന്നാക്കുവാനുള്ള ശ്രമങ്ങളിലും പരിപാടികളിലും ഗവണ്മെൻറിന്റെ ശ്രദ്ധപതിഞ്ഞു തുടങ്ങിയിട്ടുണ്ടെന്നുള്ളതു ചാരിതാർത്ഥ്യജനകമാണു്.

ഉൽപാദനം വർദ്ധിപ്പിക്കയെന്നുള്ളതു് ഇന്നുരാഷ്ട്രത്തിന്റെ മുഖ്യമായ ആവശ്യമാണു്. വ്യാവസായികവും കാർഷികവുമായ ഉൽപാദനം സാരമായ തോതിൽ വർദ്ധിപ്പിച്ചില്ലെങ്കിൽ നമ്മുടെ സാമ്പത്തികസ്ഥിതി അപകടത്തിലാവുകയും നമ്മുടെ ജീവിതത്തോതു് ഉയർത്തുവാൻ സാധിക്കാതെയാവുകയും ചെയ്യും. സമുദായത്തിന്റെ സുസ്ഥിതിയും രാഷ്ട്രത്തിന്റെ നിലനിൽപ്പിനും ഉൽപാദനത്തോതു വർദ്ധിപ്പിക്കേണ്ടതാവശ്യമാണു്. അതിനുവേണ്ടിദ്ദീർഘവ്യാപകങ്ങളും സുചിന്തിതങ്ങളുമായ പരിപാടികളും സ്വീകരിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

ഉൽപാദനത്തെ സാരമായി ബാധിക്കുന്ന ഘടകമാണു് തൊഴിലാളിമുതലാളിബന്ധം. തൊഴിൽക്കുഴപ്പങ്ങളും രാഷ്ട്രത്തിന്റെ സാമ്പത്തികഘടനയെത്തന്നെ തകിടംമറിക്കുവാനിടയുണ്ടു്. തുടച്ചയായുള്ള പണിമുടക്കുകളും ലാക്കൗട്ടുകളും ഉൽപാദനത്തെ വിഘ്നപ്പെടുത്തും. ഈ അടുത്തകാലത്തു പണിമുടക്കുകൾ രാഷ്ട്രത്തിന്റെ സാമ്പത്തികഭദ്രതയുടെനേർക്കു തൂറിച്ചുനോക്കുന്ന ഒരു ഭീഷണിയായിത്തീർന്നിട്ടുണ്ടു്. ഈ പണിമുടക്കുകൾ ഉൽപാദനത്തെ വിഘ്നപ്പെടുത്തുകമാത്രമല്ല തൊഴിലാളികളും മുതലാളികളും തമ്മിലുള്ള ബന്ധത്തെ ഉലച്ചുതകരാറാക്കുകകൂടി ചെയ്തിട്ടുണ്ടു്. 1946-ൽത്തന്നെ ഇൻഡ്യയിൽ ഏകദേശം ഇരുപത്തിമൂന്നേകാൽലക്ഷം തൊഴിലാളികളുൾപ്പെട്ട ആയിരത്തിഎണ്ണൂററിഇരുപത്തിയഞ്ചു പണിമുടക്കുകൾ നടന്നിട്ടുണ്ടു്. ഇത്ര ഭയങ്കരമായ തോതിൽ നിലവിലിരിക്കുന്ന ഈ കുഴപ്പത്തിന്റെ കാരണമാരായേണ്ടതു അത്യാവശ്യമാണു്. താൽക്കാലികമായ നിയമനിർമ്മാണംകൊണ്ടോ, മർദ്ദനംകൊണ്ടോ തൊഴിൽക്കുഴപ്പങ്ങൾക്കു് ഒരു പരിഹാരംകണ്ടുപിടിക്കാമെന്നു് ആരെങ്കിലും വിചാരിക്കുന്നെങ്കിൽ അതുവെറുമൊരു വ്യാമോഹം മാത്രമാണു്. ഈ കുഴപ്പങ്ങളുടെയെല്ലാം അടിയിൽ, ഇവയ്ക്കെല്ലാം കാരണമായി, ചില തകരാറുകളുണ്ടു്. അവ കണ്ടുപിടിച്ചു് ഇല്ലായ്മചെയ്തെങ്കിലല്ലാതെ ഈ കുഴപ്പങ്ങൾ അവസാനിക്കുകയില്ല. അതിനായി ഗവർമ്മെൻറും പൊതുജനങ്ങളും ശ്രമിക്കേണ്ടതു്.

ഇൻഡ്യയിൽ ഒരു സാധാരണത്തൊഴിലാളിയുടെ ഒരു മാസത്തെ വരുമാനം ശരാശരി 27 രൂപയാണെന്നു് കണക്കാക്കപ്പെട്ടിട്ടുണ്ടു്. യുദ്ധകാലത്തും അതിനുശേഷവും നിലവിലിരുന്ന അസാധാരണപരിതസ്ഥികളിൽ പല തൊഴിൽകാർക്കും ഇതിൽ ക്രൂതൽ വരുമാനമുണ്ടായിരുന്നിരിക്കാം. പക്ഷേ അവരുടെ വരുമാനത്തിൽ ഉണ്ടായ ക്രൂതലുമായി യാതൊരു പൊരുത്തവുമില്ലാത്തവിധം അവരുടെ ജീവിതച്ചിലവുകളും വർദ്ധിച്ചിട്ടുണ്ടെന്നുള്ളതു് നമുക്കു വിസ്മരിക്കുവാൻ നിവൃത്തിയില്ല അങ്ങിനെ നോക്കുമ്പോൾ ഈ കഴിഞ്ഞ ഒരു ദശവത്സരത്തിയിടയ്ക്കു് ഒരുസാധാരണത്തൊഴിലാളിയുടെ വരവിൽ പ്രത്യക്ഷമായുണ്ടായ വർദ്ധനവു കൊണ്ടു് അയാൾക്കു് യഥാർത്ഥത്തിൽ വലിയ പ്രയോജനമൊന്നുമുണ്ടായിട്ടില്ലെന്നു കാണാം.

മനുഷ്യർ പൊതുവേ സ്വാർത്ഥതൽപരരാണെന്നുപറഞ്ഞാൽ ചില സ്വാർത്ഥമതികളും നെറികുളിച്ചേക്കാമെങ്കിലും അതൊരു വാസ്തവം മാത്രമാണു്. മുതലാളിമാരും ഈ സാമാന്യനിയമത്തിനു് അതീതരല്ല. അവരുടെ സ്വന്തം പണസ്സഞ്ചികളും വീർപ്പിക്കുന്നതിലും സ്വന്തം സുഖസൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിലും അവർ ക്രൂതൽ ശ്രദ്ധാലുക്കളാണെങ്കിൽ, അതിൽ

അത്ഭുതപ്പെടുവാനുമില്ലതന്നെ. ആ ശ്രമത്തിൽ തൊഴിലാളികളുടെ താൽപര്യങ്ങളെ ബലികഴിച്ചും, സ്വന്തം താൽപര്യങ്ങളെ പരിരക്ഷിക്കുവാൻ ചില മുതലാളിമാർ മുതിർന്നാൽ, അതു കേവലം സ്വാഭാവികം മാത്രമാണു്. കഴിഞ്ഞ ഏതാനും വർഷങ്ങളായി നിലവിലിരിക്കുന്ന പ്രത്യേക പരിതഃസ്ഥിതികളിൽ പല മുതലാളിമാരും വമ്പിച്ചതോതിൽ ധനം സമ്പാദിച്ചു. തൊഴിലാളിയ്ക്കു് വമ്പിച്ച ആ സമ്പാദ്യത്തിന്റെ ഒരു പങ്കുലഭിച്ചിട്ടില്ല. അങ്ങിനെ യഥാർത്ഥമായ ഒരു പരാതി തൊഴിലാളിക്കുണ്ടു്. മുതലാളി തന്നെ പോഷണം ചെയ്യുവാനും തന്റെ പ്രയത്നത്തിന്റെ മുതലെടുക്കുവാനും മാത്രം ബദ്ധകങ്കണനാണെന്നു് തൊഴിലാളി വിശ്വസിക്കുന്നുണ്ടെങ്കിൽ അതിനു കാരണം ഈ അസംതൃപ്തിയാണു്. അതിന്റെ ഫലമായി കഴിവുള്ളതുകുറച്ചു ജോലിചെയ്തു തന്റെ അദ്ധ്വാനത്തിന്റെ നാണയവില വർദ്ധിപ്പിക്കാമെന്നു് സാധാരണ തൊഴിലാളി വിശ്വസിക്കുന്നു. തൊഴിലിൽ പ്രകടമാകുന്ന ഉദാസീനത മുതലാളിയെ ചിന്തിപ്പിക്കുവാൻ പര്യാപ്തമാണു്. താൻ കൊടുക്കുന്നകൂലിക്കു് തക്കവില തൊഴിലാളിയിൽ നിന്നു തനിക്കു ലഭിക്കുന്നില്ലെന്നു് ഒരു നിഗമനത്തിൽ അയാൾ ഏത്തിച്ചേരും. എന്നാൽ അതിന്റെ ശരിയായ കാരണം അറിയുവാൻ ഒന്നുകിൽ അയാൾ മുതിരുകയില്ല; അല്ലെങ്കിൽ അയാൾക്കു് അതിനുള്ള കഴിവില്ല. അങ്ങിനെ രണ്ടുതെറ്റിദ്ധാരണകൾ അവർതമ്മിലുള്ള ബന്ധത്തെ ശിഥിലമാക്കുന്നു. ആ അകൽച്ച ദിനം പ്രതിയെന്നോണം വർദ്ധിച്ചു വരുന്നതിന്റെ ഫലമാണു് ഇന്നു നമ്മുടെ ചുറ്റും കാണുന്ന തൊഴിൽ കുഴപ്പങ്ങൾ. ഈ സ്ഥിതിക്കു് വിപ്ലവാത്മകമായ ഒരു പരിവർത്തനം വന്നെങ്കിൽ മാത്രമേ സാമ്പത്തികസമാധാനം സംസ്ഥാപിതമാകയുള്ളൂ. തലവെട്ടി സത്യംസ്ഥാപിക്കുന്ന ഒരു വിപ്ലവമല്ല; നേരേമറിച്ചു്, സൃഷ്ടിപരപ്രവർത്തനങ്ങളിലും സഹകരണത്തിലും പരസ്പരധാരണയിലും ക്രമേണ സമതുലത്തിലേക്കു് സമീപിക്കുന്ന ഒരു വിപ്ലവമാണു് ഇവിടെ വിവക്ഷിതം. അങ്ങിനെ ഒരു പരിവർത്തനം ഉണ്ടാകണമെങ്കിൽ മുതലാളിയും തൊഴിലാളിയും പരസ്പരം മനസ്സിലാക്കേണ്ടിയിരിക്കുന്നു. രണ്ടു കൂട്ടരുടെയും ന്യായമായ ആവശ്യങ്ങളും അവകാശങ്ങളും മനസ്സിലാക്കാനും അംഗീകരിക്കുവാനും ഇരുകൂട്ടരും തയാറാകണം.

ഒരു തൊഴിലാളിക്കു സംതൃപ്തമായ ഒരു ജീവിതം നയിക്കുവാൻ ചില വ്യവസ്ഥകളെല്ലാം ക്രമേണയേ കഴിയൂ. സാമാന്യസൗകര്യങ്ങളോടു ക്രമേണ അവനു ജീവിക്കുവാൻ തക്കവണ്ണം ഉള്ള കൂലികിട്ടണം. ആരോഗ്യത്തെ നിലനിർത്തത്തക്കവിധത്തിലുള്ള ജോലി വ്യവസ്ഥകളേ അവന്റെമേൽ ചുമത്താവൂ. സാമാന്യമായി എട്ടുമണിക്കൂർ ദിവസവും നാലുത്തിനാലുമണിക്കൂർ ആഴ്ചയും എന്നതോതു സ്വീകരിക്കുന്നതിൽ വലിയ തെറ്റുണ്ടെന്നു തോന്നുന്നില്ല. ആരോഗ്യപരമായിതൃപ്തികരമായതാമസസൗകര്യങ്ങളുംവൈദ്യസഹായവും തൊഴിലാളിയുടെതൊഴിൽപാടവത്തെ നിലനിർത്തുവാൻ ആവശ്യമാണു്. ഇതൊന്നും അതിരുകടന്ന അവകാശവാദങ്ങളല്ല; വൻകിടവ്യവസായികളും പോലും സമ്മതിക്കുന്ന ചില പ്രാഥമികാവശ്യങ്ങൾ മാത്രമാണു്. തൊഴിലുടമകളെല്ലാം ഈ വാസ്തവം മനസ്സിലാക്കി പ്രവർത്തിക്കുവാൻ സന്നദ്ധരായാൽ രാജ്യത്തിലെ ഉൽപാദനം വർദ്ധിപ്പിക്കുവാനുള്ള ശ്രമത്തിൽ തൊഴിലാളികളും—ചില

കസ്തൂരികളുടെ കരുക്കിൽ കുടുങ്ങാത്തവർ തീച്ചയായും—അത്മാത്ഥമായി സഹകരിക്കാതിരിക്കയില്ല.

നമ്മുടെ വ്യാവസായികനഗരങ്ങളിലെ ഒരു വലിയ വിഭാഗം ജനങ്ങൾ തൊഴിലാളികളാണു്. ബോംബേ, അഹമ്മദാബാദ് മുതലായ നഗരങ്ങളിലെ ജനസംഖ്യയിൽ ഏതാണ്ടു മുപ്പതു ശതമാനം അവരാണു്. അവരിൽ പത്തു ശതമാനത്തിനു മാത്രമാണു് തൊഴിലുടമകൾ താമസസൗകര്യങ്ങൾ ചെയ്തു കൊടുത്തിട്ടുള്ളതു്. ശേഷമുള്ള തൊണ്ണൂറു ശതമാനം തൊഴിലാളികൾ അത്യന്തം അനാരോഗ്യകരങ്ങളായ പരിതഃസ്ഥിതികളിലാണു് കഴിഞ്ഞുകൂടുന്നതു്. സർ വില്യം ബിവറിഡ്ജിന്റെ അഭിപ്രായം ഇവിടെ സ്മരണീയമാണു് "ബ്രിട്ടനെ ഒരു വ്യാവസായിക രാജ്യമാക്കാനാണു് നാം ഉദ്ദേശിക്കുന്നതെങ്കിൽ ഓരോ പുതിയ തൊഴിൽശാലയിലും പണിയെടുക്കുന്നവർക്കു താമസിക്കുവാനുള്ള സൗകര്യങ്ങൾ മുൻകൂട്ടിചെയ്തതിനു ശേഷം മാത്രമേ ആ തൊഴിൽ ശാലകൾ തുറന്നു പ്രവർത്തിക്കുവാൻ അനുമതി നല്കാവൂ." എന്നാണു് അദ്ദേഹം പ്രഖ്യാപിച്ചതു്.

ഉൽപാദനത്തിൽ തൊഴിലാളിയുടെ പങ്കു് അനുപേക്ഷണീയമാണെന്നുള്ള വസ്തുത ഒരിക്കലും വിസ്മരിക്കുവാൻ പാടില്ല. ഉൽപാദനത്തെ സംബന്ധിച്ചിടത്തോളം മനുഷ്യപ്രയത്നവും മൂലധനവും ബുദ്ധിയും ഒരുപോലെ പ്രാധാന്യമർഹിക്കുന്ന ഘടകങ്ങളാണു്. ഒരിക്കൽ ആൻഡ്രൂ കർണ്ണഗിയോടു ഈ മൂന്നു ഘടകങ്ങളിൽ ഏതിനാണു് ഏറ്റവും കൂടുതൽ പ്രാധാന്യം അദ്ദേഹം കല്പിക്കുന്നതെന്നു ചോദിച്ചപ്പോൾ "മൂന്നു കാലുകളുള്ള ഒരു പീഠത്തിന്റെ ഏതു കാലാണു് ഏറ്റവും പ്രധാനം?" എന്നൊരു മറുചോദ്യം ചോദിക്കുകയാണത്രേ അദ്ദേഹം ചെയ്തതു്. ഇവയിലോരോന്നും അത്യന്താപേക്ഷിതമാണു്. ഉൽപാദനത്തിലേർപ്പെട്ടിരിക്കുന്നവരെല്ലാം—മുതലാളിയും തൊഴിലാളിയും—ഈ പരമാത്ഥം മനസ്സിലാക്കണം. അങ്ങിനെ ഒരു പരസ്പരധാരണയിലെത്തിച്ചേരാൻ സാധിച്ചാൽ നാം ഇന്നു കാണുന്ന തൊഴിൽകുഴപ്പങ്ങളിൽ വമ്പിച്ച ശതമാനം പരിഹരിക്കപ്പെട്ടുമെന്നുള്ളതിനു സംശയമില്ല. തൊഴിലുടമയും തൊഴിലാളിയും തമ്മിൽ ഉറച്ച സൗഹാർദ്ദം പുലർത്തുന്നതിനു് അതു് ഉപകരിക്കും.

സ്വാത്ഥമതികളായ ചില മുതലാളിമാർ തൊഴിലാളിയെ വെറുമൊരു യന്ത്രം മാത്രമായി—കേവലം നിർവികാരമായ ഒരു ഉൽപാദനോപകരണം മാത്രമായി-ഗണിക്കാറുണ്ടു്. ഇതിൽപരമൊരു അബദ്ധം മറ്റില്ലതന്നെ. തൊഴിലാളികൾ അവരുടെ വിരസമായപരിതഃസ്ഥിതികളുമായി ഇണങ്ങിക്കൂടുവാൻ പരിചയിച്ചവരാണെന്നും അവർക്കു വേദനയോ വികാരമോ ഇല്ലെന്നും ചിലർ വിശ്വസിക്കുന്നുണ്ടു്. വിനോദത്തിനോവിശ്രമത്തിനോ യാതൊരു സൗകര്യവും ലഭിക്കാതെ, ദാരിദ്ര്യത്തിൽ ജനിച്ചു്, ദാരിദ്ര്യത്തിൽ ജീവിച്ചു്—('വളർന്നു' എന്നു ഞാൻ പറയുമായിരുന്നു; പക്ഷേ അവർ വളരുന്നുണ്ടോ?)—ദാരിദ്ര്യത്തിൽ മരിക്കുന്നതുകൊണ്ടു് ദാരിദ്ര്യമില്ലാത്ത ഒരുവസ്ഥയെപ്പറ്റി അവർ സ്വപ്നം കാണുകപോലുമില്ലെന്നു വിശ്വസിക്കുവാൻ ശ്രമിക്കുന്നവരുണ്ടു്. പക്ഷേ, ഇതൊരുതരം ആത്മവഞ്ചനയാണു്. തൊഴിലാളി കഷ്ടതയനുഭവിക്കുന്നുണ്ടെന്നും അവനു് അവശതകളുണ്ടെന്നും അറിഞ്ഞു് ഉള്ളിൽനിന്നും ചില ചോദ്യചിഹ്നങ്ങളുയർന്നു നിരക്കുമ്പോൾ അവയിൽ നിന്നു

ഇങ്ങനെ ചില വാദങ്ങൾകൊണ്ട് കോട്ട കെട്ടിരക്ഷപ്പെടുവാൻ നടത്തുന്ന ബാലിശമായ ഒരു ശ്രമമെന്നേ ഇതിനെ കരുതേണ്ടതുള്ളൂ. ഈ യാഥാർത്ഥ്യം മനസ്സിലാക്കി സഹായം സൃഷ്ടിച്ചിരുന്ന ആ മൂഢസ്വർഗ്ഗത്തിൽനിന്നും ഉണർന്ന ചില വൻകിട വ്യവസായികൾ തങ്ങളുടെ തൊഴിൽ കേന്ദ്രങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സുസ്ഥിതിയിൽ പ്രത്യേകം ശ്രദ്ധിക്കുന്നതായി കാണുന്നതു ശുഭോദർക്കമാണ്. ഈ അവസരത്തിൽ "ഏറ്റവും കൂടുതൽ ലാഭമുണ്ടാക്കുന്ന ഒരു വ്യവസ്ഥിതി സൃഷ്ടിക്കുന്നതിനേക്കാൾ ഏറ്റവും നല്ല മനുഷ്യരെ സൃഷ്ടിക്കുന്ന ഒരു വ്യവസ്ഥിതിക്കുവേണ്ടി ശ്രമിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നതു" എന്ന ലെവർ ഹ്യൂം പ്രഭുവിന്റെ വാക്കുകൾ ശ്രദ്ധേയങ്ങളാണ്. ലെവർ ഹ്യൂമിന്റെ മനഃസ്ഥിതി എല്ലാ വ്യവസായപ്രമുഖന്മാർക്കും ഉണ്ടായാൽ ഈ ലോകത്തിൽ തൊഴിൽകുഴപ്പങ്ങൾ ഉണ്ടാവുകയേ ഇല്ല.

ചുരുക്കിപ്പറഞ്ഞാൽ തൊഴിൽകുഴപ്പത്തിനുള്ള പരിഹാരം ഏതാണ്ടിങ്ങനെ സംഗ്രഹിക്കാം. വ്യവസായഉടമസ്ഥന്മാർ തൊഴിലാളികളെ മനുഷ്യരായി അംഗീകരിക്കുകയും, അവരുടെ മനുഷ്യാവകാശങ്ങളെ ബഹുമാനിക്കാൻ സന്നദ്ധരാവുകയും ചെയ്യണം. അങ്ങനെയായാൽ മുതലാളിമാരും തൊഴിലാളികളും തമ്മിലുള്ള മത്സരം അവസാനിക്കും. അവർതമ്മിൽ ഒരു പരസ്പരധാരണയുണ്ടാവുകയും അവരുടെ ഇടയിൽ ഇന്നുള്ള വിദ്വേഷത്തിന്റെ സ്ഥാനത്തു സൗഹാർദ്ദം സംസ്ഥാപിതമാവുകയും ചെയ്യും. എന്തെങ്കിലും കാരണവശാൽ ഒരു തർക്കം ഉത്ഭവിച്ചാൽ അതു ഒരു നിഷ്പക്ഷകോടതിയുടെ തീരുമാനത്തിനു വിട്ടുകൊടുക്കുകയും ആ കോടതിയുടെ തീരുമാനം ഇരുകൂട്ടരും സമാദരിക്കുകയും ചെയ്യണം. അങ്ങിനെ ഉൽപാദനത്തിന്റെ രണ്ടു സുപ്രധാനഘടകങ്ങളായ മൂലധനവും മനുഷ്യപ്രയത്നവും തമ്മിൽ സുദൃഢമായ ഒരു ബന്ധം സഞ്ജാതമാവുകയും തൽഫലമായി സാമ്പത്തിക സമാധാനവും സുഭിക്ഷതയും നാട്ടിൽ പുലരുകയും ചെയ്യും. നമ്മുടെ മാതൃഭൂമിക്കും നമുക്കുതന്നെയും കൂടുതൽ ഫലപ്രദമായ സേവനമനുഷ്ഠിക്കുവാൻ അപ്പോഴേ നമുക്കുസാധിക്കും. നമ്മുടെ മാതൃഭൂമിയുടെ സ്വാതന്ത്ര്യവും അഭിമാനവും സംരക്ഷിക്കുവാൻ ഫലപ്രദമായ ഒരു മാർഗ്ഗം ഇതു മാത്രമാണ്. ഈ പരമാർത്ഥം മനസ്സിലാക്കി യഥാർത്ഥദേശാഭിമാനികൾ ഉണർന്നു വർത്തിക്കണം. നമ്മുടെ മാതൃഭൂമി അതുതന്നെ നമ്മിൽനിന്നു പ്രതീക്ഷിക്കുന്നു.

കമ്പരാമായണകഥാമൃതം

ശ്രീ: പനങ്കടവത്തു നാരായണൻ അവർകളുടെ പരിഭാഷ.

അഞ്ഞൂറോളം പേജുകൾ. വില ഒന്നര രൂപാ മാത്രം.

റെഡ്യാർ പ്രസ്സ് & ബുക്ക്ഡിപ്പോ—തിരുവനന്തപുരം.

കേരളവർമ്മദേവൻ

മുത്തൂർ രാഘവൻനായർ.

സാരംഗോത്ഭവകാമുകീകരലസ-
ദ്വീണാനിനാദോദിത-
സ്വാരസ്യസ്ഫുരിതം, സമസ്തവിബുധ-
ശ്രോത്രൈഃസമാരാധിതം;
താരപ്രോജ്ജ്വലകുവല്ലനിരയാൽ
വാനസ്ഥലം ശോഭിതം:
പാരംകേരളവർമ്മദേവചരിതം
സത്തക്കു ചിത്താമൃതം.

രാവിൽ പാഴ്മറമാറിയും, കനിവൊടു-
ത്തങ്കുങ്കുരം നീട്ടിയും,
പൂവിൻകണ്ണുവിടർത്തിയും, ദ്വിജഗളോദ്-
ഗീതംമുതിർത്തുംവോൻ
ആവിർഭ്ലോമേഭിച്ചു; വിണ്ണുപദസം-
സേവാരതം മാരുമേ,
ഭൂവിൻപ്രാക്തനപുണ്യകർമ്മഫലമായ്
ക്കാണുന്നു ഞാനങ്ങയെ!

ആയ്ദ്രാവിഡസാഹിതീസമുചിത
ജ്ഞാനപ്രഭാവം; മഹാ
കാര്യപ്രാപ്തി, വിശാലചിന്തനഗുണാ-
ഭാരസ്ഫുടഭാവം നിജം;
ധൈര്യസ്ഥാവരകർമ്മചര്യ; മധുരം
വാഗ്രീതി, വിഭച്ഛിരോ-
ധാര്യപ്രോജ്ജ്വലരത്നമേ, തവമഹ
സ്സ്നേഹസീമാതിഗം.

ജ്ഞാനത്തിൻശ്രുതിശ്രേകോന്തി നിതരാം
വക്കിച്ചു പൂകീ വോൻ
മാനം; സ്വാഗതമോതിനിന്നു സവിധേ
കാളാബുകാരാഗ്രഹം!
ആനന്ദമത്തവളർത്തുകില്ല വിധിയെ
ന്നാവാ;മതാ താമസ-
സ്ഥാനത്തും വിളയാടി സത്വഗുണമേ,
പൂവാധികം ഭാസുരം.

തന്നോമൽക്കരതാരിലേന്തിയമണി
ത്തൂത്തുവൽ ലക്ഷ്മീപതേ,
പൊന്നോടക്കഴൽപോലെ പാരിനരുളീ
സന്ദേശഗാനാമൃതം;
ഇന്നോതാം നവമുത്തുവാരിവിതറീ
മേഘം; മയൂരംമുദാ
നിന്നോരോ നടനം തുടർന്നു സരസം
വൃന്ദാവനക്രീഡ തേ.

ലോലശ്രീ ശരദഭ്രകാന്തിമതിയാം
തൃക്കൈകരളിത്തയുൽതൻ
നീലക്കാറണിവേണിയിങ്കലണിയും
നക്ഷത്രമാല്യം ശിവം
കാലത്തിൻകറവീഴിടാതെ തെളികെ-
ട്ടീവിൽക്കലാനാഥനേ, വെൺ
പാലഞ്ചും പുതുപൂഞ്ചിരിക്കുതിർചൊരി
ഞ്ഞിന്നും ലസിപ്പൂ വോൻ

ചിത്രം! വീതസുഗന്ധമായമലയാ
ളത്തിൻ മലർത്തോപ്പതിൽ
ചൈത്രശ്രീപ്രഭപോലെ മഞ്ജുകവിതാ
തേജസ്സിഴഞ്ഞുള്ളവെ,
നേത്രശ്രീസുഭഗം വിടർന്നുവിലസീ
'ശൃംഗാര'മാധ്വീഗള-
'ച്ചിത്രശ്ലോക' മനോജ്ഞ'മഞ്ജരി' ലസ
ദ്വീണാശ്വരീവൈഖരീ

ശേഷാതീതപടുതയുക്ത ശതക
'സ്തോത്ര'ദിസങ്കീർത്തനം
ഭോഷാഭാസുര'ദൈവയോഗ'വിജയം
നവ്യപ്രഭോതോദയം;
ദോഷാതീതവിചാരചാതുരമാ
മാമന്ദ്രസംഗീതകോ-
ല്ലോഷ്ഠാരവമുയർന്ന ശബ്ദമയിതൻ
തങ്കച്ചിലമ്പൊച്ചപോൽ.

ദിക്കാലാധികവീക്ഷണോൽസുക, വോൻ
സംസ്കാരസമ്പന്നമാം
വാക്കാലകിഞ്ചനവൃത്തി; നിത്യമറിയും
സത്തുക്കൾ സത്തുക്കളേ,
ചിൽക്കാമ്പേ! തവ ചേവടിസ്മരണയെ
നാൾത്താർ വിടത്തുംപുല-
പ്പൂക്കാലപ്പുലർവേളപോലെ നിയതം
മിന്നിത്തിളങ്ങിടണം.

സൗന്ദര്യംവഴിയുന്ന സംസ്കൃതമഹാ-
ഭാഷാസ്ത്രീകുചങ്ങിവാർ
മന്ദസ്മേരമണിഞ്ഞ സത്കവിലസൽ
സ്വാരസ്യശാകുന്തളം;
മന്ദപ്രജ്ഞരുമാസ്വദിപ്പു നിതരാ
മെന്തുണ്ടു വേറിട്ടൊരാ-
നന്ദം? കേരളകാളിദാസ, മലയാ
ളത്തിൻ മഹാഭാഗ്യമേ.

ഏണാങ്കത്തളിമംനിറഞ്ഞുവഴിയും
വെൺചന്ദ്രികാധാരയിൽ
ചേണാളും കളമമ്മരസ്വനമുദ-
ഗംഗാതരംഗങ്ങളിൽ,
വീണാലാപമനോജ്ഞമായവിഹഗ-
ശ്രേണീനിനാദങ്ങളിൽ
ക്കാണുംതൽക്കവിതാരസം; പ്രകൃതിത
ന്നോമൽപ്പകർപ്പോ കല?

ത്വമംഗല്യപരോത്സുകി; നിരഘാ-
ലങ്കാരമോടിപ്പകി-
ട്ടാമന്ദസ്മിതനി; മഞ്ജുശയ്യ, സരസ
ശ്ലേഷ്മാനയം ശ്രീമയം
ഈമട്ടഞ്ചിന കാവ്യലക്ഷ്മി വിലസീ
ലാമൈകഭാരങ്ങൾ പോൽ
ശ്രീമൻ, ശോഭനമായിരുന്നു വിലസൽ
പ്രേമം ഗൃഹസ്ഥാശ്രമം.

ചില്ലോലോത്തരമീ ഭവൽകൃതമഹാ
വാദപ്രഘോഷങ്ങൾതൻ
കല്ലോലങ്ങളടങ്ങിയില്ലിതുവരെ
സ്സാഹിത്യവാഴ്ശിയിൽ
സല്ലോകാർച്ചിതപാദ, താവകചല-
ജ്ജിഹ്വാഞ്ചലത്തിങ്കലാ-
ണാല്ലോ നർത്തനമാടി വിബുധ
വ്യാഗീത യാഗീശ്വരി.

ഉന്മാദാശയചാരുകാവ്യനികരം
നിർമ്മിച്ചൊരങ്ങെങ്ങു? പി-
ന്നിന്നത്തേ യുവകാവ്യകർത്തൃപ്രമുഖരെ
ങ്ങാർ? ക്കാണുമോക്കാവതോ?
അന്നം തത്തിവിയത്തിലെത്തി, പുറകെ
ക്കാകൻകുതിച്ചും ജവം
തന്നംശംവിവശീഭവിച്ച കഥനാ
മിന്നും സുരിപ്പീലയോ?

തണ്ടാരും, തളിരും, തരുപ്രകരവും;
ശാലീനശാനോത്സവം
കൊണ്ടാട്ടം, കുയിലും നവംമണമണി-
പ്പൂന്തെന്നലും, ട്ടിംഗവും,
കണ്ടാരും പുളകംതളിർക്കുമമല
ക്രീഡാതടാകങ്ങളും
വണ്ടാർവേണികളും,— നിതാന്തസുഭഗം
തൽകാവ്യചിത്രമണ്ഡലം

അന്തേവാസി ഭവാനുഞാനൻ മമഗുരോ,
ശ്രോതവ്യമിങ്ങേനവം-
പൂന്തേൻവാണികൾ കേട്ടറിഞ്ഞുസുഗമം
സാഹിത്യശാസ്ത്രം നവം
സഞ്ചന്തേ താവകചിത്സചരുപമടിയൻ
കാൺമൂ, ഭവാൻ മൃത്യുവിൽ
പൊൽതേരേറിയകന്നതെന്തിനഥവാ
നിസ്സാരമീ സംസ്കൃതി.

നാകീയോജ്ജ്വലമണ്ഡപസ്ഥിതമഹാ
സൗവർണ്ണസിംഹാസനം
പൂകീ; കല്പകമാലചൂടി ഭവൽ
ക്കണ്ഠത്തിൽ വാചസ്പതി.
ത്വകീ സുസ്മിതമപ്സരസ്സുകളുടൻ
ഹർഷാശ്രു വർഷിച്ചു നി
ന്നേകീഭൂതൃപഹാരമിന്നവിടു-
ന്നാരാലുമാരാധിതൻ.

ദരിദ്രലക്ഷങ്ങൾ

എ. നാണക്കേട്ട്.

വിദ്വാൻ, എം. പരമേശ്വരൻപിള്ള, പരവൂർ.

I

വേനൽക്കാലത്തെ രമ്യമായ ഒരു ദിനാന്തം. പടിഞ്ഞാറ് കുന്നകംക്കു് അപ്പുറത്തായി ദിനകരൻ എരിഞ്ഞണയുന്നു. ഉയർന്ന വൃക്ഷങ്ങൾക്കിടയിൽക്കൂടി നീണ്ടു വീഴുന്ന സന്ധ്യാരശ്മികൾ അങ്ങിങ്ങു് കനകകാന്തിപൂശി ആ ഗ്രാമലക്ഷ്മിയെ അലങ്കരിക്കയാണു്. പൂമണം പുണർന്നു വീശുന്ന മന്ദപവനൻ, പട്ടിക്കാരുടെ ചുടുനിശ്വാസങ്ങൾ ഏറ്റിട്ടോ എന്തോ ഉഷ്ണമായകനായി കാണപ്പെടുന്നു!

ഒരേ ഒരു ആറടിപ്പാതയാണു് ആ ഗ്രാമത്തിലെ ഗതാഗതമാർഗ്ഗം, ആ പാത ഒരു വളവുതിരിയുന്ന സ്ഥാനത്തു് അതിനരികിലായി വളരെപ്പഴക്കമുള്ള ഒരു ഓലക്കെട്ടിടം അനാഥമായ നിലയിൽ അങ്ങിനെ നില്ക്കുന്നു. കഴിഞ്ഞ മഴക്കാലത്തു ചോർന്നൊലിച്ചു് അങ്ങുമിങ്ങും ഇടിഞ്ഞ മൺഭിത്തി, കരക്കാറടിയിൽ മേച്ചിൽ ഏറിയകൂറും ഇളകിപ്പൊളിഞ്ഞുപോയ മേൽപുര, മുൻഭാഗം മറച്ചുകൊണ്ടു തൂങ്ങുന്ന പൊടിഞ്ഞു പിന്നി രണ്ടു ഓലച്ചെറ്റകം, ഇതാണു് ആ കൊച്ചു ഗൃഹം. അണയുന്ന സൂര്യന്റെ കിരണങ്ങൾ ആ പാഴ്പുരയുടെ പുറത്തും പൊന്നു പൂശുന്നു!

അതും ആരംപാർപ്പുള്ള ഒരു ഗൃഹമാണു്. മുറ്റത്തു തീയെരിഞ്ഞുകൊണ്ടിരിക്കുന്ന ഒരു കൊച്ചു് അടുപ്പിന്റെ അടുത്തായി ഒരു സ്ത്രീയും രണ്ടു കുഞ്ഞുങ്ങളും വിഷാദമഗ്നരായിരിക്കുന്നു. അഴുക്കടഞ്ഞു് അങ്ങുമിങ്ങും കീറിയ ഒരു കവണികൊണ്ടു് ആ യുവതി തലവഴി മൂടിയിരിക്കുന്നു. അതു അവളുടെ ജാതിമുദ്രയാണു്! അതേ, ഒരു മഹമ്മദീയ സ്ത്രീയാണു് അവർ.

മീൻ പിനാലുകം പറിച്ചിട്ടിച്ചിട്ടുള്ളതും മൂലകം നാലും പിന്നിപ്പൊളിഞ്ഞതുമായ ഒരു പഴമുറത്തിൽ അവർ മരക്കിഴങ്ങു "നുറുക്കി"യിട്ടുകയാണു്. വിലകൊടുക്കുന്നവർ വാങ്ങിക്കാത്തതുകൊണ്ടു് വില്പനക്കാർ വാരിക്കളഞ്ഞ "വേരും വെരുപ്പും, തുമ്പും മൂട്ടും" ഒക്കെയാണു് ആ മരക്കിഴങ്ങു്. വിശപ്പിന്റെ വശ്യതയാൽ

സൂരിശ്രേഷ്ഠ; ഹിമാലയാചലലസൽ
സാനുപ്രദേശങ്ങളിൽ
ദ്രീരിശ്രീകതുകം ഭവൽഗുണഗണം
പാടുന്ന വിദ്യാധരൻ
മാരിക്കാറൊലി ഹസ്സുലോഷസദൃശം
കേൾക്കുന്നുവെന്നു, ഭോ
നാരിക്കേരളലക്ഷ്മിപൂണ്ടകനകാ
ലങ്കാരമേ, കൈതൊഴാം.

കേരളവർമ്മദേവന്റെ ശതാബ്ദം കൊണ്ടാടുവാൻ തിരുവനന്തപുരത്തു കൂടിയ കമ്മറ്റിയുടെ നിർദ്ദേശാനുസരണം എഴുതിയതു്. ആ കവിരാമത്സര പരീക്ഷാഫലമോ, ആലോഷമോ ഇതുവരെ പ്രകാശമായിട്ടില്ല. (മ. രാ. നാ.)

ഇനി പ്രകാശദശയിലെത്തുമെന്നും വിചാരിക്കേണ്ട. അന്തരിച്ചുപോയ ആളിന്റെ പുകഴ്ത്തുക എന്ന ആദായമില്ലാത്ത ജോലി ആരു നിർവ്വഹിക്കാനാണു്.
(ക. പ.)

അവർം പൊൻപൊടികർംപോലെ "പെറുക്കി" എടുത്തുകൊണ്ടു പോന്നതാണു്. ആ കൊച്ചുടപ്പിൽ "ചെറുപാന" യിൽ അതു വേകിക്കാനുള്ള വെള്ളമാണു കിടന്നു തിളയ്ക്കുന്നതു്.

നീക്കോർംകൊണ്ടു വീർത്തിരിക്കുന്ന കൺപോളകർംക്കുള്ളിൽ മങ്ങി മിന്നുന്ന കണ്ണുകർം, വിളറി വീർത്തിരിക്കുന്ന കവിർംത്തടങ്ങർം, ക്രുടുകെട്ടി കുഴിഞ്ഞിരിക്കുന്ന നെഞ്ചു്, ആഹാരശൂന്യതയിലും ഉന്തിപ്പൊങ്ങിയിരിക്കുന്ന വയറു്, തേമ്പിപ്പിരിഞ്ഞിരിക്കുന്ന കൈകാലുകർം, എന്നിങ്ങനെ ഓരോ ശരീരപ്രകൃതക്കാരാണു് ആ കുട്ടികർം. അഞ്ചു വയസ്സുകഴിഞ്ഞ 'മൈതീനും' രണ്ടുതികയാത്ത 'നബീസായും' "ഐഷ"യുടെ മക്കളാണു്.—

വയററിൽ തീ കത്തുകയാൽ മൈതിൻ കുഞ്ഞു് ഉമ്മായുടെ വാത്സല്യം വിങ്ങുന്ന "വിലക്കുമറുത്തും" കൈയ്യിൽ കിട്ടിയ ഒരു കൊച്ചു മരക്കിഴങ്ങു് കടിച്ചുമുറിച്ചു "മിണുങ്ങുക"യാണു്. നബീസായും മുറത്തിൽ നിന്നും കൊച്ചുകൊച്ചു കഷണങ്ങർം തിരിഞ്ഞെടുത്തു് ഇളംപല്ലുകർംക്കിടയിൽ വച്ചു 'ഞെമ്മി ഞെമ്മി' ഇറക്കുന്നു! പാവപ്പെട്ട പിഞ്ചു പൈതങ്ങർം!!

അൽപടിപ്പാതയിൽക്രുടി ഒരു ഭാരവണ്ടി ആ വീട്ടിന്റെ മുൻവശത്തു വന്നുനിന്നു.

"എന്റെ പൊന്നു കാതിരുകാക്കാ! പടച്ചോനെ നിരീച്ചു് ആ മുറർംവരെ ഒന്നു താങ്ങിക്കൊണ്ടാക്കിത്താ, കാക്കാ"

വണ്ടി നിന്ന സ്ഥലത്തുനിന്നും പുറപ്പെട്ടതായിരുന്ന ആ പ്രാർത്ഥന. അവർം തല ഉയർത്തി നോക്കി. പടിൻമേൽനിന്നിരുന്ന ഒരു പാങ്കിമാവിന്റെ മറവു കാരണം ഒന്നും കാണാൻകഴിഞ്ഞില്ല. അവർം പറഞ്ഞു:—

"എടാമുത്തേ, മൈതീനെ! നിന്റെ മാമാടെ വായല്ലീ ആ കേട്ടേ? എന്റെ മുത്തൊന്നു നോക്കു"

"അസലുകേട്ടപറയാതെ വണ്ടീന്നു പിടിച്ചൊറക്കു പന്നീ. ഇന്നിന്നി എത്ര രാച്ചെന്നാ ഞാം വീട്ടുചേരും? നെനക്കറിഞ്ഞൂടെ, പന്നീ?" വണ്ടിക്കാരൻ കാതിരുകയക്കുകയാണു്.

"ഉമ്മാ! മാമായും വാപ്പായും മാമായും വാപ്പായും" മൈതീൻ ക്ഷീണിച്ചതെങ്കിലും ഉത്സാഹമുറന്ന സ്വരത്തിൽ വിളിച്ചു പറഞ്ഞുകൊണ്ടു വണ്ടിയുടെ അടുക്കലേയ്ക്കു് ഓടി.

അവളുടെ കൈയ്യിലിരുന്ന മീനിരുമ്പും മരച്ചീനിയും നിലത്തുവീണു. ഒരു നെടുവീർപ്പോടുകൂടി എഴുന്നേറ്റ അവർം അടുത്തെത്തി. ശ്വാസത്തടവുകൊണ്ടു നെഞ്ചു മിന്നുന്നതും, അടഞ്ഞ ശബ്ദത്തിൽ ഇടവിടാതെ നീളുന്നതുമായ ഒരു ചുമയാണു് അവർംക്കു സ്വാഗതം പറഞ്ഞതു! മൈതീന്റെ മാമായുടെ തോളിൽ പിടിച്ചുകൊണ്ടു് വണ്ടിയിൽ നിന്നും ഇറങ്ങാൻ പാടുപെടുന്ന അവന്റെ വാപ്പാ കുനിഞ്ഞു കുനിയിരുന്നു ചുമയ്ക്കുകയാണു്!

"അള്ളോ! ഇതെന്തോ പൊന്നെ?"

നിലവിളിച്ചുകൊണ്ടു് അവർം കുനിഞ്ഞിരുന്ന ആ കഴുത്തു് ഒരു കുഞ്ഞിന്റെ എന്നപോലെ തോളിലേക്കു് അണച്ചു. അസഹ്യമായ ശ്വാസം മുട്ടൽ മൂലം അവളെപിടിച്ചു ഞെരിച്ചുകൊണ്ടു് ആ രോഗി ഇരുന്നിടത്തുനിന്നും ഉയർന്നു് ഒന്നു ഞെളിഞ്ഞു പിരിഞ്ഞു!

"വണ്ടി ഒന്നൊഴിച്ചു തരിൻ പൊന്നെ! ഞങ്ങർം അങ്ങുപോകെട്ടെ" വണ്ടിക്കാരൻ തിട്ടക്കം കൂട്ടി.

മൈതീന്റെ മാമായും അവളും കൂടി രോഗിയെ താഴെ ഇറക്കി വഴിയരികിൽ ഇരുത്തി. അയാൾ അപ്പോഴും ചുമയ്ക്കുന്നുണ്ടായിരുന്നു.

"വഴിയിലിട്ടേക്കാതെ എടുത്തോണ്ടു പോയിപ്പൊന്നങ്ങളെ!" ആർദ്രത പൂണ്ട വണ്ടിക്കാരൻ ഉപദേശിച്ചു

"ചൊമ ഒന്നടങ്ങിക്കോട്ടെ കാക്കാ! മെഴ മെഴാന്നു വെശക്കുന്നു" അവൾ സങ്കടത്തോടുകൂടി പറഞ്ഞു. കാളകളെ ഇളക്കി വിട്ടുകൊണ്ടു കാതിർ വണ്ടി ഓടിച്ചു പോയി.

പരന്നു പൊങ്ങിയ പൊടിപടലം രോഗിയെ ഒന്നു കൂടി വിഷമിപ്പിച്ചു. പൊടിയിൽ നിന്നു രക്ഷപ്പെടാനായി എഴുന്നേല്ക്കാൻശ്രമിച്ച ആ നരകങ്കാളം ശക്തി ക്ഷീണതയാൽ തളർന്നു താഴെവീണു!

"അള്ളോ! എന്തു പൊന്നേ" അവൾ അമ്പരപ്പോടുകൂടി അവനെ താങ്ങി എടുത്തു.

"അനങ്ങാംവയ്യ, താത്താ! മച്ചായ്ക്കു് ഇരുന്നെടത്തുന്നു് നീങ്ങിയിരിക്കാം വയ്യ!"

"എന്നാ പിടി മമ്മതേ! നമ്മക്കു അങ്ങു വീട്ടിക്കൊണ്ടു പൂവാം. നീ ഈ കാലുതാങ്ങിയ്ക്കോ" അവൾ രോഗിലെ താങ്ങി ഉയർത്താൻ ശ്രമിച്ചു.

"ഇനിക്കൊത്തിരീംവയ്യതാത്ത?. അള്ളാണ, താത്താ എന്റെ കണ്ണു രണ്ടാണെ ഇന്നുമുന്നായെ അരീലൂറിയ വെള്ളം കുടിച്ചിട്ടെങ്കിലും ഒരു പോള കണ്ണടച്ചിട്ടെങ്കിലും! പരവശനായമമ്മതു് നട്ടെല്ലോടൊട്ടുന്നവയറു തടവിക്കൊണ്ടു പറഞ്ഞു"

"വാപ്പാ എണീരുവാപ്പാ!" തളർന്നു താഴെവീണു കിടന്നിരുന്ന "വാപ്പാ"യുടെ ഒരു കൈയ്യിൽപ്പിടിച്ചു വലിച്ചുകൊണ്ടു കൊച്ചു മൈതീൻ പറഞ്ഞു.

"മമ്മതേവാ! പിടിച്ചാണം നമ്മക്കു് ഈ വഴിയിന്നങ്ങുപൂവാം" ഐഷാ പറഞ്ഞു.

അവർ രോഗിയെ താങ്ങി എടുത്തുകൊണ്ടു് അകത്തേയ്ക്കു പോയി. രോഗിയെ ഒരു പായിൽ കിടത്തിയതിനുശേഷം അവൾ പറഞ്ഞു:—

"മോനെ! മൈതീനെ, ഓടിച്ചെല്ലു്--വാപ്പായും, മാമായും വന്നെന്നു് ഉമ്മുമ്മാക്കിട്ടെചൊല്ലു്. ഒരു പിടി അരിയും കൊണ്ടു് ഓടിവരാൻ ഉമ്മാ ചൊല്ലിവിട്ടെന്നു് ചൊല്ലു്"

പിതൃലാളനം കൊതിച്ച വാപ്പായുടെ പായിൽത്തന്നെ ഇരുന്നിരുന്ന മൈതീന്റെ മുങ്ങിയ മുഖം കറുത്തു.

"ചെല്ലുമോനെ വെക്കം"

അവൾ അവനെ എടുത്തു മുറത്തുനിറുത്തി മുതുകത്തുപിടിച്ചു മൻപോട്ടുതള്ളി. ദുർബലനായ ആ ശിശു ഇഴഞ്ഞിഴഞ്ഞു് മൻപോട്ടു നീങ്ങി.

മമ്മതു വിവശനായി മുറത്തുതന്നെയിരുന്നു.

"മമ്മതേ, നിന്റെ മച്ചാടെ തെണ്ണം ഇവിടുന്നുപോയതിലും തോനെ പരമാണല്ലെടാ? അപ്പപ്പിന്നെ നിങ്ങളു നാവരുകോവിലിപ്പോയില്ലീ?" ഐഷാപതുക്കെ ചോദിച്ചു.

"പിന്നെപ്പോയില്ലീ, ഞങ്ങാളപ്പെം നാവരുകോവിലീന്നല്ലീവരുന്നേ?"

"അവരെന്തോ പറഞ്ഞു പൊന്നേ! നിന്റെ മച്ചാക്കു മിണ്ടാമ്പോലും വയ്യല്ലെ, മുത്തേ?"

"അവരെന്തോപറയാനാ?—മച്ചാക്കുവിടെ പൊറു കിട്ടീല്ല. പൊറു കിട്ടാതെ അവിടെ കെടക്കാനൊക്കത്തില്ല."

"അതെന്തോ മമ്മതേ പൊറു? അവിടെങ്ങും അതുമേടിക്കാം കിട്ടില്ലീ?"

"അവിടെ തെണ്ണക്കാരെ കെടത്തുന്നതട്ടിക്കു പൊറെന്നാ ചൊല്ലുന്നേ. അതുപണത്തുകാരക്കേ കിട്ടൂ. നമ്മളെപ്പോലത്തെ പാവത്തുങ്ങക്കു് ഒരിക്കലും പൊറു കിട്ടില്ല, ഞങ്ങടം അവിടെ ചെന്നതിപ്പൊറകു നാലാഞ്ചു പണത്തുകാരുവന്നു്. അവരിക്കൊക്കെ പൊറു കിട്ടി. രണ്ടു മൂന്നു പാവത്തുങ്ങളുവന്നു—അവരിക്കാരിക്കും കിട്ടീമില്ല."

"അപ്പം അവട വരെ പോയതുന്നെ മിച്ചം. നിന്റെ മച്ചായെ അവരാരും നോക്കീമില്ല. ഒരു മരുന്നും കൊട്ത്തില്ല. അല്ലീപ്പൊന്നെ?"

"നോക്കി. താത്താ അങ്ങ ചെന്നേന്റെ പിറേന്നു് ഒരു ടാക്കിട്ടൻ മച്ചാടെ നെഞ്ചി കൊഴലും കുന്തോമെക്കെ വച്ചുനോക്കി."

ഐഷാ അവേശത്തോടുക്കൂടി ചോദിച്ചു—"എന്നിട്ടെന്തോന്നു ചൊല്ലി, പൊന്നെ?"

"തെണ്ണം പെരുത്തുക്കൂടിപ്പോയി; ഇവിടെ കെടത്താംപൊറ്റില്ല. വെക്കം കൊണ്ടുപൊക്കൊ—എന്നുചൊല്ലി"

"നിങ്ങാ കൊണ്ടുപോയ ചക്രത്തിവല്ലോം മീതിയൊണ്ടോ പൊന്നെ!?"

"നിന്നാണെ താത്താ, ഇന്നു രണ്ടു തെവസോണ്ടു കണ്ണിക്കണ്ട കടയിലൊക്കെ കേറി വായിട്ടെരന്നാണേ! മച്ചാക്കു ഇച്ചിരിച്ച കഞ്ഞാളവും കാറ്റ്പീമൊക്കെ കൊട്ത്തു വല്ലച്ചാതീം ഇങ്ങുകൊണ്ടു പറിച്ചേ."

"പടച്ചോനെ!" ഐഷാ നെഞ്ചിൽ കൈയ് അടിച്ചു.

"മമ്മതേ, ഇനി എന്തൊരു പാങ്ങു പിന്നെ?" അവൾ മേല്പോട്ടു നോക്കിക്കൊണ്ടിരുന്നു.

II

ആ ഗ്രാമത്തിലെ അചരപ്രകൃതി അടുത്തപ്രഭാതത്തിലും ആനന്ദപുളകം പൂണ്ടു. ചരപ്രകൃതിയിലും മനുഷ്യബന്ധനത്തിൽ കുടുങ്ങി മർദ്ദിതങ്ങളാകാത്ത പക്ഷിമൃഗാദി തിര്യക്കുകൾക്കും പകലവന്റെ പുതുചൈതന്യം പകരുന്ന പുലരിപ്പൊൻകതിരുകൾ ജീവകമായ നവ്യോന്മേഷം ദാനം ചെയ്തു. സുരമ്യമായ ആ ഉഷസ്സന്ധ്യയിൽമനുഷ്യപ്രകൃതിമാത്രം തേങ്ങിയും തിളങ്ങിയും കാണപ്പെട്ടു. മാരകമായ സുഭിക്ഷതയിൽ വിങ്ങുന്ന അപൂർവ്വം ചിലർ അങ്ങുമിങ്ങും പുഞ്ചിരി തൂകുന്നു. മാരകമായ ദാരിദ്ര്യത്തിൽ എരിഞ്ഞുകരിയുന്ന ബഹുഭൂരിപക്ഷം എവിടെയും ചുടുകണ്ണുനീർ ചൊരിഞ്ഞു കരയുന്നു! രാജ്യജീവിയായ മനുഷ്യന്റെ വിശേഷബുദ്ധിവരുത്തിവയ്ക്കുന്ന ഭരന്തരിതങ്ങൾ!!

"നാവരുകോവിലിൽ" നിന്നും "പൊറു" കിട്ടാതെ മടങ്ങിപ്പോന്ന ആ ക്ഷയരോഗിയെ കാണുവാൻ അവന്റെ ചില കൂട്ടുകാർ വന്നുകൂടിയിരിക്കയാണു്. വൻതരം മീൻകുട്ടകൾ പിറകിൽ ചേർത്തു കെട്ടിയിട്ടുള്ള രണ്ടുസൈക്കിളുകൾ ആ മുറ്റത്തു സ്റ്റാൻറിൽ ചേർത്തു നിവർത്തിയിരിക്കുന്നു. 'ചിമ്മാട്ടം' അകത്തു രണ്ടു പാളകളുംഉള്ള ഒരു വലിയ മീൻകുട്ട വീട്ടിന്റെ ചുവരിൽ ചാരിവച്ചിരിക്കുന്നു. അതുകൊണ്ടു "കണ്ടുകേട്ടിരിക്കാൻ കഴിയാത്തവണ്ണം "നെഞ്ചുനൊമ്പലപ്പെട്ടത്തിൽ" നീളുന്ന ചുമ ക്രൂടക്കൂടെ ഉണ്ടാകുന്നതുകൊണ്ടു് "അലിയാരു" ആരോടും ഉരിയാടാതെ മുറിക്കുള്ളിൽ ഒരു വശം ചരിഞ്ഞു "ശരശയനം" ചെയ്യുകയാണു്.

രണ്ടുമുഹമ്മദീയ യുവാക്കന്മാർ ഐഷയുടെ ഉമ്മാ "ഉമ്മരുമ്മാ"യോടു സംസാ

രിച്ചുകൊണ്ടു തിണ്ണയിൽ ഇരിക്കുന്നു. ഉട്ടത്തമുണ്ടു് അല്പം മുഷിഞ്ഞതാണെങ്കിലും അവരുടെ ഉടുപ്പും തലേക്കെട്ടും നല്ല വെടിപ്പുള്ളതാണു്—മധ്യപ്രായം കടന്ന ഒരു മനുഷ്യൻ തിണ്ണയുടെ "വിളുമ്പിൽ" അവരുടെ "വർത്തമാനം" കേട്ടുകൊണ്ടിരിക്കുന്നു—നന്നെ മുഷിഞ്ഞ ഒരൊറ കുറിയോണ്ടാ"ണു് അയാളം ധരിച്ചിരിക്കുന്നതു്.

ഉമ്മറുമ്മാ—"ഇനി എന്തോ ചെയ്യും അലിക്കുഞ്ഞേ! മരുന്നും മണ്ണുമൊന്നുമില്ല. അതു ഫോട്ടു്. ഇവനിക്കു് ഇറുകുഞ്ഞോള്ളും കൊടുക്കുന്ന പണി എങ്ങനെ? പൊന്നെ! ഒരു പാങ്ങുമില്ലല്ലപ്പാ!"

അലിക്കുഞ്ഞു്—"നിങ്ങാ ഇന്നി മരുന്നും മണ്ണുമൊന്നും തെരക്കണ്ടാ. വല്ലോം ഇമ്മിണിച്ച ചവച്ചൊറക്കാൻ കൊടുത്തേച്ചാ മതി."

ഉമ്മറുമ്മാ—"നിന്നാണെ മോനേ! നിനക്കറിഞ്ഞൂടാ. പടച്ചോനാണെ, ഞങ്ങായെക്കൊണ്ടു് ഒരുപാങ്ങിലും പറ്റുല്ലെ!"

അലിക്കുഞ്ഞു്—"അതെന്തു വല്യമ്മാ! തട്ടവട്ടംതൊട്ട പുലുവട്ടം—അഞ്ചുരുപാവരെ--വരെ അവനിക്കു തെനസരി മീതെ കീട്ടുല്ലാരുന്നോ? അതൊക്കെ എന്തീ? മറ്റുവല്ലവരിക്കുമാന്നോ കൊടുത്തേ?"

ഉമ്മറുമ്മാ തല കുമ്പിട്ടിരിപ്പായി. കേട്ടുകൊണ്ടിരുന്ന ഷാഹുൽ ഇടയ്ക്കുകയറി പറഞ്ഞു. "തട്ടവട്ടംതൊട്ട പുലുവട്ടം വരെ തെവസോം മീതി എട്ടുത്തിട്ടാ ഇത്തറ വെക്കം അലാക്കായെ. ഹമുക്കിൻറടുക്കെ ഞമ്മാ അന്നേ ചൊല്ലീട്ടില്ലീ? "അലീക്കുഞ്ഞേ, കരളപിന്നിപ്പോവും. തെവസം ഒരു നടയിക്കൂട്ടതല്യ ചമ്പേം വച്ചോണ്ടു വണ്ടി ചവുട്ടല്ലന്നു്!" അള്ളോ അന്നൊക്കെ ഹമുക്കിൻറെം വെപ്രാളം കാണണം. കോളകണ്ടാ ചമ്പുകണ്ട നയേപ്പോലെ രണ്ടും മൂന്നും നടയല്ലെ വണ്ടീംകൊട്ടേം കൊണ്ടു് ഓട്ടന്ന ഓട്ടം!"

ഉമ്മ—"ഒള്ളതാ ഷാ ഉലേ. ചമ്പേംവച്ചോണ്ടു വണ്ടി ചവുട്ടിച്ചവുട്ടി എൻറെ പുള്ളേടെ കരള കലങ്ങിയതാ. അള്ളോ! ഇങ്ങനെ കെട്ടിയോക്കും പുള്ളേരിക്കും കൊടുത്താ മതിയാകാത്ത ഒരാമ്പെറന്തോനെ ഞാനെങ്ങും കണ്ടിട്ടില്ല. വീട്ടിഎന്നും പെരുന്നാക്കു കഴിക്കുംപോലെകഴിക്കണം. അല്ലെങ്കി അവനിക്കു പ്രാന്താ. തോനെ ക്കസവിട്ട കവണീം പെരുത്തു വെലയൊത്ത കുപ്പായോം തുണിം :അല്ലാതെ എൻറെ വീട്ടിൽ പുള്ള ഞങ്ങാക്കാക്കും വേടിച്ചു തന്നിട്ടില്ല."

ഷാഹുൽ—"ഇപ്പം അതുവല്ലോം ഇരിപ്പൊണ്ടെങ്കി വിക്കണം വല്യമ്മാ!"

ഉമ്മാ—ഒക്കെ വിറ്റു പൊന്നെ! കീറിയ പഴംകവണികടെ കസവുപോലും വിറ്റു. മാതം അതുകഴിഞ്ഞില്ലെ ഇവനിക്കു തെണ്ണം തൊടങ്ങീട്ടു്!"

അകത്തുനിന്നും അലിയാരുടെ അടഞ്ഞ ശബ്ദത്തിലുള്ള ചുമ കേട്ടുതുടങ്ങി. തിണ്ണയിലുണ്ടായിരുന്നവരെല്ലാം :അകത്തേയ്ക്കു നോക്കി. ഇടതുകൈയ് നിലത്തു് ഊന്നി വലതുകൈ നെഞ്ചിൽ അമത്തിക്കൊണ്ടു് അലിയാരു കുനിഞ്ഞിരുന്നു ചുമയ്ക്കുന്നു! ദൈവമേ ആ ക്ഷയരോഗിയുടെ ദാരുണമായ നിസ്സഹായത!!

അമ്പരന്നുപോയ ഐഷാ കെട്ടിയവൻറെ അടുത്തിരുന്നു് മുതുകു തടവുകയാണു്. കുനിഞ്ഞിരിക്കുന്ന അവളുടെ മുൻപിൽ മുഴുത്ത കണ്ണുനീർത്തുള്ളികൾ തുടർച്ചയായി വീണുകൊണ്ടിരുന്നു !

ഷാഹുൽ പറഞ്ഞു—"ഇതെങ്ങിനെ കണ്ടുകേട്ടിരിക്കും തമ്പുരാനേ" അവൻ തിണ്ണയിൽനിന്നും എഴുനേറ്റു. "അലിക്കു

ഞ്ഞേ! ഞമ്മാക്കു പൂവാം" അവൻ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു. "ഓ ഇന്നി എന്തോ നോക്കാൻ"? അലിയാരെ മയ്യത്തെടുക്കുംനിന്നി ഇത്താനെ നാളൊന്നും വേണ്ട"

ശരിതന്നെയെന്ന് അലിക്കുഞ്ഞു തലകുലുക്കി.

"കുട്ടപ്പാട്ടതന്നെ, പാവം! നല്ലൊരു തടിയാരുന്നു. നെഞ്ചിനകം പോടായിപ്പോയി" അതുവരെ ഒന്നും മിണ്ടാതെ എല്ലാം കേട്ടുകൊണ്ടിരുന്ന കൊറക്കുമ്പൻ അനക്കമ്പ പ്രകടിപ്പിച്ചു. മുണ്ടിന്റെ മുന്തിയിൽ കെട്ടി കൊട്ടക്കിൽ "ചെരുകി"യിരുന്ന മടിശ്ശീലയെടുത്തു് അവൻ അഴിക്കാൻ തുടങ്ങി.

"വെയിലിന്നു വെക്കവച്ചുപോയി. ഇന്നി വണ്ടി ചവുട്ടിയാ നീങ്ങൂല്ല." ഷാഹുൽ പോകാൻ തിടുക്കം കൂട്ടി.

"നീ പോ ഷാഹുലേ— ഞാമ്പൊറകെ വരാം. ഇതു കണ്ടേച്ചു ചുമ്മാ പോണ അസലുകേടല്ലീ? നിനിക്കറിഞ്ഞൂടെ അലിയാരേം എന്റേം കൂട്ട്"

ഷാഹുൽ മുറത്തു ചാടി "സ്റ്റാൻഡു" തട്ടി സൈക്കിളിൽ കയറി ഓടിച്ചുപോയി

"ദാണ്ടെ ഉമ്മാ കുമ്പനിന്നു വെള്ളം കൂടിക്കൊണ്ടെന്നു വച്ചു. ഉരിയ അരിക്കേ ഒള്ളൂ. തെണ്ണക്കാരനു് ഇച്ചിരി കഞ്ഞോളം കൊട്ടക്കാനും മാത്രം" ഏഴു ചെമ്പുതുട്ടുകളും കുമ്പൻ ഉമ്മുമ്മായുടെ നേർക്കു നീട്ടി. ഉമ്മാ രണ്ടുകൈയും നീട്ടി അതു വാങ്ങി. തിണ്ണ ഇറമ്പിൽ ചാരിവച്ചിരുന്ന "കൊട്ട"യെടുത്തു് ചുവട്ടിൽ തട്ടി തലയിൽ വച്ചുകൊണ്ടു് മറ്റൊന്നും മിണ്ടാതെ കുമ്പൻ നടന്നുപോയി.

അലിക്കുഞ്ഞു് ഇരുന്ന ഇരിപ്പിൽ ഇരുന്നു കൈയ് രണ്ടും മേലോട്ടയത്തി ഒന്നു ഞെളിഞ്ഞുപിരിഞ്ഞിട്ടു് ഒരു മൂളലോടുകൂടി എഴുനേറ്റു മുറത്തേയ്ക്കിറങ്ങി.

"അലിക്കുഞ്ഞേ! നീയും പോണോ പൊന്നേ?" ഉമ്മുമ്മാ ദീനസ്വരത്തിൽ ചോദിച്ചു.

"വല്യുമ്മാ ഇങ്ങോട്ടൊന്നെറങ്ങിക്കേ" മുറത്തുനിന്നുകൊണ്ടു് അലിക്കുഞ്ഞു കൈയ് കാണിച്ചു. മുറത്തിറങ്ങിച്ചെന്ന ആ വൃദ്ധയെ അലിക്കുഞ്ഞു് അല്പം ദൂരെവിളിച്ചുകൊണ്ടുപോയി എന്തൊക്കെയോ പറഞ്ഞു.

ചുമയൊന്നു ശമിക്കുകയാൽ വീണ്ടും പായിൽ അടങ്ങിക്കിടന്ന അലിയാരുടെ അട്ക്കൽ നിന്നും എഴുനേറ്റ ഐഷാ പതുക്കെ വെളിയിലേക്കിറങ്ങി. ഉമ്മായും അലിക്കുഞ്ഞും കൂടി "ചെവി തിന്നുന്നതു്" അവളുടെ ശ്രദ്ധയെ ആകർഷിച്ചു. പൊളിഞ്ഞ ചെറ്റയുടെ മറവിൽ ഒതുങ്ങി അവർ അവരെ നോക്കിക്കൊണ്ടു നിന്നു.

അല്പം കഴിഞ്ഞപ്പോൾ "ആഷാ!" എന്ന വിളിയോടുകൂടി ഉമ്മാ അവളുടെ അടുക്കലേയ്ക്കു വന്നു. ക്രമരഹിതമായി വിരിഞ്ഞു നില്ക്കുന്ന മുല്ലപ്പൂവിൽ എന്നപോലെ പ്രകാശത്തിന്റെ ഒരു നേരിയനിഴൽ ആ വൃദ്ധയുടെ കരിവാളിച്ച മുഖത്തു് അപ്പോൾ കാണാമായിരുന്നു.

"എന്തുമ്മാ!?" ഐഷാ ആശയോടുകൂടി ചോദിച്ചു.

"ഇങ്ങു വാ മോളേ!" ഉമ്മാ തിണ്ണയിൽ കയറി വടക്കേ അറത്തേയ്ക്കു നടന്നു. മകൾ ആശയോടും ആശങ്കയോടും അങ്ങോട്ടുചെന്നു.

"മക്കളേ ആഷാ!"

"എന്തുമ്മാ?"

ഉമ്മാ മകളുടെ മുഖത്തേയ്ക്കു നോക്കി. ഉമ്മയുടെ ഭാവം കണ്ടു് വിളറിയിരുന്ന മകളുടെ മുഖം കരിവാളിച്ചു.

"മയ്യത്തെടുക്കാൻ കെടക്കുന്ന നിന്റെ കെട്ടിയവനിക്കെങ്കിലും ഇച്ചിരി കാഞ്ഞ വെള്ളം കൊടുക്കണ്ടേ മോളേ?" അനന്യശരണയായ ആ മാതാവു ചോദിച്ചു. മുഖം ചുളിച്ചതല്ലാതെ മകൾ ഒന്നും മിണ്ടിയില്ല. വീണ്ടും മകളോടു് എന്തെങ്കിലും പറയാൻ ശക്തയല്ലാതെ വൃദ്ധയും ആലോചനയോടുകൂടി കനിഞ്ഞു നിന്നു.

ഐഷാ തെക്കേഅറ്റത്തുനിന്നും വടക്കേഅറ്റത്തുചെന്നു നില്ക്കുന്നതു കണ്ടപ്പോൾ മുറ്റത്തു് അല്പം അകലെ നിന്നിരുന്ന അലിക്കുഞ്ഞിന്റെ നീണ്ട മുഖം തെല്ലൊന്നു ചുവന്നു. അടക്കാൻ വയ്യാത്ത എന്തോ തിടുക്കംകൊണ്ടെന്നപോലെ അവൻ ഐഷയുടെ അടുക്കലേക്കു നടന്നു. "പൊന്നേ! ഒരു പാങ്ങുമില്ലേ. നീ അവനിക്കെ വാക്കുമുക്കല്ലേ മോളേ!" മകളുടെ മുഖത്തുനോക്കാതെ ഇങ്ങനെ താക്കീതുചെയ്തിട്ടു് ഉമ്മുമ്മാ മുറ്റത്തിറങ്ങി ചൂലിയും ചൂട്ടും ശേഖരിപ്പാൻ പറമ്പിൽ ചുറ്റിക്കറങ്ങി. അലിക്കുഞ്ഞു് ഐഷയുടെ അടുത്തെത്തി ചെറ്റയോടു ചേർന്നുനിന്നു. പൂച്ചയെക്കണ്ട എലിയെപ്പോലെ ഐഷാ പൊളിഞ്ഞചെറ്റയുടെ മറവിൽ ഒളിക്കാൻ നിഷ്ഫലപ്രയത്നം ചെയ്തു.

"എടീ! അസലുകെട്ടോളേ! നീ നിന്റെ കെട്ടിയോനെ ക്രൂടെ കണ്ടിട്ടില്ലാത്ത ഒരു മട്ടാണെല്ലടി നിന്റെ ചേലുകണ്ടിട്ടു്. ഈ ചങ്കയും ഉളുപ്പും ഒന്നും കൊണ്ടു വയറുവീർക്കത്തില്ല. പൊന്നേ" ഉദാരനായ ഒരു ദയാലുവിന്റെ പുഞ്ചിരിയോടുകൂടിയാണു് അലിക്കുഞ്ഞു പറഞ്ഞതു്.

ഐഷയുടെ ഹൃദയം തുടിച്ചു. കോപാവേശത്താൽ അവളുടെ വിളറിയ മുഖത്തു രക്തരേഖകൾ വ്യാപിച്ചു. എങ്കിലും അവൾ എന്തോ പ്രത്യാശയാൽ ഒന്നും മിണ്ടിയില്ല അലിക്കുഞ്ഞിന്റെ ഉത്സാഹം വർദ്ധിച്ചു. അവൻ മടിയിൽ നിന്നും മണിപ്പഴ്സു് എടുത്തു തുറന്നു കൊണ്ടു പറഞ്ഞു.

"അയ്യെ! ഇതെന്തൊരസലുകേട്ടു്? പെണ്ണേ! നീ ഒന്നുംനക്കാണ്ടും മേത്തു വെള്ളം തൊടാണ്ടും മെഴുക്കു പെരട്ടാണ്ടും ഇങ്ങനെ ഒക്കെ ഇരുന്നാ കെട്ടിയോന്റെ ക്രൂടെമയ്യത്തെടുക്കട്ടെന്നാണോ നിരീക്കുന്നേ!?" പഴ്സിനകത്തു നിന്നും ഒരു രണ്ടുരൂപാനോട്ടെടുത്തു നിവർത്തുനോക്കിക്കൊണ്ടു് അവൻ തുടർന്നു—"അതൊന്നും നടപ്പില്ല ആഷാ! അവനവനിക്കു കായ്യം അവനോൻതന്നെ നോക്കണം. പെണ്ണുങ്ങളായാ നല്ലതെറം വേണ്ടേ? നിന്റെ ഈ ചേലുകേട്ടം മാതിരീം കണ്ടാ ചാവെള്ള (ഒരു ചക്രം) തരാനാരിക്കെങ്കിലും തോന്നുമോ?"

ഐഷയുടെ ക്ഷമ അസ്തമിച്ചു. ആ രണ്ടുരൂപാ നോട്ടിൽ ആർത്തിയോടുകൂടി പതിഞ്ഞിരുന്ന അവളുടെ കണ്ണുകൾ അലിക്കുഞ്ഞിന്റെ മുഖത്തേക്കു തിരിഞ്ഞു. അവൻ അറിഞ്ഞുകൂടാത്ത എന്തോ ഒരു ശക്തി ആ കണ്ണുകളിൽ നിന്നും അവന്റെ ഹൃദയത്തിലേക്കു ആഞ്ഞിറങ്ങി. അവന്റെ മുഖം ഒന്നു ചുളിഞ്ഞു.

ഐഷാ പറഞ്ഞു—"പടച്ചോനെച്ചൊല്ലി നാണക്കേടു നിർത്താതെ. കാക്കാ. എനിക്കാരുമൊന്നും തരണ്ട, മയ്യത്തെടുക്കാം കെടക്കുന്ന കാക്കാടെ ക്രൂട്ടിന പടച്ചോനെ നിരീച്ചുവല്ലോം കൊട കാക്കാ!"

"അവനിക്കു കൊടുക്കാനെന്നിട്ടെ ഒന്നുമില്ല. നിനിക്കുവേണോങ്കിതാ" ആ രണ്ടുരൂപാനോട്ടു ചെറ്റയുടെ ദ്വാരത്തിൽക്കൂടി അവൻ അവളുടെനേക്കു നീട്ടി.

അത്യാശകൊണ്ട് ഐഷയുടെ കൈയ് പതുക്കെ ഉയർന്നു. അലക്കുഞ്ഞു ചെറുതായോടെന്നപോലെ പറഞ്ഞു—"അപ്പപ്പിന്നെ രായ്ക്കു ഏഴെട്ടിരിട്ടമ്പം നിന്നെ ഈസ്സാനത്തു് കാണും. അലിക്കുഞ്ഞിനെ കളിപ്പിക്കരുതു ചിട്ടം അന്നേരം....."

ഐഷാ നീട്ടിയ കൈയ് പിൻവലിച്ചു. കോരിത്തരിച്ചുപോയ അവളുടെ ശരീരം വിറച്ചു. അവൾ നിറുത്തിനിറുത്തി പറഞ്ഞു. "ഇതെന്തറാംപൊറപ്പു, കാക്കാ, നിങ്ങായ്ക്കും പെങ്ങമാരില്ലീ?"

"എന്തോപന്നീ? നീ എന്റെ പെങ്ങായാന്നോ? വല്ലോം നക്കിക്കോട്ടെന്നു നിരീച്ചുപ്പം നായിന്റെമോളെ പവറു്! പോടീ പന്നിക്കണ്ടമേ! എല്ലാം ഒന്നിച്ചു മയ്യത്തേടുക്കുമെടി പന്നീ!"

അലിക്കുഞ്ഞു സൈക്കിളിൽ കയറി അതിവേഗം ഓടിച്ചുപോയി.

"നാണക്കേട്"-സർവ്വപ്രധാനമായ സ്ത്രീധർമ്മത്തിനു—പാതിവ്രത്യത്തിനു—കേടുവരുത്തുക! ഇതാണു് ഐഷയുടെ നാണക്കേടു്!

ആരെയും ആകർഷിക്കുന്നതും ജീവൻകടിച്ചു തിന്നുന്ന അതിദാരിദ്ര്യത്തിലും അണയാതെ മിന്നുന്നതുമായ അവളുടെ മുഖകാന്തിക്കുകാരണം ആ "നാണ" സംരക്ഷണം മാത്രമാണു്. ഐഷയെ സംബന്ധിച്ചിടത്തോളം അവശ്യം അനുഷ്ഠിക്കേണ്ട സകല സ്ത്രീധർമ്മങ്ങളും "നാണം" എന്ന ഒരേ വാക്കിൽ തങ്ങിനില്ക്കുകയാണു്! ഏഴുകൊല്ലത്തിനു മുൻപു് ഒരിക്കലും മറക്കാനൊക്കാത്ത ആ ആദ്യത്തെ രാത്രിയിൽ "മണവറ"യിൽ വച്ചു് അവളുടെ യുവാവായ കെട്ടിയവൻ അവൾക്കുപദേശിച്ച പരമതത്വമാണു് അതു്!

III

നാട്ടു നരകിക്കുന്ന നശിച്ച റേഷൻകാലം, ക്ഷയരോഗത്തിന്റെ അത്യുച്ചനിലയിൽ ചത്തു ജീവിക്കുന്ന കെട്ടിയവൻ; വേറെ ഒരാൾക്കുടെയോ ആദായമാർഗ്ഗമോയില്ലാതെ വീണടിഞ്ഞുപോയ പാവപ്പെട്ട ഒരബല; വിശപ്പുമാത്രം അറിയാവുന്ന രണ്ടു കുഞ്ഞുങ്ങൾ!!

കുടുമ്പന്റെ സംരോവന ആ ഏഴുചക്രം. ജീവിക്കാൻ വേണ്ടി ദിവസം പ്രതി പലതവണ ചാവുന്ന അവളുടെ "ഉമ്മാക്കിട്ടെ" നിന്നും കിട്ടിയ അഞ്ചുചക്രം; ഇങ്ങനെ പന്ത്രണ്ടു ചക്രം കൊണ്ടു് അവൾ ഒരു യൂനിറു് "അരിശിയും, എട്ടുകായിക്കു് ഉപ്പും മൊളകും വാങ്ങിച്ചു. അവളുടെ ഭാഗ്യംകൊണ്ടു് ആ "കവലയിൽ" അന്നും മരച്ചീനി 'തുക്ക'ണ്ടായിരുന്നു. വേരും വെരുപ്പും മറവും ശേഖരിക്കുന്നതിൽ ഐഷ കാണിക്കുന്ന ആവേശവും അവളുടെ അവശതയും കണ്ടു് അകമലിഞ്ഞ കച്ചവടക്കാരൻ "അരത്തുക്ക" കിഴങ്ങു് അവൾക്കു "ചുമ്മാ" കൊടുത്തു. അങ്ങിനെ ഇങ്ങിനെ രണ്ടുദിവസം ഐഷാ വലിയ അല്ലൽക്കുടാതെ അടിച്ചുകൂട്ടി!

അതിനടുത്ത ദിവസവും ഉദിച്ചുയർന്നു. "ഒഴുക്കു പച്ചക്കോതമ്പു" കിടന്നിരുന്നതു ചതച്ചിട്ടു "തെളപ്പിച്ചു" ഒരു കൊച്ചു "കഞ്ഞുടിച്ചട്ടി"യിൽ "വോന്നൊഴി"ച്ചു കൊണ്ടു് "നേരം പത്തുപൊലന്ന"പ്പോഴേക്കും അവൾ അവളുടെ കരളായ "കെട്ടിയവന്റെ" അടുത്തെത്തി. "പുള്ള"കൾ രണ്ടും "വാപ്പാടെകിട്ട"ത്തന്നെ തളർന്നു കിടന്നുമയങ്ങുകയാണു്.

അലിയാരു വെട്ടിയിട്ട തടിപോലെ ആയിപ്പോയിരുന്നു. അന്യസഹായംകൂടാതെ

അനങ്ങാൻപോലും അവനു് "പെരുത്തു വരുത്ത"മാണു്. ചുമ ക്രൂടക്കൂടെ ഉണ്ടാകാറുണ്ടെങ്കിലും ശബ്ദം വെളിക്കു കേൾക്കാറില്ല. നെഞ്ചിനകം പിളരുംപിന്നിക്കൊണ്ടു് അതു അവിടെത്തന്നെ അമരുകയാണു്. "ഇതു കൂടി മൂത്തേ!" അലിയാരുടെ തല താങ്ങിഉയത്തി കൊഴത്ത ഗോതമ്പുവെള്ളം നിറഞ്ഞ കൊച്ചുചട്ടി ചുണ്ടിൽ ചേത്തുപിടിച്ചുകൊണ്ടു് ഐഷാ പറഞ്ഞു. അടുത്തിരുന്ന കണ്ണു തുറക്കാതെതന്നെ അവൻ ആ വെള്ളം മുഴുവൻ കുടിച്ചു തൃപ്തനായി. ഐഷാ അവന്റെ നെറ്റിത്തടത്തിൽ ഒന്നുചുംബിച്ചിട്ടു് ആ തല താഴ്ത്തിവെച്ചു. വറണ്ടിരുന്ന ചുണ്ടും തൊണ്ടയും നനഞ്ഞപ്പോൾ അവൻ കണ്ണു തുറന്നു് അവളെ ഒന്നുനോക്കി.

"എന്തു തമ്പുരാനെ!" ഗോതമ്പുവെള്ളം പുരണ്ടിരുന്ന അവന്റെ ചുണ്ടു തുടച്ചുകൊണ്ടു് ഐഷാ ചോദിച്ചു. അലിയാരുടെ കൺകഴികൾ നിറഞ്ഞു! അവൻ താഴ്ന്ന സ്വരത്തിൽ പ്രയാസപ്പെട്ടു ചോദിച്ചു—"ആഷാ! ഇന്നിനി എങ്ങനെ പൊന്നേ!?"

"എന്റെ തമ്പുരാൻ മിണ്ടാതെ കെട. എല്ലാം പടച്ചോൻ തരും" അവൾ അവന്റെ കണ്ണുനീർ തുടച്ചുകൊണ്ടു് പറഞ്ഞു.

"കഴിവെളയി മരത്തടി ഇല്ലീപൊന്നേ?"

"നേരച്ച വെളഞ്ഞു പൊരിഞ്ഞു കെടക്കണു്."

"രണ്ടുകെഴങ്ങു വാന്തിക്കൊണ്ടുവാ പൊന്നേ! വയറുവേവുണു്." മുതുകോടൊട്ടിയ വയറിൽ അവൻ കൈവച്ചുകാണിച്ചു.

"എന്നെ കാണുമ്പമൊക്കെ നാണക്കേടു ചൊല്ലുന്ന ആ പന്നിക്കണ്ടം ചങ്കരഞ്ഞോവന്റെ തടിയാ—അള്ളോ! ആവങ്കണ്ടാ.....!"

"ഇല്ല പൊന്നേ! ആരും കാണത്തില്ല. അള്ളായ്ക്കറിഞ്ഞൂടെ?"

"ഞാങ്കെഴങ്ങുകൊണ്ടരാം തമ്പുരാനെ! മിണ്ടാണ്ടു് അടങ്ങിക്കെടാ. മിണ്ടിയാച്ചെമവരും.

അവൾ വെളിയിലേയ്ക്കിറങ്ങി. കഴിവെളയിൽ വിളഞ്ഞു പൊരിഞ്ഞു കിടക്കുന്ന മരത്തടി അവളെ മാടി വിളിച്ചു "അയ്യേ! ആ പന്നിക്കണ്ടത്തിന്റെ വക" മനസ്സാക്ഷി അവളെ തടഞ്ഞു. അവൾ മരക്കിഴങ്ങു തൂക്കാറുള്ള ആ കവലയിലേക്കു നടന്നു. അതു് അന്നു മൂന്നാമത്തെത്തവണയാണു്. ഇല്ല കിഴങ്ങുവന്നിട്ടില്ല. ഇനിവരികയുമില്ല. അവശയായ അവൾ നിരാശയോടെ മടങ്ങി.

വീട്ടുവാതുക്കൽ എത്തിയപ്പോൾ "ചങ്കരഞ്ഞോവൻ" എതിരെ വരുന്നു. അവൻ അവളെ നോക്കാതെ നടന്നു പോകയാണു്.

"ചകരഞ്ഞോവാ! നില്ല്" "ചങ്ക" ഉറുന്നസ്വരത്തിൽ അവൾ വിളിച്ചു പറഞ്ഞു.

"എന്തു കൊച്ചുമ്മാ?" ഏതാണ്ടു മദ്ധ്യപ്രായത്തോടടുത്ത ആ മനുഷ്യൻ ശൃംഗാരമൂറുന്ന ചിരിയോടുകൂടി അവളുടെ അടുത്തുവന്നു.

"രണ്ടു മരക്കെഴങ്ങു താ ചങ്കരഞ്ഞോവാ!" അവൾ അത്യാശയോടെ ഇരന്നു!

"കൊച്ചുമ്മാക്കു എത്തു കെഴങ്ങു വേണം!" തുടന്നു് അയാളുടെ ചുണ്ടും മുഖവും ശബ്ദഹീനമായ ഭാഷയിൽ അവളോടു് എന്തോ ഒന്നു യാചിച്ചു.

ഐഷായുടെ മുഖം ചുമന്നു. ശരീരം വിറച്ചു. അവൾ ഒന്നും മിണ്ടാതെ നിന്നു.

"ഞാനെന്നേ അഴിഞ്ഞും കെഞ്ചുന്നതാ കൊച്ചുമ്മാ! കൊച്ചുമ്മായ്ക്കെന്തോ നട്ടം വരുന്നാ...?" കെഴങ്ങോ ചക്കരമോ എന്തോ

വേണോങ്കിലും ചങ്കരഞ്ഞോവൻ തരുല്ലീ?" അവൻ ഉത്സാഹത്തോടെ ക്രൂടിപ്പറഞ്ഞു

"പടച്ചോനെ നിരീച്ചു നാണക്കേട്ടപറയാതെ പൊന്നെ. എന്റെറ ചങ്കരഞ്ഞോവനല്ലീ? രണ്ടു കെഴങ്ങുതാ!"

"പോടിപന്നീ! നിന്റെറ നാണക്കേട്! നെനക്കു കെഴങ്ങുവേണോങ്കി തൂക്കിന ഏഴരച്ചക്കറം, മറെറാള്ളോക്കു ആറര" അയാൾ തിരിഞ്ഞു നോക്കാതെ നടന്നു പോയി.

വളരെ നേരത്തെ ആലോചനയ്ക്കുശേഷം അവൾ കുഴിവിളയിലേക്കു തന്നെ നടന്നു. "കെട്ടിയവന്റെറ വയറുവേവു" അവളുടെ വിവേകശക്തിയെ നശിപ്പിച്ചു. വിളയിൽ കടന്നതോടുകൂടി അവളുടെ കണ്ണുകളും കാതുകളും ശക്തിഹീനങ്ങളായി. ആകപ്പാടെ ഒരു മലക്കം! എങ്കിലും അവൾ കുറച്ചു ഉള്ളിലായി ഒരു മരത്തടിയുടെ ചുവട്ടിൽ ചെന്നിരുന്നു രണ്ടു കിഴങ്ങു "വാന്തി" എടുത്തു. കിടുകിടവിറച്ചുകൊണ്ടിരുന്ന അവളുടെ ശരീരം അപ്പോഴേയ്ക്കു നിശ്ശ്വേഷം തളർന്നിരുന്നു.

"എടി പന്നീ!" അവളുടെ പിറകിൽ അടഞ്ഞ ശബ്ദത്തിൽ ആശ്ചര്യമുറന്ന ഒരു വിളി.

"അള്ളോ!" അവൾ നിലവിളിച്ചുകൊണ്ടു ചാടി എഴുന്നേറ്റു തിരിഞ്ഞുനോക്കി.

ആഞ്ഞണഞ്ഞ ചങ്കരഞ്ഞോവൻ അവളെ ഗാഢാശ്ലേഷത്തിൽ അമർത്തി; ആവേശപൂർവ്വം തെരുതെരെ ചുംബിച്ചു. പ്രതിഷേധസാരം പുറപ്പെടുവിക്കാൻ പോലും ശക്തിയില്ലാത്ത വണ്ണം ഐഷാ അമ്പരന്നു മാണ്ടു പോയിരുന്നു. ആ കാമകിങ്കരൻ

.....
.....
.....

അടുത്ത വിളയിൽ കന്നുകാലിമേച്ചുകൊണ്ടു നിന്നിരുന്ന 'പിള്ളേർ' കൈയ് കൊട്ടി കൂകി വിളിച്ചു. നീചനായ ആ കീചകൻ അതൊന്നും കേട്ടതേയില്ല. വലനുപകരം സൈരന്ധ്രിതന്നെയാണല്ലോ അവന്റെറ പിടിയിൽ അമർന്നു പോയതു! കുഴിവിളയിലേയ്ക്കു അറച്ചുറച്ചു കയറിപ്പോയ അവശയായ ഐഷാ അല്ല തിരിച്ചുവീട്ടിൽ വന്നതു. അവളുടെ അത്യുഗ്രയും ശക്തിമയിയുമായി കാണപ്പെട്ടു. മുറ്റത്തു നിന്നിരുന്ന മൈതീനെ അവൾ എടുത്തുയർത്തി മുകളിൽ കെട്ടിപ്പിടിച്ചുകൊണ്ടു ഒന്നു ചുംബിച്ചു.

"മോനെ ഉമ്മുമ്മാക്കിട്ടൊല്ലു നിനക്കു കഞ്ഞിവച്ചുകൊണ്ടു വിളിക്കുന്നു" അവനെ താഴെ നിറുത്തിക്കൊണ്ടു അവൾ പറഞ്ഞു. കൊച്ചുമൈതീൻ അനങ്ങിഅനങ്ങി മുന്നോട്ടു നീങ്ങി.

"ആഷാ!" കുഴിവിളയിൽ നിന്നും ക്രുവലും വിളിയും മറ്റും കേട്ടു അമ്പരന്നു കിടന്നിരുന്ന അലിയാരു "കെട്ടിയോടെ വാ" കേട്ടു വെമ്പലോടെ വിളിച്ചു.

ഐഷാ മിണ്ടിയില്ല. അവളുടെ മുഖഭാവം ഒന്നുകൂടി ശ്രുക്ഷമായി. ഒരു ദീഘ്നിശ്വാസത്തോടുകൂടി അവൾ കിണറിന്റെറ അടുക്കലേയ്ക്കു ഓടി. പാളയിൽ കെട്ടിയിരുന്ന സാമാന്യം വലിയ ഒരു കയറു് അഴിച്ചെടുത്തുകൊണ്ടു അവൾ അതിവേഗം തിരിച്ചു വന്നു തിണ്ണയിൽ കയറി.

തറയിൽ നിന്നും "ചാണകപ്പൊരിക" ളുള്ളിഎടുത്തു വായിലിട്ടു ചുണച്ചിറക്കിക്കൊണ്ടു നബീസാ തിണ്ണയിൽ ഇരുന്നു. ഐഷാ തുറന്നു കിടന്നിരുന്ന "നടുവിലത്തെ" മുറിയിൽ കടന്നു് മേല്പോട്ടു നോക്കികൊണ്ടു് അല്പസമയം അങ്ങിനെ നിന്നു!

"ആഷാ!—ഇങ്ങുവാപൊന്നെ— ഞാ
ങ്കേക്കട്ടേ" അടുത്ത മുറിയിൽ നിന്നും അ
ലിയാർ അക്ഷമനായി വിളിച്ചു പറഞ്ഞു.
ഐഷാ മിണ്ടിയില്ല.

മുറികൾ തിരിച്ചിരുന്ന കൂക്കുഭിത്തിക്ക്
ഉയരം കുറവായിരുന്നു. കയറിന്റെ ഒര
റ്റം കടിച്ചു പിടിച്ചു കൊണ്ട് ഐഷാ
ഒരു "കൂക്കു മണ്ണിൽ" വലിഞ്ഞുകയറി.
മലർന്നു കിടന്നിരുന്ന അലിയാരു് അവളെ
ക്കണ്ടു. അവൾ അവനെ നോക്കിയതേ
യില്ല. കയറു രണ്ടായിമടക്കിഅവൾ തല
പ്പുകൾ രണ്ടും ക്രൂടി മോന്തായത്തിൽ കെ
ട്ടിയുറപ്പിച്ചു.

"ആഷാ!—അയ്യോ! ചതിക്കല്ലേപൊ
ന്നേ!" കലശലായ ചുമയ്ക്കിടയിൽ വിക്കി
യിക്കി അലിയാർ നിലവിളിച്ചു. ഐ
ഷാ നിവർന്നുനോക്കിയില്ല. മിണ്ടിയുമില്ല.
ഇരുകിയാൽ ഒരു മുഴത്തിൽ ക്രൂടുതൽ ക
യറു നീളാതിരിക്കത്തക്കവണ്ണം ഒരു "കൂ
ക്കു" കയറിന്റെ മറെറത്തലപ്പിൽ
ശ്രദ്ധാപൂർവ്വം കെട്ടിയുണ്ടാക്കീട്ട് അവൾ
കൂക്കുമണ്ണിൽ നിന്നും വലിഞ്ഞിഴഞ്ഞു
താഴെ ഇറങ്ങി.

പത്തി വിരിച്ച മൂർക്കൻ പാമ്പു തന്റെ
മുകളിൽ അങ്ങിനെ ഞാലുന്നതുപോലെ
അലിയാർക്കുതോന്നി.

"ആഷാ!...ആഷാ!...ആഷാ!" അറു
തിയില്ലാതെ നീളുന്ന ചുമകൾക്കിടയിൽ
അടച്ചശബ്ദത്തിലുള്ള നിലവിളികൾ!

ഐഷാ അവളുടെ "മുത്തപ്പാ"യെടു
ത്തു പകുതി അകത്തും പകുതി പുറത്തുമാ
യി വാതപ്പടി"ക്കുമുകളിൽ ക്രൂടി നിവർത്തി
ട്ട—അതിനകത്തിരുന്നിരുന്ന "അഴുക്കും
വിഴുക്കും" പൂണ്ട കുറുത്തുവീർത്ത ഒരു തല
യിണ എടുത്തു പടിയിൽ നീളത്തിൽവച്ചു
അടുക്കളയിൽ നിന്നും മീനിരുമ്പു് എടുത്തു
കൊണ്ടു വന്നു പായിൽ ഇട്ടു.

"അള്ളോ! ഹൃദയം പിളർന്നുപോലെ
ഭയങ്കരമായ ഒരുരോദനം! അവൾ രണ്ടു
കൈയും കൊണ്ടും വായമർത്തിപ്പൊത്തി
കൊണ്ടു് മാത്രനേരം സ്തംഭിച്ചു നിന്നു.

"നാണക്കേട്" അവളുടെ അടുത്തിരു
ന്നു് ആരോ വിളിച്ചു പറഞ്ഞു. അവളുടെ
മുഖം വീണ്ടും ഭയാനകമായി!"

"പാങ്ങില്ലാത്ത പെന്തല വളർന്നുവന്നൊട
മോളെ!" തിണ്ണയിൽ ഇരുന്നിരുന്ന നബീ
സായെ വാരിയെടുത്തുകൊണ്ടു് അവൾ
പായിൽ വന്നിരുന്നു.

"ഉമ്മാ!" പുഞ്ചിരി തൂകുന്ന നബീ
സായുടെ പിഞ്ചുകൈയ്കൾ അവളുടെ
കവിൾത്തടങ്ങളെ അമർത്തി.

"മോളേ!" ഐഷാ നബീസായെ മു
കെ കെട്ടിപ്പിടിച്ചുകൊണ്ടു് ഒന്നു ചും
ബിച്ചു.

അലിയാരുടെ ചുമയും ഏങ്ങിയേങ്ങി
യുള്ള വിളിയും അപ്പോഴും തുടർന്നുകൊണ്ടി
രുന്നു.

ഐഷാ മകളെ തലയിണയിൽചേർത്തു
കിടത്തി. അടുത്തുകിടന്നിരുന്ന മീനിരുമ്പു്
കയ്യിൽ എടുത്തുകൊണ്ടു് അവൾ അ
കൊച്ചു നെറ്റിയിൽ ഒന്നുക്രൂടി "മുത്തി."
മൂർച്ചയുള്ള മീനിരുമ്പു് മകളുടെ പിഞ്ചു
കഴുത്തിൽ ചേർത്തുവച്ചുകൊണ്ടു് അ മു
ത്തേയ്ക്കു അവൾ ഒന്നുക്രൂടി നോക്കി. മനം
മയക്കുന്ന തുമന്ദഹാസം കണ്ടു് ഐഷാ
കണ്ണടച്ചു. അവൾ പല്ലുകൾ തമ്മിൽ അ
മർത്തിക്കടിച്ചു.

രണ്ടു കൈയും കൊണ്ടു് അവൾ അ ഇ
രുമ്പു് ഒന്നു് ആഞ്ഞു് അമർത്തി!

പ്രാണവേദനയോടുകൂടിയ ഒരു നീണ്ട കരച്ചിൽ! ഐഷാ ഇരുമ്പുവലിച്ചെടുത്തുകൊണ്ടു കണ്ണു തുറന്നു.

"അള്ളോ! എന്തോ—ആഷാ!" അലിയാർ നിലവിളിച്ചുകൊണ്ടു ചോദിച്ചു.

നബീസായുടെ കൊച്ചു കഴുത്തു പിടലി എല്ലുവരെ അറുപോയിരുന്നു. ചുട്ടുചോര പ്രാണനോടുകൂടി അങ്ങിനെ ഒരുച്ചു ചാടുകയാണു്

ഐഷാ പിടയുന്ന ആ ഉടലും തലയും താങ്ങിയെടുത്തു. തല കവിൾത്തടത്തിലും ഉടൽ മാറിലും ചേർത്തമർത്തികൊണ്ടു് അവൾ അല്പസമയം അനങ്ങാതെ ഇരുന്നു! നബീസായുടെ അവസാന ചലനവും നിലച്ചു!!

"കൊച്ചുമ്മാ കലയിച്ചുപോന്നോ? എന്തിയേ ഓണ്ടെ മരക്കൊഴങ്ങു്" കുറച്ചു മരക്കിഴങ്ങുമായി ചങ്കരൻ ചോവൻ മുറത്തു നില്ക്കുകയാണു്!

അവൾ നിശ്ശബ്ദമായി ശവം താഴെ കിടത്തി. ആ ഇരുമ്പു കയ്യിലെടുത്തുകൊണ്ടു ചെറുയുടെ മറവിൽക്കൂടി തിണ്ണവിളുമ്പിൽ എത്തി.

"നാണംകെട്ടത്ത നായിന്റെ മോൻ" ഇരുറപ്പുലിയെപ്പോലെ ഐഷാ മുറത്തു ചാടി.

കിഴങ്ങു് അവളുടെ നേരെ എറിഞ്ഞിട്ടു് ചങ്കരൻ ചോവൻ ഓടി. കഴിവിളയുടെ അതിരിൽ ചെന്നുനിന്നുകൊണ്ടു് അവൻ തിരിഞ്ഞുനോക്കി.—"ചോരയിൽ കളിച്ച കൊച്ചുമ്മാ! കുപ്പായത്തിന്നും തുണിയിന്നും ഉതിരം ഇറ്റിറ്റു വീഴുന്നു. ചോര ഒലിക്കുന്ന ഇരുമ്പു് മോങ്ങിക്കൊണ്ടു കൊല്ലാൻ വരുന്നു!" ചങ്കരൻ ചോവൻ മരത്തടികൾക്കിടയിൽക്കൂടി പാഞ്ഞുമറഞ്ഞു!

"പോ പന്നീ! അള്ളാ നിനിക്കു തന്നോളും" അതിരുവരെ പാഞ്ഞുചെന്ന ഐഷാ നിരാശയായി ശപിച്ചു!

ഇരുമ്പു് തിണ്ണയിൽ കൊണ്ടിട്ടിട്ടു് ഐഷാ മുറിയിൽ കടന്നു കൂക്കുമണ്ണിൽ വലിഞ്ഞു കയറി. ചോരയിൽ മുങ്ങിയ കെട്ടിയോളെ അലിയാരു കണ്ടു.

"അള്ളോ!" പിളർന്ന ഹൃദയത്തിലെ ശബ്ദം നിലച്ച നിലവിളി! അവന്റെ ചുണ്ടുകൾ മാത്രം ചലിച്ചു. ഐഷാ കൂക്കു കഴുത്തിൽ എടുത്തിട്ടു ശരിപ്പെടുത്തി.

"ആഷാ!"

അവൾ ഒന്നു നോക്കി. അനങ്ങാൻ വയ്യാതെ കിടക്കുന്ന കെട്ടിയവൻ വിലക്കുന്നു! കൈയ്കൊണ്ടും! കണ്ണുകൊണ്ടും!! ഭാവം കൊണ്ടും!!! അവളുടെ കണ്ണുകൾ നിറഞ്ഞു ചിന്തി.

"നാണംകെട്ടുപോയി ;പൊന്നെ! ഇനി ആഷായെ തമ്പുരാനിക്കു കൊള്ളില്ല!" ഹാ! ഹാർദ്ദമായ അന്ത്യനിവേദനം!

കെട്ടിയോനെ കൂപ്പിക്കൊണ്ടു് അവൾ കൂക്കുമണ്ണിൽ നിന്നും എടുത്തുചാടി.

കുറച്ചുനേരത്തെ പിടച്ചിലുകൾ! എല്ലാം തീർന്നു. ജീവൻപോകാതെ നിമിഷംതോറും മരണവേദന തിന്നുകൊണ്ടിരുന്ന ഐഷാ എന്നെന്നേയ്ക്കുമായി രക്ഷപ്പെട്ടു! അവളുടെ മൃതദേഹം ആ ഒരുമുഴം കയറിൽ അങ്ങിനെ തൂങ്ങിനിന്നു!

(പകപ്പുവകാശം കാഥികനു്.)

സാഫല്യം

ററി. ആർ. വിമല.

കാവ്യരൂപിണി ഭാവനയിങ്കൽ നീ
പൂവിരിച്ചു നടനമാടീടവേ,
ശോകചിന്ത കടന്നു സുശാന്തനാ
നാകരംഗത്തിലെത്തുകയായി ഞാൻ.
നീയദൃശ്യയായ് നില്പുവെയെൻമനം
നീറിനീറി ഞാൻ കേണു നിരങ്കുശം.
നിന്നുദയമാരാകസ്മികോത്സവം
തന്നെയാണെൻറെ ചിന്തകൾക്കോമനേ!
പാടുവാനില്ല പാടവമെങ്കിലും
പാടിടട്ടെ ഞാൻ നിന്പദാനങ്ങൾ
ശായകിയല്ലയെങ്കിലും പാവന
സ്നേഹയാചകിയാണുതാൻ നിൻമുമ്പിൽ!
ആരുനീ ദേവിയായകി ശാന്തിതൻ
താരിതെങ്ങും വിതയ്പ്പോളല്ലി നീ?
ആരിതാരുനീ സാന്ത്വനമേഘന
ഗീത പാടി വരും മനോഹാരിണി!
ജീവിതത്തെ മധുരീകരിക്കുമാ-
പ്പൂതസന്ദേശവാഹിനിയാണു നീ.
പ്രേമശീതളച്ഛായാതലങ്ങളിൽ
ക്ഷേമസ്വനം വിതറുവാളാണു നീ.
പൊൻചിലമ്പു കിലുക്കിക്കിലുക്കി നീ
കൺമയക്കുന്ന നൃത്തംതുടങ്ങവേ
മാമകാത്മവിതാനപുളകങ്ങൾ
രോമഹർഷത്തിൻ കല്ലോലമാലകൾ.
മണ്ണിൽനിന്നുമയർന്ന മനോജ്ഞമാം
വിണ്ണിലെത്തിച്ചിരിക്കുന്നിതാശകൾ
മായികേ! നീയിങ്ങെത്തിയ കാരണം
മാഞ്ഞുപോയി മദീയമാംസങ്കടം
വിത്തമല്ല—വിരക്തിയെത്തിക്കുവാൻ
ശക്തിയേകുക വേണമെൻശാലിനി.
സങ്കടങ്ങളിൽ നിന്നുമൊഴിയുവാൻ
ശങ്കയില്ലതു തന്നെയാണൗഷധം.
കേവലമൊരു പാഴ്നിഴലാണിന്നീ
ജീവിതമെങ്കിലെന്തിനുകേഴണം?
കണ്ണുനീരൊപ്പിയൊപ്പിയീമാഞ്ഞിടും
മണ്ണിലെസ്സുഖമെന്തിനു നേടണം?
എങ്കിലുമതിലുണ്ടൊരു കൈതുക-
മെൻകരളിനതുന്മേഷദായകം.
മാഴ്കണമീഹൃദയമിവിടെയീ
മാനവത്വമാനിർവൃതിനേടുവാൻ.
നന്ദനാരാമം വിട്ടുനീയെൻറെയീ-
ന്ദിരത്തിലുമെത്തി ഹ്രണാത്മികേ!
ഇന്നിതിലുമപരിയായൊന്നുമേ
മന്നിടത്തിലെനിക്കില്ലുനേടുവാൻ.
പ്രാണവേണുവിൽക്രുടിയെൻഗദ്ഗദ-
നാദമംബരത്തോളമുയരവെ
വീണവായിച്ചിരിക്കുമെൻദേവി നീ
താണുതാണിങ്ങിറങ്ങിയെൻമുന്നിലായ്.
സപ്തമോയെന്തുമായാവിലാസമോ
അൽഭുതത്തിന്നധീനയാണിന്നു ഞാൻ,
ഭാവനയ്ക്കുമുപരി,വർണ്ണിക്കുവാ-
നാവതില്ലാത്തനന്തസൗശ്യമേ!
കേവലമൊരു കോണിലൊതുങ്ങി ഞാൻ
പാവനാത്മപുഷ്പാർച്ചനചെയ്കവെ,
ഭൈരവസ്വരേ നീ കനിയേണമെൻ
തപ്തജീവനിൽ ശാന്തി വർഷിക്കുവാൻ!

പുന്നശ്ശേരി

എൻ. പി. പുന്നല, കൊട്ടാരക്കര.

കേരളീയർക്കു സുപരിചിതനാണു് ശ്രീ പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മ. സംസ്കൃതഭാഷയുടെ ഉന്നമനത്തിനുവേണ്ടി പ്രയത്നിച്ച ഇദ്ദേഹത്തെ ഗുരുനാഥനായി ജനത ആദരപൂർവ്വം സ്മരിക്കുന്നു.

ഇദ്ദേഹം 1033 മിഥുനം 4-ാം തീയതി ജനിച്ചു. കുലീനതയും പ്രശസ്തിയുമുള്ള ഒരു കുടുംബമാണു് പുന്നശ്ശേരി. ഈ കുടുംബം ബ്രിട്ടീഷ് മലബാറിൽ വെള്ളുവനാട്ടു താലൂക്കിൽ പെരുമുടിയൂരംശം ഈങ്ങയൂർ ദേശത്താണു്. 1038 കന്നിയിൽ ഇദ്ദേഹത്തിന്റെ പിതാവു് നമ്പി നാരായണൻ മരിച്ചു.

മുൻപതിവനുസരിച്ചു കുലഗുരുവിൽ നിന്നും പ്രാഥമികപാഠങ്ങളും ഗ്രഹിച്ചു. അതിനുശേഷം പേലൂർ കേരളവർമ്മ ഉണിത്തിരിയിൽ നിന്നു കാവ്യവും ജ്യോതിഷവും പഠിച്ചു.

1046-ൽ ഉപനയനവും ഒരു വർഷത്തിനുശേഷം സമാവർത്തനവും കഴിഞ്ഞു് ചിറ്റപ്പള്ളി അപ്പുശാസ്ത്രിയിൽനിന്നും വ്യാകരണം പഠിച്ചു. പ്രസിദ്ധപണ്ഡിതനായ കുഞ്ഞുണ്ണിമൂസ്സത സിദ്ധാന്തകൌമുദി ആദ്യന്തമായവ പഠിപ്പിച്ചു.

1063-മുതൽ ഇദ്ദേഹം പൊതുജനോപകാരപ്രദങ്ങളായ കാര്യങ്ങളിൽ ഏർപ്പെട്ടു. സംസ്കൃതഭാഷ അന്നു കേവലം മൃതഭാഷയായിരുന്നു. സംസാരിക്കുന്നതിനും എഴുതുന്നതിനും പണ്ഡിതന്മാർക്കുപോലും കഴിഞ്ഞില്ല. ആ ന്യൂനത പരിഹരിക്കുന്നതിനു് "ഭാഷാജ്ഞാനചിന്താമണി" എന്ന സംസ്കൃതഗ്രന്ഥം ഇദ്ദേഹം പ്രസിദ്ധീകരിച്ചു. സമീപത്തെങ്ങും ഒരു അച്ചുക്കൂടമില്ലാതിരുന്നതിനാലും, ദൂരദേശത്തു ചെന്നു അച്ചടിക്കുന്നതു വിഷമം ആയിരുന്നതിനാലും, കുറച്ചു കാലത്തേക്കു പത്രം മുടങ്ങേണ്ടിവന്നു. അല്പകാലം കഴിഞ്ഞു് ഒരച്ചുക്കൂടം സ്വദേശത്തു സ്ഥാപിച്ചു. പത്രം വീണ്ടും തുടങ്ങി. സ്നേഹിതരുടെ പിൻതുണ ഈ പ്രവൃത്തിയിലേറെയുണ്ടായി. "സാരസ്വതോദ്യോതിനി" എന്ന സംസ്കൃതപാഠശാല ആരംഭിച്ചു. അന്നു താണനിലയിൽ ആരംഭിച്ച ആ പാഠശാല 1911 ജൂൺ മാസത്തിൽ കോളേജാക്കി ഉയർത്തി.

ചിന്താമണി എന്ന പേരിൽ ഒരു പരസ്പരസഹായ സംഘവും, ഒരു ബാങ്കും, ഒരു നെയ്ത്തുശാലയും, വൈദ്യശാലയും സ്ഥാപിച്ചു. ബാങ്കും, നെയ്ത്തുശാലയും, സംഘവും പെട്ടെന്നു നിലച്ചുപോയി. ക്രമാതെ "പട്ടാംബി" എന്നപേരിൽ ഒരു പഞ്ചാംഗം താൻ തന്നെ ഗണിച്ചു പ്രസിദ്ധപ്പെടുത്തി. പഞ്ചാംഗത്തിനു ഒരു കൊല്ലവും മുടക്കമുണ്ടായിട്ടില്ല. അതുകൊണ്ടു ജനങ്ങൾ പ്രസ്തുത പഞ്ചാംഗത്തെ വിശ്വസിച്ചിരുന്നു.

കേവലം മൃതഭാഷയായി ഗണിച്ചിരുന്ന സംസ്കൃതത്തെ അദ്ദേഹം സ്നിഗ്ധമാക്കി തങ്കരേക്കിട്ടു തൂപം കൊടുത്തു. പണ്ഡിതന്മാ

രുടെ തെറ്റിദ്ധാരണകളും അദ്ദേഹം നിശ്ശേഷം പരിഹരിച്ചു. വാദപ്രതിവാദങ്ങളും വിമർശനങ്ങളും ഉണ്ടായി. വാദപ്രതിവാദങ്ങൾക്കും വിമർശനങ്ങൾക്കും സമാധാനം മുഖപ്രസംഗങ്ങൾവഴി നല്കി. മുഖപ്രസംഗങ്ങളെക്കൊണ്ടു പത്രം മോടിപിടിപ്പിച്ചു. സംസ്കൃതഭാഷയുടെ ഉജ്ജീവനത്തിനുവേണ്ടിയുള്ള പ്രസ്തുത പ്രയത്നം അനന്യസാധാരണമെന്നേ പറയാനുള്ളൂ.

അദ്ദേഹത്തിൽനിന്നും വിദ്യ അഭ്യസിച്ചവർ അനേകമാണു്. അദ്ദേഹത്തിന്റെ അന്യാദൃശമായ സ്വഭാവവും, വ്യക്തിമാഹാത്മ്യവും, സേവനസന്നദ്ധതയുംഅവർ ഒരിക്കലും വിസ്മരിക്കയില്ല. വിശ്രമം ഇദ്ദേഹത്തിനു് അല്പവും ഇല്ലായിരുന്നു. വിദ്യാർത്ഥികളോടു വലിയ സ്നേഹമായിരുന്നു. അണ്ടതോറും അഷ്ടമിനാളിൽ യോഗംകൂടുക പതിവായിരുന്നു. ഈ യോഗത്തിൽ വിദ്യാർത്ഥികൾ പ്രസംഗിക്കണം എന്നു തീർച്ച ചെയ്യും. സഭാകമ്പംകൂടാതെ പ്രസംഗിക്കുവാനുള്ള കഴിവുവിദ്യാർത്ഥികൾക്കു ലഭിച്ചു. 'അഷ്ടമിസഭ' പരിഷ്കരിച്ചു 'വിദ്യാപോഷിണിസഭ'യായി ജന്മമെടുത്തു. അവിടത്തെപോലെ ഇത്ര വളരെ ശിഷ്യജനങ്ങളുള്ള ഗുരുക്കന്മാർ വേറെയില്ല തന്നെ. ശിഷ്യഗണങ്ങളാൽ പരിവൃതനായിട്ടല്ലാതെ അവിടത്തേ കാണാൻ സാധിക്കുമായിരുന്നില്ല.

മാനവിക്രമൻ സാമൂതിരിപ്പാടു് ഇദ്ദേഹത്തിനു വേണ്ടുന്ന പിൻതുണ നല്കിയിരുന്നു. ഇവർ സമദുഃഖസുഖന്മാരായ സുഹൃത്തുക്കളായിരുന്നു.

സാമൂതിരിപ്പാടിന്റെ പരിശ്രമത്തിൽ കോഴിക്കോട്ടു, അവിടത്തെ കോവിലകത്തുവച്ചു സൗഹൃദസമാഗമം എന്ന പേരിൽ ഒരു സഭ ആരംഭിച്ചു. പല സ്ഥലങ്ങളിൽനിന്നും കവികളെ ക്ഷണിച്ചു വരുത്തി, കോവിലകത്തു താമസിപ്പിച്ചു സഭകൂട്ടുകയാണു് പ്രധാന കൃത്യം. കവിത നിർമ്മിക്കുക, സമസ്യാപൂരണം, തർക്കം ആദിയായ വിജ്ഞാനപ്രദങ്ങളായ കായ്ങ്ങളും നടത്തിവന്നു.

ബറോഡാ മഹാരാജാവു്, അശ്വതിതിരുനാൾ, വിശാഖംതിരുനാൾ, മൂലംതിരുനാൾ, ശ്രീ ചിത്തിരതിരുനാൾ എന്നീ രാജാക്കന്മാർ ഇദ്ദേഹത്തെ ബഹുമാനിച്ചിരുന്നു. സർ. സീ. ശങ്കരൻനായർ, മാളവ്യ, ശ്രീനിവാസശാസ്ത്രീ, ഏ. ആർ. തിരുമേനി, കൈക്കുളങ്ങര തുടങ്ങിയ മഹാന്മാരും ഇദ്ദേഹത്തിന്റെ പരിചയക്കാരാണു്.

തൃപ്പൂണിത്തുറവച്ചു നടത്താറുണ്ടായിരുന്ന വിദ്വത്സദസ്സിൽ ഇദ്ദേഹത്തെ പ്രസംഗിക്കുന്നതിനു ക്ഷണിച്ചു. കൊച്ചീ മഹാരാജാവു് ഇദ്ദേഹത്തിന്റെ സംസ്കൃതപ്രസംഗം കേട്ടു സന്തുഷ്ടനായി, "പണ്ഡിതരാജൻ" എന്ന ബഹുമതിയും മുദ്രയും നല്കി.

പുണ്യതീർത്ഥസേവനത്തിനുവേണ്ടി ഇദ്ദേഹം കാശി, രാമേശ്വരം, ചിദംബരം തുടങ്ങിയ പുണ്യസ്ഥലങ്ങളിലേക്കു യാത്രതിരിച്ചു. അവിടങ്ങളിൽ വച്ചു് ധാരാളം പ്രസംഗം ചെയ്തിട്ടുണ്ടു്.

മതപ്രസംഗങ്ങൾക്കു വേണ്ടി പലയിടത്തും സഞ്ചരിച്ചിട്ടുണ്ടു് അന്യമതത്തെ നിന്ദിച്ചുകൊണ്ടു് ഒരു പ്രസംഗവും അവിടുന്നു ചെയ്തിട്ടില്ല. എല്ലാ മതക്കാർക്കും അത്ഭുതം ജനിപ്പിക്കുന്ന പ്രസംഗങ്ങളായിരുന്നു എല്ലാംതന്നെ. തിരുവനന്തപുരത്തു സംസ്കൃത കോളേജിലും, കൃഷ്ണജില്ല സംസ്കൃതസമ്മേളനത്തിലും പാവനാശത്തുവച്ചുനടന്ന ജ്യോതിശ്ശാസ്ത്രസഭയിലും, കോട്ടയത്തെ ഭാഷാപോഷിണി സഭയിലും ചെയ്ത പ്രസംഗങ്ങളും എന്നും സ്മരണീയ

മത്രേ മലയാളപ്രസംഗങ്ങളും അവിടുന്നു ചെയ്തിട്ടുണ്ട്. പ്രസംഗത്തെപ്പോലെ ശാസ്ത്രവിഷയങ്ങളെക്കുറിച്ചു വാദംനടത്തുന്നതിനും അവിടുന്നു സമർത്ഥനായിരുന്നു. പത്രമുഖേനയും വാദങ്ങൾ നടത്തിയിട്ടുണ്ട്. ചന്ദ്രമണ്ഡലത്തെക്കുറിച്ചു, മി. പോൾ എന്ന പണ്ഡിതനുമായി ഭാഷാപോഷിണിയിൽ നടത്തിയ വാദമാണു് പ്രധാനമായിട്ടുള്ളതു്.

'ഈശഹാപുരാഭ്യുദയം' 'ശ്ലോഷപുരമഹാരാജഞ്ജി ചരിത്രം' 'ശൈലാബ്ജീശപ്രശതകം' 'അശൌചദീപികാ വ്യാഖ്യാനം' 'പട്ടാഭിഷേക പ്രബന്ധം' 'ദീപസ്തംഭശതകം' 'ശൃംഗാരമഞ്ജരീമണ്ഡകം' 'മഹിഷമംഗലഭാന്തവ്യാഖ്യാനം' ചമൽക്കാരചിന്താമണീവ്യാഖ്യാനം, പഞ്ചബോധക്രിയാഭാഷ, ജ്യോതിശ്ശാസ്ത്രസുബോധിനി, എന്നീ ഗ്രന്ഥങ്ങൾ അവിടുന്നു രചിച്ചിട്ടുള്ളതാണു്.

അവിടുന്നു എഴുതിയിട്ടുള്ള ലേഖനങ്ങൾ അനവധിയാണു്.

1085 കന്നിയിൽ ശ്രീമൂലം തിരുനാൾ അവിടുത്തേക്കു വീരശൃംഖലസമ്മാനിച്ചു. പലവലിയ വിദ്വാന്മാരിൽനിന്നും സംഭാവനകൾ ലഭിച്ചിട്ടുണ്ട്.

ഇദ്ദേഹത്തെ മലബാർ ഡിസ്ട്രിക്ട് ബോർഡിൽ ഒരംഗമായി തിരഞ്ഞെടുത്തു. മൂന്നു വർഷം അതു ജോലി തുടരുകയും ചെയ്തു. 1915-ൽ ഇദ്ദേഹത്തെ മദിരാശി സർവകലാശാലയിൽ ആരംഭിച്ച 'പൌരസ്ത്യബിരുദപരീക്ഷ'യിൽ ഒരു പരീക്ഷകനായി തിരഞ്ഞെടുത്തു. അതിനുശേഷം ഇരുപത്തുകൊല്ലത്തേക്കു അതു സ്ഥാനത്തേക്കു ഇടവിടാതെ തിരഞ്ഞെടുത്തു. തുടർന്നു പല പരീക്ഷകർക്കും പരീക്ഷകനായി തിരഞ്ഞെടുത്തു.

നീതിന്യായ കാര്യങ്ങളിലും അദ്ദേഹം പ്രവേശിച്ചിരുന്നു. പെരുമുടിയൂർ പഞ്ചായത്തു കോടതിയിൽ ഒരു ജഡ്ജിയായി ജോലി നോക്കി.

വ്യവസായ കാര്യങ്ങളിലും ഇദ്ദേഹം പങ്കെടുത്തിരുന്നു.

1093 മിഥുനം 28-ാംനു- അവിടുത്തെ ഷഷ്ടിപൂർത്തി അത്യുത്സാഹപൂർവം കൊണ്ടാടി അന്നു ഗംഭീരമായ ഒരു സദ്യയും ദാനകർമ്മങ്ങളും നടത്തി. അവിടുത്തെ ഒരു ഛായാപടം സംസ്കൃതകോളേജ് കെട്ടിടത്തിൽ അനാച്ഛാദനം ചെയ്തു.

തിരുവിതാംകൂർ ക്ഷേത്രപ്രവേശനകമ്മറ്റിയിൽ ഒരു അംഗമായി, സവർണ്ണരുടെ പ്രതിനിധി എന്ന നിലയിൽ നിശ്ചയിക്കയുണ്ടായി.

അത്യുൽകൃഷ്ടമായ പല ഗുണങ്ങളും അവിടുത്തേക്കുണ്ട്. സമഭാവന, സ്നേഹം, സത്യം, അനാഡംബരത്വം, ഗുരുഭക്തി, അഭിപ്രായധീരത, കൃത്യനിഷ്ഠ, സേവനസന്നദ്ധത, സാത്വികബുദ്ധി മുതലായവയാണു് അവ

അവിടുത്തെ കൃത്യനിഷ്ഠയ്ക്കു യാതൊരു ചലനവും സംഭവിച്ചിട്ടില്ല. വെളുപ്പിനു നാലുമണിക്കെഴുനേല്ക്കും. എട്ടു മണിവരെ സന്ദർശകരോടു സംസാരിക്കും, കുളി, തേവാരം, കണക്കുകളെഴുതുക മറ്റുമായി കഴിയും. അതിനുശേഷം പഞ്ചാംഗഗണിതം. 9ൽ മണിക്കു ഊണു കഴിയും. അല്പ വിശ്രമത്തിനുശേഷം നാലരമണിവരെ പഠിപ്പിക്കുകയും പാഠശാലയിൽപോയി മേലന്വേഷണം ചെയ്കയും ചെയ്യും. അതിനുശേഷം പത്രപാരായണം, കുളി, ക്ഷേത്രദർശനം. രാത്രി 9 മണിക്കത്താഴം. 10 മണിയോടുകൂടി ഉറങ്ങുകയും ചെയ്യും.

ജീവിതാവസാനം അടുത്തു. അത്ഭുതപരമായ ഒരു പരിണാമം അവിടത്തെ ജീവിതത്തിൽ ദൃശ്യമായി. പൊതുജീവിതത്തിൽ നിന്നും ഒഴിഞ്ഞു മാറുവാൻ ശ്രമിച്ചു തുടങ്ങി. യാത്രകളും പ്രസംഗങ്ങളും നിറുത്തി പക്ഷേ അധികസമയവും വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനു വിനിയോഗിച്ചു.

പട്ടാമ്പിയിലുള്ള സ്വഗൃഹത്തിലേക്കു മടങ്ങി. അതിനുശേഷം ഒരു ചെറിയ പനിയും കാസോപദ്രവവും കണ്ടു തുടങ്ങി. അതിനെ തീരെ വകവച്ചില്ല. മരുന്നുകഴം ഒന്നും തന്നെ സേവിച്ചില്ല.

1111 ചിങ്ങം 27-ാംനു- മുതൽ ഒരു പൂണ്ണരോഗിയുടെ നിലയിൽ കിടപ്പിലായി. അപ്പോഴും പഠിപ്പിക്കുന്നതിനു യാതൊരു വിമുഖതയും കാട്ടിയില്ല.

1111 ചിങ്ങം 29-ാം തിയതി പകൽ 12 മണി ആ ആത്മാവു എന്നന്നേക്കുമായി പിരിഞ്ഞു, ദീർഘനിദ്രയിലാണ്ടു മരിക്കുമ്പോൾ 77 വയസ്സു പ്രായമുണ്ടായിരുന്നു. അനുഗ്രഹീതനായ ശ്രീ പുന്നശ്ശേരി എന്നും ആരാധ്യനാണു്.

മീരാ

പി. ഉണ്ണികൃഷ്ണൻ, നെടുമ്പ്രത്തു്.

ദില്ലിസമ്രാട്ടിൻ ചെങ്കോൽസന്തതംവിറപ്പിച്ച
ചൊല്ലാന്മേവാർറാണാമാനിച്ച തേജഃപുഞ്ജം.
മന്നിനെവുന്ദാവനസന്നിഭമാധ്യാത്മിക
ചിന്തയിൽ മിന്നിപ്പിച്ചാരർഷജീവിതംധന്യം-
ശൈശവംപോലും-ബാലഗോപാലസേവയ്ക്കായി
നിശ്ചയം ദാനംചെയ്ത നൂതനരാധാദേവി.
വീരമാതായാം മേവാറുജ്ജിച്ച പുരാപുണ്യം
മീര തൻ പിറവികൊണ്ടെന്തെന്തു കിളുന്നീല!
ഉത്തുംഗശൃംഗമാനിസ്സലഭേഛിക്കുന്നു
ക്ലിഷ്ടമാചേപ്പാൻ ദേവീശക്തമായ് ചമഞ്ഞില.
കോമളം തവകണ്ണമാലപിച്ചോരാരാഗ-
ഗീതങ്ങളലയ്ക്കുന്നു ഭാരതാവിയിലിന്നും.

ഘോരമാംശിലപോലുംദ്രവിക്കും ഭാവൽക്കമാം
രാഗനിർത്ഥരിയെന്നും ജയിക്കുമഭംഗമായ്.
ദ്വാരകാക്ഷേത്രത്തിക്കോലായത്തു വേഷച്ഛന്ന-
ജീവിതംവരിച്ചില്ലേ — മേലിലെന്തായിക്കൂടാ?

* * * * *

വേണുവിൻനാദംതോല്പ്പുമാനാദസുധാരസം,
വേണുഗോപാലൻ,കേൾക്കെപ്പുഞ്ചിരിച്ചില്ലേദേവി?
രാധയെജയിക്കുമാരാഗലീനതാചേന്ന
ഗാനങ്ങളുതിർത്തപ്പോൾ, പുഞ്ചിരിച്ചില്ലേകൃഷ്ണൻ?
പേലവംതവമേനികാട്ടിയോരമാനുഷ-
മോഹനലാസ്യംകൊണ്ടുച്ചെത്തണച്ചില്ലേകൃഷ്ണൻ?

ജീവൽനാടകം

ഈ. എം. കോവൂർ.

ഓർത്തുനോക്കിയാൽ നിങ്ങൾക്കും ഇത്തരം അനുഭവങ്ങൾ ഉണ്ടായിരിക്കണം-നാടകസ്റ്റേജുകളിൽ കരുതിക്കൂട്ടി ശരിപ്പെടുത്തപ്പെടുന്നതരം നാടകീയരംഗങ്ങൾ അവിചാരിതനേരത്തും സ്ഥാനങ്ങളിലും കണ്ടുമുട്ടുക സാധാരണ ജീവിതത്തിൽ.

"പാവങ്ങളിൽ പാവങ്ങളാം ഏഴകൾ ഞങ്ങൾ—ഒരുനേരം തുള്ളിക്കുഞ്ഞിതരാൻ ആരുമില്ലയ്യോ!....." എന്ന പാടി പൊട്ടക്കണ്ണും, നെറ്റിയിൽ വീണുകിടക്കുന്ന ചെമ്പൻമുടിയും, മുഖമാസകലം കുറ്റിമീശയുമായി നാടകരംഗത്തു പ്രത്യക്ഷപ്പെടുന്ന പിച്ചക്കാരെക്കൊണ്ടു നാം മടുത്തുകഴിഞ്ഞിരിക്കുന്നു. നല്ല കറുത്ത വാവിൻറന്നു പൂർണ്ണചന്ദ്രനെനോക്കി ഹിന്ദിമട്ടിൽ പ്രണയഗാനങ്ങൾ പൊഴിക്കുന്ന കാമുകീകാമുകന്മാരെക്കൊണ്ടു നാം തോറും. അവയിലെല്ലാം എന്തോ കൃത്രിമത്വവും, അതിശയോക്തിയും, അസ്വാഭാവികതയും ഉണ്ടെന്നു സ്റ്റേജിൻറെ മുമ്പിലിരിക്കുന്ന നമുക്കു തോന്നിപ്പോകുന്നു—ചട്ടക്കൂട്ടിനുള്ളിലാക്കിയ ചിത്രങ്ങളിലെ രൂപങ്ങളുടെ നിലപാടുപോലെ.

പക്ഷേ, ഇത്തരം രംഗങ്ങൾ സാധാരണജീവിതത്തിൽ നാം വല്ലപ്പോഴും കണ്ടുമുട്ടുമ്പോൾ, നാമേതോ സ്റ്റേജിൻറെ മുമ്പിലിരിക്കയാണെന്നൊരു തോന്നൽ അങ്ങുതാനെ ഉണ്ടായിപ്പോകും- കാരണം അത്തരം രംഗങ്ങൾ ജീവിതത്തിൽ അത്ര കുറവാണു.

ഞാനിപ്പോൾ പണിയെടുക്കുന്നതു് ഒരു രണ്ടുനിലക്കെട്ടിടത്തിൻറെ മേൽനിലയിലിരുന്നാണു്. പുറത്തുവരാന്തയിലുള്ള ക്രാസിക്കാലുകൾക്കിടയിൽക്കൂടെ വെളിയിലുള്ള നിരത്തിലേക്കും, അതിനപ്പുറമുള്ള പീടികക്കെട്ടിലുകളിലേക്കും നോക്കുമ്പോൾ ഏതോ മുഗൾകൊട്ടാരത്തിലെ മാർബിൾ ജനാലക്കിടയിലെ കൊത്തുപണികൾക്കുള്ളിൽക്കൂടെ പുറത്തെ ലോകം ദർശിക്കുന്ന ഒരു തോന്നലാണെനിക്കുണ്ടാകാറുള്ളതു്—പർദായിലും മൂടുപടത്തിലും കഴിയുന്ന ഒരു ഹതഭാഗ്യയാണു ഞാനെന്നും.

ഒഴിവുള്ള നേരത്തെല്ലാം വെളിയിൽ ആ നിരത്തിൽക്കൂടെ അങ്ങോട്ടുമിങ്ങോട്ടുമൊഴുകുന്ന ജനതതിയേയും സൂക്ഷിച്ചുകൊണ്ടു വെറുതെയങ്ങിരിക്കയെന്നുള്ളതെൻറെ ഒരു പതിവായിത്തീർന്നിട്ടുണ്ടു്. ചന്തട്ടിവസങ്ങളിലാണു് ഈ ഒഴുക്കു ഗംഗാപ്രവാഹമായി രൂപാന്തരപ്പെടുന്നതു്.

ജീവിക്കുവാനും ജീവിപ്പിക്കുവാനും അവർ ഓടുകയാണു്. ചിലപ്പോൾ അവരെല്ലാം എറുമ്പുകളാണെന്നെനിക്കു തോന്നും; ആ വെയിലത്തു തലയിൽ ചെറിയ ചെറിയ കെട്ടുകളുമായി അവർ വലിഞ്ഞുവലിഞ്ഞു പോകുന്നതു കാണുമ്പോൾ, അവരുടെ മുഖങ്ങളും ശരീരങ്ങളും സൂക്ഷിച്ചാലറിയാം, അവരിൽ മുക്കാലേമുണ്ടാണിയും വിശപ്പിൻറേയും രോഗങ്ങളുടെയും അടിമകളാണെന്നു്. എന്നാലും അവർക്കു ജീവിക്കണം. എന്തിനു്? അതുമറിയാം?

അങ്ങനെ പൊക്കത്തിൽ അകലത്തിലിരുന്ന മനുഷ്യജാതിയെ നോക്കുമ്പോൾ ഞാനറിയാതെ വിവിധതരം ചിന്തകൾക്ക് അധീനനാകും. പക്ഷേ, പലപ്പോഴും ആ കാഴ്ച എന്നെ ദുഃഖിതനാക്കുകയാണു് പതിവു്.

അന്നു ഞാൻ പതിവുപോലെ പുറത്തേക്കു നോക്കി. എതിർവശമുള്ള പീടികക്കടിലിന്റെ താഴത്തെ, ചാണകംമെഴുകിയ തിണ്ണയിൽ, ഒരു മനുഷ്യരൂപം ഉണ്ടു് ഇരിക്കുന്നു—ഒരു സ്ത്രീരൂപം.

വീതികുറഞ്ഞ ആ തിണ്ണയിൽ ഇരുന്നിത്തിയിലേക്കവർ ചാരുകയാണു്. ശരീരത്തിന്റെ മേൽഭാഗം സമ്പൂർണ്ണനഗ്നമാണു്. കരിന്താളിത്തടിപോലെ കറുത്ത ശരീരം. കുറെ അകലെയാകയാൽ മുഖത്തിന്റെ വിശദവിവരങ്ങൾ മനസ്സിലാക്കുവാൻ സാദ്ധ്യമായിരുന്നില്ല. നാല്പതു വയസ്സു കണ്ടേക്കണം. പക്ഷേ, ഒരൻപതിന്റെ ലക്ഷണങ്ങളെല്ലാമായിരുന്നു കാണാനുണ്ടായിരുന്നതു് പാരക്കോലുകൾപോലെ കാൽമട്ടകൾ രണ്ടും ഉയർത്തിവച്ചു് ഉദാസീനമായി കൈകൾ രണ്ടും മടിയിൽ സൂക്ഷിച്ചിരിക്കയാണവർ. അടുത്തൊരു കരിപിടിച്ച ചെറു മൺകലവും ഇരുപ്പുണ്ടു്. ഒരൊറ്റ നോട്ടത്തിനു തോന്നിപ്പോയി ഏതോ പുതിയ നാടകക്കമ്പനിക്കാരുടെ "സോഷ്യലി"ലെ ഒരു രംഗം ആരംഭിക്കാൻ പോകയാണെന്നു്.

ചെമ്മണ്ണിൽ കുഴഞ്ഞ ഒരു മുണ്ടു് അരയിൽ. പലകയിട്ട മിക്കവാറും അടച്ചിട്ടുള്ള പീടികയുടെ മുൻഭാഗവും, ഓലമേഞ്ഞ അതിന്റെ മേൽക്കൂരയും, അതിന്റെ പിമ്പുറത്തുക്കൂടെ ഉണങ്ങിയും നിരങ്ങിയും പോകുന്ന ഒരു ചെറു പുഴയും, തഴച്ചു പൊങ്ങി അതിനു മേളിലായി ഉയർന്നു നില്ക്കുന്ന ഒരു മാവുവൃക്ഷവും, എല്ലാം ഏതോ ചിൻകട്ടനിൽ വരച്ചു ശരിപ്പെടുത്തിയിട്ടുള്ള പശ്ചാത്തലസംവിധാനംപോലെ എനിക്കു തോന്നി. മുമ്പിലത്തെ റോഡ് പൊടിമണ്ണിൽക്കുഴഞ്ഞു് അങ്ങനെ നീണ്ടും കിടക്കുന്നു.

ദാരിദ്ര്യത്തെയും വൃത്തികേടിനെയും അല്പം അകലെ മാറിനിന്നു് ദേഹത്തും വസ്ത്രങ്ങളിലും ചളി പുരളാതെ കാണുവാനും അടുത്ത സാഹിത്യസൃഷ്ടിയെയുദ്ദേശിച്ചു് അതു സൂക്ഷ്മമായി പഠിക്കുവാനും ആ ഗ്രഹിക്കുന്ന ആ വലിയ ക്രൂരത്തിലാണു് ഞാനും ഉൾപ്പെട്ടതു്. ഞാനവരെയങ്ങനെ നോക്കിയിരുന്നു.

മുൻപിൽക്കൂടെ ഇഴഞ്ഞുപോകുന്ന മനുഷ്യജീവികളിൽ അവയ്ക്കു യാതൊരു താൽപര്യവുമില്ല. റോഡേപ്പോകുന്ന മോട്ടോർ വാഹനങ്ങൾ ഉയർത്തുന്ന പൊടിപടലത്തിൽ അവക്കു പ്രതിഷേധമോ അസുഖമോ ഇല്ല. ഒരു ശിലാരൂപംപോലെ അചഞ്ചലയാണവർ. നിർവ്വാണലോകമണഞ്ഞ ഒരു ബുദ്ധമതസ്ഥനെപ്പോലെ ആശകൾക്കതീതയാണവർ.

പുറപ്പാടും ലോകം അങ്ങനെ ചലനാത്മകത്വത്തിനധീനമായി ഏങ്ങോട്ടോ ഗമനം ചെയ്യുകയാണു്. അവർ മാത്രം അതിൽനിന്നു മാറിയിരിക്കയാണു്—നദിയിൽനിന്നും ചാടി കരയിൽ വീണ ഒരു കരിമീൻ അനങ്ങാതെ കിടക്കുംപോലെ മനുഷ്യലോകത്തിന്റെ സകല പ്രവൃത്തിമണ്ഡലങ്ങളോടും അവർ നിസ്സഹകരണം അനുഷ്ഠിക്കയാണെന്നു തോന്നും കണ്ടാൽ. ഭൂതത്തെയും വർത്തമാനത്തെയും ഭാവിയെയും കുറിച്ചു യാതൊരു ചിന്തയുമില്ലാതെ, അങ്ങനെ തണല് പ്പുറത്തിരിക്കുന്ന ഒരു ഏകമയെപ്പോലെ നിശ്ചലമായിരിക്കുന്ന

ഒരു മനുഷ്യരൂപം. ഈ രംഗം ഇനി എങ്ങനെയായിരിക്കുമോ പുരോഗമിക്കുവാൻ പോകുന്നതു"!

പുരോഗമിച്ചു. കുട്ടയിൽ ചുമന്നുകൊണ്ടു പോകുന്ന പരവമീൻ റാഞ്ചാനായി എവിടുന്നെന്നില്ലാതെ പരുന്തെത്തുംപോലെ ഒരു പയ്യൻ അവടേയ്ക്കു വന്നു. വയസ്സു പത്തുപതിനാലു വരുമെങ്കിലും നന്നാ ശോഷിച്ച ശരീരം. ചെമ്പിച്ച തോറ്റശേഷം കവുത്തുതുടങ്ങിയിരിക്കുന്ന ഒരു മുണ്ടുണ്ടരയിൽ. കുതിരയുടെ കുഞ്ചിരോമംപോലെ നെറ്റിയിലേയ്ക്കു വീണുകിടക്കുന്ന കുറെ ചെമ്പൻമുടി. നാഴികമണിയുടെ മിന്നിട്ടസൂചി നീങ്ങുംപോലാണു് അവന്റെ പ്രവൃത്തികളും ചലനങ്ങളുമെല്ലാം. അവൻ ചാടിക്കയറി അവരുടെ അടുത്തിരുന്നു. അപ്പോഴേക്കും അവർ കാലുകഴം രണ്ടും നീട്ടിവച്ചു. അവനും കാലുകഴം നീട്ടി അവരുടെ ശുഷ്കിച്ച കാലുകളിൽ കയറ്റിവച്ചു.

അവൻ മിണ്ടില്ല. അവർ എന്തു ചോദിച്ചാലും അവൻ മിണ്ടില്ല. കീഴ്ചുണ്ടവൻ മുമ്പോട്ടു കണക്കിലധികം നീട്ടിവച്ചിരിക്കയാണു്—അസംതൃപ്തിയുടെ ലക്ഷ്യമായി. കൈകഴംരണ്ടും അവൻ പുറകോട്ടു കുത്തിയിരിക്കയാണു്!

കുറെക്കഴിഞ്ഞപ്പോഴം അവർ സ്വന്തം മടിക്കുത്തിൽനിന്നും എന്തോ എടുത്തവന്റെ നേക്കു നീട്ടി. അവനതിൽ പകുതി അടച്ചകണ്ണോടെ നോക്കിക്കൊണ്ടുമാത്രം ഇരുന്നു. പിന്നീടവൻ പരുന്തുറാഞ്ചുംപോലെ ഇടത്തുകൈകൊണ്ടതു തട്ടിയെടുത്തശേഷം വീണ്ടും പഴയതുപോലെ അസംതൃപ്തിയുടെ ഒരു ബിംബംപോലിരുന്നു.

അവർ പിന്നെയും മടിയിൽനിന്നെന്തോ നീട്ടി—ഒരു നാലുകാശു് തുട്ടായിരുന്നിരിക്കണം. അവനതും റാഞ്ചി. അവർ തുരുതുരെ ഓരോ തുട്ടകഴം വച്ചുനീട്ടി—അവൻ തുരുതുരെ അതു റാഞ്ചിറാഞ്ചി എടുത്തു—ചറുചറായെന്നു കുട്ടികഴം കടലയ്ക്കാ വാങ്ങിയിട്ടു കൊറിക്കുംപോലെ.

അവൻ പിന്നെയും അസംതൃപ്തി മുഖത്തു കാട്ടിയിരുന്നു. അവരുടെ കൈയിൽ ബാക്കിവല്ലതും ശേഷിക്കുന്നുണ്ടോയെന്നറിവാൻ! ഇല്ലെന്നു തിട്ടം വന്നു.

അവൻ എണീറ്റു. പീടികക്കുള്ളിലേയ്ക്കു തലയിട്ടുനോക്കി. തിരിഞ്ഞുനോക്കാതെ കുറിഞ്ഞിരികിലിരുന്നിരുന്ന മൺകലമെടുത്തകത്തേയ്ക്കുനീട്ടി. ഏതോ ഒരു കൈ അതിനുള്ളിലേയ്ക്കു കുറെ കഞ്ഞി ഒഴിച്ചുകൊടുത്തു. അവനതുമായി താഴെയിരുന്നു. എന്റെ പ്രതീക്ഷയ്ക്കു വിപരീതമായി അവനതവരുടെ നേക്കു വച്ചുനീട്ടി.

അവരതു വാങ്ങി. നെറ്റിയിൽ പാറിക്കിടന്ന മുടി തുടച്ചു മേല്പോട്ടുകയറ്റിയശേഷം അവരാക്കലം വായോടടുപ്പിച്ചു. ഒന്നു വലിച്ചുകുടിച്ചു. ആദ്യമായവരൊന്നു ചിരിച്ചു. കവുത്തുനീണ്ട രണ്ടു പല്ലുകഴം.

അവൻ ആ കലം ഒരുറാഞ്ചു—ഇവനു എല്ലാം റാഞ്ചാനെ അറിഞ്ഞുകൂടുവോ? ഒരു മോന്തു? കലം അവരുടെ നേക്കൊരു നീട്ടു. അവരൊരുമോന്തു. അവനൊരു മോന്തു. അവർ അവൻ—അങ്ങനെ അങ്ങനെ.

വറ്റായി. അവർ വിരലുകഴം മാത്രം കൊണ്ടു വാരി ഒരുപിടി വായിലിട്ടു. അപ്പോഴം പീടികയ്ക്കകത്തുനിന്നും ഒരു ചെറിയ ചെമ്പിച്ച ഇരുമ്പുപാത്രത്തിൽ എന്തോ അല്പം കറി. എന്റെ പ്രതീക്ഷയ്ക്കു വീണ്ടും വിപരീതമായി അവനാക്കറിപ്പാത്രം അവരുടെ നേക്കുനീട്ടി.

അതിലവർ മൂണ്ടുവിരൽ രണ്ടുപ്രാവശ്യം കുത്തി ഒരു നക്കു്. ഛാ! എന്തൊരു നാകസൌഖ്യം മുഖത്തു്. ചെറുക്കൻ ആ പാത്രവും റാഞ്ചി. അതിലൊരു മോന്തിക്കുടി. പാത്രം വീണ്ടും അവൻ തിരികെക്കൊട്ടുത്തു. പിന്നെ അവന്റെ പങ്കു കറി തീന്നു. വറു തീന്നു. കഞ്ഞി വെള്ളവും തീന്നു.

കറിപ്പാത്രമവൻ കയ്യിൽവാങ്ങി നക്കുതുടങ്ങി. നാക്കു നീട്ടിനീട്ടി നക്കുതുടങ്ങി. വിരലുകൊണ്ടു് വടിച്ചു നക്കുതുടങ്ങി. വടിച്ചു വടിച്ചു നക്കുതുടങ്ങി. ഛോ! അതിന്റെ രുചിയുടെ അന്ത്യഭാഗം ഉപേക്ഷിക്കുവാനുള്ള അവന്റെ മടി. പാവം.

അടുത്തുകിടന്ന ഒരു കീറത്തുണിയിൽ അവർ കൈ തുടച്ചു. അവനെണീറ്റു. ആ കടക്കാരുടെ കറിപ്പാത്രം — അവരുടെ മൺകലമല്ല—കഴുകുവാൻ പീടികയുടെ പിൻവശത്തേയ്ക്കു പോയി.

മുഗൾ സാമ്രാജ്യം സ്ഥാപിച്ച ബാബറിന്റെ ഏടയചാരിതാർത്ഥ്യത്തോടെ ആ സ്ത്രീ അല്പം ഉണക്കവൈറ്റില വായിലിട്ടു. കുറെക്കഴിഞ്ഞവിടെത്തന്നെ കിടന്നു.

പയ്യൻ തിരിച്ചുവന്നു. ഉദാസീനമായി നിരത്തിൽക്കൂടെങ്ങുപോകയും ചെയ്തു. ആ ജീവൽനാടകരംഗവും അവസാനിച്ചു.

അവനാരായിരുന്നു! അവരുടെ പുത്രനോ? പുത്രന്റെ പുത്രനോ? വഴിയിലെവിടെ നിന്നെങ്കിലും കിട്ടിയതോ?

അവക്കവനോടുള്ള മനോഗതിയെന്താണു്? വാത്സല്യമോ? പേടിയോ? അതോ മറുവല്ലതുമോ?

അവനവരോടുള്ള മാനസിക ബന്ധം എന്താണു്? അമ്മയോ? പേടിപ്പിച്ചു കാര്യപിടുങ്ങേണ്ടവരോ? എന്തു്? എന്തു്?

നാടകം തീന്നു. ഞനെണീറ്റു. എത്രയും പിടിയുംകിട്ടാത്ത നൂറുനൂറു ചോദ്യങ്ങളും സന്ദേഹങ്ങളുമായി.

ദാമ്പത്യപരാജയം

സ്വപ്നസംഖലനം, ശീഘ്രസ്ഖലനം, ഇന്ദ്രിയസാദം, ഉല്ലാദനേന്ദ്രിയദൗർബ്ബല്യം എന്നിവയാൽ നിരാശരായി ദാമ്പത്യജീവിതത്തിൽ പരാജിതരായിക്കഴിയുന്നവരുടെ ഉറ്റ ചങ്ങാതിയാണു് ഞങ്ങളുടെ

രമണൻ

മേൽപറഞ്ഞ ഉപദ്രവങ്ങളെ മാറ്റി, യുവത്വത്തെ ഉത്തേജിപ്പിച്ചു് രതിയിൽ സംതൃപ്തിയുണ്ടാക്കുന്നു. ധാതുപുഷ്ടിയും, ഉജ്ജീവനശക്തിയും ഉല്പാദിപ്പിക്കുന്നു.

20 ഡോസ് ടിൻ 2 ക. മാത്രം. പാക്കിംഗ്, പോസ്റ്റേജ് വേറെ.

മാനേജർ, **സ്വതന്ത്ര ഫാർമസി, വക്കല—Travancore.**

മൃഗ്ദ്ധസ്മിതം

അയണിയറ.

(ശങ്കരനേ ശങ്കരനേ—രീതി)

പനിമതിതൻ പ്രഭയേതിരും
ശരന്നഭസ്സിന്നൊളിപോലെ
അവനിതലേ പാല്പൂടലിൽ
അലകളയർന്നാടിനില്പ്പൂ,
മധുരതരം മഹിതതരം
മറകളെഴും പൊരുളിയലും
മുരളികതൻ ഗീതികളാൽ
മുരരിപുതന്നണിനടനം
വിജയമാളും യവനികയാ
വിലസിടുമാസ്ഥാനത്തരംഗേ
ഇണിയറയ്ക്കുമണികിലുങ്കേ-
യനുപമമാം ശ്രുതിമുഴങ്കേ
അകലുകയായ് യവനികതൻ
ഇതളുകളങ്ങിരുവശമായ്.

II

തളിരണിയും തരുലതകൾ
തരളിതമാം ഹൃദയമൊട്ടും
നിറമെഴുന്ന മലർനിരകൾ
ചിരിയുതിരും വദനമൊട്ടും
കുളുസ്വനത്തോടിളകിയാട്ടം
മണമുതിരും പവനനേറ്റം
ഹരിതവർണ്ണപ്പട്ടുസാരി-
ക്കുരിയവെള്ളിക്കസവൊളിപോൽ
അഴകൊഴുകുമരുവിയൊട്ട-
മലംകൃതമാം മലർവനിയിൽ.
അതികൗതുകോന്മേഷമോടെ
ശോഭികമാരാശതരായ്.
വിരവോടങ്ങാനിമ്നഗയിൽ
വിഹരിക്കാനവരിറങ്ങി.
അലകൾമുറിച്ചുരയന്നംപോൽ
ഗതിതുടന്നാവിധുമുഖിമാർ.
പൊഞ്ചോടിക്കുത്തഞ്ചിടുംനൽ
പൃഞ്ചിരിപ്പൂങ്കുലകൾപൊട്ടി
സഞ്ചരിപ്പിച്ചിനിയനാദം
സഞ്ജനിപ്പിച്ചുംപുളകം.
കുളികഴിഞ്ഞാശ്ശോഭികമാർ
കരകയറീട്ടകമുരുകി
ഉടുതുണികൾക്കൊളിവുപറ്റി
കൊടിയുടയോത്തണലുപറ്റി
പരവശരായ് പതറുകയായ്
ഇണപിരിഞ്ഞാക്കോ-
കിലംപോൽ.

III

വടതരുവിൻ ശാഖകളിൽ
വടിവിയലും നിലയമതും
മാധവനാശ്ശോഭികളാം തൻ
മലകരീട്ടശ്രവണ കാൻ
മുഹസിതപൂർവ്വകമ-
മുരളികയിൽ ജീവനേകി.
അലയടിച്ചുങ്ങുഗമിച്ചോ
രസുലഭമാമൃതഗാനം
മധുരമോരും വേണുവിലൂ-
ടതിമുഖിമാർക്കണർവിയാറി.
ലജ്ജയുമൊട്ടിൽക്കളിത്തി-
രുജ്ജ്വലിക്കും രാഗമൊടേ
കുണുകുണുങ്ങും കുചയുഗളം
കരതളിരാൽ മറപിടിച്ചും
തുടുതുടുക്കും ജഘനഭരം
നെടിയവേണിക്കുരുമാളിച്ചും
ആനനമാമാസ്യമതി-
ലുലസൽഭാവം തെളിച്ചും
കരുണരസം കവിഞ്ഞൊഴുകും
കടമിഴിതൻ തരളതയാൽ
കലയതിയും കുവിതകളായ്
കമനരുടെ സവിധമെത്തി.
അപ്പൊഴുതമ്മധുരിപുവി.
നുൾക്കമലം വികസിതമായ്
കരുണയൊടുക്കുമുകിമാർ
കുരുളിപൂമ്പട്ടാടയെല്ലാം,

IV

കരിമുകിലോടതിരിട്ടമ-
ട്ടുരികുഴലിൽ പൂക്കരുപൂടി.
അളികുലംപോലളകങ്ങ-
ളിളകിയാട്ടും മുഖകമലേ
ആതലോലം ലോലലോലം
ലാലസിക്കും തിലകവുമായ്
സുഭഗപ്പൂൺപൊളിപോലെ
സുന്ദരിമാരണിഞ്ഞിറങ്ങി.
അങ്കുരിച്ചോരനുരാഗം
തങ്കിടുമക്കവിളിണകൾ
പൊഞ്ചായപ്രഭവീശി
ച്ചെഞ്ചൊടിക്കും നിറമേകി.
നടനകലാചതുരരാമ-
മ്മട്ടുമൊഴിമാരതിമോഹം
മുഗ്ധമുംപോൽമുലകുലുങ്ങേ
സ്നിഗ്ധമുംകൈവള കിലുങ്ങേ
രമ്യകുഴലിൻവലനത്തിൽ
പൊൻചിലമ്പിന്നൊലിമുഴങ്കേ
കുവലയമാംമിഴിയിണയിൽ
നവരസത്തിൽസുധതിരങ്കേ
കവനകലാകന്ദളിത-
ന്നനഘപ്പൂങ്കുതിരുകുംപോൽ
മുഗ്ധമതിതൻമൂഴവുംന-
ല്ലുഡുഗണത്തിൻ ദ്യുതിപോലെ
രാസലീലാലോലുപനാം
കേശവനോടൊത്തിണങ്ങി
പാവനമാംകേതിരസോ-
ന്മീലിതമാം മാനസരായ്
തൊഴുകൈയാൽ സ്തുതിചെയ്കേ
വഴുതിവീണായവനികയും.

ഭാരതത്തിലെ പ്രാചീനകല

കിളിമാനൂർ എൻ. കേശവൻ.

ഇൻഡ്യൻ കലയുടേയും സംസ്കാരത്തിന്റെയും പരദേശത്തേക്കുള്ള അതിശയകരമായ വികസനപ്രവൃത്തി അന്യരാജ്യങ്ങളിൽ നിന്നും കണ്ടത്തേണ്ടിയിരിക്കുന്നു. കാലം കടന്നതോടുകൂടി ഉത്തരഭാരതത്തിലെ കൊത്തുപണികളും ചിത്രവേലകളും നാമാവശേഷമായി. "ഇൻഡ്യയിലെ ഇൻഡ്യൻ കലകളെപ്പറ്റി അറിയുന്നതു ഇന്നു അതിന്റെനേർപകുതി മാത്രമാണു" എന്നത്രേസർജാൺമാർഷൽ അഭിപ്രായപ്പെട്ടതു. അതേപ്പറ്റി പരിപൂർണ്ണജ്ഞാനം സിദ്ധിക്കണമെങ്കിൽ മദ്ധ്യേഷ്യയിലേയും, ചൈനയിലേയും, ജപ്പാനിലേയും ബുദ്ധമതത്തിന്റെ വെളിച്ചത്തിലേക്കു മനഃപ്രയാണം ചെയ്യേണ്ടതുണ്ടു. ടിബ്ബറ്റ്, ബർമ്മാ, സയാം എന്നീരാജ്യങ്ങളിൽ ഇൻഡ്യൻ കല നവീനരൂപവും സൌന്ദര്യവും പ്രാപിച്ചു നമ്മെ അത്ഭുതപരതന്ത്രരാക്കുകയാണു. ജാവായിലും കംബോഡിയായിലും കല അതുല്യവും അതിമഹത്തുമായ സൃഷ്ടികർമ്മം ആവിർഭവിപ്പിച്ചിട്ടുണ്ടു. ഈ ഓരോ രാജ്യത്തിലും ഇൻഡ്യൻ കലയ്ക്കു പുതിയതായ പുനരുജ്ജീവനം ലഭിച്ചിരിക്കുന്നു.

ഭാരതീയകല, ഇവിടുത്തെ മതത്തോടും തത്വചിന്തയോടും അടുത്തബന്ധം പുലർത്തിയിരിക്കയാണു. സംഗീതത്തിലെന്നപോലെതന്നെകൊത്തുപണിയിലും പൌരസ്ത്യപാശ്ചാത്യാസ്വാദനരീതികർമ്മത്തിൽ വലിയൊരു ഉൾക്കടൽഉണ്ടു. ആധുനികയൂറോപ്യൻ കലാകാരന്മാരേക്കാൾ അധികമായി ഇൻഡ്യൻ കലയിൽ നിമഗ്നചിത്തരായിരുന്നതു യൂറോപ്പിലെ മദ്ധ്യകാലകലാകാരന്മാരായിരുന്നു. യൂറോപ്പിലെ കതീഡ്രലിൽ കാണപ്പെടുന്ന മതപരവും വിദൂരവീക്ഷണവിചക്ഷണവുമായ ഒരു സൌന്ദര്യാവബോധം ഇൻഡ്യൻ കലകർക്കു നിശ്ചയമായുംചേർന്നിരുന്നുവെന്നുവേണം കരുതുവാൻ. സൌന്ദര്യം ആന്തരികമായിരിക്കുന്നതാണു മെച്ചം. ശ്രുപസൌന്ദര്യം വേണ്ടഎന്നു ഇതിനർത്ഥമില്ല. ഗ്രീക്കുകാർ സൌന്ദര്യം സൌന്ദര്യത്തിനുവേണ്ടി ഇഷ്ടപ്പെട്ടപ്പോൾ. അതിൽ ആനന്ദം മാത്രമല്ല സത്യവും അവർ ദർശിച്ചു. പ്രാചീനഭാരതീയരും ഈ മതക്കാരായിരുന്നു.

പാശ്ചാത്യമോ പൌരസ്ത്യമോ ആയകലാവിഭേദങ്ങളെപ്പറ്റി യാതൊന്നും അറിഞ്ഞുകൂടാത്തവർക്കായാലും ചില ചിത്രവേലകളും കൊത്തുപണികളും രമ്യങ്ങളും കാണുമ്പോൾ അവരുടെ ഹൃദയം ആനന്ദനൃത്തം ചെയ്യുന്നു. ഒരു വല്ലാത്തവികാരം അവരെ വമ്പൽ കൊള്ളിക്കാറുണ്ടു. ചിലപ്പോൾ അല്പമാത്രം സന്തോഷിച്ചെന്നുവരാം; മറുചിലപ്പോൾ അതു തീരെ ഹൃദയത്തെ വശീകരിച്ചില്ലെന്നും വന്നേയ്ക്കാം; അങ്ങനെ ഗൌനിക്കാതെ അതു കടന്നുപോകാനും മതി; ചില വേള വല്ലാത്ത അത്ഭുതി ജനിപ്പിച്ചെന്നും വരാം. പക്ഷേ ആ കലാസൃഷ്ടിയുടെ ഗുണദോഷവിചിന്തനംചെയ്യാൻ അവർക്കുസാധിക്കാതെ വരുന്നു എന്നുകരുതി കലാസ്വാദനം ചെയ്യുകുടെന്നില്ലല്ലോ. നെഹ്രു ഒരിടത്തു പറഞ്ഞിരിക്കുന്നതു തനിക്കു കലയെപ്പറ്റി ഒന്നും അറിഞ്ഞുകൂടെന്നും, കലയെ പൂരാമ

ശിച്ചു സംസാരിക്കുന്നതിനു പ്രവീണനല്ലെന്നും ആണ്.” പക്ഷേ അദ്ദേഹം തുടരുന്നു:—“സിലോണിലെ അനുരാധപുരത്തുള്ള ബുദ്ധപ്രതിമ എന്നെ അത്യധികം ആകർഷിച്ചു. അതിന്റെ ഒരു രൂപം അനേകവർഷക്കാലം എന്റെ മനസ്സിൽ ഒട്ടിപ്പിടിച്ചിരുന്നു. പ്രത്യുത, കൊത്തുപണികൊണ്ടു കൊഴുപ്പിച്ചിരുന്ന ചില ദക്ഷിണേന്ത്യൻ ദേവാലയങ്ങളും എന്നെ തുലോം വെറുപ്പിച്ചിരുന്നു എന്നു മാത്രമല്ല ഒരു അസഹ്യത എന്നെ ബാധിച്ചിരുന്നു.”

യൂറോപ്യന്മാർ ഗ്രീക്കുകാരുടെ വീക്ഷണകോണിൽക്കൂടി ഇൻഡ്യൻ കലയെ ദർശിച്ചു. ഗാന്ധാരദേശത്തും അതിത്തിപ്രദേശങ്ങളിലും കണ്ടെത്തിയ കലാവിശേഷത്തെ Graeco- Buddhist art. അവർ വിലമതിക്കയും ഇൻഡ്യയിലെ മറ്റു രൂപങ്ങളെ അവർ അഗണ്യമായിത്തള്ളുകയും ചെയ്തു. അതബദ്ധമാണെന്നും ഭാരതീയ കല സ്വതന്ത്രവും ഉജ്ജ്വലവുമാണെന്നും ഗ്രീക്കോ ബൌദ്ധകല അതിന്റെ ഒരു പ്രതിച്ഛായ മാത്രമാണെന്നും അവർ ധരിച്ചു. ഈ ധാരണ ഇംഗ്ലണ്ടിൽനിന്നല്ല; യൂറോപ്പുഖണ്ഡത്തിൽനിന്നാണു് അതുവിർഭവിച്ചതു്. എന്നാൽ പണ്ഡിതന്മാരും, കലാകോവിദന്മാരും, മറ്റുള്ളവരുമായ നിരവധി ഇംഗ്ലീഷുകാർ, ഇൻഡ്യയുടെ ആന്തരികവും ബാഹ്യികവുമായ കായ്ക്കുരം കണ്ടറിഞ്ഞു് അതി പുരാണങ്ങളായ പല വിലപെട്ടനിധികളും ലോകദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുണ്ടെന്ന വസ്തുത മറക്കുന്നില്ല; മറയ്ക്കുന്നുമില്ല. സേവനോൽസുകതയിലും അഖണ്ഡ മൈത്രിയിലും ബദ്ധമാനിച്ചു് ഇൻഡ്യയുടെ കൃതജ്ഞത ആർജ്ജിച്ചിട്ടുള്ളവരും ഒട്ടനവധിയാണു്.

ഇൻഡ്യൻകലയിൽ ഉള്ളുഴിഞ്ഞു ആനന്ദിച്ചും അഭിനന്ദിച്ചും അതിനു പുതിയ സ്ഥാനം കല്പിച്ചും പ്രകീർത്തിച്ച ഇംഗ്ലീഷുകാരിൽ പ്രാമാണികത്വം അർഹിക്കുന്നവർ ലാറൻസ് ബിനിയൻ (Lawarence Binyon) ഈ ബി. ഹാവൽ (E. B. Havell) എന്നിവരാണു്. ഇൻഡ്യൻ കലയിലന്തർലീനമായിരിക്കുന്ന ആദർശാത്മകത്വവും സൌന്ദര്യസത്തയും ഹാവലിനെ വളരെ ഏറെ ആകർഷിച്ചുവെന്നു വേണം പറവാൻ. സംസ്കൃതസാഹിത്യത്തിനും സംഗീതത്തിനുമെന്നപോലെ കൊത്തുപണിയിലും കലാകാരൻ പ്രകൃതിയുമായി സാത്മ്യം പ്രാപിച്ചവിധം വൈദഗ്ദ്ധ്യം പ്രദർശിപ്പിച്ചിട്ടുണ്ടു്. ഏഷ്യൻ കലകൾക്കുള്ള ഒരു പ്രത്യേകതയും മൌലികത്വവും ഇതത്രേ. അജന്താഗുഹാരങ്ങളിലെ രൂപചിത്രങ്ങളൊഴികെ ഇൻഡ്യയിലെ പുരാതന കലാവിശേഷങ്ങൾ അധികമൊന്നും അവശേഷിക്കുന്നില്ല. ചൈനയിലെയും ജപ്പാനിലെയും ചിത്രവേലകളെ വിജയിക്കുന്ന ഇൻഡ്യൻ ചിത്രപ്പണികൾ നശിച്ചുപോയതു വലിയൊരു നഷ്ടമാകുന്നു.

ഭാരതീയ സംഗീതം ഐറോപ്യസംഗീതത്തെ അപേക്ഷിച്ചു തുലോം വ്യത്യാസപ്പെട്ടിരിക്കയാണു്. ചൈനയും വിദൂരപൂർവ്വദേശവുമൊഴികെയുള്ള ഏഷ്യാറിക്കു് സംഗീതത്തിനു് ഭാരതീയസംഗീതം മാറ്റും മഹിമാവും വരുത്തിയിട്ടുണ്ടു്. പേർഷ്യാ, അഫ്ഗാനിസ്ഥാൻ, അറേബ്യ, ടർക്കിസ്ഥാൻ, അറേബിയൻ പരിഷ്കാരം ഓളമിളക്കിയിരുന്ന ഉത്തരആഫ്രിക്ക, ആദിയായ മറ്റു രാജ്യങ്ങൾ എന്നിതുകളുമായി സംഗീതം മറ്റൊരു കണ്ണിക്കൂടി കൂട്ടിയിണക്കി. ഈ രാജ്യവാസികളെല്ലാം

ഇൻഡ്യൻ ക്ലാസ്സിക്കൽ സംഗീതത്തെ അഭിനന്ദിച്ചുപോന്നു.

ബിംബങ്ങളോടുള്ള മതവിരോധത്തിനും ഇൻഡ്യൻ കലയ്ക്കുമായി ചിലബന്ധമുണ്ട്. ബിംബാരാധനയ്ക്കു വേദങ്ങളും വിപരീതമായിരുന്നു. ബുദ്ധ വിഗ്രഹങ്ങളും മറ്റും ആവിർഭവിച്ചതു വളരെക്കാലത്തിനുശേഷമായിരുന്നു. ശക്തിസ്വരൂപമായ ഒരു ബോധിസത്വശിലാവിഗ്രഹം മധുരയിലെ കാഴ്ചബംഗ്ലാവിലുണ്ട്. ക്രിസ്താബ്ദാരംഭത്തിലെ കുഷാൻ വംശക്കാരുടെ കാലത്തോടനുബന്ധിച്ചായിരിക്കണം ഈ ബിംബത്തിന്റെ സൃഷ്ടി.

കലാവിനിമയകാലത്തിൽ ചീനയും ജപ്പാനും ഇൻഡ്യയും പരസ്പരം സഹകരിച്ചിട്ടുണ്ട്. സ്വതന്ത്രസ്ഥിതമായ ആകാരഭംഗിയാണു മെച്ചമായി എണ്ണപ്പെട്ടിരുന്നതു്. അജന്താഗുഹകളിലെ കലാസൃഷ്ടി ഗുപ്തന്മാരുടെ ഭരണകാലത്തായിരുന്നു. ഇതു് ഇൻഡ്യയുടെ സുവർണ്ണഘട്ടമത്രെ. ഇന്നത്തെ കലാകാരന്മാരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ചില്ലെന്നു വന്നിരുന്നാൽ തന്നെയും അജന്താഗുഹകളിലെ രൂപസൃഷ്ടികളും ഓജസ്സും തേജസ്സും രാമണീയകവും ഏറിയവ തന്നെയാകുന്നു.

അജന്താഗുഹകളിൽ കൈകായ്മും ചെയ്തവർ ബുദ്ധശ്രമണന്മാരായിരുന്നുവത്രെ. "സ്ത്രീസാഹചര്യം വെടിയുക; അവർ വിപത്കാരികളാകുന്നു" എന്നാണു് ഒരു ബുദ്ധസന്യാസിഅഭിപ്രായപ്പെട്ടതു്. പക്ഷെ അജന്താകഥാരങ്ങളിൽ വനിതകളെ അനവധി കാണാം. അവരോ, സർവ്വാംഗലാവണ്യാലംകൃതശരീരകരും, രാജന്യകന്യകകരും, സംഗീതവിദുഷികരും, നടനകലാലോലുപകരും. അജന്തായിലെ സ്ത്രീരൂപങ്ങളും സുപ്രസിദ്ധി ആർജ്ജിച്ചിരിക്കുന്നു. ചിത്രകലാകോവിദന്മാരായ ഈ സന്യാസിമാർ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ജീവിതനാടകവും, ഉലകവും ശരിയായി പഠിച്ചറിഞ്ഞവർ തന്നെ. ശാന്തിയുടേയും അതൈമതേജസ്സിന്റേയും പര്യായമായി നിലകൊള്ളുന്ന ബോധിസത്വവിഗ്രഹത്തിൽ ചെയ്ത കലാലേഖനം സ്ത്രീരൂപങ്ങളിലും ചെയ്യാൻ അവർ ഉത്സുകരായിരുന്നു.

ഭീമാകാരമായ ഒരു ശിലാശൈലത്തിന്റെ കേന്ദ്രത്തിൽ കൈലാസക്ഷേത്രം നിലനിറുത്തികൊണ്ടു് എല്ലോറാഗുഹകൾ സൃഷ്ടിച്ചതു് ഏഴാം എട്ടാം ശതകങ്ങളിലാണു്. മനുഷ്യനു, പരമാർത്ഥത്തിൽ വിശ്വസിക്കാൻ നിവൃത്തിമില്ലാത്ത വിധത്തിലാണു് അതിന്റെ നിർമ്മാണശക്തി വെളിവാകുന്നതു്. ത്രിമൂർത്തികളോടുകൂടിയ ഏലിഫന്റാഗുഹകളും ഇക്കാലത്തെ വിലപ്പെട്ടുന്ന ശേഖരധിയത്രെ. ഈ ഗുഹകളിൽ നൃത്തവൃത്തനായ നടരാജന്റെ ഒരു പ്രതിമ കാണപ്പെടുന്നു. നൃത്തത്തിന്റെ അതിവേഗത്തിലുള്ള ശക്തികൊണ്ടു് ആ പാറ സ്വയം കറങ്ങുന്ന പ്രതീതി ഉദിക്കുന്നുണ്ടെങ്കിലും, ബുദ്ധന്റെ വദനബിംബത്തിൽ കളിയാടുന്ന "ശാന്തി" നടരാജശീർഷത്തിൽ ഉണ്ടെന്നു മാത്രമേൽ മുക്തകണ്ഠം പ്രശംസിക്കുന്നു.

ബ്രിട്ടീഷുമ്യൂസിയത്തിൽ മറ്റൊരു നടരാജവിഗ്രഹം ഉണ്ടു്. ജാവായിലെ ബൊറോബുദ്ധർ നഗരത്തിൽ നിന്നും കോപ്പൻഹാഗനിലുള്ള ഗ്ലിപ്ട്ടോടെക് എന്ന പട്ടണത്തിലേക്കു കൊണ്ടുപോയിട്ടുള്ള ബോധിസത്വവിഗ്രഹം ഉണ്ടു്. തലമാത്രമേ കാണുന്നുള്ളു. യഥാർത്ഥസൌന്ദര്യം എന്താണെന്നു അതു കാണിച്ചുതരുന്നു. ബോധിസത്വന്റെ പരിശുദ്ധാത്മാവു് അതിനു

ള്ളിൽ അന്തർലീനമായിരിക്കുന്നെന്നു ഫാവൽ അഭിപ്രായപ്പെടുന്നു. അമാനുഷികമായ സൌന്ദര്യവും മുകിൽ രഹിതാന്തരീക്ഷനൈർമ്മല്യവും ശാന്തതയുടെ അഗാധതയും അതിൽ ദ്യോതിക്കുന്നു.

ജാവായിലെ ഇൻഡ്യൻകല അതേതു ഭൂവിഭാഗത്തിൽനിന്നു വന്നുവോ അതിൽനിന്നും തുലോം വ്യത്യസ്തമായിരിക്കുന്ന ആനന്ദവും സംതൃപ്തിയുമാണു് Indo-Javanese Art-ൽ കൂടികൊള്ളുന്നതു്. അതിനാൽ ഇവിടെ എത്രമാത്രം രാഷ്ട്രീയ ക്കൊട്ടുകാറേറാ, കോളിളക്കങ്ങളോ സംഭവിച്ചാലും ഈ കലയുടെ അവശിഷ്ടങ്ങൾ ശേഷിക്കുന്നിടത്തോളംകാലം ഇൻഡ്യ ആത്മവീര്യത്തിൻറേയും, ശാന്തിയുടേയും ഒരു പ്രത്യേക ഭൂഖണ്ഡമായിരിക്കുകതന്നെ ചെയ്യും. എലിഫൻറായിലും മാമല്ലപുരത്തുമുള്ള കൊത്തുപണികൾ ഹൈന്ദവപൂർവ്വപ്രദ്യോതിപ്പിക്കുന്നു. പക്ഷേ ജാവായിലേതു് മൂലമായ വികാരങ്ങളെ നഷ്ടപ്പെടുത്തുകയാണു് എന്നുവേണമെങ്കിൽ അഭിപ്രായപ്പെടാം.





കല്ലുവെച്ച ലിവർ വാച്ചുകൾ

എല്ലാ വാച്ചുകളും സ്വിസ്സ് മെക്ക്, കൃത്യസമയം കറിക്കുന്നു. ഇപ്പോൾ നിലവിലുള്ളതു് കൌതുകാകൃതി. ഓരോന്നും 10 കൊ. ഗാറണ്ടി. 4 ജൂവൽസ് ക്രോമിയം കൈസ് 17 ക. മേത്തരം 19 ക. 5 കല്ല പരന്നാകൃതി 23 ക. ലേഡീസ് കൈസസ് 27 ക. സപ്ലൈം പൂശിയതു് 30 ക 15 ജൂവൽ പ്ലയിറ്റ് ഷെയിപ് സുപീരിയർ 36 ക. 7 കല്ല് റെക്ടാങ്കുലർ ബ്രൈറ്റ് ക്രോമിയംകൂട് സ്ത്രീക്കോ പുരുഷനോ 30 ക. മേത്തരം 34 ക. റോ. ഗോൾഡ് 10 കൊല്ലം ഗാറണ്ടി 45 ക. 8 കല്ല് റോൾഡ് ഗോൾഡ് സ്റ്റീൽബേക്ക് 50 ക. ലേഡീസ് കൈസസ് 60 ക. 15 കല്ല് റോൾഡ് ഗോൾഡ് 78 ക അലാറം ടൈംപീസ് വാച്ച് 16 ക. സുപീരിയർ 18 ക. പോസ്റ്റേജ് ആൻഡ് പാക്കിങ്ങ് 14 ണ.

രണ്ടു വാച്ചുകൾ ഒന്നിച്ചു വാങ്ങുന്നവർക്ക് ഒരു സ്വ. എസ്. എ. ഫൌണ്ടൻപെൻ ഇനാം.

എഴുത്തുകുത്തുകൾ ഇംഗ്ലീഷിൽ മാത്രം.

JUBILEE WATCH Co., (K. L. 13)
Post Box No. 1221. CALCUTTA (5)

ഗദ്ഗദഗീതം

കവിയൂർ എം. ജി.

കുയിൽ:—

വാസന്തകാന്തിയിലമ്മലർവാടിയിൽ-
വാരൊളിവീശുന്ന പൂനിലാവിൽ
മാന്തളിരുണ്ടു മദംപൂണ്ടു ഞാനോരോ-
മഞ്ജുപെഴും ഗാനങ്ങളാലപിക്കെ,
തേൻതുള്ളി തുകം മട്ടേറെറാരു പാടിയോ-
രാനന്ദഗായക! നീയെന്തിപ്പോഴം
മൗനം ഭജിക്കുവ,തെന്തന്ന മറന്നിതോ-
മാനസംനീറുന്ന പാടിയാലും.

ഗായകൻ:—

മാമകമാനസവീണയിൽ തേനോലും
ഗാനംതുളുമ്പിച്ച പൂങ്കുയിലേ!
ഇല്ല, മറന്നില്ല നിന്നെഞാനെങ്കിലു-
മില്ലെനിക്കിന്നു മധുരനാദം.
ഗദ്ഗദപൂണ്ടുമെൻതൊണ്ടയിൽനിന്നിപ്പോ-
ളുൽഗമിക്കില്ലുല്ലാ ഹൃദ്യഗാനം
പൊള്ളുമെൻഹൃത്തിൽനിഴലിപ്പതൊക്കെയും
പൊള്ളുന്നരംഗത്തിൻ വേദനകാം.

കുയിൽ:—

തിങ്കളേ,മോമനപ്പൂക്കളേ,ചെന്തളിർ
തിങ്ങുന്നകോമളവല്ലികളേ,
പാടിക്കരഞ്ഞിക്കരഞ്ഞുകൊണ്ടിയെഴുകുന്ന
പൂഞ്ചോലയാറ്റിൻ നെൽപ്പാടങ്ങളേ
മാലേയപ്പൂന്തെന്നൽ തത്തിക്കളിക്കുന്ന
മാനസഹാരിയാം നൽത്തണലേ,
മന്നൊന്നണിയിട്ടമിന്നും പ്രപഞ്ചത്തിൽ,
നിന്നനമെന്തിനു വേദനിപ്പൂ?

ഗായകൻ:—

കൃത്രിമസൗന്ദര്യാരാധകർ, മർത്ത്യർക്ക്.
കൃത്രിമലാവണ്യം ഹൃദ്യമല്ല.
കാഞ്ചനക്കട്ടകംമാത്രമേ ലോകത്തിൻ
കണ്ണുകൾക്കാനന്ദമേകുകയുള്ളൂ.
വിത്തപ്രതാപ,മീ വിണ്ണവർകൂപ്പുന്ന-
വിശ്വത്തെക്കഷ്ടം നരകമാക്കി-
കാണുന്നതൊക്കെയും പ്രേതങ്ങൾ; മർത്തൃരു-
മാനവധർമ്മത്തിൻ പ്രേതക്കൂട്ടം.

കുയിൽ:—

മാനവൻ, വിജ്ഞാനസമ്പന്നനെന്തിനും,
മാനിതോൽക്കൃഷ്ടമാം മാനദണ്ഡം.
ബുദ്ധ്യാനന്ദസമതപം പുലരുന്ന
ഗാന്ധിയുഗത്തിനു സാക്ഷിനില്പോൻ.
മന്നിൽനരകംചമച്ചെന്നോ? മൽസ്വരേ
യുന്മത്തൻപോൽ നീയുരപ്പതെന്തേ?
വന്നാലും നമ്മൾക്കിപ്പാരിനെ,ത്തേൻപെയ്യും
പൂന്തോവനമാക്കാം പാടിപ്പാടി.

ഗായകൻ:—

ഭാരിദ്ര്യമയ്യോചവച്ചൊട്ടുപ്പിയോ—
രന്തര,രസ്ഥിമാത്രാവശിഷ്ടർ.
പിച്ചയ്ക്കായ് നീട്ടുമക്കൈക്കുമ്പിൾനിർദ്ദയം
തച്ചുടച്ചീടുന്ന മാനവത്വം;
കഷ്ടം! വരണ്ടോരുത്തൊണ്ടനനയ്ക്കുവാൻ
കണ്ണീർകുടിക്കുന്ന പാവങ്ങടെ
വേപ്പിൽ,കുരിത്തോണിയേടിച്ച പാഞ്ചോട്ടം
മൂർഖനിയമം നിറഞ്ഞലോകം;
മാനവസംസ്കാരകല്പകം പുഷ്പിച്ച
സ്വനങ്ങളാത്മീയ സന്ദേശങ്ങളം
ജീവിതസത്യം തെളിച്ച മതങ്ങളി-
ജ്ജീവലോകത്തിൻ കഴുത്തറപ്പാൻ.
വാഴ്ച്ചംമദംപൂണ്ടുവാഴുന്നിയന്യായം
പേക്കൂത്തിക്കൊണ്ടുകുത്താട്ടം വിശ്വം
എല്ലാം നരബലിക്കുള്ളസന്നാഹങ്ങ-
ളെല്ലാം പൈശാചികമത്സരങ്ങൾ.
എങ്ങനിക്കുല്ലാന്തവഹ്നിയിൽ നീറാതെ
മംഗളമഞ്ജുളഗാനം പാടും
പാരിന്റെ വേദനയൊട്ടകത്തിനാൻ
പാടട്ടെ! ഗദ്ഗദഗീതകങ്ങളം.

ആശാലത

അദ്ധ്യായം ഏഴ.

അന്നു വിലാസന്റെ അടുക്കൽ നിന്നു പണവും വാങ്ങിക്കൊണ്ടു പോയ ശരച്ചന്ദ്രൻ പിന്നെ അവിടെ വന്നതേ ഇല്ല. പതിനഞ്ചു ദിവസമായിട്ടും ശരച്ചന്ദ്രൻ വരാഞ്ഞതു കണ്ടു് വിലാസന്നു മനസ്സിൽ ആശ്ചര്യവും സന്ദേഹവും ഉദിച്ചുതുടങ്ങി.

ശരച്ചന്ദ്രനെ അന്നയദ്ദപ്പാ കണ്ടുമുട്ടിയപ്പോൾ താൻവളരെനാളായി മനസ്സിൽ വച്ചിരുന്ന ദുഷ്ടസങ്കല്പത്തെ വെളിപ്പെടുത്തി, അതിനെപ്പറ്റി ചർച്ചചെയ്തു് ഒരു തീർച്ചയിൽ എത്തേണ്ട സമയം വന്നു ചേർന്നു എന്നു വിലാസൻ വിശ്വസിച്ചു. എന്നാൽ അയാൾ വരാതിരുന്നതു കണ്ടപ്പോൾ അദ്ദേഹത്തിന്റെ ആ വിശ്വാസം ഇരുമ്പുകുറഞ്ഞ കളിമണ്ണുപോലെ, വെടിച്ചു് തുണ്ടുതുണ്ടായിപ്പോയി. ഒരുകാര്യത്തെ തനിച്ചു ചെയ്യാതെ പലരുമായി ആലോചിച്ചു ചെയ്യുന്നതിൽ അദ്ദേഹത്തിനു് അപാര വിശ്വാസം ഉണ്ടായിരുന്നു. ആശ വിമുഖയായിട്ടു് വെളിയിൽ വന്നാലുടനെ, അവളുമായി ആലോചിച്ചു്, ദേശസേവനവിഷയകമായി പ്രയോജനമുള്ള എന്തെങ്കിലും കാര്യത്തിൽ ഏർപ്പെടണം. പിന്നീടു് 'വന്ദേമാതരം' എന്നു ഉയർന്നുപോകുന്നമട്ടിൽ ക്രമേണ വിളിച്ചുപറഞ്ഞിട്ടും, മുദ്രാവാക്യങ്ങൾ വിളിച്ചുപറഞ്ഞിട്ടും, പ്രയോജനമൊന്നുമില്ലെന്നു മനസ്സിലാക്കി ആശയേയും ഫലപ്രദമായ ഏതെങ്കിലും മാർഗ്ഗത്തിലേക്കു് തിരിച്ചുവിടണം.

ഈ മഹത്തായ കാര്യങ്ങളിൽ, വീരനായ ശരച്ചന്ദ്രന്റെ ഉപദേശവും ലഭിക്കാതിരിക്കയില്ലെന്നു വിലാസൻ ആശ്വസിച്ചിരുന്നു. അങ്ങനെ ഇരിക്കവേയാണു് അയാളെ അന്നയദ്ദപ്പാ സന്ധിച്ചതു്. ഇനി തന്റെ ദുഷ്ടസങ്കല്പം തീർച്ചയായും ഫലിക്കുമെന്നു് അദ്ദേഹം വിചാരിച്ചു. ആശ, ശരച്ചന്ദ്രൻ, ഇവരോടുകൂടിയാലോചിച്ചും തന്റെ മനസ്സിലിരിക്കുന്ന മാർഗ്ഗങ്ങളെ വെളിപ്പെടുത്തിയും, ദേശസേവനത്തിനുള്ള ഒരു സുകരവും ഫലപ്രദവുമായപദ്ധതി രൂപവത്കരിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ മനോഭാവം. എന്നാൽ യദ്ദപ്പാ കണ്ടുമുട്ടിയ ആ ശരച്ചന്ദ്രൻ പിന്നെ എവിടെപ്പോയ്ക്കളഞ്ഞോ എന്തോ?

പത്തു ദിവസം കഴിഞ്ഞു; ഇരുപത്തിഅഞ്ചു ദിവസങ്ങളായി; ഒരു മാസവും കടന്നുപോയി. എന്നിട്ടും ശരച്ചന്ദ്രൻ വരാഞ്ഞതെന്തു്? അയാൾ എവിടെപ്പോയോ എന്തോ? എന്താപത്തിൽ ചെന്നുചാടിയോ? വിലാസനു വ്യസനവും സന്ദേഹവും ഏർപ്പെട്ടു എന്നു പ്രത്യേകിച്ചു പറയാനുണ്ടോ?

ഒടുവിൽ അദ്ദേഹത്തിനു് ഒരു യുക്തി തോന്നി. ആശ നടത്തിവന്ന പാൽകിടങ്ങിൽ ഒരു പക്ഷേ അയാൾ തങ്ങിയിരിക്കും. ആ പാൽക്കിടങ്ങു് പർലാഭോഗ് എന്നസ്ഥലത്താണല്ലോ. ആശ ജയിലിൽപോയെങ്കിലും, പാവപ്പെട്ടകുഞ്ഞുങ്ങൾക്കു തുച്ഛവിലയ്ക്കു പാൽവിതരണം ചെയ്യുന്നതിനായി അവൾ സ്ഥാപിച്ച ആ കിടങ്ങു

മുടങ്ങാതെ നടത്തിക്കൊണ്ടു പോകുന്നതിനുള്ള ഏർപ്പാടുകളും നേരത്തെ ചെയ്യുവച്ചിരുന്നു എന്നു് അദ്ദേഹത്തിനറിയാം. ശരച്ചന്ദ്രൻ ആശയെ സഹായിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഇപ്പോൾ പാൽക്കിടങ്ങിന്റെ നടത്തിപ്പിൽ ശ്രദ്ധ വച്ചുകൊണ്ടിരിക്കയായിരിക്കാം. ആരറിഞ്ഞു? എന്നാൽ ഇതിനു മുൻപൊരിക്കലും അയാൾ പാൽക്കിടങ്ങിനെ സംബന്ധിച്ച ഒരു വേലയിലും തലയിടാറില്ലായിരുന്നല്ലോ. ഒരു പക്ഷേ, അടിക്കടി അയാൾ അവിടെച്ചെന്നു് അന്വേഷണം നടത്തിക്കൊണ്ടിരിക്കുമെന്നു വരാം. എന്തായാലും അവിടംവരെ ചെന്നു് ഒന്നു നോക്കീട്ടുവരുന്നതിൽ ദോഷമൊന്നും വരാനില്ലല്ലോ, എന്നുള്ള വിചാരത്തോടുകൂടി വിലാസൻ ശരച്ചന്ദ്രനെത്തേടി പാൽക്കിടങ്ങിലേയ്ക്കു പുറപ്പെടാൻ തീർച്ചയാക്കി.

വേഗത്തിൽ വസ്ത്രങ്ങൾ മാറിയിട്ടു് അദ്ദേഹം അങ്ങോട്ടു തിരിച്ചു. എന്നാൽ കോണിപ്പടിവിട്ടു താഴെച്ചെന്ന ഉടനെ ടെലിഫോൺ മണി. "കണകണ" എന്നടിച്ചു. വിലാസൻ ഫോൺറിസീവർ കാതിനരികിൽ വച്ചുകൊണ്ടു ചോദിച്ചു:—

"ഹലോ! ആരോടാ സംസാരിക്കാനാണു് ആഗ്രഹിക്കുന്നതു്?"

"വിലാസനോടു്".

ആ പേരു കേട്ട ഉടനെ വിലാസനു് അല്പം വ്യാകുലതയുണ്ടായി. കാരണം മറെറാന്നുമായിരുന്നില്ല. ലൈനിന്റെ മറേറ അഗ്രത്തിൽ സംസാരിക്കുന്ന കുരൽ എൽസിയുടേതാണെന്നു് അദ്ദേഹത്തിനു മനസ്സിലായി. ലോനാവലാവിൽ നിന്നു തിരിച്ചുവന്നശേഷം അദ്ദേഹം എൽസിയെ ഒരുകുറിയെങ്കിലും സന്ദർശിക്കയുണ്ടായിട്ടില്ല.

സംഭാഷണം തുടരണമോ? റിസീവർ താഴെവച്ചിട്ടു് കമ്പി നീട്ടണമോ?' എന്നു് ആലോചിച്ചുകൊണ്ടു് ഒന്നും മിണ്ടാതെ അദ്ദേഹം തെല്ലുനേരം സംശയിച്ചുനിന്നു.

വീണ്ടും എൽസിയുടെ കുരൽ—അല്പം ശോകം കലർന്ന മട്ടിൽ

"ഹലോ! ഹലോ! വിലാസൻ വീട്ടിലുണ്ടോ?" എന്നു്.

"ഉണ്ടു്—ഞാൻ തന്നെയാണു സംസാരിക്കുന്നതു്."

"പ്രിയസുഹൃത്തേ! വാസ്തവത്തിൽ നിങ്ങളം തന്നെയോ സംസാരിക്കുന്നതു്?"

അവളുടെ ആ കുരലിൽ എത്ര സ്നേഹവും, വിനയവും, പ്രേമത്തിന്റെ നിഴലും ഒക്കെ കലർന്നിരുന്നു!

എന്നാൽ അതുകൊണ്ടൊന്നും യാതൊരു മാറ്റവും വിലാസന്റെ ഹൃദയത്തിൽ ഉണ്ടായില്ല. അദ്ദേഹം മിണ്ടാതെ നിലകൊണ്ടു.

"ഞാൻ നിങ്ങളോടു് വളരെ വളരെ കോപിച്ചിരിക്കയാണു്. അറിയാമോ?"

"കോപിച്ചിരിക്കുന്നോ? എന്തിനു ദേവി?"

"ഇങ്ങനെ ബോംബേ പട്ടണത്തിൽ ഇരുന്നിട്ടും നിങ്ങളം എന്നെ വന്നു കണ്ടില്ലല്ലോ? ഇന്നലെ വൈകുന്നേരം ഞാൻ ക്യാപിറ്റൽ സിനിമയുടെ വാതുക്കൽ നില്ക്കുവോ നിങ്ങളം നിങ്ങളുടെ മോട്ടാറിൽ പോകുന്നതു കണ്ടതുപ്പോഴാണു് നിങ്ങളം ഇവിടെത്തന്നെ ഉണ്ടെന്നു് എനിക്കു മനസ്സിലായതു്."

"ഇന്നലെത്തന്നെയാണു് ഞാൻ ഇവിടെ വന്നതു്."

"നിങ്ങൾക്കു കള്ളം പറയാൻ മടിയൊന്നുമില്ല. അതു് എനിക്കു നേരത്തെ അറിയാവുന്ന കാര്യമാണു്"

"ഞാൻ പറയുന്നതെല്ലാം വെറും പൊയ്യാണെന്നു വിചാരിക്കുന്നപക്ഷം, പിന്നെ എന്തിനിങ്ങനെ എന്നോടു സംസാരിച്ചു കൊണ്ടിരിക്കുന്നു?"

"അതിരിക്കട്ടെ; നിങ്ങൾ ഉടനെ എന്നെവന്നു കാണണം. നിങ്ങളെ കാണണമെന്നു ഞാൻ എത്രമാത്രം ആഗ്രഹിക്കുന്നു എന്നു നിങ്ങൾക്കറിയാമോ? എന്താണു മറുപടി ഒന്നും പറയാത്തതു്? ഉടനേ വരുമോ?"

"എന്തു്? ഇപ്പൊഴോ?"

"അതേ! ഇപ്പോൾതന്നെ! ഞാൻ കന്നടത്തിലോ പുഷ്ടുഭാഷയിലോ അല്ലല്ലോ സംസാരിച്ചതു്?"

വിലാസൻ ഉറക്കെച്ചിരിച്ചു. ആ ചിരിയുടെ ഒലി എൽസിയുംകേട്ടുകാണണം

"എനിക്കു് നിങ്ങളെപ്പോലെ 'അവിട്ടു' ചിരി ചിരിക്കാൻ വശമില്ല. അതുകേട്ടിട്ടു് എനിക്കു നിങ്ങളോടു കോപമാണെന്നാകുന്നതു്" എന്നു അവൾ പറഞ്ഞു.

"ആ കോപവേഗത്തിൽ ഇനി പന്ത്രണ്ടു കൊല്ലത്തേക്കു് എന്നെ കണ്ണെടുത്തു നോക്കുകയേ ഇല്ലെന്നു ശപഥംചെയ്തേക്കുംപോലെ തോന്നുന്നല്ലോ."

"പന്ത്രണ്ടു കൊല്ലമോ? ഈശ്വരാ! അതിനിടയ്ക്കു ഞാൻ ചത്തു മണ്ണടിഞ്ഞുപോകുമല്ലോ?—ഇനി പന്ത്രണ്ടുനിമിഷം പോലും കഴിച്ചുകൂട്ടാൻ നിവൃത്തിയില്ല. ഉടനേ പുറപ്പെടണം."

"എൽസി, വാസ്തവത്തിൽ എനിക്കിപ്പോൾ തിടുക്കത്തിൽ ചെയ്യേണ്ട ഒരു കാര്യം ഇരിക്കുന്നു."

"കോപ്പും കീപ്പും! അതൊക്കെ പിന്നീടാകാം. എന്നെക്കുറിച്ചു നിങ്ങൾക്കു തെല്ലുപോലും കരുണ ഇല്ലയോ?"

"നിങ്ങളുടെമേൽ കരുണ തോന്നാത്തക്കവണ്ണം എന്തുപറ്റി എൽസി? അതിരിക്കട്ടെ, വാസ്തവത്തിൽ ഒരു അത്യാവശ്യകാര്യത്തിനു എനിക്കു പോകേണ്ടിയിരിക്കുന്നു."

ഇപ്രകാരം പറഞ്ഞിട്ടു് വിലാസൻ, എൽസിക്കു പിന്നീടൊന്നും പറയാൻ ഇടംകൊടുക്കാതെ, റിസീവർ താഴത്തുവച്ചശേഷം അവിടെ നിന്നു കടന്നു.

വിലാസന്റെ തൽക്കാല നവ്യജീവിതത്തിൽ, മുമ്പിരുന്ന കെട്ടുപാടുകളെല്ലാംഅറുത്തു തള്ളുവാനുള്ള ശ്രമങ്ങളാണു നിരന്തരം നടന്നുകൊണ്ടാണിരുന്നതു്. എന്നാൽ അതു് അത്രസുഖകരമായ ഒരുകാര്യമായിരുന്നില്ല. അതിനാൽ അദ്ദേഹത്തിന്റെ മനസ്സിനു വലുതായ കലക്കം സംഭവിച്ചു.

പരലാബാഗിൽ ചെന്നു പാൽക്കിടങ്ങിൽ ശരച്ചന്ദ്രനുണ്ടൊ എന്നു് അന്വേഷിച്ചതിൽ അയാളെ അവിടെങ്ങും കണ്ടില്ല. ആയിടയ്ക്കെങ്ങും അയാൾ അവിടെ ചെല്ലാറില്ലെന്നു അറിഞ്ഞപ്പോൾ അദ്ദേഹത്തിനു ശരത്തിനെ സംബന്ധിച്ചുണ്ടായ ഉൽക്കണ്ഠയും സന്ദേഹവും വർദ്ധിച്ചു. പിന്നീടു് അവിടെ നില്ക്കാതെ അദ്ദേഹം വീട്ടിലേക്കു മടങ്ങി.

വീട്ടിൽ തന്റെ മുറിക്കുള്ളിൽ പ്രവേശിച്ചമാത്രയിൽ അദ്ദേഹത്തിന്റെ ഒരു പരിചാരകൻ വന്നിട്ടു പറഞ്ഞു—

"യജമാനൻ ഇവിടെനിന്നു പോയതിനു ശേഷം ആരൊ ഫോണിൽ വിളിച്ചു ചോദിച്ചു"

"ആരു്?"

"ആരെന്നു നിശ്ചയമില്ല. ഇക്കഴിഞ്ഞ ഒരു മണിക്കൂറിനുള്ളിൽ അഞ്ചുവട്ടം വിളിച്ചു ചോദിച്ചു "സ്ത്രീശബ്ദം പോലിരുന്നു."

"ഓഹോ! അങ്ങിനെയെയോ? ശരി, നോക്കാം."

സംസാരിച്ചുകൊണ്ടുതന്നെ വിലാസൻ കോണിപ്പടിക്കു സമീപത്തേക്കു തിരിച്ചു നടന്നു. അതിനുള്ളിൽ വീണ്ടും ഫോണിന്റെ മണിയടിക്കുന്നതു കേൾക്കയാൽ ഭൃത്യൻ പറഞ്ഞു! "ഇതാ! വീണ്ടും മണി അടിക്കുന്നു"

ഒരു പക്ഷേ ആ ഭൃത്യൻ അവിടെത്തന്നെ നില്ക്കാതിരുന്നെങ്കിൽ, വിലാസൻ ടെലിഫോൺ എടുത്തു മറുപടി പറയുമായിരുന്നോ എന്തോ? വിലാസൻ അനങ്ങിയില്ല.

ചെറുനേരം കഴിഞ്ഞു് അത്യേഹം എണീറ്റു് ടെലിഫോണിനു സമീപം ചെന്നു. ബുദ്ധിശാലിയായ ഭൃത്യൻ അവിടെ നിന്നു കടന്നു കളഞ്ഞു.

വിലാസൻ റിസീവർ കാതിൽ വച്ചും കൊണ്ടു പറഞ്ഞു:—

"ഹലോ"

"ആരു്? വിലാസനോ?"

"എൽസീ, നിങ്ങൾക്കു് ചിത്തംതലക്കു കേറിപ്പോയോ? മിനിട്ടിനു് ഒരു ഫോൺ വീതം ചെയ്തുകൊണ്ടിരിക്കുന്നല്ലോ"

"അതേ! അങ്ങനെതന്നെ. നിമിഷത്തിൽ ഒരു ഫോൺചെയ്തു കൊണ്ടേ ഇരിക്കും—ടെലിഫോണിനു് നിങ്ങൾ വഴങ്ങാതെ വന്നാൽ, നേരെ ബംഗ്ലാവിലേക്കുവന്നു നിങ്ങളെ കയ്യോടെ പിടിക്കുടാൻ പോവുകയാണു."

"എൽസീ, നിങ്ങളുടെ മൂളയ്ക്കു് സുഖക്കേടുവല്ലതും പറ്റിയോ?"

"നിങ്ങൾ എന്തു വേണമെങ്കിലും പറഞ്ഞുകൊള്ളുക. എന്നാൽ ഇന്നു് നിങ്ങൾ എന്നെ സന്ധിച്ചേ മതിയാവൂ"

"ഇല്ലെങ്കിൽ?

"ഞാൻ വിഷംസേവിച്ചു് ജീവൻ കൈവെടിയും. വിലാസൻ എന്നെ തിരസ്കരിച്ചതിനാൽ പ്രാണൻ വെടിയുന്നു എന്നു മേശപ്പുറത്തു് എഴുതി വച്ചിട്ടു ചാവും"

"എന്താണിങ്ങനെ ഭയങ്കരമായി സംസാരിക്കുന്നതു്?"

"കള്ളമല്ല—മുക്കാലും സത്യം."

"നന്നായിരിക്കുന്നു!—നിങ്ങൾ ഇങ്ങനെ ഒക്കെ സംസാരിക്കുന്നതു് എനിക്കു തീരെ പിടിക്കുന്നില്ല."

"എന്നാൽ വേഗം പറഞ്ഞൊടുത്തതെന്തു്?. വരാം എന്നു പറയൂ."

"ശരി, വരാം."

"എന്റെ കണ്മണി അല്ലേ?"

ഇപ്രകാരം പറഞ്ഞിട്ടു് എൽസി ഫോണിനു് ഒരു ചുംബനം കൊടുത്തു. ആ ശബ്ദം വിലാസനു് നല്ലപോലെ കേൾക്കാമായിരുന്നു.

* * * * *

എൽസിയുടെ വീട്ടിലെ കോണിപ്പടി കേറി അല്പം ചെന്നാൽ, വേറൊരു വശത്തോട്ടു് ഒന്നു തിരിയണം. അവിടെ പട്ടാപ്പകൽ പോലും കൂരിരുട്ടായിരിക്കും. എന്നാൽ ആ ഇരുട്ടത്തു ചില പടികൾ കൂടി കയറിച്ചെന്നാൽ, പൂർണ്ണമായ സൂര്യപ്രകാശമുള്ള കോവണിമുറിയിൽ എത്തും. അതിനാൽ താത്കാലികമായ ആ ഇരുട്ടിനെ ഒരു വലിയ ന്യൂനതയായി ആരും കരുതുകയില്ല. വായുസഞ്ചാരമുള്ള ആ അറയിൽ നുഴഞ്ഞു കയറിയ ഉടനെ

വിലാസന്റെ മനസ്സിൽ അല്പം ഉത്സാഹം ഉളവായി.

അദ്ദേഹത്തിനെ കണ്ട മാത്രയിൽ ഏലസിയുടെ ഹൃദയത്തിനു് യഥാർത്ഥമായ ആനന്ദാനുഭൂതി ഉണ്ടായെന്നു് അവളുടെ മുഖഭാവത്തിൽനിന്നു ആർക്കും കാണാമായിരുന്നു. ആ ആനന്ദത്തിരത്തല്ലലിൽ അവർ എന്തൊക്കെയൊ ചളപളപ്പറയാൻ തുടങ്ങിയതിനെ തടുക്കാൻ സാധ്യമല്ലെന്നു അറിഞ്ഞുകൊണ്ടു് വിലാസൻ അതിനായി ഒരുമ്പെട്ടില്ല.

തന്റെ ദർശനമാത്രത്താൽ അനേകം യുവതികൾക്കു് ആനന്ദാനുഭൂതി ഉണ്ടാവുന്നുണ്ടു് എന്നുള്ള പരമാർത്ഥത്തെ അറിയുന്ന ഏതു യുവാവിന്റെയും മനസ്സിൽ അല്പം ഗർവ്വം അങ്കുരിക്കാതിരിക്കയില്ല. എന്നാൽ അപ്രകാരം ഒരു ആനന്ദം അനുഭവിക്കുന്ന പെണ്ണിന്റെ പേരിൽ പ്രസ്തുത യുവാവിനു പ്രേമം ജനിക്കാതിരുന്നാലുള്ള കഥ വളരെ പരിതാപകരം തന്നെയായിരിക്കും.

വിലാസന്റെ അവസ്ഥ അങ്ങനെയാണിരുന്നതു്. അദ്ദേഹത്തിന്റെ മുഖഭാവം പാടേ മാറിപ്പോയിരുന്നു.

വിലാസന്റെ മുഖത്തുദിച്ച ആ ഭാവപ്പകർച്ച പക്ഷേ ഏലസി ഗൌനിച്ചില്ലെന്നു വരുമോ? അദ്ദേഹം അവിടെ വന്നതിനെക്കുറിച്ചു്—അല്ല—ആനയിക്കപ്പെട്ടതിനെക്കുറിച്ചു്—അവർ ആനന്ദപരവശയായിപ്പോയി. ആ ആനന്ദത്തിന്റെ തള്ളിച്ചയിൽ അവർ എന്തൊക്കെയോ പുലമ്പിക്കൊണ്ടേ ഇരുന്നു.

അദ്ദേഹം ഏലസി ഇരുന്നിടത്തു നിന്നു് അല്പം ദൂരത്തായിക്കിടന്ന ഒരു നാലുകാലിയിൽ ഇരുന്നതു് അവർക്കു തീരെ രസിച്ചില്ല. താൻ ഇരുന്ന സോഫയിൽ തന്റെ അരികത്തായി വന്നിരിക്കുന്നതിനു് അവർ വീണ്ടും വീണ്ടും നിർബന്ധിച്ചു എങ്കിലും, അദ്ദേഹം വഴിപ്പെടാഞ്ഞതിനാൽ അവർ എണീറ്റു് അദ്ദേഹം ഇരുന്ന നാലുകാലിയിൽ ഞെരുങ്ങി ഇരുപ്പായി.

താൻ പറഞ്ഞുകൊണ്ടിരുന്ന മൊഴികളിലൊന്നിലും, വിലാസന്റെ ശ്രദ്ധ പതിയുന്നില്ലെന്നുള്ളതു ഗൌനിക്കാതെ പിന്നെയും അവർ ഓരോന്നു അങ്ങനെ പറഞ്ഞുകൊണ്ടേ ഇരുന്നു.

താൻ എന്നും വിലാസനെ പ്രതീക്ഷിച്ചു വഴിയിലോട്ടു തന്നെ നോക്കിഇരിക്കാറുള്ളതും, അദ്ദേഹത്തിനെ ഒന്നു കാണുന്നതിനു് തന്റെ നേത്രങ്ങൾ എത്ര തീവ്രമായി കാംക്ഷിച്ചു കൊണ്ടാണിരുന്നതെന്നുള്ളതും ഒക്കെ എൽസി വർണ്ണിച്ചു. അന്നു തമ്മിൽ പിരിഞ്ഞശേഷം ആരോടൊക്കെ എവിടെല്ലാം വച്ചു ടെനിസ്സു കളിച്ചുവെന്നും ആരുടെ എല്ലാം വിരുന്നുകളിൽ പങ്കുകൊണ്ടു എന്നും പിന്നീടു വിവരിച്ചു. സമുദ്രസ്നാനത്തിനു് എവർ ആരോടെല്ലാം ഒപ്പം പോകാറുണ്ടു് എന്നുള്ളതും പറയാതെ വിട്ടില്ല. വിലാസനെ നാട്ടിലേക്കു അയച്ചതിൽ പിന്നീടു് എത്രപ്പിടികയും തുണികളും ആഭരണങ്ങളും വാങ്ങിയിട്ടുണ്ടെന്നു സവിസ്തരം പറഞ്ഞു കേൾപ്പിച്ചിട്ടു് അവയുടെ ഭംഗിയേയും മേന്മയേയും ഒട്ടുവളരെ പുകഴ്ത്തി. എന്നു മാത്രമല്ല അവയെല്ലാം എടുത്തുകൊണ്ടു വന്നു അദ്ദേഹത്തിനെ ഓരോന്നായി കാണിക്കുകയും ചെയ്തു. വീണ്ടും നാൽക്കാലിയിൽ അദ്ദേഹത്തിനൊപ്പം ഞെരുങ്ങി ഇരുന്നുകൊണ്ടു് താൻ കണ്ട സിനിമാപ്പടങ്ങളുടെ നല്ല അംശങ്ങളേയും ചീത്ത അംശങ്ങളേയും വിസ്തരിച്ചു പറഞ്ഞു കേൾപ്പിച്ചു. ഒരു ജ്യോത്സ്യനു

ഒരു അണ എറിഞ്ഞുകൊടുത്തിട്ട് അയാളെക്കൊണ്ട തന്റെ കൈരേഖകളെ നോക്കിച്ച കാശ്യവും വിട്ടകളഞ്ഞില്ല.

വിലാസൻ അവളുടെ വാക്കുകളെ തെല്ലുപോലും ഗൌനിക്കാതിരുന്നതു കണ്ടിട്ട് എൽസി, അദ്ദേഹത്തിന്റെ അഴകേറിയ—തന്നെ ബഹുദൂരം അകർഷിച്ചുപോന്ന-മയക്കിയ, കറുത്ത പളപളപ്പേറിയ-തലമുടിയെ തടവിക്കൊണ്ട്,

"പിന്നെ! ഞാൻ പറയുന്നതൊന്നും നിങ്ങളുടെ കാതിൽ വീഴുന്നേ ഇല്ലയോ?" എന്നു ചോദിച്ചു.

വിലാസൻ തന്റെ കൈകൊണ്ട് അവളുടെ കൈയിനെ തടഞ്ഞുകൊണ്ട പറഞ്ഞു:—"കേൾക്കാതെ പിന്നെ? ആ ജ്യോത്സ്യൻ എന്തുപറഞ്ഞു?"

"അമ്പമ്പോ! ആ ജ്യോത്സ്യൻ എന്തൊക്കെയോ പറഞ്ഞു. എന്നാൽ അവൻ പറഞ്ഞതെല്ലാം എനിക്കു വളരെ ഇമ്പമായിത്തോന്നി. ഒരേ ഒരു സംഗതി മാത്രം വളരെ ഭയങ്കരമായി.....

"അതെന്താണു? നിങ്ങളുടെ കല്യാണക്കാശ്യമാണോ?"

"അതേക്കാളും ഭയങ്കരമായതു്. പറയൂ എന്താണെന്നു്—ഞാൻ നോക്കട്ടെ"

"നിങ്ങളുടെ ചിറ്റമ്മ താമസിയാതെ മരിച്ചുപോകുമെന്നോ?"

"ഏറക്കറെ ശരിയായ ഉത്തരം തന്നെ. എന്നാലും മുഴുവനും ശരിയായിട്ടില്ല"

"എന്നാൽ സാരമില്ല. എൽസി, നിങ്ങൾതന്നെ പറയൂ"

"പറയട്ടെ! ഞാൻ ഇവിടെവച്ചു തന്നെ മരണം പ്രാപിക്കുമെന്നു"

"എടോ! ഈ മുറിയിൽ വച്ചോ."

"അറയെന്നും മുറി എന്നും ഒന്നുമില്ല. ഈ വീട്ടിൽ വച്ചു."

"കോണിപ്പടിയിലായിരിക്കാം—അവിടെ ഇരുട്ടാണല്ലോ. അവിടെവച്ചു സംഭവിച്ചേക്കാം. അതിരിക്കട്ടെ. ഈ മരണസംഗതി അറിയിക്കാനാണോ എന്നെ വിളിച്ചുവരുത്തിയതു?"

"എന്തു സംസാരിച്ചാലും നിങ്ങൾക്കു മടുപ്പുതോന്നുന്നില്ലല്ലോ?—എനിക്കു പറവാനുള്ളതെല്ലാം പറഞ്ഞുതീർത്തു. ഇനി ആഫീസ്കാശ്യം ഏതെങ്കിലും എടുത്തിട്ടാലെ സംഭാഷണത്തിനു വിഷയമുള്ളു:—അല്ലാതൊന്നും ഞാൻ നോക്കീട്ടു കാണുന്നില്ല. എന്നാൽ ഇനി ഞാൻ പറയാൻ പോകുന്നതു് ഒരു കാരണവശാലും വെളിയിൽ വിട്ടുകൂടാ—മനസ്സിലായോ? നിയമലംഘകന്മാരായ ചിലരെ ബോംബെയിൽ അറസ്റ്റു ചെയ്യാൻപോകുന്ന എന്നൊരു വർത്തമാനം....."

"ഓഹോ! അങ്ങനെയോ? അതുമാതിരി കാശ്യങ്ങളാണെങ്കിൽ കേൾക്കാൻ വളരെ രസമുണ്ടു"

"അതെ, അവ രസമുള്ളവ തന്നെ. ഈ നിയമവിരുദ്ധസംഘം പഞ്ചാബിൽനിന്നു വന്നിരിക്കയാണു്. ബംഗാളത്തുനിന്നും ചിലർ വന്നിട്ടുണ്ടു്. അവരോടു ബോംബെക്കാരൻ ഒരു ആസാമിയും ചേർന്നിരിക്കുന്നു. അയാളുടെ പേർ നാവിൽ..... എന്താണു്?.....അതേ.....ശരച്ചന്ദ്രൻ"

ആ പേരു കേട്ടമാത്രയിൽ വിലാസൻ ഒന്നു ഞെട്ടി. അദ്ദേഹം എൽസിയുടെ കൈപിടിച്ചു ബലമായി അമർത്തിക്കൊണ്ടു ചോദിച്ചു:—"എന്തു പറഞ്ഞു? ശരച്ചന്ദ്രനോ?"

എൽസി അദ്ദേഹത്തിന്റെ മുഖത്തു വന്നുചേർന്ന ഭാവഭേദകം കണ്ടിട്ടു സംഭ്രമപൂണ്ടു.

"ഇതു എന്തു? നിങ്ങളുടെ മുഖം പെട്ടെന്നു വിളറിപ്പോയല്ലോ! നങ്ങൾക്കു രസിക്കാത്ത പലതും ഞാൻ സംസാരിച്ചു കൊണ്ടേ ഇരുന്നു. ഞാൻ വെറും മൂഢ തന്നെ. എനിക്കു വളരെ സങ്കടമുണ്ടു്. ക്ഷമിക്കയില്ലേ? അല്പം ഇരിക്കൂ. ഇതാ വന്നുകഴിഞ്ഞു. ഒരു തംബ്ളേർ ഷർബത്തു് കൊണ്ടുവരാം. അതു കുടിച്ചാൽ മനസ്സിനു അല്പം സമാധാനം ഉണ്ടാവും—എന്റെ വീട്ടിൽ ഒരു പുതിയ വെപ്പുകാരി വന്നിരിക്കുന്നു. അവളുടെ പാചകത്തിന്റെ രുചി പറഞ്ഞറിയിക്കാവുന്നതല്ല. നിങ്ങൾക്കായി ഇന്നു സ്പെഷ്യൽ ഡിന്നർ തയാറാക്കാൻ പറഞ്ഞിരിക്കുന്നു. നിങ്ങൾ ഒരു ശാപ്പാട്ടുരാമനാണെന്നു എനിക്കു് അറിയാം. ഇല്ലേ?."

ഇതുയും പറഞ്ഞിട്ടു് അവൾ ഉറക്കെ ചിരിച്ചു. പിന്നീടു് വിചിത്രപ്പണികൾ ചെയ്തിട്ടുള്ള അലമാരിയിൽനിന്നു് ഉരുണ്ടുള്ള തട്ടങ്ങളേയും കോപ്പകളേയും ഒക്കെ എടുക്കാൻ തുടങ്ങി.

* * * * * *

രണ്ടുപേരും ശാപ്പാടിനായി ഭക്ഷണമുറിയിലേയ്ക്കു തിരിച്ചു. കസാലയിൽ ഇരിക്കവേ, വിലാസന്റെ ദൃഷ്ടി അവിടെ തൂക്കിയിരുന്ന ഒരു ഛായാപടത്തിൽ പതിഞ്ഞു. മുമ്പു് അങ്ങിനെ ഒരുപടം അവിടെ തൂക്കിയിരുന്നതായി വിലാസനു് ഓർമ്മയില്ല—അതു ആരുടെ പടമെന്നും അദ്ദേഹത്തിനു മനസ്സിലായില്ല.

"വിലാസ്! എന്താണിത്ര സൂക്ഷിച്ചു നോക്കുന്നതു?" എന്നു് എൽസി ചോദിച്ചു

"ആ ഫോട്ടോവിനെ"

"ഇത്ര സൂക്ഷിച്ചു നോക്കാൻ അതിലെന്തിരിക്കുന്നു.?"

"അതു് ആരുടെ പടം?"

"ആരുടെതായിരുന്നാലും നിങ്ങൾക്കെന്തു്? അതിരിക്കട്ടെ! നിങ്ങൾ എന്നെ നോക്കിക്കൊണ്ടു സംസാരിക്കയില്ലേ?"

"അതാരാണു്? പറയൂ"

"നിങ്ങളുടെ ഛായാപടത്തെ തങ്കച്ചട്ടം ഇട്ടു് കിടക്കറയിൽ തൂക്കിയിട്ടുണ്ടു്; ഇദ്ദേഹത്തിന്റെ പടത്തെ ഭക്ഷണമുറയിൽ തൂക്കിയിരിക്കുന്നതു കൊണ്ടു് നിങ്ങൾക്കു നീരസത്തിനു ലേശം വകയില്ല.? എന്തിനു് അദ്ദേഹത്തിന്റെ പേരിൽ സന്ദേഹവും ദ്വേഷവും കൊള്ളുന്നു.? അദ്ദേഹത്തിനോടു അസൂയയ്ക്കു് യാതൊരു കാരണവും ഇല്ല. എന്താ മനസ്സിലായോ?"

വിലാസനു് എൽസിയുടെ പേരിൽ അതിരറ്റ പ്രേമം ജനിച്ചിട്ടു് അവൾ തന്നെയല്ലാതെ മറ്റാരെയും പ്രേമിച്ചുകൂടെന്നുള്ള നിർബന്ധത്തോടുകൂടിയിരുന്നെങ്കിൽ, അവൾ പറഞ്ഞ ഈ വാക്കുകൾ അദ്ദേഹത്തിനു് ആനന്ദമായകമാകുമായിരുന്നു. എന്നാൽ അങ്ങനെ ഒന്നും ഉണ്ടായിട്ടില്ല. അദ്ദേഹം ഒരുകാലത്തും എൽസിയിൽ അനുരക്തനായിട്ടില്ല. ഇനി അതിനുള്ള ഭാവവും ഇല്ല. അദ്ദേഹത്തിന്റെ പഴയ വിനോദജീവിതമൊക്കെ പമ്പകടന്നുകഴിഞ്ഞിരിക്കുന്നു. അതിനാൽ എൽസി പറഞ്ഞ വാക്കുകളുടെ നിഗ്രഹാർത്ഥം അദ്ദേഹത്തിനു ശരിക്കു മനസ്സിലായതേയില്ല. എന്നാൽ അസൂയ എന്ന വാക്കു വിലാസന്റെ മനസ്സിനു് അല്പം കലക്കമുണ്ടാക്കി. അതിനാൽ അദ്ദേഹം പറഞ്ഞു:—"അസൂയയോ? ഛേ! ഛേ! നിങ്ങൾക്കു പറയാൻ ഇഷ്ടമില്ലെങ്കിൽ പറയേണ്ട. ഞാൻ അങ്ങനെ യദൃച്ഛയാ ചോദിച്ചുവെന്നല്ലാതെ എനിക്കു് അദ്ദേഹത്തിനോടു എന്തു അസൂയ! മുമ്പു് ഈ പടം ഇവിടെ

കാണാനില്ലായിരുന്നു. അതുകൊണ്ടു ചോദിച്ചു പോയതാണു്."

"മുമ്പു് ഈ പടത്തെ എനിക്കേങ്ങനെ ഇവിടെ തൂക്കാൻ കഴിയും? എനിക്കു് അന്നു് അദ്ദേഹത്തിനെ അറിയാമായിരുന്നില്ലല്ലോ. കഴിഞ്ഞ മൂന്നാഴ്ചയായിട്ടാണു് അദ്ദേഹത്തിനോടു് ഞാൻ പരിചയപ്പെട്ടതു്"

"ആരാണു് ഈ മനുഷ്യൻ?"

"നിങ്ങൾക്കു് ഇനിയും ആളെ കണ്ടുപിടിക്കാൻ സാധിക്കാത്തതു് അത്ഭുതമായിരിക്കുന്നു. ആറേഴു മാസങ്ങൾക്കു മുൻപു് പ്രാമാദമായ ഒരു കവർച്ചക്കേസ്സു വിചാരണയ്ക്കായി ഇദ്ദേഹം ബോംബേയ്ക്കു വന്നിരുന്നതല്ലാ? നിങ്ങൾക്കു് ഓർമ്മയില്ലേ?"

"അപ്പോൾ ഇതു ജസ്റ്റീസ് വൈറു് ഫീൽഡിന്റെ ഫോട്ടോ ആണെന്നോ?

"അതെ! അദ്ദേഹത്തിന്റെ തന്നെ"

എൽ. സി. യുടെ ഈ മറുപടി വിലാസന്റെ ചെവിയിൽ പതിഞ്ഞോ ഇല്ലയോ? ആരുകണ്ടു? എന്തുകൊണ്ടെന്നാൽ അദ്ദേഹം അശ്ചര്യത്തിൽ മുഴുകിപ്പോയിരുന്നു. ഒരു പട്ടാളക്കാരന്റെ പടം സുന്ദരിയായ ഒരു യുവതിയുടെ കൈയിൽ ഇരിക്കുന്നതിനെപ്പറ്റിയല്ല വിലാസനു് അശ്ചര്യം തോന്നിയതു്. പിന്നെയോ? ആ അടുത്തകാലത്തു താൻ വായിച്ചുതുടങ്ങിയ 'ഭാരതീയനാഗരീകത' ഇന്ത്യൻ സ്വാതന്ത്ര്യസമരം, നവ്യഭാരതത്തിന്റെ കർത്തവ്യം മുതലായ പുസ്തകങ്ങളുടെ കർത്താവായ അതേ ജസ്റ്റീസ് വൈറ്റ് ഫീൽഡിന്റെ പടം എൽ. സി. യുടെ വീട്ടിൽ യദൃച്ഛയാ കാണ്മാനിടവന്നതിനെപ്പറ്റിയാണു് അദ്ദേഹത്തിനു അശ്ചര്യം ജനിച്ചതു. വൈറ്റ് ഫീൽഡിന്റെ പുസ്തകങ്ങൾ അദ്ദേഹം വളരെ ഇഷ്ടപ്പെട്ടു എന്നു പറഞ്ഞാൽ അബദ്ധമില്ല.

ശാപ്പാടു് ഒരു വിധമൊക്കെ കഴിച്ചു എന്നു വരുത്തിയിട്ടു് തൂവാലകൊണ്ടു് കൈ തുടച്ചശേഷം, വിലാസൻ എണീറ്റു് ആ പടത്തെ വളരെ ശ്രദ്ധിച്ചു നോക്കി.

"ഇദ്ദേഹത്തിനോടു നിങ്ങൾ എങ്ങനെ പരിചയമായി?" എന്നു വിലാസൻ ചോദിച്ചു.

"അതു ഒരുവലിയ ഇതിഹാസമാണു്"

"ഇദ്ദേഹം ക്കൂടക്കൂടെ ഇവിടെ വരാറുണ്ടോ?"

"ഇല്ല, ഇല്ല, അദ്ദേഹം ഒരു മഹാവിദ്വാൻ. എനിക്കു് അദ്ദേഹത്തിനേപ്പറ്റി അതിരറ്റ മതിപ്പും സ്നേഹവുമുണ്ടു്. എന്നാൽ അതു പ്രേമമായി മാറാൻ ഇടയില്ലെന്നുള്ളതു് അദ്ദേഹത്തിനറിയാം. അതുകൊണ്ടു് എന്നെ ഒരു വിധത്തിലും അദ്ദേഹം ശല്യപ്പെടുത്താറില്ല. എന്നാൽ എന്തെങ്കിലും മനഃക്ലേശം ഉണ്ടാവുന്നതായാൽ, അദ്ദേഹം എനിക്കു ഫോൺ ചെയ്യും. പക്ഷേ 'വരാം' എന്നു ഞാൻ അറിയിച്ചു എങ്കിലേ അദ്ദേഹം ഇവിടെ വരികയുള്ളൂ."

"അദ്ദേഹത്തിനു മനഃക്ലേശമുണ്ടാവാൻ കാരണമെന്തു? ഞാൻ അദ്ദേഹം എഴുതീട്ടുള്ള പുസ്തകങ്ങൾ വായിച്ചിട്ടുണ്ടു്. ശോകത്തിന്റേയും ക്ലേശത്തിന്റേയും സ്പർശം പോലും അദ്ദേഹത്തിന്റെ കഥകളിൽ എങ്ങും കാണ്മാനില്ലല്ലോ. അവയുടെ ഗതി ആനന്ദമയമായിട്ടാണു് അനുഭവപ്പെടുന്നതു്."

"എടോ പൈതൃകമേ! ഒരാൾ എഴുതിയ പുസ്തകങ്ങളെ മാത്രം വച്ചുകൊണ്ടു് അയാളുടെ ഗുണാതിശയങ്ങളേയും ജീവിതരീതികളെയും കണ്ടുപിടിക്കാൻ സാധി

ക്കുമോ? നേരമറിച്ചു് ഗ്രന്ഥകാരന്മാർ തങ്ങളുടെ മനസ്സിനെ സമാധാനപ്പെട്ടത്താൻ വേറെ വഴികാണാഞ്ഞിട്ടു തങ്ങൾക്കു സാധ്യമല്ലാത്ത കാര്യങ്ങളെ പുസ്തകങ്ങളിൽ എഴുതിവിട്ടു സ്വയം തൃപ്തിയടയുകയാണു് ചെയ്യുന്നതു്. ദുഃഖിതനായ കാഥികൻ തന്റെ കഥകളിൽ സുഖത്തെ പ്രധാനമായി ചിത്രണം ചെയ്തു കാണിക്കുന്നു. വീരകഥകംരചിക്കുന്നവർ ജീവിതത്തിൽ മഹാ ഭീരുക്കളായിരിക്കുന്നില്ലേ? അതുപോലെ ജസ്റ്റീസ് വൈറ്റ്ഫീൽഡ് സുഖപര്യവസായികളായ കഥകൾ എഴുതിവിട്ടുന്നെങ്കിലും ദുഃഖമയമായ ജീവിതം നയിച്ചുപോരുന്നു.”

“ആഹാ! അങ്ങനെയാണോ?”

“അതേ! അദ്ദേഹത്തിന്റെ പത്നിക്കു ഭ്രാന്തു പിടിപെട്ടിരിക്കുന്നു; മകൻ അഴിച്ചുവിട്ട ഒരു കഴുത; മകളുടെ കഥയാണെങ്കിൽ, വിചാരിച്ചിരിക്കാതെ ഒരു വിപത്തിൽപ്പെട്ടു് കിടന്ന കിടപ്പിൽതന്നെ കിടക്കുന്നു. പാവം! അദ്ദേഹത്തിനെക്കാണുമ്പോൾ എന്റെ ഹൃദയം ഉരുകിപ്പോകുന്നു.”

“എന്തു കഷ്ടം!”

എന്നു പറഞ്ഞുകൊണ്ടു് വിലാസൻ തന്റെ ഇരിപ്പിടത്തിൽ ചെന്നിരുന്നു.

അല്പ സമയത്തിനു മുമ്പു് അദ്ദേഹം ജസ്റ്റീസ് വൈറ്റ്ഫീൽഡിനെപ്പറ്റി വേറെവിധത്തിലാണു് വിചാരിച്ചിരുന്നതു്. മികച്ച പാഠിപ്പും, ജ്ഞാനവും, വിഖ്യാതിയും സമ്പാദിച്ച ആ വയോധികൻ ഒരു ചെറുയുവാവിനെപ്പോലെ എൽ. സി. യുടെ വീട്ടിൽ അടിക്കടി വരുന്നതിനുള്ള കാരണം എന്തായിരിക്കും എന്നായിരുന്നു അദ്ദേഹത്തിന്റെ മനസ്സിൽ ഉദിച്ച പ്രശ്നം. നല്ലപോലെ ആലോചിച്ചതിൽ അദ്ദേഹം ഇവിടെ വരുന്നതു കേവലം കാമുഖംകൊണ്ടല്ലാ എന്നതു അദ്ദേഹത്തിനു സ്പഷ്ടമായി ഗ്രഹിപ്പാൻ കഴിഞ്ഞു. ഈ ലോകത്തിൽ പലപല വിഷയങ്ങളും ഒന്നോടൊന്നു പിന്നിപ്പിണഞ്ഞു് കുഴങ്ങിക്കിടക്കുന്നതിനെപ്പറ്റി വിലാസൻ അല്പനേരം ചുഴിഞ്ഞു ചിന്തിച്ചു.

ശാപ്പാട്ടു കഴിഞ്ഞു് എൽസി കത്തിച്ചുണ്ടിൽ പറ്റെവച്ചുകൊടുത്ത സിഗററു് ഒന്നു രണ്ടു കുറി വലിച്ചു പുകവിട്ടിട്ടു് അതിനെ ചാമ്പൽ കിണ്ണത്തിൽ ഇട്ടശേഷം വിലാസൻ പറഞ്ഞു:—എൽസി! നല്ലതു്! ഇനി ഞാൻ പോയിട്ടുവരാം.”

അദ്ദേഹം നീട്ടിയ രണ്ടു കൈകളേയും എൽസി അത്യന്ത സ്നേഹപൂർവം പിടിച്ചുകൊണ്ടു് “അതൊക്കുകില്ല എന്നെ വിട്ടുപോകാൻ ഞാൻ സമ്മതിക്കയില്ല.” എന്നു പറഞ്ഞു.

“എൽസി, എനിക്കിനി അധികനേരം ഇവിടെ തങ്ങിയിരിപ്പാൻ സാധിക്കയില്ല. വെറുതെ എന്നെ ഉപദ്രവിക്കരുതു.”

ഇപ്രകാരം പറഞ്ഞ അവസരത്തിൽ യദൃച്ഛയാ വിലാസന്റെ ദൃഷ്ടി ഫോട്ടോവിൽ പതിഞ്ഞു.

വിലാസൻ ആ പടത്തിൽ നോക്കിയതിനെ എൽസി വേറൊരു വിധത്തിൽ ആണു ധരിച്ചതു്. അവൾ പറഞ്ഞു:—“ഓഹോ! എനിക്കു കാര്യം മനസ്സിലായി! എന്നാൽ ഞാൻ നിങ്ങളെയല്ലാതെ മറാരെയും പ്രേമിച്ചിട്ടില്ല. ഇനി പ്രേമിക്കാൻ പോകുന്നുമില്ല. എന്തിനു വെറുതെ സന്ദേഹത്തിനു വശംവദനാകുന്നു? നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെന്നു വാ തുറന്നു് ഇതുവരെ പറഞ്ഞിട്ടില്ല. എന്നാൽ മുമ്പൊക്കെ എന്നെത്തൊട്ടു കളിക്കാറുണ്ടായിരുന്നു; കഴുത്തിൽ കൈയിട്ടു വളയ്ക്കാറു

ണ്ടായിരുന്നു; എന്താണ് അതൊന്നും ഇപ്പോൾ ചെയ്യാത്തതു? എന്നോടുണ്ടായിരുന്ന അല്പസ്നേഹംപോലും ഇപ്പോൾ ഇല്ലാതാവാൻ കാരണമെന്തു?"

വിലാസൻ അവളെ സൂക്ഷിച്ചുനോക്കി. അവളുടെ ചോദ്യത്തിനു നീണ്ട മറുപടി പറവാൻ എന്നപോലെ ഒരു ദീർഘനിശ്വാസം വിട്ടിട്ടു പറഞ്ഞു:—

"എൽസി, എന്നിൽ എന്തൊരു മാറ്റമാണു സംഭവിച്ചിരിക്കുന്നതെന്നു് എനിക്കു തന്നെ പറയാൻ സാദ്ധ്യമല്ല. നിങ്ങൾ എങ്ങനെ വ്യാഖ്യാനിച്ചാലും ശരി, അതിനെ ശരിയ്ക്കു വെളിപ്പെടുത്താൻ എനിക്കു കഴിവില്ല. നിങ്ങൾ മാത്രമല്ല, ആരു ചോദിച്ചാലും, എന്റെ ജീവിതത്തിൽ വന്നുചേർന്ന മാറ്റത്തിനു കാരണങ്ങൾ പറവാൻ എനിക്കു കഴിവില്ല. ചുരുക്കിപ്പറഞ്ഞാൽ, സുഖദുഃഖങ്ങൾ എനിക്കിപ്പോൾ ബലമായി അനുഭവപ്പെട്ടു തുടങ്ങിയിരിക്കുന്നു. മുൻപു വിനോദങ്ങളിലും, ഉത്സവങ്ങളിലും ഒക്കെ രമിച്ചുകൊണ്ടിരുന്ന എന്റെ മനസ്സു് ഇപ്പോൾ എന്തുകൊണ്ടോ നിലകൊണ്ഞു് അവയെ ഒക്കെ നിഗ്ദ്ധേഷം വെറുക്കുന്നു. മുൻപു യാതൊരു കുളിരിലും ചന്ദ്രികയുടെ കിരണങ്ങൾ എന്റെ മനംകവർന്നുകൊണ്ടിരുന്നോ, ഏതു കുളിർനിലാവെളിച്ചത്തിൽ, നാം രണ്ടുപേരും ഒന്നിച്ചു കളിയാടുക പതിവായിരുന്നോ—ആ ചന്ദ്രിക ഇപ്പോൾ മദ്ധ്യാഹ്നസൂര്യന്റെ ചണ്ഡകിരണങ്ങൾ പോലെ എനിക്കു് അനുഭവപ്പെടുന്നു. കാരണം എനിക്കറിവില്ല. വിനോദം എനിക്കിപ്പോൾ വേപ്പിൻകുരുവായിത്തീർന്നിരിക്കുന്നു. സ്ത്രീകളുമായി—പഴകുന്നതു ഒരു ഒരു സ്ത്രീയെ ഒഴിച്ചു് മറ്റു് ആരുമായി പഴകുന്നതു്—എനിക്കു ഇപ്പോൾ തീരെ ഇഷ്ടമില്ലാത്തകാര്യമാണു്."

എൽസി അദ്ദേഹത്തിനെ കുറച്ചുനേരം ഉറ്റുനോക്കിക്കൊണ്ടിരുന്നു. പിന്നീടു് അശ്രുപൂർവം "നിങ്ങൾ അപ്പോൾ പ്രേമാഗ്നിയാൽ ദഹിച്ചുകൊണ്ടിരിക്കയാണല്ലോ?" എന്നു ചോദിച്ചു.

"പിന്നെ എന്നെ അലട്ടുന്നതുകൊണ്ടു നിങ്ങൾക്കു എന്തുലാഭം ഉണ്ടാവാൻ പോകുന്നു?"

എൽസി വീണ്ടും വിലാസന്റെ കൈകളെ ഗ്രഹിച്ചു.

"ഇല്ല എൽസി, ഞാൻ നിങ്ങൾക്കു് ഒരു വിധത്തിലും ദുഃഖം ജനിപ്പിച്ചിട്ടില്ല. ഞാൻ നിങ്ങളോടു സ്നേഹഭാവത്തോടുതന്നെ.....

"ഞാനും നിങ്ങൾക്കു ഒരുവിധത്തിലും തിന്മ ചെയ്തിട്ടില്ല. എന്നാൽ വിലാസ! ഇന്നു് ഒരേ ഒരു ദിവസംമാത്രം നാം ഇരുവരും ഒന്നിച്ചു്....."

വിലാസൻ എൽസിയുടെ കൈകളെ വിടുത്തിയിട്ടു പറഞ്ഞു:—

"എൽസി, ഇതെന്തു്? ഞാൻ പറയുന്നതിനെ നിങ്ങൾ നിരാകരിക്കുന്നപക്ഷം എനിക്കു നിങ്ങളോടു വെറുപ്പുണ്ടാകും"


"നിങ്ങൾ എന്റെ വാക്കു തള്ളിക്കളഞ്ഞാൽ എനിക്കും നിങ്ങളോടു് അതിരറ്റ ദ്വേഷം ഉണ്ടാകും! ഒരു പെണ്ണിന്റെ ദ്വേഷം ആയിരം അമ്പുകളേക്കാളും കൊടിയതാണെന്നു് നിങ്ങൾക്കു അറിഞ്ഞുകൂടാ?"

"നിങ്ങൾക്കു എന്റെ പേരിൽ വിദ്വേഷം ജനിച്ചാൽ അതു എനിക്കു ദുഃഖകരമാണെന്നുള്ളതു വാസ്തവം തന്നെ. എന്നാൽ അങ്ങനെയാണു ഈശ്വരനിശ്ചയമെങ്കിൽ അതിനെ ആർക്കു മാറ്റാൻ സാധിക്കും? ശരി! നേരം വൈകുന്നു—പോയിവരട്ടെ?" എന്നു പറഞ്ഞിട്ടു് വിലാസൻ അവിടെ

ഒരു ക്ഷണംപോലും നില്ക്കാതെ വെളിയിൽ ഇറക്കി.

അന്നു വിലാസൻ തനിക്ക് ഒരു പുതിയ വിരോധിയെ സൃഷ്ടിച്ചു. എന്നാൽ അദ്ദേഹം ഉണ്ടാക്കിവച്ച ആ വിരോധിയുടെ സ്വഭാവത്തെപ്പറ്റി അദ്ദേഹത്തിനുതന്നെ ഒന്നും അറിയാമായിരുന്നില്ല. ആശയുടെ സമർപ്പിക്കാനുള്ള തന്റെ നിർദ്വന്ദ്വമായ പ്രേമത്തെ സമ്പൂർണ്ണപരിശുദ്ധിയോടുകൂടി സംരക്ഷിച്ചതിനാലുണ്ടായ പൊരുമ അദ്ദേഹത്തിനു അളവറ്റ ആനന്ദം ഉളവാക്കി. ഭക്തൻ ഈശ്വരനു ചെയ്യുന്ന പൂജയാൽ, തനിക്കു സുഖമുണ്ടാകുമോ ദുഃഖമുണ്ടാകുമോ എന്നൊന്നും നോക്കാറില്ല. പൂജയുള്ള പുഷ്പങ്ങൾ എല്ലാം പുതിയതായും വാസനയുള്ളവയായും ഇരുന്നാൽ ഭക്തനു സന്തുഷ്ടിയുണ്ടാവും.

പ്രേമിയുടെ കഥയും അതുതന്നെ. അവന്റെ പ്രേമം ആരിൽ എങ്കിലും അർപ്പിക്കപ്പെട്ടുവോ, അതുനിമിത്തം അയാൾക്കു ആനന്ദം ഉണ്ടാകുന്നോ ഇല്ലയോ എന്നു നോക്കാറേ ഇല്ല. താൻ സമർപ്പിക്കുന്ന പ്രേമം പരിശുദ്ധമായിരുന്നാൽമാത്രം അവൻ സംതൃപ്തനാണു.



പ്രിൻസ് ചാൾസ് ഫിലിപ് ആർതർ ജാർജ്ജ്—രാജകീയശിശു നാമകരണത്തിനുശേഷം.

മലയാളഭാഷ വശമുള്ളവർക്ക്

വായിക്കാൻ കൊള്ളാവുന്ന പുസ്തകങ്ങൾ.

റാണി മംഗളാഭായി

ഒരു പുരാരസികൻ ചരിത്രാഖ്യായിക
ഗ്രന്ഥകർത്താ:—കുറുപ്പുവീട്ടിൽ കെ.
എൻ. ഗോപാലപിള്ള വില 1-4-0

ശാരദ 2-ാം ഭാഗം

വായനക്കാക്ക് രസവും ആനന്ദാനുഭൂതിയും നൽകുന്ന ശാരദയുടെ രണ്ടാം ഭാഗം മറ്റു പലരും എഴുതിയിട്ടുണ്ടെങ്കിലും ഈ രണ്ടാംഭാഗം നിങ്ങൾ വായിച്ചിരിക്കേണ്ടതാണ്. വില 1-4-0

പോക്കളത്തിന്റെ പിന്നിൽ

ഒരു ചരിത്രാഖ്യായിക. ഗ്രാഹിക്കത്തക്ക പല ലക്ഷണങ്ങളും ഈ കൃതിക്കുണ്ട്. (മദ്രാ) വില 1 8 0

ചന്ദ്രമോഹിനി

(ഡിക്ടറീവു നോവൽ) ഗ്രന്ഥകർത്താ
സി. കെ. നാരായണൻ നായർ.
വില 1-4-0

യുവഹൃദയം

ഒരു ഒന്നാന്തരം നോവൽ.
ഗ്രന്ഥകർത്താ:—പാലാ ഗോപാലൻ
നായർ. വില 1 0-0

വിജയസൌധം

ചരിത്രാഖ്യായിക ഗ്രന്ഥകർത്താ:—
കെ. എൻ. ഗോപാലപിള്ള.
വില 0-12-0

പ്രതിഫലം

സരസഗായകകവി ശ്രീ. തിരുനയിനാർകുറിച്ചിയുടെ ഗദ്യനാടകം.
വില 0-12-0

പരിചാരിക

നോവൽ ദേവതയുടെ ഛായാനുവാദം
ഗ്രന്ഥകർത്താ:-തിരുനയിനാർകുറിച്ചി
വില 1-0-0

മണിഭൂഷണൻ

ലോകത്തിന്റെ സുഖാസുഖരൂപങ്ങളായ വിചിത്രതകളെ പ്രത്യക്ഷപ്പെടുത്തുന്ന ചെറുകഥകൾ. ഗ്രന്ഥകർത്താ
മേനാകൈമൾ വാസുദേവൻ ഉണ്ണിത്താൻ. വില 0-12-0

പ്രണയതൃഷ്ണ

ഗ്രന്ഥകർത്താ:—മേനാകൈമൾ വാസുദേവനുണ്ണിത്താൻ. ദ.ജെറുസലേമിന്റെ വംഗഭാഷാകൃതിയെ ഉപജീവിച്ചെഴുതിയിട്ടുള്ള ഗദ്യനാടകം.
വില 1-4-0

പ്രതിക്രിയ

പരിഭാഷകൻ:—
വിദ്വാൻ കെ. കെ. എം. പണിക്കർ.
ചന്ദ്രഗുപ്തന്റെ കഥ. ഗദ്യനാടക. രീതിയിൽ ലളിതഭാഷയിൽ എഴുതിയിട്ടുള്ളതു്. വില 1 0-0

സുന്ദിക്കുന്നമണ്ണ്

ഗ്രന്ഥകർത്താ—ശ്രീ: ഈ. എം. കോവൂർ.
8 ചെറുകഥകൾ. വില 1 4-0

അശോകത്തണലിൽ

ഗ്രന്ഥകർത്താ—ശ്രീ. ഈ. എം. കോവൂർ.
9 ചെറുകഥകൾ. വില 1-4-0

കുത്തുവലം

ഗ്രന്ഥകർത്താ—ശ്രീ: ഈ. എം. കോവൂർ
12 ചെറുകഥകൾ. വില 1-4-0

ദേവികാറാണി

ഗദ്യനാടകം. അനുവാദകൻ:— ആർ. നാരായണപ്പണിക്കർ ബി. ഏ. എൽ. റ്റി. ജർമ്മൻ മഹാകവിയായ ഷില്ലരുടെ കൃതിയെ ഉപജീവിച്ചെഴുതിയതു്. വില 1 0-0

ലളിത

അനുവാദകൻ:— ആർ. നാരായണപ്പണിക്കർ ബി. ഏ., എൽ. റ്റി. വംഗസാഹിത്യചക്രവർത്തിയായ ശരച്ചന്ദ്രചട്ടോപാദ്ധ്യായന്റെ രണ്ടു സാമുദായിക നോവലിന്റെ പരിഭാഷ. വില 1-0 0

രമ

ശരച്ചന്ദ്രചട്ടോപാദ്ധ്യായന്റെ ഒരു ചതുരങ്കനാടകത്തിന്റെ വിവർത്തനം. വിവർത്തകൻ:—ആർ. നാരായണപ്പണിക്കർ ബി. ഏ., എൽ. റ്റി. വില 1-8-0

രാത്രി

ഗ്രന്ഥകർത്താ:—രാമകൃഷ്ണൻ. ഡിറ്റക്ടീവ് നോവൽ. വില 1-0-0

മറവിൽ

ഗ്രന്ഥകർത്താ:—പി. കേശവദേവ് 7 ചെറുകഥകൾ. വില 1-0-0

കാമശാസ്ത്രഗ്രന്ഥങ്ങൾ.

കാമരഹസ്യം

വില 1 8-0

കാമശാസ്ത്രം (2 ഭാഗങ്ങൾ)

വില 6 0-0

കാമകല

വില 0 12-0

കാമീയജീവിതം

വില 0-12-0

രതിരഹസ്യം

വില 1 4-0

അനംഗരംഗം

വില 1-0-0

രതിമനോരമ

വില 0-12 0

മദനമണ്ഡലം

വില 0 8 0

മദനസാമ്രാജ്യം

വില 2-0-0

രതിരസാണ്ണവം

വില 1 4 0

മാനേജർ:— **റെഡ്യാർ പ്രസ്സ് & ബുക്ക്ഡിപ്പോ,**

മെയിൻറോഡ്, തിരുവനന്തപുരം.

N. B. വിലകൾ ക്ര. ണ. സ. ആണെന്നു് ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

പാടുന്ന കിനാവ്

കവനാലയം നാണുക്കുട്ടി.

ചിന്തയ്ക്കുമോഹനവർണ്ണച്ചിറകുകൾ
ചിന്തിപ്പറക്കുവാനെങ്കിൽ,
സന്തപ്തജീവിതവേദനയ്ക്കുപ്പുംഴം
നീന്തിക്കളിക്കുവാനെങ്കിൽ,
ഗന്ധർവ്വലോകത്തിൽനിന്നു ഞാനെന്തിനീ-
യന്ധകാരത്തിൽപതിച്ചു?
സന്തതംപാടുംകിനാവു ഞാൻനൊന്തുനൊ-
ന്തെന്തിനിപ്പാരിൽ ജനിച്ചു?

പക്ഷേയെനിക്കതിലാഗ്രഹംതോന്നുന്ന
പക്ഷമിതെന്തൊരു മോഹം!
പക്ഷം മുറിഞ്ഞിങ്ങുവീഴുന്നസഹ്യീയ-
നക്ഷത്രമേ! നിൻെറ ലോകം
ആയിരംപൊന്നിൻകിനാവിലൂടങ്ങനേ
പായുന്നൊരാശകളെല്ലാം
പെട്ടെന്നിരുണ്ടിടിമിന്നലുംകൊണ്ടകം
പൊട്ടും മുകിൽനിരയായാൽ

കൊള്ളിയാൻമിന്നലിൽമിന്നിത്തിളങ്ങുന്ന
പാഴുള്ളയെൻ ജീവിതചിത്രം
സായന്തനാംജലപ്പൊൻചക്രവാളമായ്
പോയതിലെന്തൊരു ചിത്രം?
ഗന്ധർവ്വലോകത്തിൽനിന്നൊരുസംഗീത
ബന്ധുരകല്ലോലജാലം
തേന്മഴപെയ്തുപെയ്തുച്ചക്രവാളമാ-
രാൺമയിലാട്ടം തുടങ്ങി.
ചിന്നിച്ചിതറിയൊരാനന്ദധാരക-
ളുന്നിൽനിന്നെങ്ങുമൊഴുകി.
ഞാനതിൽമായികസ്വപ്നങ്ങളായലി-
ഞ്ഞാലോലമാടിക്കളിച്ചു
പുത്തൻപ്രപഞ്ചങ്ങൾ തീർത്തുതീർത്തുനെ
മത്തടിച്ചാടിപ്പുളച്ചു.

മുൺമയമാമെൻ വിമാനമൊരജ്ഞാത-
വിൺമണിമഖലതോറും
ആനന്ദസഹർഷീയസൌന്ദര്യസംഗീത-
ത്തേനൊലിച്ചാർത്തിപ്പറന്നു.

ജീവിതക്ലേശത്തിലൂരിവന്നസ്വാം-
ജീവനശാന്തപ്രവാഹം
കർഷകപ്പുലയ്ക്കുടിൽതോറുമൊരുന്മേഷ-
വർഷംപൊഴിച്ചൊഴുകുമ്പോൾ,
ജീവിതശയകയേപഥ്യത്തുള്ളികൾ
പൂവിട്ടു പുഞ്ചിരിക്കുമ്പോൾ
വാർമഴവില്ലൊളിപ്പച്ചയുടുത്തൊര-
ഗ്രാമകുമാരികളെല്ലാം
ചോലക്കിളികൾതൻ കാകളീകാഹള-
ലോലനൃത്തം ചവിട്ടുമ്പോൾ,
പാടത്തുപാഴ്ച്ചെളിക്കണ്ടിലുമാനന്ദ-
പാടലപ്പച്ചകൾ നെയ്യു
സാവധാനത്തിലുസംഗീത,ചൈതന്യ-
ജീവത്പ്രവാഹംവരുമ്പോൾ
പൊള്ളുംപുകക്കഴൽ ക്രൂവലൽസ്വാഗതം
ചൊല്ലുന്നയന്ത്രങ്ങൾതോറും
ആയിരമായിരം വേലക്കുർ പാവങ്ങൾ
ക്കാനന്ദസപ്നം പകർന്നു.
പൊള്ളുംവ്യവസായശാലകൾക്കുള്ളിലും-
ക്കൊള്ളാതെയാനവോന്മേഷം
തേടിയോരുംപൂമഴപെയ്തുനടന്നിത-
ക്കാഞ്ചനപട്ടണംതോറും.

പൊട്ടുന്നുപൊട്ടുന്നുകൈകൾവിടുങ്ങുകൾ
പൊട്ടുന്നപൊട്ടുന്നഘോഷം
കെട്ടിക്കരിങ്കൽതുരങ്കകം കോട്ടകൾ
പൊട്ടിവീഴുംജയഘോഷം
കാഞ്ചനക്കിങ്ങിണിചഞ്ചലൽകാന്തിയിൽ
കാഞ്ചിനിലുങ്ങിക്കിലുങ്ങി
സ്വാതന്ത്ര്യരാഗവിപഞ്ചിതൻ കൊഞ്ചലിൽ
മേദിനിചിത്തം മയങ്ങി,
ഗന്ധർവ്വസംഗീതസാമ്രാജ്യമാഭക-
ബന്ധുരനൃത്താസവത്തിൽ
ആനന്ദദേവതയെത്തുഞാൻസഹ്യീയ-
ഗാനപ്രപഞ്ചം രചിക്കേ,
എന്നിൽനിന്നെങ്ങണീറൽകടമ്മൊരു
മിന്നൽ,—വിശപ്പിൻെറ മിന്നൽ
ആഞ്ഞടിക്കുംകൊടുംകാറ്റിൽ ചുഴന്നഹാ
മത്തുപായെന്നിൽ ഞാൻതന്നെ.

സഹ്യങ്ങളായിരംപാരിപ്പറപ്പതു-
മുഗ്രാനബിന്ദുക്കൾതോറും
എന്നാദ്യമിന്നുമീജീവിതശയകൻ
ഉന്നതകാഗ്നിയിൽതന്നെ.
മാനുഷ്യത്തീയിൽ ദഹിക്കുമിപ്രാരബ്ധ-
ഭാരംചുമക്കുന്ന പാപം
മായിക സങ്കല്പസപ്തമല്ലിക്കൊടു-
തീയിൽ പതിച്ചു മനുഷ്യൻ

സമ്മാനം

ജി. ബി. നായർ, മണ്ണഞ്ചേരി.

(രംഗം: ഒരു ഫാക്ടറിക്ലാർക്കായ രഘുവരന്റെ ഭവനം. രഘുവരൻ എന്തോ എഴുതിക്കൊണ്ടിരിക്കുന്നു. പ്രായം ഇരുപത്തഞ്ചുവയസ്സിൽ കവിയുകയില്ല. അയാളുടെ ഭാര്യ സരള കുളികഴിഞ്ഞു മുടിയും വിടർത്തുകൊണ്ടു പ്രവേശിക്കുന്നു. പ്രായം 20 വയസ്സ്.)

രഘു—(പേന താഴെ വച്ചിട്ടു സരളയെ നോക്കിക്കൊണ്ടു്) നീ കുളിക്കാൻപോയിട്ടു് ഇത്ര വളരെ താമസിച്ചതെന്താണു്? ക്ഷീണമുണ്ടായിരുന്നോ?

സരള—അങ്ങേതിലെ ചേച്ചിയുണ്ടായിരുന്നു. രവിമന്ദിരത്തിലെ സുശീലയുമുണ്ടായിരുന്നു. ആ സുശീല വളരെ നല്ലവളാണു്; അല്ലെ?

രഘു—(ചെറുചിരിയോടെ) ആ, ഞാനെങ്ങനെ അറിയാനാണു്!...നീ എന്താണങ്ങനെ ചോദിച്ചതു്.?

സരള—വെറുതെ ചോദിച്ചതാ; എന്നോടു് സുശീലയ്ക്കു വലിയ കാര്യമാണു്. ഉച്ചതിരിഞ്ഞു ഇങ്ങോട്ടു വരാമെന്നു പറഞ്ഞിട്ടുണ്ടു്.

രഘു—കുറച്ചു ദിവസമായിട്ടു നിനക്കു വലിയ ക്ഷീണം തോന്നുന്നല്ലോ! എന്താ അതു്?

സരള—(ശരീരത്തിൽ നോക്കിക്കൊണ്ടു്) ഞാൻ ക്ഷീണിച്ചിരിക്കുകയാണോ?

രഘു—അതെ, കല്യാണംകഴിഞ്ഞുവന്നപ്പോൾ ഇതിലും നന്നായിരുന്നു. അമ്മയെയും മറന്നുവിട്ടുപിരിഞ്ഞു് ഇവിടെവന്നു താമസിക്കുന്നതുകൊണ്ടുള്ള വിചാരമായിരിക്കാം.

(സരള എന്തോ ചിന്തിച്ചു നെടുവീർപ്പിടുന്നു.)

രഘു—സാരമില്ല; ഒന്നുരണ്ടുമാസം കഴിയുമ്പോൾ വിചാരമെല്ലാം നീങ്ങിക്കൊള്ളും.

സരള—എനിക്കൊരു വിചാരവുമില്ല. അല്ലാ! നേരം വളരെയായല്ലോ! ഇന്നു് ആഫീസിൽ പോകുന്നില്ലെ?

രഘു—ഞങ്ങൾക്കു് ഇന്നു് ഒരു ഒഴിവുദിവസമാണു്.

സരള—(എന്തോ ചിന്തിച്ചിട്ടു്) ഇന്നു മറുവല്ലടത്തും പോകുന്നുണ്ടോ?

രഘു—ങ്ങേ! എന്താ അങ്ങനെ ചോദിച്ചതു്?

സരള—സുശീല വരുമ്പോൾ അങ്ങു് ഇവിടെയുണ്ടെങ്കിൽ എനിക്കു സുശീലയോടുകൂടി അവളുടെ വീട്ടിലും ഒന്നു പോകാമല്ലോ.

രഘു—അതിനെന്താ പോകാമല്ലൊ, ഞാൻ ഇന്നു് എങ്ങും പോകുന്നില്ല.

സരള—അങ്ങു പോകുന്നതുകൊണ്ടല്ലാ. വല്ലടത്തും പോകണമെങ്കിൽ പൊയ്ക്കോള്ളുക. ഞാൻ മുറി പൂട്ടിയിട്ടു പൊയ്ക്കോള്ളാം.

രഘു—നീ മുറി പൂട്ടിയിട്ടു് എങ്ങും പോകരുതു്. വല്ലവരും എന്നെ അന്വേഷിച്ചു വന്നാൽ ഇവിടെ ആരും കാണുകയില്ല. മുറി പൂട്ടുന്ന കാര്യം പറഞ്ഞപ്പോഴാ ഓർമ്മ വന്നതു്. ഇന്നലെ ആരെങ്കിലും ഇവിടെ വന്നിരുന്നോ?

സരള—ഇല്ലാ. (ചിന്തിക്കുന്നു)

രാഘു—ഒരു കോട്ടകാരൻഇവിടെനിന്നും പോകുന്നതു കണ്ടെന്നു് രവി എന്നോടു പറഞ്ഞല്ലോ.

(സരളയുടെ മുഖത്തു ഭയം സ്ഫുരിക്കുന്നു. രാഘു അവളുടെ മുഖഭാവം ശ്രദ്ധാപൂർവ്വമായി വീക്ഷിക്കുന്നു. അവളുടെ അമ്പരപ്പു കണ്ടു് രാഘുവിനു സംശയം തോന്നുന്നു.)

രാഘു—നീ ഇന്നലെ വല്ലടത്തും പോയിരുന്നോ?

സരള—ഇല്ല.

രാഘു—പിന്നെ നീ അയാളെകണ്ടില്ലേ?

സരള—ആരെ?

രാഘു—ഇവിടെ വന്നിരുന്നെന്നു പറഞ്ഞ ആ കോട്ടകാരനെ.

സരള—(എന്തോ ചിന്തിച്ചിട്ടു്) അതു ശിവരാമൻമുതലാളിയായിരുന്നായിരിക്കാം. അയാൾ ഇതിലേ പോകുന്നതു കണ്ടു. അല്ലാതെ വേറെ ആരും വന്നിരുന്നതായി ഞാൻ ഓർക്കുന്നില്ല.

രാഘു—ഏതു ശിവരാമൻമുതലാളി?

സരള—ആലപ്പുഴക്കാരൻ. ഞങ്ങളുടെ വീട്ടിന്റെ വടക്കേപ്പുറത്തു കാണുന്ന മാളികയിലാണു് അങ്ങേരു താമസിക്കുന്നതു്.

രാഘു—അയാൾ ഇവിടെ എന്തിനാണു വന്നിരുന്നതു്?

സരള—ആ മുതലാളിയുടെവക വസ്തുക്കൾ ഇവിടെയും ഉണ്ടെന്നു പറഞ്ഞു. തേങ്ങാ ഇട്ടുവിക്കാനോ മറ്റോ വന്നതാണു്. പോയിട്ടില്ല. ഇവിടെ എങ്ങാണ്ടോ ഹോട്ടലിലാണു താമസിക്കുന്നതു്.

രാഘു—നിനക്കു് അയാളെ പരിചയമുണ്ടോ?

സരള—ഉണ്ടു്. അച്ഛനും, ചേട്ടനും ഈ മുതലാളിയുടെ ഫാക്ടറിയിലാണു ജോലി.

രാഘു—അയാൾ നിങ്ങളുടെ വീട്ടിൽ വന്നിട്ടുണ്ടോ?

സരള—ചിലപ്പോഴെല്ലാം വരാറുണ്ടായിരുന്നു.

രാഘു—എന്തിനുവേണ്ടിയാണു അയാൾ അവിടെ വന്നിരുന്നതു്?

സരള—ഞങ്ങൾ താമസിക്കുന്ന പുരയിടം ഈ മുതലാളിക്കു പണയമായിരുന്നു. അന്നല്ലാം തേങ്ങാ ഇട്ടുവിക്കാൻ വരുമായിരുന്നു. നമ്മുടെ കല്യാണത്തിനു മുൻപാണു് ആ പുരയിടം ഒഴിഞ്ഞുതന്നതു്.

രാഘു—അയാൾ ഇവിടെ ഏതു ഹോട്ടലിലാണു താമസിക്കുന്നതു്?

സരള—ഹോട്ടലിന്റെ പേരു ഞാൻ ചോദിച്ചില്ലാ. ഒരുപക്ഷേ, ഇന്നും ഇതിലേ വന്നേയ്ക്കും.

രാഘു—അയാൾ ഇവിടെവന്നു താമസിക്കാൻ തുടങ്ങിയിട്ടു് എത്രനാളുകളായി?

സരള—ഒരാഴ്ചയോളമായിട്ടുണ്ടു്.

രാഘു—ഇതിനുമുൻപു് ഈ വീട്ടിൽ വന്നിട്ടുണ്ടോ?

സരള—ഒന്നു രണ്ടു പ്രാവശ്യം വന്നിട്ടുണ്ടു്.

രാഘു—എന്നിട്ടു് നീ ആ വിവരം എന്നോടു് ഇതുവരെ പറയാതിരുന്നതെന്താണു?

സരള—ഞാനതങ്ങു മറന്നുപോയി. പറയണമെന്നു വിചാരിച്ചിരുന്നതാണു്.

രാഘു—(എന്തോ ആലോചിച്ചിട്ടു്) നമ്മുടെ വിവാഹത്തിനു അയാളെ ക്ഷണിച്ചിരുന്നോ?

സരള — ക്ഷണിച്ചിട്ടുണ്ടായിരുന്നെന്നു തോന്നുന്നു. ങ്, എന്താണങ്ങു ചോദിച്ചതു്?

രഘു—വെറുതെ ചോദിച്ചതാ; അയാൾ വല്ലതും സംഭാവന ചെയ്തോ?

സരള—സംഭാവന ഒന്നും ചെയ്തില്ല... പിന്നെ.....

രഘു—പിന്നെ?

സരള—അദ്ദേഹം കുറച്ചു രൂപാ തന്നു.

രഘു—എത്ര രൂപാ?

സരള—50 രൂപാ രണ്ടു പ്രാവശ്യമായിട്ട്.

രഘു—എന്നാണു തന്നതു്? വിവാഹ ദിവസമാണോ?

സരള—അല്ല, വിവാഹത്തിനു രണ്ടു ദിവസം മുൻപാണു്. എന്റെ കയ്യിലാണു തന്നതു്. ഞാൻ കുറച്ചുനാൾ ഈ മുതലാളിയുടെ വീട്ടിൽ വേലയ്ക്കു നിന്നിട്ടുണ്ടു്.

രഘു—(അനിശയത്തോടെ) ങാ ഹാ: എന്നിട്ടു നീ ആ വിവരം എന്നോടു പറഞ്ഞിട്ടില്ലല്ലോ!

സരള—അങ്ങു് എന്നെ തെറ്റിദ്ധരിക്കുമെന്നുകരുതി ഞാൻ പറയാതിരുന്നതാണു്

രഘു—ശരി, നീ എത്രനാൾ അയാളുടെ വീട്ടിൽ ജോലിനോക്കി?

സരള—രണ്ടുകൊല്ലം.

രഘു—എന്തെല്ലാം ജോലികൾ നീ ചെയ്യുമായിരുന്നു?

സരള—വെള്ളം കോരുകയും വെള്ളം ചൂടാക്കുകയുമൊക്കെ ചെയ്യുമായിരുന്നു.

രഘു—രണ്ടു കൊല്ലങ്ങൾക്കു ശേഷം നീ അവിടെനിന്നും പോന്നതെന്താണു്?

സരള—അദ്ദേഹത്തിന്റെ ഭാര്യക്കു് എന്നോടു തീരെ ഇഷ്ടമില്ലായിരുന്നു.

രഘു—അതിനുള്ള കാരണം?

സരള—അങ്ങു് എന്നെ തെറ്റിദ്ധരിക്കരുതു്. ഞാൻ പറയാം...ഒരു ദിവസം ഞാൻ കുളിമുറിയിൽ വെള്ളം ചൂടാക്കിക്കൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ മുതലാളി വെള്ളത്തിന്റെ ചൂടു മതിയോ എന്നു നോക്കാൻ അങ്ങോട്ടു കയറിവന്നു. എന്നിട്ടു് അങ്ങേതു പല്ലുതേച്ചുകൊണ്ടു് അവിടെത്തന്നെ ഇരുന്നു. മുതലാളി കുളിമുറിയിലേയ്ക്കുവരുന്നതു് അങ്ങേരുടെ ഭാര്യ കണ്ടു. ഞാൻ അകത്തുണ്ടെന്നു് അവൾക്കു് അറിവില്ലായിരുന്നു. കുറെകഴിഞ്ഞു ഞാൻ കുളിമുറിയിൽനിന്നും ഇറങ്ങിവരുന്നതും അവർ കണ്ടു. അവൾക്കു് എന്നിൽ സംശയമുണ്ടായി. എന്നോടു വീട്ടിൽ പൊയ്ക്കോള്ളുവാൻ പറഞ്ഞു.

രഘു—(ഈർഷ്യയും, കോപവും ഉള്ളിലൊതുക്കിക്കൊണ്ടു് ഒരു വികൃതഹാസത്തോടെ) ഉം..... ഓണം വരാനൊരു മൂലം!.....ശരി...അയാൾ കുളിമുറിയിൽവച്ചു എന്തെല്ലാമാണു നിന്നോടു സംസാരിച്ചതു്.

സരള—(അമ്പരന്നു) ഏതാണ്ടെല്ലാമോ പറഞ്ഞു. അദ്ദേഹത്തിന്റെ ബന്ധത്തിൽപ്പെട്ട ഒരാളെക്കൊണ്ടു് എന്നെ വിവാഹം ചെയ്യിക്കാമെന്നു പറഞ്ഞു.

രഘു—(ക്ഷോഭം അടക്കി ശാന്തനാകാൻ ശ്രമിച്ചു) എന്നിട്ടു്?

സരള—പിന്നെ ആ മുതലാളി അതെപ്പറ്റി ഒന്നും പറഞ്ഞില്ല.

രഘു—അപ്പോൾ അയാൾ നിന്റെ വിവാഹത്തെപ്പറ്റി പറയാനുണ്ടായ കാരണമെന്താണു്?

സരള—(അവളുടെ ജീവിതരഹസ്യങ്ങൾ പരസ്യമായേക്കുമോ എന്നുള്ള ഭയത്തോടെ) വെറുതെ പറഞ്ഞതാണു്.

രഘു—കള്ളം പറയരുതു്. വെറുതെയായിരിക്കുകയില്ലാ. പറയണം, എന്തിനു

വേണ്ടിയാണു് അയാൾ അങ്ങനെ വാഗ്ഭത്തം ചെയ്തതെന്നു്?

സരള—(ഭയത്തോടെ) അങ്ങു ക്ഷമിക്കണം. ഞാൻ ഒരു അപരാധം പ്രവർത്തിച്ചുപോയി.

രഘു—(കോപത്തോടെ എന്തു്? നീ അദ്ദുഷ്ടന്റെ മൃഗീയവൃത്തിക്കു കീഴ്വഴങ്ങിയെന്നോ! ദുഷ്ടേ! നീ എന്നെ വഞ്ചിച്ചു. ഇവിടെയും നീ നിന്റെ ജാരനെ വച്ചു പൂജിക്കുന്നു. നിനക്കു ലോകത്തിൽ ജീവിച്ചിരിക്കാൻ അർഹതയില്ലാ. നിന്നെ ഞാൻ കൊല്ലും. (കോപാകുലനായി ചാടിയെഴുന്നേല്ക്കുന്നു. സരള ഭയന്നുവിറച്ചുകൊണ്ടു് പുറകോട്ടു മാറുന്നു.)

സരള—(വിക്കി വിക്കി) അങ്ങു ക്ഷമിക്കണം, ഞാൻ പറയട്ടേ.

രഘു—വേണ്ട. നീ ഇനി ഒന്നും പറയണ്ട. കേൾക്കേണ്ടതെല്ലാം ഞാൻ കേട്ടുകഴിഞ്ഞു. നീ മരിക്കാൻ തയാറായിക്കൊള്ളുക. നിനക്കും, അദ്ദുഷ്ടനും ഇനി ഒരു നിമിഷംപോലും ജീവിച്ചിരിക്കാൻ അവകാശമില്ല. (മുന്നോട്ടാഞ്ഞു സരളയുടെ കഴുത്തിനു പിടിച്ചു തള്ളുന്നു. ഒരു ഭീനരോദനത്തോടെ അവൾ ബോധശൂന്യയായി നിലം പതിക്കുന്നു രഘു മാറിപ്പോയി ഒരു പേനാകത്തിയുമായി മടങ്ങിവരുന്നു. ഫർണിച്ചറിൽ മുപ്പതുവയസ്സിനുമേൽപ്രായമുള്ള ഒരാൾ പ്രവേശിക്കുന്നു. രഘു അയാളെ തുറിച്ചുനോക്കുന്നു.)

ആഗതൻ—(രഘുവിനേയും, ബോധരഹിതയായിക്കിടക്കുന്ന സരളയേയും മാറിമാറിനോക്കിയിട്ടു് അത്ഭുതത്തോടെ) ഇതെന്താണു് മിസ്റ്റർ?

രഘു—(കോപത്തോടെ അയാളെ തുറിച്ചുനോക്കിക്കൊണ്ടു്) നിങ്ങളാരു്? എന്തിനിവിടെ വന്നു?

ആഗതൻ—ഞാൻ ആലപ്പുഴക്കാരനാണു്. നിങ്ങളെയെല്ലാം ഒന്നു കാണാമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഇങ്ങോട്ടു വന്നതു്. ഈ പെൺകുട്ടി എന്റെ അയൽക്കാരിയാണു്. ഞാൻ നാലഞ്ചു ഫാക്ടറികളുടെ ഉടമസ്ഥനാണു്.

രഘു—(അത്യധികം കോപത്തോടെ)ശിവരാമൻമുതലാളി, അല്ലെ?

ആഗ—അതെ, എന്റെ പേരു് അതുതന്നെ. കേട്ടിട്ടുണ്ടായിരിക്കാം.

(രഘു മുന്നോട്ടു കുതിച്ചു ആഗതന്റെ കഴുത്തിനു പിടിച്ചുതള്ളി അയാളെ നിലം പതിപ്പിക്കുന്നു. "അയ്യോ" എന്നു നിലവിളിച്ചുകൊണ്ടു് അയാൾ എഴുന്നേല്ക്കുവാൻ ശ്രമിക്കുമ്പോഴേക്കു രഘു ചാടി അയാളുടെ നെഞ്ചിൽ ഇരിക്കുന്നു.)

രഘു—ദുഷ്ടാ, നീ മരിക്കണം. ഇവളുടെ സതീത്വം നശിപ്പിച്ചവനാണു നീ, അശ്രീതലക്ഷണങ്ങളെ ചവുട്ടിത്തേയ്ക്കുന്ന അഹങ്കാരിയാണു നീ. നീ മരിക്കണം. നിനക്കുതക്ക സമ്മാനം ഇതുതന്നെയാണു്. (കയ്യിലിരുന്ന കത്തി പിടിവരെ അയാളുടെ മാറിൽ കുത്തിയിറക്കിയിട്ടു് എഴുന്നേറ്റു ഭ്രാന്തനെപോലെ ചാടിമറയുന്നു.)

(യവനിക)

നന്ദി

സാഹിതീസദനം, സി. കെ. എസ്സ്.

മാരകാകളി.

കാണാതിരിക്കുവതെങ്ങിനെ;—ഞാനെന്റെ
കാനന ദേവതേ! നിന്നെ?
ജീവിതത്തിന്റെ വസന്തോത്സവത്തിലെ-
പ്പൂവുടലാളെ! ഞാൻ നിന്നെ?
കോൾമയിർക്കൊള്ളും മധുരപ്രതീക്ഷതൻ
കോമളേ! ദേവി!! ഞാൻ നിന്നെ?

ഉത്കണ്ഠകൊണ്ടു നിറം പിടിപ്പിക്കയോ
സത്കാരവേളയിലെന്നെ?
ഉത്കടവ്യാകുലചിന്തകളെന്നിനു
തിക്കിത്തിരക്കുന്നു പിന്നെ?

ആകർഷകത്വമുടച്ചെടുത്തത്തിട്ട-
മാർഷശകുന്തളപോലെ;—
ആപാദമേ ഹനചിന്താസുരഭില-
ശോകാന്തകാവ്യവുംപോലെ;—
നിൽപ്പൂ നീയെന്റെ മുമ്പിലൊരത്ഭുത-
സൃഷ്ടിതൻ വൈഭവം പോലെ!

പൊട്ടിവിടരും നിൻ വിണ്ണിൻവിഭൂതിയെ-
ത്തൊട്ടിട്ടുപോലും ഞാനില്ല!
ചുംബിച്ചു നിന്നെക്കളങ്കപ്പെടുത്തുവാൻ
ചിന്തിച്ചതുപോലുമില്ല!
ഭൗതിയും മാംസവുമിപ്രേമസുസ്ഥിതി-
യ്ക്കുസ്വസ്ഥത ചേർക്കയില്ല!
അത്രയ്ക്കുലയ്കികാരാധകനെന്നെന്നെ
നിസ്സംശയം നീയറിഞ്ഞില്ല!!.....

നിർജ്ഝനനങ്ങിനെ പിന്തുടിയ്ക്കുവതോ
പ്രേമമേ! നിന്റെ യുവത്വം?
ഇഹ്രയ്ക്കുത്ര സമത്വപുരോഗതി-
യെഞ്ഞിയിട്ടില്ലുത സത്യം.

കാമുകനായിക്കഴിയുവാനല്ലെന്റെ
കാമിത പൂർത്തിക്കുമല്ല;—
കാമമേ! നിന്നിലനുരക്തനായതെൻ
വേദനപോക്കുവാൻ മാത്രം!

സുന്ദരകിന്നര ദേവകുമാരികേ!
നന്ദിക്കയല്ല ഞാൻ നിന്നെ;
മന്നിൽ വിടരുന്ന നാകാനുഭൂതിതൻ
വെന്നിക്കൊടിയും നീ തന്നെ.

ആരാധനയ്ക്കു ഞാൻ കാത്തു നിൽപ്പൂനു നിൻ
ശ്രീകോവിലിന്റെ നടയിൽ.
അല്പനയ്ക്കില്ലനുരാഗ മലരുഴി-
ഞ്ഞപ്പുസുമങ്ങളെൻ കയ്യിൽ.
കാണിക്ക വയ്പ്പുവാൻ സന്നദ്ധനെങ്കിലെൻ
പ്രാണനും ദേവി! നിൻ മുന്നിൽ.
ആശിസ്സുചൊല്ലിയനുഗ്രഹിക്കാനിനി-
ത്താമസമെന്തിനാണെന്നിൽ?

സായന്തനത്തിലന്നെന്നാഗമം കാത്താ-
മാകന്ദത്താപ്പിൽ നീ നിന്നു.
പുല്ലുപ്പുമാദപ്രസന്നേ, നീയന്നെന്താ-
രുല്ലാസഭരിതയായിരുന്നു.
മാകന്ദശാഖിമേൽ കോകിലജാലങ്ങ-
ളുകിതത്തെളിഞ്ഞു പറന്നു
മായികസ്വപ്നങ്ങൾപോലെ മാരോത്സവ-
മാദക വാതവും വന്നു.

പാരിന്നപാരതയ്ക്കുള്ളിലാഗമിക്കുമ-
പ്പാതയിലൂടെ ഞാനപ്പോൾ
മാമകാനന്ദമേ! നിന്നടുത്തെത്തുവാ-
നേകാകിയായി നടന്നു.

കെട്ടിപ്പുണർന്നൊരു ചുംബനംചെയ്യുവാൻ
പട്ടടൽ വാരിത്തഴുകാൻ
പൊട്ടിച്ചിരിക്കുമെന്നന്തരാത്മാവിനെ-
യൊട്ടു പണിപ്പെട്ടടക്കി

പുഞ്ചിരിപൂകണ്ടു നീ സ്വാഗതമോതിയ-
ച്ചഞ്ചൊടി ചൊവിടത്തി
"വല്ലാത്ത പൂടെ"ന്നു ചൊല്ലിയകത്തേക്കു
സല്ലീലമെന്നെ ക്ഷണിച്ചു.

നിഷ്കളങ്കോജ്ജ്വലമന്നത്തെ സത്കാര-
ഭാവമൊക്കെയുമോർമ്മയുണ്ടിപ്പോഴും
വിസ്മരിക്കാവതല്ലന്നത്തെയാതിഥ്യ-
വിസ്മയനീയതയൊന്നും

തല്പിച്ചിലച്ചൊരു മാമ്പഴം മുറ്റത്തെ
വല്ലീനികുഞ്ജത്തിൽ വീണു.
പുല്ലാനരാഗമാമാമ്പഴം പൂകി നീ-
യുല്ലാസമായെനിക്കേകി.

ശോകാന്തവ്യാകുല ചിന്താമഥിതമാ-
മേകാന്തതയിലൂടെത്തി;
മാമകജീവിത വീണയിലെന്തിനോ
മൂകത പാട്ടുകൾ പാടി.

സന്തപ്തചിത്തനാമെന്നെപ്പരിഹസി-
ച്ചെന്തുകഥകൾ നീയോതി!
സുന്ദരോദാരമധുരമായ് നീമൊഴി-
ഞ്ഞന്തർതരംഗങ്ങളെക്കൂട്ടി.

രണ്ടല്ല, രണ്ടല്ല, സായന്തനങ്ങളും നാം
പിന്നെയുമൊന്നിച്ചുകൂടി,
മന്നിന്നതീതമൊരാനന്ദമേഖല-
തന്നിൽ ഞാൻ നിർവൃതിനേടി.

തിങ്ങിത്തുളുമ്പും കൃതജ്ഞത ഞാൻ നിന-
ക്കെങ്ങിനെയേകുമെൻ ദേവി?
ഇങ്ങിനെ നീയെന്നെ വിട്ടിട്ടു പോവുകി-
ലെങ്ങിനെ തീരുമെൻ മോഹി!!

ചൊല്ലിയിട്ടില്ല നീയിന്നോളമെന്നോടെൻ
ചെല്ലമേ! നിൻറെ ഹൃത്തം;
ഇല്ലയോ തെല്ലും നിനക്കനുരാഗമി-
പ്പുല്ലാങ്കുഴലിനോടൊട്ടും?

നിർജ്ഞാനത്വത്തിനെയോമനിച്ചീടുവാ-
നിശ്വരയല്ലിന്നു മോഹം;
വിത്തവും വിദ്യയുമില്ലാത്ത മർത്ത്യൻറെ
ചിത്തവിത്തുമിയോ കാമ്യം?

ശങ്കിക്കവേണ്ട, കഥിക്കുക നീ നിൻറെ
സങ്കല്പമേ മനോഹരമിപ്പോൾ.
വേദനയില്ലെൻറെ ഭീരുത്വമൊന്നു ഞാൻ
പോകാൻ തുനിയുകയാണിപ്പോൾ.

ക്രൂരമെത്തെളിഞ്ഞിടുമെന്നിനായെത്തി നീ
കേ കിലജാലമേ! യിപ്പോൾ?
പൂവിനെച്ചുംബിച്ചു നീയെന്നിനെത്തിരയ-
ന്നോമനത്തെന്നലേ! യിപ്പോൾ?
മോഹം വിടർത്തുന്ന സപ്തപ്രകാശങ്ങൾ
വാടിക്കൊഴിയേണ്ട സൂനം!

വിണ്ണിനെച്ചുംബിച്ചുണർത്തുന്ന മോഹന-
വർണ്ണപ്രപഞ്ചമായ് നീ നിന്നാൽ;
നിർണ്ണയം ഞാനൊരു മാരിവില്ലായതിൻ
പൂർണ്ണിമ തന്നിൽ ലയിക്കും!

കോരിത്തരിക്കുന്ന യൌവനംപോലൊരു
കോരകമായി നീ തീർന്നാൽ;
കോമളമായിക്കൊള്ളുന്ന സൌരഭമായി ഞാൻ
കോമളേ! നിന്നിൽ ലയിക്കും!

സങ്കല്പസുന്ദര ചമ്പകക്കാവിലെ
സങ്കടംപോലെയൊഴുകി
ഏകാന്തസൌഖ്യംതിരയടിച്ചെങ്ങുമ
ശോകാന്തശാന്തമായ് വന്നാൽ;
നാഭമാന്തു നിന്നിലലിഞ്ഞു ജഗത്തിൻറെ
വേദനയൊക്കെ ഞാൻ തീർക്കും!!!

മന്നിൻ മലിനമുഖത്തുനക്കുന്ന നാ-
മിന്നിയൊന്നിക്കുകിൽ ദേവി!
പിന്നെപ്പിരിയാനിടവരുത്തീടുന്ന-
തെന്നാണെനിക്കുള്ള മോഹം!

ഹാ! ദേവകന്യകേ! ഞാനങ്ങകന്നുപോം
നാളൊപ്പുലരി വരുമ്പോൾ;
കാലം മറക്കും കഥകളും പോകട്ടെ ഞാ-
നോമനേ! യെന്നന്യ നങ്കി.

ഫ്രഫഠ-ാമാണ്ടത്തെ ചിട്ടി ആക്ററ് അനുസരിച്ച്

ചിട്ടിമൻപന്മാർ

സൂക്ഷിക്കേണ്ടതായ നാൾവഴി, പേരേട്ട്, പേരുവിവരം രജിസ്റ്റർ, മിന്നിട്ട് ആദിയായ ചിട്ടി അക്കൌണ്ട് ബുക്കുകൾ.

അച്ചടിച്ച്, മുളിട്ട്, ബയൻഡുചെയ്തു—വിലനയ്യ തയ്യാറുണ്ട്.

റെഡ്യാർ പ്രസ്സ് & ബുക്കുഡിപ്പോ, തിരുവനന്തപുരം.

കപ്പലപായം

ഫ്രൻസർ-ൽ നടന്ന ഒരു വാസ്തവസംഭവം.

(മണികിലുക്കം പോലുള്ള പൊട്ടിച്ചിരികളും,യല്ലകിസ്വനം പോലുള്ള പാട്ടുകളും കൊണ്ടു വസന്താരാമം പോലെ വിലസിയ ആ കപ്പലിൽ, തേങ്ങിക്കരച്ചിലുകളും സംഭ്രമവുമാണിപ്പോൾ. ആപത്തിനെ സൂചിപ്പിക്കുന്ന കൂഴൽവിളി മുഴങ്ങുന്നു." എന്താണീസംഭവം. ഈ കഥ വായിക്കുക...

നാലാങ്കൽ കൃഷ്ണപിള്ള.

യാത്രയുടെ അവസാനരാത്രിയായിരുന്നു അന്നു്. അടുത്തദിവസം രാവിലെ എട്ടുമണിക്കു് ന്യയോക്കു് പട്ടണം അവരെ സ്വാഗതം ചെയ്യും. അന്നു രാത്രി പാട്ടിനും നൃത്തത്തിനും വിരുന്നിനുമുള്ളതാണു്. മൊറോകാസ്സിൽ ഉച്ചമേഖലയിൽ നിന്നും തിരിച്ചു് അമേരിക്കയിലേക്കു് ആളുകളേയുംകൊണ്ടു് പോവുകയാണു്. ആ കപ്പലിൽ ചിരിയുടേയും സംഗീതത്തിന്റേയും ശബ്ദം മാറ്റൊലിക്കൊണ്ടു.

അതിമനോഹരമായ ഒരു കപ്പലായിരുന്നു 'മൊറോകാസ്സിൽ'. അതുപണിതിട്ടു് നാലുകൊല്ലമേ ആയുള്ളൂ. സകല സുഖസൗകര്യങ്ങളും അതിലുണ്ടായിരുന്നു. പത്തുലക്ഷം പവൻ അതിന്റെ നിർമ്മാണത്തിനായി ചിലവായിരുന്നു. സഞ്ചരിക്കുന്ന ഒരു ഹോട്ടലായി അതു് വർണ്ണിക്കപ്പെട്ടു.

ഉത്സാഹഭരിതരായ യാത്രക്കാർ വിലയേറിയ മദ്യം സേവിച്ചു് ആ രാത്രി പൊടിപൊടിച്ചു കഴിക്കാനാണു് നിശ്ചയിച്ചിരുന്നതു്. വടക്കുകിഴക്കുനിന്നും മൂളുപവനൻ കപ്പലിനെ തഴുകിക്കൊണ്ടിരുന്നു. ഒടുവിൽ നൃത്തവും മദ്യവും കൊണ്ടുള്ള ക്ഷീണംനിമിത്തം തങ്ങളെത്തന്നെ മറന്നു് സന്തോഷസൂചകങ്ങളായ ശബ്ദങ്ങൾ പുറപ്പെടുവിച്ചുകൊണ്ടു പല യാത്രക്കാരും ഉറക്കം തുങ്ങി വീണു. കപ്പലിലെ വേലക്കാരുടെ സഹായത്തോടുകൂടിയാണു് അവർ മുറികളിലേക്കു നയിക്കപ്പെട്ടതു്. കാറിന്റെ ശക്തി വർദ്ധിച്ചു. കപ്പലിൽ ഉത്സാഹത്തിന്റെ ചില കുഞ്ഞലകൾ അപ്പോഴും അടിച്ചുകൊണ്ടിരുന്നു. കരയടുക്കുന്നതിനു കുറച്ചു മണിക്കൂർ കഴിഞ്ഞാൽ മതി. പെട്ടെന്നു ചിലർ മന്ത്രിക്കുന്നതു കേൾക്കായി—"കപ്പിത്താൻ മരിച്ചുപോയി" എന്നു് ചിലർ പറഞ്ഞു:—"കപ്പിത്താനെ ചതിച്ചു കൊന്നതാണെന്നു്" മറ്റു ചിലർ അയാൾ ഹൃദയസ്തംഭനം മൂലം മരിച്ചതാണെന്നു പറഞ്ഞു. കുളിമുറിയിൽവെച്ചു മരിച്ചുവെന്നു വേറെ ചിലർ.

'റോബർട്ട് വിൽമോട്ട്' എന്നായിരുന്നു കപ്പിത്താന്റെ പേരു്. തന്റെ ഔദ്യോഗികവേഷത്തിൽ ആ മൃതശരീരം കപ്പലിലെ ഒരു പ്രധാനമുറിയിൽ കിടന്നിരുന്നു. അദ്ദേഹത്തിന്റെ ഒരു സ്നേഹിതനും കപ്പലിലെ ഒരു പ്രധാനോദ്യോഗസ്ഥനുമായ 'വില്യംവാംസൂ' ആണു് മൃതശരീരം ആദ്യം കണ്ടതു്. കപ്പലിലെ ഡാക്ടർ ഹേനക്കേടിനായി കുറേ നാളായി കപ്പിത്താനെ ചികിത്സിക്കുകയായിരുന്നു എന്നാൽ ഈ

പെട്ടെന്നു മരിക്കുമെന്നു് ആരും കരുതിയിരുന്നില്ല. കപ്പലിനുമുമ്പുതന്നെ അദ്ദേഹത്തിന്റെ യാത്ര അവസാനിച്ചു!!

കപ്പലിലെ നേരംപോക്കുകളെല്ലാം നിന്നു. വില്യംവാംസു് താൽക്കാലികമായി കപ്പിത്താനായി. കപ്പൽ മന്ദഗതിയിൽ നീങ്ങിക്കൊണ്ടിരുന്നു.

പാതിരാവായി. എങ്ങും നിശ്ശബ്ദത. കപ്പലിലെ കാവല്ക്കാർ റോന്തുചുറ്റിക്കൊണ്ടിരുന്നു. കപ്പലിനു വെളിയിൽ ഭയങ്കരമായ തണുപ്പും കൊടുങ്കാറ്റും; എന്നാൽ ആ വലിയ കപ്പലിനെ കാലാവസ്ഥയുടെ പ്രാതികൂല്യമൊന്നും ബാധിച്ചില്ല. അതു് ന്യൂയോക്കിനെ ലാക്കാക്കി മന്ദം മന്ദം ഗമിച്ചു.

വെളുപ്പിനു മൂന്നു മണിയായി. അന്നു 1935 സെപ്തംബർ 8-ാംനു- ആയിരുന്നു. കപ്പലിന്റെ ഡെക്കിൽ ഒരിടത്തുനിന്നും പുക പൊങ്ങുന്നതു് ഒരു വാച്ചർ കണ്ടു. ഉടൻ തന്നെ കപ്പലിലെ "സ്റ്റീവാർഡ്" ആ ഭാഗത്തേയ്ക്കു ചെല്ലുകയും അതിനു സമീപം ഉള്ള മറിയുറന്നുനോക്കുകയുംചെയ്തു. അതു് ഒരു ലൈബ്രറി ആയിരുന്നു. അതിലുള്ള പുസ്തകങ്ങളും കടലാസുകളുമെല്ലാം എരിഞ്ഞുകൊണ്ടിരുന്നു. കപ്പലിൽ ഒരുഭാഗത്തു തീയെരിയുന്നതായുള്ള വാർത്ത ക്ഷണനേന എല്ലാവരും ഗ്രഹിച്ചു. കപ്പിത്താൻ തീയെരിയുന്നസ്ഥലത്തേയ്ക്കു അതു കെടുത്തുന്നതിനായുള്ള ഉപകരണങ്ങളോടുകൂടി ചിലരെ അയച്ചു. എന്നാൽ അതിശയനീയമായ വേഗത്തോടെ അഗ്നി ആളിപ്പടർന്നു പിടിച്ചുകൊണ്ടിരുന്നു. ഭയങ്കരമായ പുകയും തീജ്വാലയും പൊങ്ങി മരപ്പലകകളും സാമാനങ്ങളും കത്തുകയും, വീഴുകയും, പൊട്ടുകയും ചെയ്യുന്ന ചടപടാരടിതം മുഴങ്ങി മാറ്റൊലിക്കൊണ്ടു.

ഉഗ്രമായി വീശിക്കൊണ്ടിരുന്ന ചണ്ഡാനിലൻ അഗ്നിജ്വാലകളെ എരിവുകേറ്റി അവ ഒന്നിനൊന്നു് ആളിപ്പടർന്നു. കപ്പലാണെങ്കിൽ പൂർണ്ണമായ "സ്പീഡിൽ"(വേഗത്തിൽ)പോകുന്നു. കരയ്ക്കെത്താൻ ഇരുപതുമൈലേ ഉള്ളൂ. പക്ഷേ എന്തു വിശേഷം? ഏതെങ്കിലും ഒരു അതിശയത്തിനു മാത്രമേ ആ നൌകയെ ദൌർഭാഗ്യത്തിന്റെ കൈയിൽനിന്നും വലിച്ചുകയറ്റുവാൻ ശക്തിയുള്ളൂ.

പുതിയ ക്യാപ്റ്റനുമാത്രം ഒരു കായ്മ ഓമ്മയിൽവന്നു. മുമ്പൊരു യാത്രയിലുണ്ടായ ഒരു അഗ്നിബാധയെപ്പറ്റി. അത്തവണയും അവിചാരിതമായാണു് അങ്ങനെയൊരു അപകടം ഉണ്ടായതു്. തീ ആരംഭിച്ച സ്ഥലം പരിശോധിച്ചപ്പോൾ അവിടെ ഏതാനും കടലാസുകഷണങ്ങൾ തീപിടിച്ചു എന്നുകണ്ടു. അതു ആരെങ്കിലും മനഃപൂർവ്വം ചെയ്തതാണോ? അതോ വല്ലവരും ഓർക്കാതെ സിഗററുകഷണം വല്ലതും അവിടെ ഇടുകയും അതിൽനിന്നു തീകത്തിപ്പിടിക്കുകയും ചെയ്തതാണോ? ഈ ചോദ്യങ്ങൾക്കുത്തരം കണ്ടുപിടിക്കാൻ സമർത്ഥനായ ക്യാപ്റ്റനോ, കപ്പലിലെ മറ്റുദ്യോഗസ്ഥന്മാർക്കോ സാധിച്ചില്ല.

തീകെടുത്തുന്നതിനുള്ള സകല നവീനോപകരണങ്ങളും ആ കപ്പലിൽ ഉണ്ടായിരുന്നു പക്ഷേ, സമയത്തു് അതൊന്നും ഫലിച്ചില്ലെന്നു പറഞ്ഞാൽ മതിയല്ലോ...

മണികിലുങ്ങുംപോലുള്ള പൊട്ടിച്ചിരികളും, വല്ലകീസ്വനംപോലുള്ള പാട്ടുകളുംകൊണ്ടു് വസന്താരാമംപോലെ വിലസിയ ആ കപ്പലിൽ തേങ്ങിക്കരച്ചിലും, സംഭ്രമവുമാണിപ്പോൾ. ആപത്തിനെ

സൂചിപ്പിക്കുന്ന അലാറം (മണി) മുഴങ്ങുന്നു. മദ്യോന്മത്തരായ ചില യന്ത്രക്കാർ അപ്പോഴും മുറികളടച്ചു് ഉറക്കമാണു്. കപ്പലിലെ ജോലിക്കാർ അവരുടെ മുറിയുടെ കതകുകൾ തല്ലിത്തകർക്കുന്നു.

കപ്പലിലെ കമ്പിയടിക്കുന്ന മുറിയിൽ "റേ-ഗേഴ്സ്" എന്ന ഉദ്യോഗസ്ഥൻ ഇരിക്കുന്നു. ആ മുറി മുഴുവൻ പുകയാൽ നിറയപ്പെട്ടിരുന്നു. ചൂടാണെങ്കിൽ അതി ഭയങ്കരം. ശ്വാസോച്ഛ്വാസത്തിനുപോലും വിഷമം. നനച്ച ഒരു തുണികൊണ്ടു നെറ്റിയിൽ പതിച്ചുകൊണ്ടു റോഗേഴ്സ് ധൈര്യപൂർവ്വം ആ മുറിവിടാതെ തന്റെ സ്ഥാനത്തുതന്നെ ജീവച്ഛവമായിട്ടിരിക്കയാണു്. സഹായത്തിനപേക്ഷിക്കാൻ കമ്പിയടിക്കുന്നതിനു കപ്പിത്താൻ ഉത്തരവു കൊടുത്തിട്ടില്ല.

റോഗേഴ്സിനു പുകയും തീജ്വാലയും ചുഴന്ന ആ മുറിയിൽ അധികസമയം കഴിക്കാൻ നിവൃത്തിയില്ലെന്നവിവരം കപ്പിത്താനെ ഒരാൾ അറിയിച്ചു. കപ്പലിലെ അഗ്നി ശമിപ്പിക്കാൻ തന്നെക്കൊണ്ടായില്ലെങ്കിൽ കുറച്ചിലാണല്ലോ എന്നായിരുന്നു കപ്പിത്താന്റെ വിചാരം. കരയിലേയ്ക്കുള്ള ദൂരം എട്ടുനാഴിക മാത്രമേയുള്ളൂ. എങ്ങിനെയെങ്കിലും അവിടെ ആപത്തുണ്ടാകാതെ ചെന്നുപറ്റാൻ കഴിയുമോ? അഗ്നി വല്ലവിധവും ശമിപ്പിക്കാൻ സാധിക്കയില്ലേ? കരയിലേയ്ക്കു സഹായത്തിനു കമ്പിയടിച്ചാൽ അതു തന്റെ കഴിവുകേടിനെയല്ലേ സൂചിപ്പിക്കുന്നതു്?

ഇതിനിടയിൽ കപ്പലിന്റെ പല യന്ത്രങ്ങളും താനേമാറായി. വൈദ്യുതദീപം ടെലിഫോൺ ഇവയെല്ലാം തീനശിപ്പിച്ചു.

ഒടുവിൽ നിരാശനായി സഹായത്തിനു കരയിലേക്കു കമ്പിയടിക്കാൻ കപ്പിത്താൻ ഉത്തരവിട്ടു റോഗേഴ്സു അതനുസരിക്കയുംചെയ്തു.

ഉടനടി സഹായത്തിനായി പല വലിയ കപ്പലുകളും അവിടെച്ചെല്ലുന്നതാണെന്നു് മറുപടികിട്ടി. ഭയചകിതരായി അസംഖ്യം യാത്രക്കാർ കപ്പലിന്റെ ഡെക്കിൽ നിന്നിരുന്നു. ചിലർ കടലിൽ ചാടിക്കഴിഞ്ഞു. തീജ്വാലമൂലം തങ്ങളുടെ മുറിയിൽ നിന്നും ഇറങ്ങാൻ നിവൃത്തിയില്ലാത്ത യാത്രക്കാരുടെ നിലവിളിമുഴങ്ങിക്കൊണ്ടിരുന്നു. കപ്പലിലുണ്ടായിരുന്ന ഒരു പുരോഹിതനായ റെയ്മൻഡ് എഗാൻ പ്രാർത്ഥനചൊല്ലി. മുകളിലത്തെ തട്ടിലുണ്ടായിരുന്ന ചിലർ "ലൈഫ് ബോട്ടിൽ" കയറി രക്ഷപ്പെടാൻ പാടുപെട്ടു.

സഹായാർത്ഥമുള്ള കപ്പലുകളും ഇതിനകം വന്നെത്തി. കടലിൽ കിടന്നവരേയും, ലൈഫ് ബോട്ടിലുള്ളവരെയും, കപ്പലിനുള്ളിൽനിന്നും നിവൃത്തിയുള്ളിടത്തോളം ആളുകളേയും, രക്ഷപ്പെടുത്തി. എന്നാൽ 157 പേർ മരണമടയുകതന്നെചെയ്തു.

ഈ അത്യാഹിതത്തെപ്പറ്റി അനന്തരം അന്വേഷണങ്ങൾ നടത്തി. കപ്പിത്താനേയും കപ്പലിലെ ചീഫ് എൻജിനീയരേയും രണ്ടു കൊല്ലം തടവുശിക്ഷക്കു വിധിച്ചു.

എന്നാൽ ഒരു ചോദ്യത്തിനു് ഇന്നും ഉത്തരം നല്കാൻ സാദ്ധ്യമല്ല—ഇത്രഭയങ്കരമായ അഗ്നിപ്രളയത്തിനു കാരണമാക്കിയ തീപ്പൊരി ആരുടെ ശ്രദ്ധക്കുറവുമൂലമാണുണ്ടായതെന്നു്.

ചിത്രകാരൻ

എൻ. ഗോവിന്ദൻ കുട്ടി.

പട്ടണത്തിലെ പാതകളിൽ ക്രൂടെ ആ ഗാനശകലം അങ്ങിനെ മന്ദം മന്ദംപോകും. വെളുപ്പാൻ കാലത്തെ കുളിമ്മ വഹിക്കുന്ന വായുവിൽ പുളകത്തിന്റെ കൊച്ചു ലകരം ഒഴുകിത്തുടങ്ങും. നട്ടുച്ചയ്ക്കു ചുട്ടവെയിലിൽ കിക്കിളിക്കുട്ടികൊണ്ടുള്ള ഒരു കൂളിക്കാറ്റായി ആഗാനം അനുഭവപ്പെടും. സായാഹ്നവേളയിൽ ചോരയൊഴുക്കുന്ന ചക്രവാളപ്പരപ്പിന്നപ്പുറത്തു നിന്നും ശോകാത്മകമായ ആ ഗാനശകലം മാറെറാലിക്കൊണ്ടിരിക്കും.

കണ്ണു കഴിഞ്ഞു, കവിളൊട്ടി, തൊലി ചുക്കിച്ചുളുങ്ങി അസ്ഥിമാത്രാവശേഷിതനായ ഒരു വൃദ്ധന്റെ പുറകേ നീങ്ങുന്ന അന്ധയായ ബാലികയെ ആരുമൊന്നു നോക്കിപ്പോകും. ഒരു കയ്യിൽ പിച്ചച്ചിരട്ട വഹിച്ചു, മറുകരം കൊണ്ടു പിതാവിന്റെ കക്ഷത്തിന്നിടയിൽ ക്രൂടെ ഇട്ടിട്ടുള്ള ഒരു നീണ്ട വടിയിൽ പിടിച്ചുകൊണ്ടു, സുഷമ അങ്ങിനെ പതിയെ പതിയെ പ്പോകുന്നതു കാണാം. ആ കളകണ്ഠത്തിൽ നിന്നു സ്വർഗ്ഗീയമാധുരിപൂണ്ട സംഗീതനിർഝരി പ്രവഹിച്ചു കൊണ്ടിരിക്കും.

അവർ—സുഷമ—ആ വൃദ്ധന്റെ ജീവന്റെ ജീവനാണ്. കീറിയതെങ്കിലും ശുഭ്രമായ ഒരു ബെഡ്ഷീറ്റും പാവാടയും അയാൾ അവളെ ധരിപ്പിച്ചിരുന്നു. നീളമേറിയ ആ കരിംകുന്തൽ മുടഞ്ഞു മുടഞ്ഞു ഇറക്കിയിട്ടിരുന്നു. നല്ല അഴകുള്ള ഒരു പെൺകുട്ടി. പാവം! അന്ധയാണു!—ആ കണ്ണുകൾ രണ്ടും അടഞ്ഞിരുന്നു.

ജനിച്ചപ്പോൾ സുഷമയുടെ കണ്ണുകൾ വികസിച്ചിരുന്നു. അവയ്ക്കു കാഴ്ചയുമുണ്ടായിരുന്നു. വൃദ്ധനു നല്ല ഒരമ്മയുണ്ടു; സുഷമയുടെ അമ്മ മരിച്ചതിന്റെ അടുത്തവർഷം—സുഷമയുടെ പത്താമത്തെ വയസ്സിൽ, അവളുടെ കണ്ണുകൾക്കു കാഴ്ചകുറഞ്ഞുതുടങ്ങി. കണ്ണീർ ധാരധാരയായി പ്രവഹിച്ചുകൊണ്ടുമിരുന്നു. ഒരു ദിവസം അവർ ഒന്നും കാണാതായി, ക്രമേണ ആ കണ്ണുകൾ ക്രമ്പി. അതു കഴിഞ്ഞിട്ടു നീണ്ട വർഷങ്ങൾ രണ്ടു കഴിഞ്ഞിരുന്നു!.....

ഉണ്ടായിരുന്ന ഓലക്കുടിൽ പോലും വിറ്റു പിതൃമകളെ ചികത്സിപ്പിച്ചു. പക്ഷേ ഫലമുണ്ടായില്ല. അവർ നിർദ്ധനരായി; നിസ്സഹായരായി. ഉറ്റവരും ഉടയവരുമില്ലാത്ത ആ പാവങ്ങൾ! വിശാലമായ വശ്വത്തിൽ ഒരു നേരത്തെ ആഹാരത്തിനുപോലും ഗതിമുട്ടിയ അവർ പിച്ചപ്പാളപേറി പാതയിലേയ്ക്കിറങ്ങി.

II

രവി നല്ലൊരു ചിത്രകാരനാണ്. ആ ലോകസാധാരണനായ ഒരു ചിത്രകാരൻ! അയാളുടെ തൂലികയിൽ ക്രൂടെ പ്രകൃതി പുഞ്ചിരിപെഴുക്കും. നശ്വരമായി നിലകൊള്ളുന്ന മാമലകളും, ലതകളിളക്കിക്കളിക്കുന്ന മാമരങ്ങളും, കൊച്ചു തരംഗങ്ങളുയർത്തുന്ന തടാകങ്ങളും, അലതല്ലുന്ന മഹാസമുദ്രങ്ങളും രവിയുടെ തൂലികയിൽ ക്രൂടെ ഒരു നവജീവൻ ഉൾക്കൊള്ളും.

അയാൾ വരയ്ക്കുന്ന ചിത്രങ്ങൾ സുപ്രസിദ്ധങ്ങളാണു്. വേണ്ടത്ര പൈസയും അയാളുടെ ചായം മുക്കിയ തൂലിക അയാൾക്കു നേടിക്കൊടുത്തു. ആത്മാർത്ഥത നിറഞ്ഞ അഭിനന്ദനങ്ങളും കുന്നുകൂന്നായി പ്രോത്സാഹനക്കുത്തുകളും അയാൾക്കു കിട്ടിക്കൊണ്ടിരുന്നു. പക്ഷേ കേരളത്തിലെ കലാകാരന്മാരുടെക്രൂടെപ്പിറപ്പായ 'ഇല്ലായ്മ' രവിയേയും നന്നേ ബുദ്ധിമുട്ടിച്ചിരുന്നു.

രവി ഹൈസ്കൂളിൽ പഠിച്ചു കൊണ്ടിരുന്ന കാലത്താണു് അയാളുടെ ഏകാവലംബമായിരുന്ന പിതാവു കണ്ണടച്ചതു്. സാമാന്യം ഭേദപ്പെട്ട ഒരു ഭവനം മാത്രമായിരുന്ന ആ സ്നേഹധനൻ പുത്രനുവേണ്ടി സമ്പാദിച്ചുവച്ചതു്.

വർഷങ്ങൾ ചിലതു കഴിഞ്ഞപ്പോൾ ലോകമൊരു ചിത്രകാരനെക്കണ്ടു. കേരളക്കരയ്ക്കഭിമാനം കൊള്ളുവാൻ ഭാവനാധനികനും വാസനാസമ്പന്നനുമായ ഒരു ചിത്രകാരനുണ്ടായി!—രവി.

അയാളുടെ ജീവിതം 'സൌന്ദര്യം' എന്ന മൂന്നു മൂന്നു അക്ഷരങ്ങൾക്കു വേണ്ടി മാത്രമായിരുന്നു. ഓരോ ചരാചരങ്ങളിലും അയാളതു ദർശിച്ചു.

പലരും അയാളെക്കണ്ടു അത്ഭുതപ്പെടാറുണ്ടു്. ഇരുപത്തിരണ്ടോടടുക്കുന്ന പ്രായം. നീണ്ടു മെലിഞ്ഞു വിളറിയ ശരീരം. കായലരികിലെ ചില വൃക്ഷങ്ങളുടെ 'കൂമ്പുകൊഴിഞ്ഞവരു'പോലെ മുൻപോട്ടൊന്നു വളഞ്ഞു അല്പമൊന്നു കുനിയാണു് അയാൾ നടന്നിരുന്നതു്. ബ്രഷിൻ നാരുകൾ പോലെ നീണ്ടു നിവന്ന തലമുടി. അതിൽ ചിലതിനെല്ലാം വെള്ളച്ചായം പുരണ്ടിരുന്നു. നീണ്ടമൂക്കും അർദ്ധചന്ദ്രനെപ്പോലെ വീതിയേറിയ നെറ്റിത്തടവും ആ നീണ്ടരുണ്ട കണ്ണുകൾ രണ്ടും അഗ്നികുണ്ഡങ്ങൾപോലെ ജ്വലിച്ചിരുന്നു. അല്പം ഉയർന്ന മുന്നോട്ടു തള്ളിനില്ക്കുന്ന പല്ലുകൾക്കിടയിൽ എപ്പോഴും ഒരു ബീഡിക്കുറ്റി സ്ഥലം പിടിച്ചിരിക്കും. മസൂരിക്കലകൾ കൊണ്ടു വികൃതമായ മുഖത്തു് വലത്തെ കവിളിൽ അരച്ചാൺ നീളത്തിൽ ഒരു കറുത്ത കലയും!

..... അഭൌമമായ സൌന്ദര്യം—അഴകൊഴുകുന്ന ആകാരങ്ങൾ—വികൃതരൂപനായ ആ ചിത്രകാരനിൽ നിന്നാണു് ലോകം ദർശിച്ചിരുന്നതു്.

III

രവി അവരെ ദിവസവും കാണാറുണ്ടു്; ആ വൃദ്ധനേയും, ഒരു വടിയുടെ സഹായത്താൽ അയാളുടെ പിറകേ നീങ്ങുന്നപെൺകുട്ടിയേയും, പ്രായം തികയാത്തതെങ്കിലും ആ പെൺകുട്ടിയുടെ അകൃത്രിമലാവണ്യം രവിയുടെ ഹൃദയത്തിൽ ചില വൈദ്യുതതരംഗങ്ങൾ പായിക്കാറുണ്ടു്. അയാളുടെ നീണ്ടമെലിഞ്ഞു് അഗ്രം കൂർത്ത വിരലുകൾ തൂലികയ്ക്കുവേണ്ടി വെമ്പും. ആരും കാണാത്ത ചില സൌന്ദര്യസങ്കേതങ്ങൾ ആ കലാഹൃദയം കാണും; കോരിമയിർകൊള്ളും. ആ സൂക്ഷ്മയുടെ കളകണ്ഠത്തിൽ നിന്നു് അനർഗ്ഗളം വമനർഗ്ഗളിക്കുന്ന സംഗീത സരസ്സിൽ രവി സ്വയം മറന്നു നീന്തിക്കളിച്ചാനന്ദിക്കാറുണ്ടു്.

ഒരു ദിവസം അയാൾ അവരെ വിളിച്ചു. വയറുനിറയെ ആഹാരം കൊടുത്തതിനു ശേഷം രവി പറഞ്ഞു, "മൂത്തച്ഛാ! നിങ്ങൾ രണ്ടുപേരും അല്പസമയം എനിക്കുവേണ്ടി ഇവിടെ ഇരിക്കണം. എനിക്കു നിങ്ങളെ ഒന്നു വരച്ചാൽ കൊള്ളാമെന്നുണ്ടു്."

വൃദ്ധൻ കണ്ണു മിഴിച്ചു. സുഷമ അച്ഛനോടു ചേർന്നു നിന്നു. രവി തൂലികയും ചായം കലക്കിയ പാത്രങ്ങളും കയ്യിലെടുത്തു.

ഏകദേശം അരമണിക്കൂർ കഴിഞ്ഞതിനുശേഷം ഒരു ആശ്വാസത്തോടെ രവി അവരെ യാത്രയാക്കി. "രണ്ടുദിവസം കഴിഞ്ഞു് ഒന്നിവിടംവരെ വന്നാൽ വല്ലതും തരാം....."

അവർ നടന്നു. വൃദ്ധനും മകളും കൺമുന്നിൽ നിന്നു മറയുന്നതുവരെ രവി നോക്കിക്കൊണ്ടു നിന്നു.

അയിടയ്ക്കു് അവിടെ നടത്തിയ 'ചിത്രപ്രദർശന'ത്തിൽ ഒന്നാംസമ്മാനത്തിനു് അർഹമായതു രവിയുടെ "കണ്ണില്ലാത്ത സൌന്ദര്യം" എന്ന ചിത്രമായിരുന്നു—അവശനായ ഒരു വൃദ്ധന്റെ കരംപിടിച്ചു പിറകിൽ നില്ക്കുന്ന അന്ധയായ ഒരു കോമളബാലിക. അങ്ങകലെ വെളിച്ചത്തിലേയ്ക്കു അന്ധകാരത്തിലെ ആ ആത്മാക്കൾ ആഗ്രഹിച്ചുകൊണ്ടുകയാണു്.

'ഛെ!' അവർക്കു കണ്ണുകൾക്കുടെ ഉണ്ടായിരുന്നുവെങ്കിൽ!' കാഴ്ചക്കാരിൽ പലരും അങ്ങനെപറഞ്ഞുപോയി. ആ സൌന്ദര്യം അത്രയ്ക്കു് അവർണ്ണനീയമായിരുന്നു.

വിചാരിച്ചിരിക്കാത്ത ഒരു തുകയാണു് രവിക്കു് അന്നു് ആ ചിത്രപ്രദർശനത്തിൽവെച്ചു സമ്മാനമായി ലഭിച്ചതു്. അവശ്യം വേണ്ടുന്ന ബ്രഷുകളും ചായങ്ങളും മറ്റു സാമഗ്രികളും വാങ്ങിയതിനുശേഷവുമുണ്ടായിരുന്ന അയാളുടെ കയ്യിൽ നല്ലൊരു സംഖ്യ.

തനിക്കു് അത്രയും നല്ലൊരു തുക സമ്മാദിച്ചുകൊടുത്ത ആ ചിത്രത്തെ രവി നിറഞ്ഞകണ്ണുകളോടെ നോക്കി. അന്ധയായ ആ അപ്സരസ്സിനേയും വൃദ്ധനേയും വീണ്ടും കാണുവാൻ അയാൾക്കു തിടുക്കമായി.

സന്ധ്യയോടടുത്തപ്പോഴാണു് അങ്ങകലെ ആ ഗാനശകലത്തിന്റെ അവ്യക്തമായ മാറ്റൊലി അയാൾ കേട്ടതു്. രവി പുറത്തേയ്ക്കിറങ്ങി.....

* * * * *

"വരണം എന്റെ വീട്ടിലേക്കു വരണം. അവിടെ താമസിക്കാം. ഞാൻ ഒറ്റയ്ക്കുള്ളൂ. ഉള്ളതിൽ പങ്കുചേരുന്നതു് എനിക്കു സന്തോഷമാണു്. വിരോധമില്ലെങ്കിൽ....."

ആ ദൈവദൂതനോടു നന്ദിപ്രകാശിപ്പിക്കേണ്ടതു എങ്ങനെയെന്നറിയാതെ അവർ കുഴങ്ങി. കണ്ണുകളിൽ വെള്ളമുത്തുകൾ നിറച്ചുകൊണ്ടു നിന്ന ഒരു വൃദ്ധനും, കൃതജ്ഞതാഭാരത്താൽ നമ്രശിരസ്കയായ ഒരു ബാലികയും—അവർ രവിയെ അനുഗമിച്ചു.

കുറേ ദിവസത്തേക്കു വൃദ്ധൻ ഭിക്ഷയ്ക്കാനും പോയില്ല. ആ കുടുംബം സുഭിക്ഷമായിക്കഴിഞ്ഞു.

രവിക്കു വീണ്ടും ബുദ്ധിമുട്ടു തുടങ്ങി. എന്തു കിട്ടിയാലും അയാൾക്കു മിച്ചം വയ്ക്കുവാൻ കഴിഞ്ഞിരുന്നില്ല. ചിലപ്പോൾ പട്ടിണികിടക്കേണ്ടതായും വന്നു.

IV

രാവിലെ പിച്ചച്ചിരട്ടയും എടുത്തുകൊണ്ടു വൃദ്ധൻ പുറത്തേയ്ക്കിറങ്ങും. പിന്നെ സുഷമയും! സന്ധ്യയോടുകൂടി കിട്ടുന്നതും കൊണ്ടവർ രവിയുടെ വീട്ടിൽ തിരിച്ചെത്തും.

വർഷങ്ങൾ രണ്ടു മൂന്നു കഴിഞ്ഞു. സുഷമ കൌമാരത്തിന്റെ അങ്ങേ അറ്റത്തെ പടവുകൾ കയറിത്തുടങ്ങി.

അവളുടെ പുഞ്ചിരിയിൽ പ്രഭാതപുഷ്പങ്ങളും വിടർന്നു. കുങ്കുമം കലർന്ന കവിൾത്തടങ്ങളിൽ മാരിവില്ല് മറഞ്ഞിരുന്നു. മാംസളമായ വക്ഷസ്സിൽ നാണം തലയുയർത്തി. ശബ്ദത്തിൽ വീണാനിനദം അലിഞ്ഞുചേർന്നു. അരക്കെട്ടിനൊരു എന്തെന്നില്ലാത്ത ആകർഷണീയതയും! അങ്ങിനെ അവൾ ഒരു കൊച്ചു കിന്നരിയായി.

രവി സുഷമയുടെ രണ്ടു ചിത്രങ്ങൾ വരച്ചു. ഒന്നിനെയാൾ രണ്ടു സാങ്കല്പികനയനങ്ങൾ കൊടുത്തു. ഹാ! അയാൾ അറിയാതെതന്നെ അതിശയിച്ചുപോയി. ആ ചിത്രത്തിന്റെ പരിവർത്തനം!.....അതോടെ രവിയുടെ ജീവിതത്തിൽ പുതുതായി പല പരിവർത്തനങ്ങൾ മാറിമറിഞ്ഞുതുടങ്ങി. ആ കണ്ണുകൾ ഭാവനയിൽ തന്നെ എത്ര ആകർഷണീയമായിരുന്നെന്നോ!

ഓ, അതെന്തൊരു ചിത്രമായിരുന്നു! മാംസവും മജ്ജയും മൃദുലവികാരങ്ങളുമുള്ള ഒരു മനുഷ്യസ്ത്രീയൊ? അഥവാ ഒരു ദേവകന്യകയൊ? താരും തളിരും തഴുകിത്തഴുകി തിങ്ങിനിൽക്കുന്ന അക്ഷയസൌന്ദര്യം!! ആ ചിത്രത്തിനു ഹൃദയമിടിപ്പുണ്ടെന്നുപോലും രവിക്കു തോന്നിപ്പോയി.

ഒരു ദിവസം രവി വൃദ്ധനോടു പറഞ്ഞു

"മുത്തച്ഛാ! സുഷമയുടെ പ്രായമായി. ഇനി അവളേയും കൊണ്ടു തെരുവുകൾ തോറും നടക്കേണ്ട. ഇപ്പോഴത്തെക്കാലം—മുത്തച്ഛൻ രാവിലേ, അതാ, ആ കിഴക്കേ റോഡരികിൽ ചെന്നിരുന്നാൽ മതി. വല്ലതും കിട്ടാതിരിക്കയില്ല. കിട്ടുന്നതുമതി. സുഷമ ഇവിടെ ഇരുന്നു കൊള്ളട്ടെ..... ഡോക്ടർ പറഞ്ഞിട്ടുണ്ടു സുഷമയെ വെയിലു കൊള്ളിപ്പിക്കരുതെന്ന്"

രവി പറയുന്നതെല്ലാം വൃദ്ധനു സമ്മതമായിരുന്നു. സുഷമ ശിരസ്സു രവിക്കുനേരെ തിരിച്ചു. ആ കണ്ണുകളിൽ നിന്നു രണ്ടു നീർച്ചാലുകൾ ഒഴുകുന്നുണ്ടായിരുന്നു. നിരാശാനിർഭരമായ ഒരു നെടുനിശ്വാസം അവളുടെ നെഞ്ചിൽ നിന്നുയർന്നു; മാംസളമായിത്തുടങ്ങിയ ആ മാറ്റിടം ഒന്നു ഉയർന്നു താണു.

വൃദ്ധൻ മകളുടെ കണ്ണുനീർ തുടച്ചു.

"മോളു കരയല്ലെ. അദ്ദേഹം നമുക്കുവേണ്ടി എന്തെല്ലാം പാടുപ്പെടണു മോളുടെ കണ്ണു സുകമാക്കാൻ. എത്രയെത്ര ഡാക്കിട്ടരെക്കാണു പണം കൊടുക്കണെ?"

രവിയാണു മറുപടി പറഞ്ഞതു്.

"ഞാൻ എത്ര കുറി മുത്തച്ഛനോടു പറഞ്ഞിട്ടുണ്ടു് ഇങ്ങിനേയൊന്നും സംസാരിക്കരുതെന്നു്. സുഷമയുടെകണ്ണുകൾ തെളിക്കുവാൻ ഞാൻ പ്രയാസപ്പെടുന്നതു് ആ കണ്ണുകൾ വരയ്ക്കാനാണു ഞാനതു വരയ്ക്കും. സൌന്ദര്യത്തിന്റെ രണ്ടു വജ്രക്കല്ലുകൾ! മറ്റൊരു ചിത്രകാരനും അതുപോലെ രണ്ടു നയനങ്ങൾ വരയ്ക്കുവാനുള്ള ഭാഗ്യം ഉണ്ടാകയില്ല. ഞാൻ അന്നു വരച്ച സാങ്കല്പികനയനങ്ങൾ തന്നെ എത്രയും മനോഹരങ്ങളായിരുന്നു! അപ്പോൾ സൃഷ്ടിക്കുകർത്താവായ ആ ചിത്രകാരൻ കൊടുത്തിട്ടുള്ള കണ്ണുകൾ എത്രയും മനോഹരങ്ങളായിരിക്കും?.....ശരി ഞാൻ ഒരു ഡോക്ടറെ കണ്ടു വരട്ടെ....." ഒരു മൂളിപ്പാട്ടോടുകൂടി പുറത്തേയ്ക്കിറങ്ങിപ്പോയ രവീനാനുകമ്പയെ കൃതജ്ഞതാപൂർവകമായി നോക്കിനിന്നു.

"അച്ഛാ! അദ്ദേഹം പോയൊ?"

"പോയി മോളേ..."

"എന്റെ അച്ഛാ, എനിക്കാ സ്നേഹസ്വരൂപനെ ഒരു കുറികണ്ടതിനുശേഷം കണ്ണടച്ചാൽ മതിയായിരുന്നു." അച്ഛന്റെ

വിറയ്ക്കുന്ന കരങ്ങൾ മകളുടെ നനഞ്ഞിരുന്ന കവിൾത്തടങ്ങൾ തുടച്ചു.

* * * * *

അന്നു രാത്രി അത്താഴം കഴിഞ്ഞു രവി കാറു കൊള്ളുവാനായി കോലായിൽ ഇരിക്കുകയായിരുന്നു. ഒരു ചിത്രംപോലെ ഉറങ്ങിക്കിടക്കുന്ന പ്രകൃതിയും, നക്ഷത്രജാലത്താലലംകൃതമായ നീലമേലാപ്പുമായ ആകാശവും, തത്തിക്കളിക്കുന്ന സുഗന്ധവാഹിയായ തൈമണിത്തെന്നലും ആ കലാഹൃദയത്തെ കോരിത്തരിപ്പിച്ചു. വൃദ്ധനും സുഷമയും രവിയുടെ അരികിൽ ചെന്നിരുന്നു.

രവി സുഷമയോടു പറഞ്ഞു. "സുഷമേ ഒരു പാട്ടുപാട്."

മൌനം!

"ഇന്നാളൊരിക്കൽ ഞാൻ ആ ഗ്രാമഫോൺ കൊണ്ടുവന്നപ്പോൾ ഡോക്ടരുടെ വീട്ടിൽ നിന്നു ചില നല്ല റിക്കാഡുകളും കൊണ്ടുവന്നു പാടികേൾപ്പിച്ചില്ലെ? അതിലേതെങ്കിലും ഒന്ന്"

ഏതെങ്കിലും ഒരു പാട്ട് അഞ്ചാറുകുറി കേട്ടാൽ മതി, സുഷമ അതു ഹൃദിസ്ഥമാക്കിക്കൊള്ളും.

ഒരു പുഞ്ചിരിയോടെ സുഷമ മൊഴിഞ്ഞു "അതിൽ ഒന്നും എനിക്കു നല്ല ഓർമ്മയില്ല."

വൃദ്ധനു ദേഷ്യമാണുണ്ടായതു "ഇവൾക്കു ഈയിടെ വല്ലായ്മയാണോ. ഒന്നു പാടടീ മോളെ"

അവൾ പാടി. വൃദ്ധൻ അറിയാതെ ആടിത്തുടങ്ങി. രവി ഒരു അദൃശ്യലോകത്തിൽ സർവ്വം മറന്നു സഞ്ചരിച്ചു.

ആ ശോകാത്മഗീതകത്തിന്റെ മുന്നിൽ ലോകമങ്ങിനെ അനുസരണമുള്ള ഒരു കുട്ടിയെപ്പോലെ നിശ്ശബ്ദമായി നിന്നു.

സുഷമ പാട്ടുനിർത്തി. മധുരസ്വപ്നങ്ങൾ കണ്ട രവിയുടെ കലാഹൃദയം ആ സംഗീതത്തിന്റെ ആസ്വാദ്യതയുകൊണ്ട്,--മദിരകുടിച്ചു, പ്രമത്തമായിപ്പോയി. അയാളുടെ കണ്ണുകൾ ആ സൌന്ദര്യഗോളം വീക്ഷിച്ചു വീക്ഷിച്ചു താനേ അടഞ്ഞുപോയി!

പ്രശാന്തത പൂണ്ട പരിസരങ്ങളിൽ പൂളകത്തിന്റെ തരംഗഗണങ്ങളുളവാക്കികൊണ്ടിരുന്ന ആ ശോകഗാനം നിലച്ചുവെങ്കിലും രവിയുടെ ഹൃദയം ഒരു ഗാനതളികയിലെന്നപോലെ അതു് ഏറ്റു പാടിക്കൊണ്ടിരുന്നു. ഒരു സ്വപ്നഗ്രാഹിയന്ത്രത്തിലെന്നോണം ഒരുഅദൃശ്യലോകത്തിൽ നിന്നു അയാളതു അപ്പോഴും കേട്ടുകൊണ്ടിരുന്നു.

"സുഷമ എന്നും എന്റേതായിരുന്നുവെങ്കിൽ!—ഈ ഗാനം എന്നെന്നും..." രവി ഒരു സ്വപ്നത്തിലെന്നോണം പുലമ്പിപ്പോയി.

വൃദ്ധൻ രവിയെ സൂക്ഷിച്ചുനോക്കി. സുഷമയുടെ കവിളുകളിൽ ഒരു ചോപ്പുരേഖ വീശിമറഞ്ഞു. വികാരത്തിന്റെ ഒരു ഉഷ്ണകിരണം അവളുടെ ഹൃദയസിരകളിൽക്കൂടെ പിടഞ്ഞുപോയി.

അന്നുരാത്രിയിൽ രവിക്കു് ഉറക്കം വന്നില്ല. അയാളുടെ ജീവിതത്തിൽ വല്ലാത്ത ചില പരിവർത്തനങ്ങൾ പൊരുമ്പറയടിക്കയാണു്. അന്നുകമ്പ അന്നുരാഗത്തിലേയ്ക്കു അടുത്തടുത്തു പോകുന്നു. നേരം വെളുക്കാറായപ്പോൾ എന്തോ ചില സ്വപ്നങ്ങൾ കണ്ടു അയാൾ ഞെട്ടിയുണർന്നു. അടുത്തമുറിയിൽനിന്നു, രാവിന്റെ നിശ്ശബ്ദത

യിൽ ചില നെടുനിശ്വാസങ്ങൾ അയാൾ കേട്ടു.

പിറേറദിവസം രാവിലെ രവി പുറത്തേയ്ക്കൊന്നും പോയില്ല. വൃദ്ധൻ പതിവുപോലെ നിരത്തിലേയ്ക്കു നടന്നു. രവിയുടെ സാന്നിധ്യത്തിൽ മഴക്കാർകണ്ട മയൂരംപോലെ ആനന്ദിച്ചിരുന്ന സുഷമ അന്നു് ആ കാലൊച്ചകേട്ടപ്പോൾ പരിഭ്രമിച്ചു പതുങ്ങിമാറി. രവി അതു കണ്ടു. അയാൾക്കു് അതു സഹിച്ചില്ല.

ഡോക്ടർ വന്നു. സുഷമയെ അയാൾ പരിശോധിച്ചു. ചില മരുന്നുകൾ കൊടുത്തുകൊണ്ടു് അയാൾ പോയി.

ഒരു ഭയങ്കരനിശ്ശബ്ദത! ആ നിശിത നിശ്ശബ്ദതയെ നെഞ്ചിടിപ്പിച്ചുകൊണ്ടു് ചില നെടുനിശ്വാസങ്ങൾ മാത്രം.

"സുഷമേ!....." കണ്ണുമറിഞ്ഞു് ഇടറി പുറപ്പെട്ട ഒരു വിളി. രവി അവളോടടുത്തു.

"അവിടന്നു് — അ=വി=ട ന്നു".....— സുഷമ പൊട്ടിക്കരഞ്ഞുപോയി....."ഈ നിർഭാഗ്യ..... അവിട...ന്നു്... എന്റെ— ഈശ്വര—നാണു്— ഈ—പാദപൂജയുള്ള ഭാഗ്യം...പക്ഷെ—പക്ഷെ....."

സുഷമ രവിയുടെ പാദങ്ങളിൽ വീണു. ആ പാദങ്ങൾ സുഷമയുടെ ബാഷ്പധാരയാൽ പ്രക്ഷാളനം ചെയ്യപ്പെട്ടു. രവി അവളെ വാരിയെടുത്തു. അർദ്ധനിമീലിതങ്ങളായ അയാളുടെ നേത്രങ്ങൾ ഭിത്തിയിൽ ഘടിപ്പിച്ചിരുന്ന ഒരു ചിത്രത്തിൽ ചെന്നു വിശ്രമിച്ചു. ക്രിസ്തുദേവന്റെ പവിത്രപാദങ്ങളെ പൂജിക്കുന്ന മേരി മഗ്ദലനയുടെ ചിത്രമായിരുന്നു അതു്! പക്ഷേ നിഷ്കളങ്കതയുടേയും നവ്യതയുടേയും സാക്ഷാത്ക്കാരമായ സുഷമയെ മേരിമഗ്ദലനയുമായി താരതമ്യപ്പെടുത്തുവാൻ രവിക്കു കഴിഞ്ഞില്ല.

V

ഒരുദിവസം രോഗശയ്യയിൽ കിടന്നുകൊണ്ടു് വൃദ്ധൻ പറഞ്ഞു. "മോളെ, മോളുടെ കണ്ണുനീരൊക്കയേക്കാം—നമ്മളെ രക്ഷിച്ച—അദ്ദേഹത്തെ—മറക്കരുതെട്ടോ" വൃദ്ധന്റെ ശബ്ദം ഇടറി. മുഖത്തു പട്ടിണിയും കൊടുംയാതനകളും നിർമ്മിച്ച ഉഴുചാലുകളിൽക്കൂടെ കണ്ണീരരുവികൾ ഒഴുകിത്തുടങ്ങി പൊട്ടാറായ കരച്ചിൽ. മുണ്ടുകൊടുച്ചമർത്തിക്കൊണ്ടു് സുഷമ പിതാവിനെ പരിചരിച്ചു.

സുഷമയെ ചികിത്സിക്കുന്നതിനോടൊപ്പം രവി വൃദ്ധനും ചില മരുന്നുകൾ വാങ്ങിക്കൊടുത്തു. പക്ഷേ, ഒരുരാത്രി സുഷമയുടെ അച്ഛൻ മരിച്ചു മരവിച്ചുകിടക്കുന്നതായിട്ടാണു് രവി കണ്ടതു്.

* * * * *

രവി തന്റെ ഭവനം പണയമെഴുതി വീട്ടുസാമഗ്രികൾ പോലും ഓരോന്നായി വിറ്റുതുടങ്ങി. ഡോക്ടർമാരുടെ ഫീസുകൾ നിറഞ്ഞു. സുഷമയ്ക്കു കാഴ്ച കിട്ടിയേക്കാം. എന്നുള്ള ഒരൊറ്റ ആശ്വാസം അയാളെ ജീവിപ്പിച്ചുപോന്നു.

"...ഈ പാപിക്കുവേണ്ടി ... ഞാൻ എന്താണു് ചെയ്യേണ്ടതീശ്വരാ!..."

"കാഴ്ച ലഭിച്ചതിനുശേഷം നമുക്കു കൃതജ്ഞതാപ്രകടനം നടത്താം. എന്റെ കൊച്ചുഗായിക ഇപ്പോൾ സമാധാനമായിരിക്കൂ."

ദിവസങ്ങൾ അങ്ങിനെ മുന്നോട്ടുനീങ്ങി. ഒരുദിവസം സുഷമയെ ചികിത്സിച്ചുകൊണ്ടിരുന്ന ഡോക്ടർ രവിയോടു പറഞ്ഞു.

"ഇനി ഒരു ശസ്ത്രക്രിയ കൊണ്ടുകാര്യം വിജയിക്കും. ചിലഇഞ്ചക്ഷൻസുവേണം. എന്റെ ആസ്പത്രിയിലേയ്ക്കു സുഷമയെ

കൊണ്ടുവരും. ഇരുന്നൂറു രൂപായോളം തൽക്കാലചിലവുകൾക്കായി വേണ്ടിവന്നേക്കും"

ഇരുന്നൂറുരൂപാ! രവി സ്തംഭിച്ചുപോയി. സുഷമ അതു കേട്ടു ഒന്നു ഞെട്ടി.

ഇരുന്നൂറു രൂപാ കൈവശമാക്കുവാൻ തന്നെ രവി നിശ്ചയിച്ചുറച്ചു. രാവും പകലുമില്ലാതെ പാവം തല പുകഞ്ഞു ആലോചിച്ചു.

പിറ്റെദിവസം രാവിലെ തനിക്കു ഏറ്റവും പ്രിയപ്പെട്ട ആ വസ്തു അയാൾ കയ്യിലെടുത്തു—ജീവന്റെ ജീവനായ ആ ചിത്രം!—അനേക നാളത്തെ പരിശ്രമഫലമായി വരച്ചെടുത്ത ആ ചിത്രം!-വയലിന്റെ നടുവിൽ വലിയൊരു കെട്ടുകഥാശിരസ്സിൽ പേറി വലതുകരത്തിലൊരു അരിവാളുമായി നില്ക്കുന്ന സ്വന്തം അമ്മയുടെ ചിത്രം. അവനെ 'ആളാക്കാൻ' അശ്രാന്തംപരിശ്രമിച്ച ആ സ്നേഹസ്വരൂപിണിയുടെ നേർക്കു രവി നോക്കി. ആ കണ്ണുകൾ നിറഞ്ഞൊഴുകി, "അമ്മ...എന്റെ പൊന്നമ്മ..." ആ ചിത്രത്തോടുകൂടി തനിക്കു ഏറ്റവും പ്രിയതരങ്ങളായ മറ്റു ചില ചിത്രങ്ങളും ഏതാനും നല്ല ബ്രഷുകളും അയാളെടുത്തു അടക്കിവച്ചു. രവി അതെല്ലാം വിലയ്ക്കുവാൻ കൊണ്ടുപോകയാണു്.

.....

VI

നൂറിരൂപാ ഡോക്ടരുടെ കയ്യിൽ കൊടുത്തു കൊണ്ടു രവി കെഞ്ചി, "ബാക്കി ഒന്നുരണ്ടു മാസങ്ങൾക്കുള്ളിൽ തന്നേക്കാം. ദയവുചെയ്തു എന്റെ സുഷമയുടെ:—" ഡോക്ടർ സമ്മതിച്ചു.

സുഷമയുടെ കണ്ണുകൾ ശസ്ത്രക്രിയയ്ക്കു വിധേയമായി. അഞ്ഞിടിക്കുന്ന ഹൃദയത്തോടെ രവി വാതിൽക്കൽ നിന്നു.

ഒരു നീണ്ട ബേൻഡേജുകൊണ്ടു കണ്ണുകൾ രണ്ടും ഇറുകെക്കെട്ടി, അർദ്ധബോധയായ സുഷമയെ ഏതാനും പേർ സ്ട്രെച്ചറിൽ കിടത്തി ഒരു മുറിയിലേയ്ക്കു കൊണ്ടുപോയി.

രാവും പകലും ഉറങ്ങാതെ ഉറക്കവും ഉപേക്ഷിച്ചു് ആ ചിത്രകാരൻ സുഷമയുടെ കട്ടിലിന്നരികിൽ അവളെ ശുശ്രൂഷിച്ചുകൊണ്ടിരുന്നു. എന്തോ ആവൊ അയാൾക്കൊരു ദൃഢമായ വിശ്വാസം-സുഷമയ്ക്കു കാഴ്ചലഭിക്കുമെന്നു്.. അയാൾ പ്രാർത്ഥിച്ചു.

ഒരിക്കൽ രവി ഒന്നു മയങ്ങിക്കൊണ്ടിരുന്നപ്പോൾ ഒരു സ്വപ്നം കണ്ടു. തൈലോകൃസുന്ദരിയായ സുഷമ അങ്ങിനെ തന്റെ മുൻപിൽ ഇരിക്കുന്നു. ആ കണ്ണുകൾ രണ്ടു വജ്രക്കല്ലുകൾപോലെ തിളങ്ങുന്നു! ലോകത്തിലെസൗന്ദര്യസത്തും, ഒന്നിച്ചുസമ്മേളിക്കുന്ന രണ്ടുനയനങ്ങൾ!! അയാൾ അവളിൽ നിന്നു അല്പം അകലെ തൂലികയും പിടിച്ചുകൊണ്ടു നില്ക്കുന്നു. രവി സുഷമയെ വരയ്ക്കുയാണു്.....അപ്പോഴുണ്ടു തന്റെ മാതാവു ഒരു വയലിൽ നിന്നു കയറിവരുന്നു! കയ്യിൽ ആ അരിവാളുമുണ്ടു്!—ഹൊ! കോപാകുലമായ ആ മുഖം!—വിറയ്ക്കുന്ന ശരീരം!! "കലയ്ക്കു വേണ്ടി നീ നിന്റെ പെറ്റതള്ളയെപ്പോലും വിറ്റുവോ?.....?" അമ്മ അലറി. രവി ഞെട്ടിത്തെറിച്ചു.

* * * *

സുഷമയുടെ കെട്ടുകൾ അഴിക്കപ്പെട്ടു. അവൾ കണ്ണുകൾ തുറന്നു. ഹൃദയത്തിൽ തിങ്ങിക്കൂടിനിന്ന അനേകമനേകം പ്രതീക്ഷകൾ പൂവിട്ടു തുടങ്ങി. അവളുടെ ആനന്ദം?— എന്തെന്നില്ലാത്ത ആ അവസ്ഥ!! .....രവിയുടെ വിരലുകൾ തൂലികയ്ക്കുവേണ്ടി ചലിച്ചു. കരങ്ങൾ സുഷമയെ കെട്ടി

പ്പുണരുവാൻ വെമ്പി. ഹൃദയം ആ സൌന്ദര്യഗോളത്തെ അമർത്തിപ്പിടിക്കുവാൻ കൊതിച്ചു.

"എവിടെ?...എന്റെ ഈശ്വരൻ എവിടെ?..." സുഷമ ചാടി എഴുന്നേറ്റു.

"സുഷമേ!...എന്റെ സുഷമേ!!....." രവി കൈകൾ മുന്നോട്ടു നീട്ടി അണഞ്ഞു.

അവൾ ഒന്നുരണ്ടടി പിന്നോട്ടുമാറി. അവളുടെ രവി അതായിരിക്കയില്ല. അവളുടെ ഈശ്വരൻ!-സുപ്രസിദ്ധനായ ആ ചിത്രകാരൻ!—അയാൾ?—ഹൃദയം ഇടിഞ്ഞിടിഞ്ഞു നുറുങ്ങുന്നതായി അവൾക്കു തോന്നി: ആശാസൌധത്തിന്റെ അവസാന അടിക്കല്ലുകൾ അടർന്നടർന്നു വീഴുകയോ?—

നീട്ടിപ്പിടിച്ച കരങ്ങളുമായി രവി അങ്ങിനെ മരവിച്ചു നില്ക്കയാണു്. വികാരാവേശത്താൽ മൂടപിടിച്ച സുഷമയുടെ ഹൃദയം പൊട്ടുന്നവെ ഹിമാലയശൃംഗംപോലെ തണുത്തു മരവിച്ചു മൂകമായി. രവി ആനന്ദത്തിന്റെ കൊടുമുടിയിൽ നിന്നു ആഴം അറിയാത്ത അഴലിന്റെ താഴ്വരയിലേയ്ക്കു തെറിച്ചുവീണു.

"അതെ—അതുതന്നെയാണു് നിങ്ങളുടെ ഈശ്വരൻ—മി. രവി" ഡോക്ടർ മാരിൽ ഒരാൾ പറഞ്ഞു.

അവൾക്കതു വിശ്വസിക്കുവാൻ കഴിഞ്ഞില്ല. ശബ്ദത്തിനുപോലും ഒരു വ്യത്യാസം തോന്നിത്തുടങ്ങി. ആ വികൃതസത്ത്വത്തിന്റെ മുഖത്തുനിന്നും അവൾ മറ്റൊരിടത്തേയ്ക്കു നോക്കി. അവിടെ ഒരു നിലക്കണ്ണാടിയിൽ അവളുടെ രൂപം അവൾ കണ്ടു. ദേവന്മാർപോലും ആഗ്രഹിക്കുന്ന ആകാരസുഷമ!—ക്രൂരതെ അവൾക്കു ബോദ്ധ്യമുണ്ടു്; പ്രപഞ്ചത്തെ പാടിയുറക്കുവാൻ പറ്റിയ ഒരു ശരീരം അവൾക്കുണ്ടെന്നു!—

ആജീവനാന്തം ആ വികൃതരൂപത്തിന്റെ അടിമയായി അവൾ കഴിയുക. ആ അവൾക്കതു ചിന്തിക്കുവാൻപോലും കഴിഞ്ഞില്ല.

സുഷമ കണ്ണുപൊത്തിക്കരഞ്ഞു തുടങ്ങി.

"സുഷമേ...എനിക്കറിയാം...ഞാൻ—ഞാൻ—ഞാൻ എന്തു പറഞ്ഞു...ഞാൻ നിർബന്ധിക്കുന്നില്ല.—എന്റെ സുഷമ കരയരുതു്...അതു മാത്രം...എനിക്കു്..." രവി നിരുദ്ധകണ്ഠനായി.

സുഷമ ആ ചിത്രകാരനെ വിടർന്നകണ്ണുകളോടെ ഒന്നുകൂടെ നോക്കി. രവി തലകുനിച്ചു. സുഷമയുടെ ആ മിഴിച്ചുനോട്ടം! രവിക്കതു സഹിക്കുവാൻ കഴിഞ്ഞില്ല. ആ കണ്ണുകൾ രവിയുടെ പ്രതീക്ഷകൾക്കു തീകൊളുത്തിക്കഴിഞ്ഞു. കൊടുമ്പിരിക്കൊണ്ട ഒരുവനെപ്പോലെ ആ ചിത്രകാരൻ പുറത്തേയ്ക്കോടി.

അല്പനേരം മരവിച്ചു നിന്ന സുഷമയും പുറത്തേയ്ക്കു പാഞ്ഞു. പക്ഷേ, ആ ചിത്രകാരനെ അവിടെയെങ്ങും കണ്ടില്ല.





സരോജത്തിന്റെ കഥ.

പത്മകുമാരി.

എല്ലാവർക്കും സന്തോഷം ജനിപ്പിക്കുന്നതായ വസന്തകാലത്തു് ഒരു വിനോദയാത്രയ്ക്കായി ഞാൻ ടെയിനിൽ സഞ്ചരിച്ചു. വായുവേഗത്തിൽ ഗമിക്കുന്ന വണ്ടിയുടെ ഇരുവശങ്ങളിൽ നിന്നും പല മനോഹര കാഴ്ചകളും എനിക്കു ദൃശ്യമായി. പ്രഭാത സമയമായതിനാൽ കനകവർണ്ണങ്ങളായ പൂക്കൾ വഹിക്കുന്ന കുറിച്ചെടികളിൽ വീണിരുന്ന മഞ്ഞുനീർക്കണങ്ങളിൽ ബാലാർക്കന്റെ ചെങ്കതിരുകളേറ്റു് പല നിറത്തിലുള്ള രത്നങ്ങൾ പതിച്ചിരിക്കുന്നപോലെതോന്നി. ഇപ്രകാരം പല കാഴ്ചകളും കണ്ടുപ്പോഴെക്കും വണ്ടി രണ്ടു മൂന്നു സ്റ്റേഷൻ കഴിഞ്ഞതു ഞാൻ അറിഞ്ഞില്ല. നാലാമത്തെ സ്റ്റേഷനിൽ വണ്ടിനിന്ന ഉടനെ ഒരു സ്ത്രീ വളരെ തിടുക്കത്തിൽ വന്നു ഞാൻ ഇരുന്ന മുറിയിൽ കയറി. ഈ സ്ത്രീ മുഖാവരണം ചെയ്തിരുന്നു രണ്ടുമൂന്നു മണിക്കൂർ കഴിഞ്ഞപ്പോൾ അവൾ പൊട്ടിക്കരയുവാൻ തുടങ്ങി.

ഞാൻ—"നിങ്ങൾ എന്തിനാണു കരയുന്നതു്?"

സ്ത്രീ—"എന്റെ ദുഃഖസമ്പൂർണ്ണമായ കഥ നിങ്ങളെയും കേൾപ്പിച്ചു് വ്യസനിപ്പിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല."

ഞാൻ വീണ്ടും നിർബ്ബന്ധിച്ചതിനാൽ ആ സ്ത്രീ കഥ പറയാൻ തുടങ്ങി.

സ്ത്രീ—"എന്റെ പിതാവു് ഒരു വലിയ ധനികനായിരുന്നു. എന്റെ മാതാപിതാക്കന്മാരോടും ജ്യേഷ്ഠത്തിയോടുംകൂടി ഞാൻ സുഖസമ്പൂർണ്ണമായി ജീവിക്കുമ്പോഴാണു് ഉപരിപഠനത്തിനായി ബാംബയിൽ പോയതു. രണ്ടു മൂന്നു വർഷം സ്നേഹിതമാരോടുകൂടി സന്തോഷപ്രദമായ വിദ്യാർത്ഥിജീവിതം നയിച്ചു. സഹോദരിയേയും മാതാപിതാക്കന്മാരെയും കാണുവാനുള്ള അത്യാർത്തിയോടെ തിരിച്ചു വരുമ്പോൾ".. ആ സ്ത്രീ ഗദ്ഗദത്തോടുകൂടി ഇത്രയും പറഞ്ഞിട്ടു കരഞ്ഞു.

ഇത്രയും കേട്ടപ്പോൾ എന്റെ ജിജ്ഞാസവർദ്ധിച്ചു.

വീണ്ടും കഥ തുടർന്നു.

"എന്റെ പിതാവു് ഒരു വർഷത്തിനു മുമ്പു മരിച്ചുപോയി എന്നും അമ്മയും സഹോദരിയും മുകിൽ വീരന്മാരുടെ ആക്രമണത്തിൽ നിന്നും ജീവനും കൊണ്ടു് ഓടിയതായിട്ടും ഞാൻ അറിഞ്ഞു. ഞങ്ങളുടെ മാളികയിരുന്ന സ്ഥലത്തു ചില ചെറിയ കുടിലുകളും പൂന്തോട്ടത്തിന്റെ സ്ഥാനം കുറിക്കാട്ടുകളും അപഹരിച്ചിരിക്കുന്നതായി ഞാൻ കണ്ടു. അച്ഛനമ്മമാരുടെ വിരഹവും ഞങ്ങളുടെ തറവാട്ടിന്റെ സ്ഥിതിയുമെല്ലാം എനിക്കു ഹൃദയഭേദകമായിരുന്നു. എന്റെ രോമകൂപങ്ങളിൽ നിന്നും തീ പാറി. എന്റെ തല പുകഞ്ഞു. എനിക്കുയാതൊന്നും അറിയാൻ പാടില്ലാ

തായി ഞാൻ മൂർച്ഛിതയായി നിലം പതിച്ചു. മൂന്നു നാലുമണിക്കൂർ കഴിഞ്ഞു് എനിക്കു സ്വബോധമുണ്ടായപ്പോൾ ചില മഹമ്മദീയസ്ത്രീകൾ വന്നു് എന്റെ അട്ടത്തുനില്ക്കുന്നതായും അതിൽ ചിലർ എന്നെ വീശുന്നതായും എനിക്കു മനസ്സിലായി. ഞാൻ ഉടൻ തന്നെ ചാടി എഴുന്നേറ്റു. വീണ്ടും നിലം പതിച്ചു. വീണ്ടും എഴുന്നേറ്റു ഞാൻ യാതൊരു ലക്ഷ്യവുമില്ലാതെ ഓടി. ഒരു ഫർലാംഗ് പോലും നടന്നിട്ടില്ലാത്ത ഞാൻ പത്തുപന്ത്രണ്ടുമൈൽ ഓടിയതായി കണ്ടു. വഴിയിൽ ഞാൻ എന്റെ ഒരിളയച്ഛനെ കണ്ടുമുട്ടി. അദ്ദേഹം എന്നെ അദ്ദേഹത്തിന്റെ വീട്ടിലേക്കു ക്ഷണിച്ചു. യാതൊരാശ്രയവും ഇല്ലാത്തതിനാൽ ഞാൻ ആ ക്ഷണത്തെ സന്തോഷപുരസ്സരം സ്വീകരിച്ചു. അവിടെ ഞാൻ രണ്ടു വർഷമനുഭവിച്ച ദുരിതങ്ങൾ! ഇളയച്ഛന്റെ ഭാര്യയായ എന്റെ ചിറ്റമ്മക്കു് എന്നോടുണ്ടായിരുന്ന വാത്സല്യത്തിന്റെ ശതാംശംപോലും ഇപ്പോഴില്ലെന്നു് എനിക്കു മനസ്സിലായി. അവർ എന്നെ എപ്പോഴും ശകാരിക്കുകയും വ്യസനിപ്പിക്കുകയും ചെയ്തിരുന്നു. "നിന്റെ അഹങ്കാരംകൊണ്ടാണു് നിനക്കിങ്ങനെ വന്നതു്" എന്നുള്ള പല്ലവി അവർ എപ്പോഴും ഉച്ചരിക്കുമായിരുന്നു. ഇതുകേൾക്കുന്നതു് എനിക്കു മർമ്മഭേദകമായി തോന്നി.

അവരുടെ മകൾ ശാലിനി—നല്ല ഒരു പെൺകുട്ടി. എന്നോടു വലിയ സ്നേഹമാണു്. അവൾ നിമിത്തമാണു രണ്ടു വർഷമെങ്കിലും അവിടെ കഴിച്ചുകൂട്ടാൻ സാധിച്ചതു്. അവസാനം എന്നെ അവിടെ നിന്നും പോകുന്നതിനു ചിറ്റമ്മ പ്രേരിപ്പിച്ചു. എന്റെ വേർപാടു ശാലിനിക്കു വളരെ വ്യസനമുണ്ടാക്കി. അവൾക്കെന്തു ചെയ്യാൻ കഴിയും? പിറ്റെ ദിവസം പ്രഭാതത്തിൽ അവൾ ഒരു ഫോട്ടോയും ഒരു പൊതിയും എന്റെ കയ്യിൽ കൊണ്ടുവന്നുതന്നു.

"ചേച്ചി, ചേച്ചി എന്നെ മറക്കരുതു്. എന്റെ ഫോട്ടോ ആണതു്. അതു കാണുമ്പോഴെങ്കിലും എന്നെ ഓർമ്മിക്കണം. ഈ പൊതിയിലിരിക്കുന്ന തുപ ചേച്ചിക്കുപകരിക്കും"

ആ പെൺകുട്ടി ഇത്രയും പറഞ്ഞിട്ടു് അതിന്റെ മാതാവു കാണാതെ അവിടെ നിന്നും ഓടി രക്ഷപ്പെട്ടു.

ഇളയച്ഛന്റെ വീട്ടിൽ നിന്നിറങ്ങി ഭഗ്നാശയായി എവിടേക്കാണു പോകേണ്ടതെന്നറിയാതെ അലഞ്ഞു നടക്കുമ്പോൾ ഒരു പോസ്റ്റുപ്യൺ ഒരെഴുത്തും ഒരു മണിയാർഡറും കൊണ്ടു വന്നു എന്റെ കൈയ്യിൽതന്നു. ഞാൻ അത്യാശയോടെ എഴുത്തു പൊട്ടിച്ചു വായിച്ചപ്പോൾ എന്നോടൊന്നിച്ചു് കാളേജിൽ പഠിച്ച സരളയുടേതാണന്നു മനസ്സിലായി. അതിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

പ്രിയസ്നേഹിതെ,

സോദരിയുടെ വിവരങ്ങളെല്ലാം ഞാൻ അറിഞ്ഞു. ഏതായാലും ഈ എഴുത്തുകിട്ടിയുടൻ ഇങ്ങോട്ടു തിരിക്കണം. വഴിച്ചിലവിനായി ഞാൻ കുറെ പണം ക്രൂടി അയച്ചിട്ടുണ്ടു്. ഇവിടെ വന്നു ചേർന്നാലുടൻ സോദരിയുടെ അമ്മയേയും സഹോദരിയേയും പറ്റിയുള്ള വിവരങ്ങൾ അന്വേഷിക്കാം.

എന്നു്, സ്വന്തം,
സരള.

ബാംബേയിൽ പോകാനായിട്ടു ഞാൻ ഇന്നു വണ്ടിയിൽ കയറിയിരിക്കുകയാണു്"

ഇതുയും കേട്ടപ്പോൾ പെട്ടന്നു എന്തോ ചിലതെനിക്കോർമ്മവന്നു.

ഞാൻ—നിങ്ങളുടെ പേരെന്താണ്?.

സ്ത്രീ—'സരോജം'

ഞാൻ—അമ്മയുടേയും ജ്യേഷ്ഠത്തിയുടേയും പേരെന്തു?"

സരോജം—"അമ്മയുടെ പേർ ഗംഗാഭായി; ജ്യേഷ്ഠത്തിയുടേതു കമലം"

ഈ സ്ത്രീയുടെ മുഖാവരണം മാറുന്നതിനു ഞാൻ ആവശ്യപ്പെടുകയും അവർ അപ്രകാരം ചെയ്കയും ചെയ്തു.

അപ്പോൾ അവിടെ പ്രത്യക്ഷപ്പെട്ട സ്ത്രീ അയ്യോ! അതു് എന്റെ അനുജത്തി സരോജമായിരുന്നു. ഞാൻ അവളെ പലവുരുചുംബിച്ചു. മുകിലന്മാരുടെ ആക്രമണകാലത്തു ഞങ്ങൾക്കു നഷ്ടപ്പെട്ട കൊച്ചനുജത്തി സരോജമാണിവൾ.

ഞാൻ—"സരോജം നീ ബാംബേയിൽ പോകണ്ടാ. അടുത്ത പോസ്റ്റിൽ തന്നെ സരളക്കെഴുത്തിടുക. വരൂ, നമുക്കിപ്പോൾ തന്നെ വീട്ടിൽ എത്തണം.

സരോജം—ചേച്ചി, നിങ്ങൾ അവിടെ നിന്നും വന്നതിനുശേഷം നിങ്ങളുടെ കഥ എങ്ങിനെ ആയി?

ഞാൻ—"ഞങ്ങൾ അവിടെ നിന്നും രക്ഷപ്പെട്ടമധുരയിലെത്തി. എന്റെ ആഭരണങ്ങളെല്ലാം വിറ്റു് അവിടെ ഞങ്ങൾ വസ്തുക്കൾ വാങ്ങി. ഞങ്ങൾക്കവിടെ യാതൊരു കുറവുമില്ല. പക്ഷേ പിതാവിന്റെയും ഒരനുജത്തിയുടേയും കുറവു്. അനുജത്തിയുടെ കുറവിപ്പോൾ പൂരിതമായി. എന്നും ഞാനും അമ്മയും അനുജത്തിയുടെ കാര്യം ആലോചിച്ചു സങ്കടപ്പെട്ടമായിരുന്നു.

ഞങ്ങൾ ഇവിടെ താമസമാക്കിയശേഷം ബാംബേയിലേക്കു രണ്ടു മൂന്നെഴുത്തയച്ചു അതിനൊന്നിനും മറുപടി കിട്ടിയിട്ടില്ല."

സരോജം—"ചേച്ചി അമ്മയ്ക്കു സുഖം തന്നെയോ?

ഞാൻ—"ദൈവകൃപയാൽ അമ്മക്കു സുഖം തന്നെ. പക്ഷേ അനുജത്തിയുടെ കാര്യമാലോചിച്ചു് അമ്മ ഏപ്പോഴും സങ്കടപ്പെടുന്നു. വരൂ, നമുക്കു തിരിച്ചു പോകാം.

ഞങ്ങൾ രണ്ടാളും ക്രൂടി അടുത്തവണ്ടിയിൽ കയറി മധുരയിലേക്കുപോയി. സരോജത്തിനെ കണ്ടപ്പോൾ അമ്മയ്ക്കുണ്ടായ സന്തോഷം പറഞ്ഞറിയിക്കാവുന്നതല്ല. സരോജത്തിന്റെ കഥ മുഴുവനും ഞാൻ അമ്മയേ പറഞ്ഞു കേൾപ്പിച്ചു.


ഞങ്ങൾക്കു് ഇങ്ങനെ ഒത്തു ക്രൂടാൻ സാധിച്ച ആ സുദിനത്തിൽ ഞങ്ങൾ മൂവരും ക്രൂടി ക്രുപ്പുകൈയോടെ ദൈവത്തെ വാഴ്ത്തി.

കുഞ്ഞും കുട്ടിലെക്കിളിയും.

വൈദ്യൻ കെ. ബാലകൃഷ്ണപിള്ള

കുഞ്ഞു:—പാലും കാലേതരുവൻ ഞാൻ
പഴമെമ്പാട്ടം തരുവൻ ഞാൻ
എങ്കിലുമാരണ്യം പൂകാ—
നെന്തിനു നീവഴി നോക്കുന്നു?
കാനനമാപിച്ചെന്നെന്നും
തീനിനലഞ്ഞ നിനക്കിപ്പോൾ
കൂട്ടിലിരിക്കും വിധമോത്താൽ
കുറവുകളേതാനുണ്ടോ ചൊൽ.

കിളി:—ചിറയിൽ ചുമ്മാവാഴ്വാനീ—
ച്ചിറകം ദൈവം തരുവാനോ!
വാഴ്ത്തുമങ്ങിനെ ചെയ്തീടാ—
നീശ്വരനറിയാകുഞ്ഞാണോ?
പാലും വേണ്ടകുടച്ചീടാൻ
പഴവും വേണ്ടാ തിന്നിടുവാൻ!
കൂവിക്കൂട്ടരുമായ് വന്യ—
ഭൂവിലലഞ്ഞാൽ മതികുഞ്ഞേ!!



കെ. അച്യുതൻപിള്ള, മാവേലിക്കര.

ഭർത്താവു്:—എന്റെ കുറുപ്പുചേട്ടാ, ഞാനെന്തുചെയ്യും? എന്റെ ഭാഗ്യമ്മു് എപ്പോഴും 'പണം പണം' എന്നു മുറവിളിക്കുട്ടാനേയുള്ള സമയം.

കുറുപ്പു്:—അതുകട്ടെ, ഈ പണമെല്ലാം കൊണ്ടു് അവർ എന്തുചെയ്യുന്നു? അവർ ക്കെന്തൊണിത്ര വലിയ ചെലവു്?

ഭർത്താവു്:—അതെങ്ങനെ അറിയാനാണു്? ഞാനിതുവരെ ഒരു പണവും അവർക്കു കൊടുത്തിട്ടില്ല.

* * * *

വാദ്ധ്യാർ:—(സ്കൂൾ തുറന്നപ്പോൾ കാക്കി നിക്കറും കാക്കി ഷർട്ടും ധരിച്ചു വന്ന ഒരു സാധു വിദ്യാർത്ഥിയോടു്) എന്താടാ! ഇക്കൊല്ലം മുതൽ യൂണിഫാറത്തിലാ, അല്ലേ?


കുട്ടി:—അല്ല സാറേ! സെക്കൻറു ഫാറത്തിലാ.

* * * *

പ്രൊഫസർ:—വിദ്യാർത്ഥികളേ, ലേഖകന്മാക്കു് സമുദായത്തിൽ നല്ല സ്ഥാനമുണ്ടു്. നിങ്ങടെ ലേഖനങ്ങളും മറ്റും എഴുതിയയച്ചു് ചെറുപ്പത്തിലേ നല്ല പേരു സമ്പാദിക്കാൻ നോക്കണം. അതു നിങ്ങളുടെ ഉൽക്കർഷത്തിനു നല്ലതാണു്.

ഒരു വിദ്യാർത്ഥി:—സാർ, ഞങ്ങടെ ലേഖനങ്ങടെ എഴുതിയയയ്ക്കുക മാത്രമല്ല, ചിലപ്പോൾ തരം കിട്ടുകയാണെങ്കിൽ വിദ്യാർത്ഥിനികളുടെ കയ്യിൽ നേരിട്ടു കൊടുക്കുകയും ചെയ്യുന്നുണ്ടു്. പക്ഷേ, ഞങ്ങടെ കിട്ടുന്നതു് ചെറുപ്പത്തിലേ ചീത്തപ്പേരാണെന്നു മാത്രം.

* * * *



"കാർ മതിയോ? അതോ ലോറി വേണോ?"

കോളുകാരൻ:—എടോ! കാളക്കാരാ! ഈ കാളയ്ക്കന്തു വില വേണം?

കാളക്കാരൻ.—60 രൂപാ.

കോളുകാരൻ:—അതു ക്രൂടിപ്പോയി. അതു കട്ടെ! നിങ്ങൾ വാങ്ങിച്ചപ്പോൾ ഈ കാളയ്ക്കന്തു കൊടുത്തു?

കാളക്കാരൻ:—പിണ്ണാക്കും തവിടും ഇട്ടു കാടിവെച്ചു് വയറുനിറയെ കോരിക്കൊടുത്തു

* * * *



"എത്ര തവണ ഛർദ്ദിച്ചുനോക്കിയിട്ടും ശിഷ്യംവന്നു. അതുകൊണ്ടു്, ശിഷ്യൻ ഒരു കടലാസിലെഴുതി ഞാൻ വിഴുങ്ങി!"

* * * *

സാർ:—എനിക്കു പനിയായതു കൊണ്ടു് ഉറച്ചു പഠിപ്പിക്കാൻ വയ്യാ. ഞാനിന്നു കളിച്ചതുപോലുമില്ല.

ഒരു കുട്ടി:—കളിയ്ക്കാതെ ക്ലാസിൽ വരുന്നവർ ബഞ്ചിന്റെ മുകളിൽ കയറി നില്ക്കണമെന്നു് ഇന്നലെ സാറല്ലിയോ പറഞ്ഞതു്?

* * * *

വാദ്ധ്യാർ:—എല്ലാവരും പതിന്നാലിന്റെ പട്ടിക എഴുതിക്കൊണ്ടു വന്നിട്ടുണ്ടല്ലോ. പട്ടിക കൊണ്ടുവരാത്തവർ എണീറ്റു നില്ക്കട്ടെ!

(ഒരു മിടുക്കൻ വിദ്യാർത്ഥി എണീറ്റു നില്ക്കുന്നു.)

വാദ്ധ്യാർ:—താനെന്താടോ പട്ടികകൊണ്ടുവരാഞ്ഞതു്?

വിദ്യാർത്ഥി:—സാറേ! ഒള്ള കാര്യം പറയാമല്ലോ. ഞങ്ങടെ വീട്ടു പുത്തനായിട്ടു വെച്ചതാ. അതിന്റെ ഒരു പട്ടിക ഇളക്കിയെടുക്കാൻ ഭാവിച്ചപ്പോൾ അച്ഛനെന്നെ കണ്ടമാനം വഴക്കു പറഞ്ഞു. അതിനു ഞാനാണോ കുറക്കാരൻ?

* * * *

നാറാപിള്ള:—എടീ ഭാരതീ, ഇങ്ങോട്ടുവന്നേ! നീയിതു കണ്ടോ? ഇന്നത്തെ മനോരമപ്പത്രം? ഗവണ്മെന്റു് 'ഭാരത'ിയുടെ പ്രസ്സു് അവകാശങ്ങളും റദ്ദു ചെയ്തിരിക്കുന്നു എന്നു്.

ഭാരതി:—(അവിയലിളക്കിയ തവിയുമായി പ്രവേശിച്ചു്) എന്തു്? ഭാരതിയുടെ പ്രസവാവകാശമോ? അപ്പോൾ മാസം തികഞ്ഞിരിക്കുന്നേ എന്നേ പ്രസവിക്കാൻ സമ്മതിക്കയില്ലെന്നോ? ദൈവമേ! അയ്യോ ഗവമ്മെൻറിനും പെറാ തള്ളയില്ലിയോ? അവന്റെ തലയിൽ ഇടിവെട്ടണേ.

* * * *

ജോജ്ജു്:—എടാ തോമസേ! നമ്മുടെ സാറിന്റപ്പൻ മരിച്ചുപോയി. അതുകൊണ്ടിന്നവധിയാ.

തോമസ്:—ദൈവത്തിനു സ്തുതി. എന്റെ കർത്താവേ! എന്നും ഞങ്ങടെ സാറിന്റപ്പൻ മരിക്കണേ!

* * * *

(ഒരു വീട്ടിൽ ഒരു തടിച്ച സ്ത്രീ മിണ്ടാതെയിരുന്ന ഖദർ മുണ്ടുകാരനോടു ചോദിക്കുന്നു.)

ആഗതൻ:—ഛേ! പൊംപറന്നോരേ! ഈ വീട്ടു വാടകയ്ക്കു കൊടുക്കുമോ?

സ്ത്രീ:—(മൌനം)

ആഗതൻ:—നിങ്ങളാണോ ഇതിന്റെ ഉടമസ്ഥ?

സ്ത്രീ:—(മൌനം)


ആഗതൻ:—അതോ നിങ്ങളും ഇവിടെ വേലയ്ക്കു നില്ക്കുയാണോ? എന്താണൊന്നും മിണ്ടാത്തതു്?

സ്ത്രീ:—(സകോപം) ഞാൻ വേലക്കാരിയാണെന്നോ? ഇറങ്ങിപ്പോടോ വെളിയിൽ. തന്നോടിപ്പോൾ ഒന്നും മിണ്ടുന്നില്ല. ഇന്നു ഗാന്ധിജയന്തിയല്ലേ. എനിക്കു മൌനവ്രതമാണു്. അല്ലെങ്കിൽ പത്തു പറഞ്ഞു വിടാമായിരുന്നു.

* * * *

അമ്മ:—മോനേ, നീ എന്തിനാടാ സീക്രേറു വലിക്കുന്നതു്?

മകൻ:—ഒന്നു ചുമ്മാതിരിയമ്മേ! എൻറീശ്വരാ! ഈയച്ഛനുമമ്മേം ഒണ്ടായതിപ്പിന്നെ കൊണം പിടിച്ചിട്ടില്ല.



"യുദ്ധത്തിന്റെ മഹത്വം" എന്നൊരു പുസ്തകം ഞാനെഴുതിയിട്ടുണ്ടു്. ഒന്നു പ്രസിദ്ധം ചെയ്യുമോ?"


* * * *

മാമ്മൻ:—കുഞ്ഞുചേട്ടാ! ചേട്ടൻ ഒരു വിവാഹം കൂടി ചെയ്യണം. ഞാൻ അതേർപ്പാടുചെയ്തു കഴിഞ്ഞു. വരൻ അവിവാഹിതനായിരിക്കണമെന്നാണവർ പറഞ്ഞതു്.

കുഞ്ഞു:—പക്ഷേ അവരിവിടെ വന്നാൽ എനിക്കൊരു ഭാര്യയുണ്ടെന്നറിയുമല്ലോ.

മാമ്മൻ:—ഛേ! അറിയുകയില്ല. അതു് അങ്ങയുടെ മകളാണെന്നു് ഞാൻ പറഞ്ഞുകൊള്ളാം.

* * * *



"ഇന്നു് ഇവരുടെ ഗുസ്തി പ്രക്ഷേപണം ചെയ്യുന്നുണ്ടു്."



1124-ാമാണ്ട് കുംഭമാസത്തിൽ ഓരോ കൂറുകാർക്കുമുള്ള ഗുണദോഷഫലങ്ങൾ.

തകഴി കെ. രാമവാര്യർ.

	സ.		
ര. കേ.	കു. 30. മീ. ബു. 26 കും. ഗു 16 മ.		
ബു. ശു.	ശു. 13. കും.		മ.
ഗു.		ശി.	

മേടക്കൂറ്:—(അശ്വതി ഭരണി കാർത്തിക ക്കാൽ) മനഃപീഡ, ചപലത, കളത്രസുഖം, വിനോദപ്രകടനതൽപരത, കാർഷികഗുണം, കൂട്ടം ഭരണവിക്ഷമത, ചിന്താശീലം, പ്രവൃത്തികളുടെ ഉടവ്, വിശ്വസിച്ചവരിൽ നിന്നുമുള്ള ചതിവുകൾ ഇവ ഫലം. 8 9 10 ഈ ദിവസങ്ങൾ ഇക്കൂട്ടർക്കു ഉത്തമം അല്ല. താമസഗുണപ്രധാനമായ മന്ത്രങ്ങൾ ജപിക്കയും ആ ദേവന്മാരെ ഭജിക്കുന്നതും നല്ലതാകുന്നു.

ഇടവക്കൂറ്:—(കാർത്തികമുക്കാൽ രോഹിണി മകയിരത്തര) മനസ്സിൽ കടിലത, മേലാളി സജനങ്ങളുമായി അസുഖം, പൊതുജനവെറുപ്പ്, കഠിനങ്ങളായ ദുഃഖങ്ങൾ, രോഗാരിഷ്ടം, ബന്ധനാവസ്ഥ, സഞ്ചാരം, സകലകാര്യപ്രതിബന്ധം, ചലനം, ശ്രീരാമകോപം, ദാനശീലം, അതിഥിസൽക്കാരം, ചിത്തസൌഖ്യം, വിഭവലാഭം, വ്യാപാരഫലപ്രാപ്തി, പ്രവൃത്തിക്കനുഗുണമായ ഫലഹീനത, പരാന്നപ്രിയം, ആചാരഹീനത്വം, മാതൃദുഃഖം ഇവഫലം. 11 12 13 ഈ ദിനങ്ങൾ ഉത്തമകാര്യങ്ങൾക്കു യുക്തമല്ല.

മിഥുനക്കൂറ്:—(മകയിരത്തര തിരുവാതിര പുനർതത്തിൽ മുക്കാൽ) ചതുഷ്പാത്തുകളിൽ നിന്നു അനഭേഗുണം, അഭീഷ്ടകാര്യസിദ്ധി, കൃഷിധാന്യഗുണം, ബുദ്ധിക്കും വാക്കിനും നിപുണത, മഹത്കർമ്മത്തിനു ആലോചന, വിജയപ്രാപ്തി, ഗൃഹോപകരണക്രയവിക്രയം, തുപ്തി, വിവിധതരമായ ആപത്സംശയം, സ്ഥാനഹീനത, നയനരോഗം, അകാരണങ്ങളിൽ വാശി ഇവ ഫലം 14 15 16 ഈ ദിവസങ്ങൾ ഇക്കൂട്ടർക്കു നല്ലതല്ല.

കർക്കടകക്കൂറ്:—(പുനർതത്തിൽ കാൽ പൂയം ആയില്യം) സ്വജനങ്ങളുമായി അസുഖം, ചോരഭയം, അടവുകൾ പ്രയോഗിക്കുക, പരിസരങ്ങൾ സുഖത്തിനു അനുകൂലമെന്നിരുന്നാലും വൈപരീത്യഫലം, അവിചാരിതമായി ശത്രുക്കൾ ഉണ്ടാവുക, കാര്യാലോചനകളിൽ നിന്നൽസാഹം,

അനിവാരിതങ്ങളായ ചിത്തശല്യം, വഴിയവരുന്ന സ്വയം അഭിമാനിക്കുന്നവരിൽനിന്നുമുള്ള വിവാദം, ദോഷക്ഷതം, മാനക്ഷയം, കൂട്ട നിമിത്തമുള്ള രക്തദോഷാപാഭികൾ ഫലം. 16 17 18 ഈ തീയതികൾ നല്ല കാര്യങ്ങൾ പ്രവർത്തിക്കുവാൻ കൊള്ളരുതു്.

ചിങ്ങക്കൂറു്:—(മകം പൂരം ഉത്രത്തിൽ കാൽ) വിഷാഗ്നികളിൽനിന്നുമുള്ള ഭയം, ബന്ധുക്കൾമൂലം ധനത്തിനും നാശം, യന്ത്രോപകരണങ്ങളിൽ നിന്നുമുള്ള ക്ഷതം, പ്രവൃത്തികളിൽ ഇച്ഛാഭംഗം, കാര്യാഭികളിൽ ജയം, സ്ഥാനോന്നതി, ശത്രുക്കളിൽ നിന്നും ഈതിബാധകളിൽ നിന്നും ഉപദ്രവം, ഉദര പീഡ, ഭിന്നാഭിപ്രായങ്ങൾ, നേത്രപീഡ ഇവഫലം. 19 20 21 ഈ തീയതികൾ ശുഭപ്രവൃത്തിക്കും അനുഭം.

കന്നിക്കൂറു്:—(ഉത്രത്തിൽ മുക്കാൽ അത്തം ചിത്തിര അര) ബന്ധുക്കളിൽനിന്നും സഹോദരാദികളിൽനിന്നും മനഃപീഡ, സുഖഹാനി, ക്രിമിനൽപരമായ വിവാദങ്ങളിൽപ്പെടുക, സമ്പൽകരമായ വിഷമത, രാഷ്ട്രീയകാര്യങ്ങളിൽ സജീവമായി പ്രവർത്തിക്കുക, വർഗ്ഗീയവൈരം, ദുഃഖം ശത്രുവിനാശം, അനസ്സില്ലാത്ത നീചകർമ്മങ്ങളിൽ ഏർപ്പെടുക ഇവ ഫലം. 21 22 23 ഈ ദിനങ്ങൾ നല്ല കാര്യങ്ങൾ പ്രവർത്തിക്കുവാൻ നല്ലതല്ല.

തുലാക്കൂറു്:—(ചിത്തിര അര ചോതി വിശാഖത്തിൽ മുക്കാൽ) സ്ഥാനഭ്രംശം, കാര്യദോഷം, ബന്ധുകൃത്യജനങ്ങൾക്ക സൌഖ്യം, പ്രതാപശക്തി, രക്തദുഷ്ടി നിമിത്തമുള്ള രോഗം, വഞ്ചനകർമ്മം, ചതിവുകൾ, സന്താനപീഡ, ധാന്യാഭിവൃദ്ധി, സഹപ്രവർത്തകന്മാരിൽ നിന്നുമുള്ള വിഷമത, ദുഷ്കർമ്മങ്ങൾ ചെയ്യുന്നതിനു പ്രേരിതനാവുക, പൊതുജനദ്വേഷം ഇവഫലം. 23 24 25 ഈ ദിവസങ്ങൾ മംഗളകർമ്മങ്ങൾക്ക് നല്ലതല്ല.

വൃശ്ചികക്കൂറു്:—(വിശാഖത്തിൽ കാൽ അനിഴം കേട്ട) ധനലാഭം, ശത്രുവിജയം, കളത്രപീഡ, തന്നിമിത്തമുള്ള വ്യയം, വരവിൽകവിഞ്ഞ ചെലവു്, നഷ്ടമാണെങ്കിലും പ്രവൃത്തികൾ തുടരുക, ജനപദത്തിങ്കൽ നിന്നുമുള്ള അനുകൂല്യം, പുതിയ സ്നേഹിതന്മാരുടെ സഹായാനുകൂല്യങ്ങൾ, സൽപ്രവൃത്തികൾ, വ്യർത്ഥമുള്ള അപരാധങ്ങൾ പരക്കുക ഇവഫലം. 26 27 28 ഈ ദിനങ്ങൾ ശുഭകർമ്മങ്ങൾ പ്രവർത്തിക്കുവാൻ നല്ലതല്ല.

ധനുക്കൂറു്:—(മൂലം പൂരാടം ഉത്രാടത്തിൽ കാൽ) കളത്രപരമായ വിഷമത, അരിഷ്ടത, ഈശ്വരാനുകൂല്യം, ബന്ധുക്കളുമായുള്ള ഐക്യക്കുറവു്, വാക് നിപുണത, അലങ്കാരസാധനലാഭം, സഞ്ചിതകർമ്മനിരതത്വം, ചതിയന്മാരുടെ സഹവാസം, അസൂയനിമിത്തം തൃപ്തിക്കുറവു്, വാക്കും പ്രവൃത്തിയുമായി ചൊരുത്തമില്ലായ്മ ഇവഫലം 29 30 ഈ ദിവസങ്ങൾ നല്ലതല്ല.

മകരക്കൂറു്:—(ഉത്രാടത്തിൽ മുക്കാൽ തിരുവോണം അവിട്ടത്തര) അശനസൌഖ്യം, സുഗന്ധദ്രവ്യങ്ങളിലും അലങ്കാരങ്ങളിലും വിനോദങ്ങളിലും താൽപര്യം, ലേഖനചാതുരത, ആവശ്യമില്ലാത്ത ചുമതലകൾ സ്വീകരിക്കുക, വാതപീഡ, കരുക്കൾ ശരീരത്തിൽ വ്യാപിക്കുക, സന്താനദുഃഖം, കടം വർദ്ധിക്കുക, അപജയങ്ങൾ, ധനവാന്മാരുടെ പരിഭവം ഇവഫലം. 1 2 3 ഈ തീയതികൾ നല്ലതല്ല.

കുംഭക്കൂറു്:—(അവിട്ടത്തരയും ചതയം പൂരുരുട്ടാതി മുക്കാൽ) മനസ്സിനു സൈര്യമില്ലായ്മ, കളത്രവിയോഗം, ഭ്രഷ്ടപ്രചരണങ്ങൾ ചെയ്യുക, സൽക്കർമ്മങ്ങൾ ചെയ്യാതിരിക്കുക, അന്യന്മാരുടെ പ്രവൃത്തികളെ കുറ്റപ്പെടുത്തുക, പത്രപാരായണാസക്തി, നയനരോഗം, ധനകാര്യവിഷമത ഇവഫലം 4 5 6 ഈ ദിനം ശുഭമല്ല.

മീനക്കൂറു്:—(പൂരുരുട്ടാതികാൽ ഉത്തൃട്ടാതി രേവതി) സൽക്കർമ്മനിരതത്വം, രാഷ്ട്രീയപ്രബുദ്ധത, വ്യാപാരസമൃദ്ധി, കാര്യസാദ്ധ്യത, സാധുകളിൽ അനുകമ്പ, മംഗളകർമ്മങ്ങൾ നടത്തുക, പുതിയസുഹൃത്തുക്കളുടെ സംഗമം. 7 8 9 ഈ ദിവസം ശുഭകർമ്മങ്ങൾക്ക് നല്ലതല്ല.

ജാതകചിന്താമണി.

തകഴി കെ. രാമവാര്യർ.

അദ്ധ്യായം ൧.

നാം അധിവസിക്കുന്ന ഭൂഗോളവും, ആകാശചരങ്ങളായിക്കാണുന്ന സൂര്യാദിഗോളങ്ങളും സ്ഥൂലദൃഷ്ടിക്കു വിധേയമല്ലാത്ത പരസ്പരബന്ധത്തിൽ നിലകൊള്ളുകയാണു്. സൂര്യാദികളായ ഗോളങ്ങളും, അല്പെങ്കിൽ ഗ്രഹങ്ങളും, അവരവക്കു നിശ്ചിതമായ മാർഗ്ഗങ്ങളിൽ കൂടി സഞ്ചരിക്കുന്നു. അവയുടെ ഗതിവിഗതിഭേദംകൊണ്ടു വ്യത്യസ്തങ്ങളായ ഫലങ്ങളും ജാതമാകുന്നു. ഓരോ ഗ്രഹവും ഓരോ രീതിയിൽ നില്ക്കുമ്പോൾ ഉള്ള പ്രത്യേകഫലം ആ സമയം ജനിക്കുന്ന മനുഷ്യരിലും കാണുന്നുണ്ടു്. ഗ്രഹങ്ങളുടെ ബലാബലങ്ങളെ കണക്കാക്കി ജാതകന്റെ അവസ്ഥ നിശ്ചയിക്കാം. ജാതകമെന്നു പറയുന്നതു് ഒരു മനുഷ്യൻ ജനിക്കുമ്പോൾ ഗ്രഹങ്ങൾ നില്ക്കുന്ന നിലയേയും അവയുടെ ശക്തിഭേദങ്ങളേയും പരിഗണിച്ചു് അയാളുടെ ജീവിതചരിത്രം സൂക്ഷ്മമായി കുറിക്കുന്നതു നെയാകുന്നു.

ഓരോ മനുഷ്യനും അവരവരുടെ ജീവിതാനുഭവങ്ങളെപ്പറ്റി ഒരു സമഗ്രജ്ഞാനം വേണ്ടതാണു്. ആപൽസമയങ്ങളേയും അനുകൂലകാലങ്ങളേയും നേരത്തെ അറിഞ്ഞിരിക്കുന്നതുകൊണ്ടു പല സൌകര്യങ്ങളും ഉണ്ടു്. സൽക്കർമ്മങ്ങളാൽ ദുഷ്ഫലങ്ങളും നീക്കാമെന്നതത്രേ അഭിജ്ഞമതം.

ഗ്രഹങ്ങൾ.

ഭാരതീയമതപ്രകാരം ഇപ്പോൾ ഒൻപതു ഗ്രഹങ്ങളാണു് ഉള്ളതു്. അതിനാൽ അവയെ നവഗ്രഹങ്ങൾ എന്നു പറഞ്ഞു വരുന്നു. ഭൂമിയുടെ ഘനകേന്ദ്രത്തിലിരിക്കുന്ന അണുവിനാൽ ദർശിക്കപ്പെടുന്ന ഭൂമിയോടിന്റെ ആകൃതിയിൽ നമുക്കു കാണാൻ കഴിയുന്ന ബ്രഹ്മാണ്ഡകടാഹമാണു് Spherical heavens ഭഞ്ജരം. ഇതിലാണു ഗ്രഹങ്ങളും കോടാനുകോടി നക്ഷത്രങ്ങളും സ്ഥിതി ചെയ്യുന്നതു്.

പാശ്ചാത്യമതപ്രകാരം.

ഗ്രഹത്തിന്റെ പേരു്	ഗോളത്തിന്റെ വ്യാസം (മൈൽ)	ആദിത്യനിൽ നിന്നുമുള്ള ദൂരം (മൈൽ)	ഭ്രമണപരിവൃത്തി
ആദിത്യൻ	866400		
ബുധൻ	3000	36000000	88 ദിനം
ശുക്രൻ	7000	67000000	225 ,,
ഭൂമി	7927	93000000	365 25 ,,
ചൊവ്വ	4200	142000000	687 ,,
വ്യാഴം	88250	483000000	11 86 വർഷം
ശനി	74240	886000000	29·4 ,,
യുറാനസ്	32000	1782000000	84 ,,
നെപ്ട്യൂൺ	32900	2792000000	164.8 ,,

ഭാരതീയമതപ്രകാരം നവഗ്രഹങ്ങൾ സൂര്യൻ, ചന്ദ്രൻ, കുജൻ, ബുധൻ, വ്യാഴം, ശുക്രൻ, ശനി, രാഹു, കേതു ഇവയാകുന്നു. രാഹുവിനേയും, കേതുവിനേയും ഒഴിച്ചുള്ളവയ്ക്ക് സപ്തഗ്രഹങ്ങൾ എന്നും പേരുണ്ട്.

ഗ്രഹലക്ഷണം.

1. ആദിത്യൻ:—നീളംകുറഞ്ഞ ശരീരം, വിരിഞ്ഞ മാറിടം, ചുവപ്പുംപച്ചയും കലർന്ന നിറം, കുറവായ തലമുടി, പിത്തപ്രകൃതി, അസ്ഥിബലം, ശൂരത, അതിഭാഷണശീലം. ഈ ലക്ഷണങ്ങളോട് കൂടിയവനാണ്.
2. ചന്ദ്രൻ:—ദീർഘകായം, ഉറപ്പില്ലായ്മ, മധുരവാക്ക്, ലോലഹൃദയം, ദയാശീലം, അഴകേറിയ കണ്ണുകൾ, ബുദ്ധിചാതുര്യം, വെളുപ്പും ചുവപ്പും ചേർന്ന നിറം, എന്നീ ലക്ഷണയുക്തനാണ്.
3. ചൊവ്വാ:—ചപലത, ബാലിശസ്വഭാവം, മജ്ജാധിക്യത, ഹിംസാശീലം, ചുവപ്പു നിറം, പിത്തപ്രകൃതി എന്നിവയാണ് ലക്ഷണങ്ങൾ.
4. ബുധൻ:—ഒത്ത ശരീരം, ശരീരത്തിൽ അങ്ങിങ്ങായി മുഴച്ച ഞരമ്പുകൾ, കെട്ട കൾ, കറുകനാമ്പിന്റെ നിറം, സഭാസന്തുഷ്ടി, മിശ്രസ്വഭാവം, ത്വഗിന്ദ്രിയപ്രാധാന്യം, വാഗ്പാടവം എന്നിവയോട് കൂടിയിരിക്കും.
5. ഗുരു:—അതിബുദ്ധിശാലി, കഫപ്രകൃതി, വലിയ ശരീരം, പിംഗലവർണ്ണമായ കണ്ണ്, തലമുടി, ആലോചനാപടു, ശുഭ്രൻ.
6. ശുക്രൻ:—വശ്യദൃഷ്ടി, അംഗലാവണ്യം, കലാകാരൻ, നയചാതുരിശോഭനമായ നയനം, കഫവാതപ്രകൃതി, കറുത്തുവളഞ്ഞ മുടി.
7. ശനി:—അലസത, ഭംഗികുറഞ്ഞതും ഉയർന്തുമായ ദന്തങ്ങൾ, വാതപ്രകൃതി, കപിലവർണ്ണങ്ങളായ കണ്ണ്, കൃശമായും ദീർഘമായുമിരിക്കുന്ന ശരീരം.
8. രാഹു:—നീണ്ട ശരീരം, കറുത്ത നിറം, അസത്യഭാഷണം, രക്തദൃഷ്ടി, പരനിന്ദ, ബുദ്ധിവിഹീനത.
9. കേതു:—കറുത്തനിറം, ചുവന്ന ഉഗ്രദൃഷ്ടി, ക്ഷതാംഗം, ഹ്രസ്വശരീരം, ക്രൗര്യം എന്നിങ്ങനെയുള്ള ലക്ഷണങ്ങൾ ചേർന്നവനാകുന്നു.

ഗുണഭേദങ്ങൾ.

ബുധശുക്രന്മാർ രജോഗുണപ്രധാനന്മാരാണ്. ആദിത്യഗുരുശുക്രന്മാർ, സാത്വികഗുണപ്രധാനന്മാരും, കുജമന്ദന്മാർ താമസപ്രധാനന്മാരും, രാഹുകേതുക്കൾ അതി താമസന്മാരും ആകുന്നു.

പാപന്മാരും ശുഭന്മാരും.

ആദിത്യൻ, കുജൻ, ശനി, രാഹു, കേതു, ഇവർ സ്വതേ പാപന്മാരാകുന്നു. ക്ഷീണചന്ദ്രനും പാപനോടുചേർന്ന ബുധനും, ചന്ദ്രനും, പാപികൾ എന്നു പറഞ്ഞു വരുന്നു. ക്ഷീണചന്ദ്രനെന്നുവെച്ചാൽ കറുത്ത പക്ഷത്തിലെ പഞ്ചമിമുതൽ വെളുത്ത പക്ഷത്തിലെ പഞ്ചമിവരെയുള്ള ചന്ദ്രനാണ്. ഗുരുശുക്രന്മാരും പാപബന്ധമില്ലാത്ത പ്രബലചന്ദ്രനും ബുധനും ശുഭന്മാരാകുന്നു.

ഗ്രഹകാരകത്വം

ഓരോ ഗ്രഹത്തിനും പ്രത്യേകമായി ചെയ്യാൻകഴിയുന്ന ചില കാര്യങ്ങൾ ഉണ്ട്. ജ്യോതിഷഭാഷയിൽ പറയുകയാണെങ്കിൽ അതിനെ കാരകത്വം എന്നു നിർവചിക്കാം. ഓരോ ഗ്രഹത്തിന്റെയും കാരകത്വം മുമ്പെ ചേർക്കുന്നു. ഗ്രഹങ്ങളെക്കൊണ്ടു ഇന്നതിന്ന വിഷയങ്ങളാണ് നിരൂപണീയം എന്നു സാരം.

1. ചെമ്പു്, സ്വർണ്ണം, ഋഷ്യൻ, ആത്മപുരുഷം, ധൈര്യം, ശൗര്യം, സഹോദരവിജയം, രാജസേവ, തേജസ്സു്, ദൈവകാര്യങ്ങൾ, വനയാത്ര, ഉത്സാഹം, തീക്ഷ്ണത ഇവയുടെ കാരകത്വം ആദിത്യനാണു്. അതായതു് ഒരാളുടെ ജാതകം നിർമ്മിക്കുമ്പോൾ മേൽപറയപ്പെട്ടവയുടെ അനുഭവം നിർണ്ണയിക്കേണ്ടതു ആദിത്യന്റെ ബലാബലം ചിന്തിച്ചിട്ടാണു്.

2 മാതാവു്, മനസ്സു്, ചാമരാദ്യാഡംബരങ്ങൾ, പുഷ്പങ്ങൾ, ഫലങ്ങൾ, ജലം, കീർത്തി, മുത്തു്, വെള്ളി, മധുരരസം, സ്ത്രീകൾ, ദേഹസൗഖ്യവം, ഇവയുടെ കാരകൻ ചന്ദ്രനാണു്.

3. സത്യം, ബലം, ഭ്രമി, സഹോദരന്മാർ, യുദ്ധം, വിരോധം, സ്വർണ്ണം, അഗ്നി, ചോരന്മാർ, പരസ്ത്രീഗമനം, അസത്യം, രക്തം ഇവയുടെ കാരകത്വം കുജനാണു്.

4. പാണ്ഡിത്യം, മധുരവാക്കു്, വിദ്യാകുശലത, അമ്മാവൻ, ഉപാസന, ബുദ്ധി, വൈഷ്ണവാവതാരദേവന്മാർ, ബന്ധുക്കൾ, ഭാഗിനേയന്മാർ, ഇവയുടെ കാരകത്വം ബുധനാണു.

5. ജ്ഞാനം, പുത്രന്മാർ, മന്ത്രിത്വം, സദാചാരം, അനുചായ്യത്വം, മതനിഷ്ഠ, പരഗതിയുടെ ശുഭാശുഭങ്ങൾ, തപസ്സു്, സമ്പത്തു്, ജിതേന്ദ്രിയത്വം, സാത്വികഗുണം ഇവയെല്ലാം വ്യാഴത്തെക്കൊണ്ടറിയണം.

6. ധനം, വാഹനം, ചതുഷ്പാത്തുകൾ, രാജസാഡംബരങ്ങൾ, വാസനാദ്രവ്യങ്ങൾ, സിനിമ, നൃത്തഗീതാദികൾ, സാഹിത്യം, കലാനൈപുണി, കളത്രസൗഖ്യം, ഉത്സവം, സ്വാദ്യഭോഷണം, ഔദാര്യം ഇതെല്ലാം ശുക്രനെക്കൊണ്ടു നിരൂപിക്കണം.

7. ആയുസ്സു്, മരണം, ഭയം, അധഃപതനം, ദുഃഖം, അവമാനം, രോഗം, മാലിന്യം, ദാരിദ്ര്യം, ദുഷ്ടന്മാർ, നീചജനങ്ങൾ, ആലസ്യം, കാരാഗൃഹവാസം ഇവയെല്ലാം കാരകൻ ശനിയാകുന്നു.

8. രാഹുവിന്റെ കാരകത്വങ്ങളെല്ലാം ശനിക്കു തുല്യമാണു്. കേതുവിന്റെതു് കുജനും തുല്യമാകുന്നു.

ഇവിടെ ഒരു കാര്യം അറിഞ്ഞിരിക്കേണ്ടതുണ്ടു്. ശനി ഒഴിച്ചുള്ള സപ്തഗ്രഹങ്ങളെല്ലാം പ്രബലന്മാരാണെങ്കിൽ അവരവർക്കു പറഞ്ഞിരിക്കുന്ന ഫലങ്ങൾ പൂർണ്ണമായി അനുഭവിക്കാൻ ഇടവരുത്തും. ബലം കുറയുംതോറും അതതു ഫലങ്ങൾ കുറഞ്ഞുകുറഞ്ഞുകാണും. എന്നാൽ ശനിക്കു് ഒരു പ്രത്യേകതയുണ്ടു്. ബലം കൂടുംതോറും അതിനു പറഞ്ഞിട്ടുള്ള ദോഷഫലങ്ങൾക്കു വൈരൂപ്യം വർദ്ധിച്ചിരിക്കും. ബലക്ഷയം വരുന്തോറും ദോഷഫലങ്ങൾക്കു ആധിക്യം വരും. ഒന്നുകൂടി വിശദമാക്കി പറയാം. ശനി പ്രബലനായി ഒരു ജാതകത്തിൽ നിൽക്കുന്നു എന്നിരിക്കട്ടെ, അപ്പോൾ അതിനു പറഞ്ഞിരിക്കുന്ന ദോഷഫലങ്ങൾക്കു പൂർണ്ണമായ വിരൂപതയുണ്ടാകുന്നു. ഭയം ധൈര്യമായും, അധഃപതനം ഉന്നതിയായും, രോഗം ആരോഗ്യമായും, ദാരിദ്ര്യം കുബേരത്വമായും, ദാസ്യം യജമാനത്വമായും, മറ്റും അനുക്രമംമാറുന്നു. ശനിക്കു ദൗർബ്ബല്യം കൂടുംതോറും ഈ പറഞ്ഞ ദോഷഫലങ്ങളുടെ കാഠിന്യം അസഹ്യമായി വർദ്ധിക്കുകതന്നെ ചെയ്യും.

---

* പകപ്പുവകാശം ഗ്രന്ഥകാരനു് ഉള്ളതാകുന്നു.

നിങ്ങൾ വായിച്ചുവോ?

			Rs.	As.
ഗീതാഞ്ജലി	ടഗോർകൃതി	എൽ. എം. തോമസ്	2	0
പ്രധാനമന്ത്രി	രാഷ്ട്രീയനാടകം	പി. കേശവദേവ്	1	8
നീലമുറിയിലെഅത്ഭുതരഹസ്യങ്ങൾ	നോവൽ	പുരുഷോത്തമപ്പണിക്കർ	1	4
പ്രതിധ്വനി	ഗദ്യനാടകം	T. N. ശേഷപിനാഥൻനായർ	0	12
സുധാ	നോവൽ	ടി	1	4
അകവുംപുറവും	ഗദ്യനാടകം	ടി	1	4
വേലക്കാരി	നോവൽ	സി. കെ. മാധവൻനായർ	1	0
കനകസുന്ദരി	ടി	പുരുഷോത്തമപ്പണിക്കർ	1	0
കോമളനന്ദിനി	ടി	കെ. എം. എൻ.	2	0
സിനിമാനടി	ടി	ഡാ: പി. എസ്. നായർ	1	8
മിന്നൽകേസരി	ടി	പുരുഷോത്തമപ്പണിക്കർ	1	4
ചന്ദ്രിക	ടി	പയ്യമ്പിള്ളി	1	8
പഞ്ചുമേനോനുംകുഞ്ഞിഅമ്മയും	വിനോദകഥകം	പി. കെ. രാജരാജവർമ്മ	2	4
ഗുരുതപക്കേട്	ടി	ടി	1	0
ശാന്തകുമാരി	നോവൽ	സി. എം. കണാരി	2	4
മോഹനസൌധം	ടി	എം. എസ്. പിള്ള	3	0
കോമളവല്ലി	ടി	തരവണ്ണ അമ്മാളുഅമ്മ	3	0
പ്രേമാപ്പണം	ടി	കെ. പി. നായർ	2	0
ഭൂതവുംഭാവിയും	ആദർശങ്ങൾ	കെ. പി. കേശവമേനോൻ	2	8
ഇരുമ്പഴിക്കുള്ളിൽ		പി. എ. കേശവൻനായർ	2	0
ആശാപാശം	ഗദ്യനാടകം	മേക്കൊല്ല	0	12
ഭഗ്നഭവനം	ടി	എൻ. കൃഷ്ണപിള്ള	1	4
സമരചക്രവാളം	അനുസ്മരണകഥകം	പട്ടം ശോപാലൻനായർ	1	4
മിന്നൽക്കൊടി	ചെറുകഥകം	തേവര	1	0
വീരകാമിനി	ഗദ്യനാടകം	ശോപാലകൃഷ്ണൻനായർ	1	8
ഭാരതഭാസ്കരൻ	ടഗോറിന്റെ ജീവചരിത്രം	ഉമയനല്ലൂർ	1	8
സോഷ്യലിസം		സി. ജെ. തോമസ്	1	4
നമ്മകഥകം	ചെറുകഥകം	കെ. എ. ദാമോദരമേനോൻ	1	12
മഴക്കാറുകം	ടി	മുട്ടത്തു വർക്കി	1	0
ചൈനീസുകഥകം	ടി	എ. മാധവൻ	0	12
വജ്രമാല്യം	നോവൽ	വേലപ്പിള്ളശാസ്ത്രി	1	8
വേലക്കാരി	ഗദ്യനാടകം	ചെമ്മിൽ ചെല്ലപ്പൻനായർ	1	0
പ്രതിഭാങ്കുരം	ഗദ്യകവിതകൾ	പി. കുഞ്ഞിരാമൻനായർ	1	0

റെഡ്യാർ പ്രസ്സ് & ബുക്ക്ഡിപ്പോ—തിരുവനന്തപുരം.

വിഷയവിവരം.

(ഒന്നാംസമം)

അടിമ (ചെറുകഥ) 239
അവളുടെ തേങ്ങാവു് (ഏകാങ്കനാടകം) 37
അമ്മയുടെകഥ (പദ്യം) 214
അന്തിനക്ഷത്രം (പദ്യം) 259
അച്ഛന്റെ കണ്ണുകൾ (ചെറുകഥ) 279
അവിവാഹിത (വിനോദകഥ) 288
അസ്ഥിക്കൂടങ്ങൾ (പദ്യം) 357
അജ്ഞനഗണയായഫക്കീർ (പദ്യം) 375
അതിഥി (പദ്യം) 375
അയൽവഴക്കു് (ചെറുകഥ) 376
അസ്തമിച്ചീല (പദ്യം) 423
അമേരിക്കൻ ഭരണാധികാരിയുടെ ആസ്ഥാന
മന്ദിരം (ഉപന്യാസം) 443
അക്കരപ്പച്ച (പദ്യം) 447
അക്കര (പദ്യം) 463
അനുഭവത്തിന്റെ പിന്നിൽ (ചെറുകഥ) 471
അപ്രതീക്ഷിതം (ചെറുകഥ) 486
അന്നത്തെസുഹൃത്തു് ടി 503
അനുഭവജ്ഞാനം ടി 574
അന്തിവിളക്കു് (പദ്യം) 620
അതിഥി (പദ്യം) 689
അക്കൂടിൽ (പദ്യം) 765
അയൽവീടു് അറിയാത്തമരണം (ചെറുകഥ) 805
അമരജ്യോതിസ് (ഗദ്യം) 845
അജ്ഞാതവൈരി (പദ്യം) 858
അനുരാഗത്തിന്റെ ആഴം (ചെറുകഥ) 875
അല്ലലിനോടു് (പദ്യം) 1007
അയാളുടെആത്മകഥ (ചെറുകഥ) 1069
ആശംസ 3
ആഗസ്റ്റ് പതിനഞ്ചു് (ഗദ്യം) 4
ആ ഹരിണാക്ഷി (ചെറുകഥ) 73
ആത്മചൈതന്യം (പദ്യം) 81
ആനക്കൊമ്പു് (ഉപന്യാസം) 161
ആഴ്ചപത്രിയിൽ (വിനോദചിത്രം) 183
ആശാലത (നോവൽ) 203, 304, 413, 527,
584, 701, 817, 905, 1019,
1114, 1225.
ആത്മകഥ (ചെറുകഥ) 223
ആശാന്റെ മദനൻ (നിരൂപണം) 389
ആത്മാക്കളുടെയാചകൻ (ചെറുകഥ) 425
ആരാമത്തിൽ (പദ്യം) 442
ആനപ്പാറഅമ്പലം (ഉപന്യാസം) 494
ആത്മശാന്തി (പദ്യം) 553
ആഷാഭാരതം (പദ്യം) 555
ആനന്ദശിവരാം (ഉപന്യാസം) 618
ആകുപ്പുകൈ (ഗദ്യം) 650
ആവർത്തനം (ഗദ്യകവിത) 652
ആമുത്തുമാല (പദ്യം) 680
ആറടിമണ്ണിൽ ടി 798
ആരാധികമാർ ടി 805
ആ കുപ്പുകൈ ടി 844
ആത്മാർത്ഥസ്നേഹിതൻ (പദ്യം) 854
ആനവായിലമ്പഴങ്ങ (ശ്രീലികാചിത്രം) 991
ആത്മനാശം (പദ്യം) 1123
ആഗസ്റ്റ് പതിനഞ്ചു് (പദ്യം) 1190
ആശാ (പദ്യം) 1191
ആരോഗ്യപംക്തി 1240
ഇന്ത്യാനേഷ്യായിലെ ഹൈന്ദവ
[സംസ്കാരകാലം (ചരിത്രം) 143
ഇടനല്കു (പദ്യം) 246
ഇരുളിൽ (ലഘുകഥ) 264
ഈശ്വരന്റെകളി (പദ്യം) 282

ഉറക്കം (വിനോദം) 89
ഉണർന്നാലും (പദ്യം) 100
ഉൽബോധനം ടി 252
എൻറെബാല്യകാലം (പദ്യം) 50
എൻറെ നാട് ടി 369
എൻറെ നിശ്ചയം ടി 375
എനിക്കു വഴിനിശ്ചയമുണ്ട് (ഗദ്യം) 545
എന്താണു സത്യം (ഗദ്യം) 744
എൻറെപൂമാല (പദ്യം) 754
എൻറെകഥ (ചെറുകഥ) 781
എന്തിനിജ്ജീവിതം (പദ്യം) 880
ഏട്ടിലപ്പടി പയറിലിപ്പടി (ഉപന്യാസം) 1015
ഐക്യകേരളം (പദ്യം) 696
ഐക്യത്തിൻറെപയ്യായം (പദ്യം) 790
ഒന്നു ചിരിക്കണേ! (വിനോദം) 85
ഒരേശവകുടീരത്തിൽ (ഏകാങ്കനാടകം) 247
ഒടുവിൽഎത്തിച്ചേർന്നു (പദ്യം) 511
ഒന്നിനുമുന്നുമെഴുകതിരി (ഏകാങ്കനാടകം) 893
ഒരു കത്ത് (പദ്യം) 963
ഒരുഇരുണ്ടരാത്രി (ഏകാങ്കനാടകം) 1008
ഓണസമ്മാനം (ശബ്ദകവിത) 33
ഓണനിലാവിൽ (പദ്യം) 109
ഓണക്കോടി ടി 1134
കലാനിധി ടി 2
കടക്കാരൻ (ചെറുകഥ) 17
കടൽത്തീരത്തിൽ (പദ്യം) 32
കണ്ണുനീർ (ചെറുകഥ) 260
കടാക്ഷം (പദ്യം) 278
കമ്മട്ടിമിയുടെ കൈകൾ (പദ്യം) 317
കവിതയാണ് (പദ്യം) 437
കവി (നാടകം) 458, 621 813
കത്തുകാലനിർണ്ണയം (ഉപന്യാസം) 464
കനകതാരകം (പദ്യം) 548
കണ്ടൻറെപ്പാവ് (ചെറുകഥ) 557
കലാകാരൻറെ ഭാര്യ ടി 655
കലഹത്തിൻറെമരുന്ന് ടി 773
കത്തുവ്യാമൂഢൻ (ഏകാങ്കനാടകം) 791
കവിതയുടെ കാല്പാൽ (പദ്യം) 816
കള്ളൻറെ കഥ (ചെറുകഥ) 863
കണ്ണുനീരിൽ (പദ്യം) 874
കവൻകണ്ണുനീർ ടി 914
കവിതയും കാലവും (ഉപന്യാസം) 1111 1192
കതിക്കല (ചെറുകഥ) 1153
കല്ലിലെ കണ്ണുനീർ (ചെറുകഥ) 1185
കണ്ണീരിൻറെ കവി (ശബ്ദകവിത) 1195
കർഷകൻ (പദ്യം) 1196
കാവ്യാനുഭൂതി ടി 263
കാളേജുമോഹിനി (ചെറുകഥ) 604
കാരാലയവാസിയായ ഷാജഹാൻറെ കത്ത് (പദ്യം) 764
കാത്തിരിപ്പ് (പദ്യം) 772
കാളിദാസൻ (ഉപന്യാസം) 799
കാനനപുഷ്പം (പദ്യം) 869
കാളവണ്ടി ടി 1064
കാപ്പികുടി (ചെറുകഥ) 1082
കാവ്യരചന (പദ്യം) 1204
കുസുമ (ചെറുകഥ) 57
കുളിർത്തെന്നൽ (പദ്യം) 616
കുറിമുട്ടിൽ ടി 642
കുഞ്ഞാണ്ണ (ചെറുകഥ) 795
കുറുക്കൻറെബുദ്ധിസാമർത്ഥ്യം (ചെറുകഥ) 921
കുട്ടികാരി (ചെറുകഥ) 855
കുഞ്ഞുടെകഥ ടി 965
കേരളലോപം (പദ്യം) 429
കൃതജ്ഞത (ചെറുകഥ) 438
കൃഷിക്കാരനാകുംഞാൻ (പദ്യം) 624
കൃഷ്ണഗാഥ (പദ്യം) 1113
ഗാന്ധിജിയുടെ പ്രതിജ്ഞ (പദ്യം) 563
ഗാന്ധിജിയുടെ മനുഷ്യഭാവം (ഉപന്യാസം) 643
ഗാന്ധിജിക്കു സദൃശീവിപ്പിൻ ടി 1149
ഗുരുദേവൻ (പദ്യം) 947
ഗ്രന്ഥനിരൂപണം 237
ഗ്രാമദേവത (പദ്യം) 189

ഗ്രാമകന്യകാ	(പദ്യം)	866
ചങ്ങാതി	ടി	35
ചന്ദ്രകല	(ബാലോപകാരി)	720
ചട്ടമ്പിസ്വാമികൾ	(ഉപന്യാസം)	749
ചങ്ങയുഴ	(പദ്യം)	1058
ചാരിതാർത്ഥ്യം	ടി	160
ചാരിത്രം	ടി	990
ചിന്തകൾ	ടി	497
ചിരിക്കരുതേ!	(വിനോദം)	728
പുത്തനിൽ കളിച്ചവർ	(ചെറുകഥ)	351
പുടലയിൽ	(പദ്യം)	1099
പൂണുപലക	(ചെറുകഥ)	182
ചെങ്കോലെടുത്താലും	(പദ്യം)	8
ചെറുമിയുടെപ്രേമം	(ചെറുകഥ)	283
ചേച്ചിയുടെചികിത്സ	(ഏകാങ്കനാടകം)	1212
ജയജയഗാന്ധിജയന്തി	(പദ്യം)	135
ജവാഹർലാൽനെഹറു	(ജീവചരിത്രം)	207
ജയക്കൊടി	(പദ്യം)	331
ജയഭാരതധരണി	ടി	470
ജഗദ്ഗുരു	ടി	1201
ജീവിതയാത്ര	ടി	997
ജീവിതം	ടി	1014
ജീവിതഗായകൻ	ടി	050
ജാലിയനേക്ഷിച്ച്	(ചെറുകഥ)	221
ജ്യോതിഷപംക്തി		1041, 1141, 1246
ഞങ്ങളെപ്പറ്റി		1
ഞാനും കാമുകനായി	(ചെറുകഥ)	146
തപ്തചിന്ത	(പദ്യം)	55
തപ്തചിന്തകൾ	ടി	1165
തിരുവിതാംകൂറിലെ വനസംരക്ഷണം		265
തിരുവനന്തപുരം	(ഏകരംഗം)	477
തിരുവോണം	(പദ്യം)	1224
തീവണ്ടിയിൽ	ടി	812
തീർത്ഥാടനം	ടി	841
തുടർന്നാടുക ഞാൻ	ടി	880
തുറന്നുകാണിക്കുമോ	ടി	1211
തെണ്ടിപ്പയ്യൻ	(ചെറുകഥ)	915
തെരഞ്ഞെടുപ്പ്	ടി	1075
തേവൻ	ടി	319
ത്യാഗസമ്പന്നനായ വിദ്യാർത്ഥി	(പദ്യം)	341
ത്യാഗരാജക്ഷേത്രം	(ശബ്ദം)	1108
തോല്വി	(പദ്യം)	1207
ദിവ്യമായസ്നേഹം	ടി	518
ദേവകന്യ	ടി	1024
ദൈവം രക്ഷിക്കട്ടെ	(ശബ്ദം)	101
ദൈവയോഗിനി	(പദ്യം)	476
ദൈവത്തിന്റെ കളി	ടി	920
ദൃഢനിശ്ചയം	ടി	794
ധരിത്രിയുടെ ചരിത്രം	(ഉപന്യാസം)	766
ധനനിഷ്പ്രയോജനം	ടി	580
നവവത്സരം	(പദ്യം)	120
നല്ലകാലം	ടി	181
നഭശ്ചരന്മാർ	(ഉപന്യാസം)	253
നമ്മുടെ അദൃശ്യശത്രുക്കൾ	ടി	431
നവവത്സരാഗമം	(പദ്യം)	1043
നമസ്തേ, മഹാത്മാവേ!	ടി	1049
നാടൻ ശീമക്കാർ	(ചെറുകഥ)	71
നാടകക്കാരി	ടി	1051
നിയമസഭാസ്ഥാനാർത്ഥി	(ഏകാങ്കനാടകം)	136
നിരൂപണങ്ങൾ		402, 526, 737, 838, 935
നിക്കൊളസ് റോറിക്	(ജീവചരിത്രം)	859
നിത്യപ്രതീക്ഷ	(പദ്യം)	904
നിർദ്ദേശം	ടി	1184
നെടുവീർപ്പുകൾ	ടി	1000
പഠിക്കുവിൻ	(പദ്യം)	70
പഴനി	ടി	348
പരീക്ഷണം	(ചെറുകഥ)	488
പറന്നുപോയ പൂങ്കുയിൽ	(പദ്യം)	647
പറന്നുപോയ പൂങ്കുയിൽ	(ഉപന്യാസം)	1059
പറന്നുപോയ പൂങ്കുയിൽ	ടി	1202
പരിച്ഛേദകൻ	(ചെറുകഥ)	1233
പാകംവരാത്ത സമുദായസേവകൻ	ടി	61
പാട്ടുകൾ പാട്ടുകൾ!	(പദ്യം)	82

പാഠഭേദങ്ങളും വ്യാഖ്യാനങ്ങളും (ഉപന്യാസം) 91
പാച്ചുറെട്ടർ (യിനോദകഥ) 186
പാട്ടുപാടീം (പദ്യം) 583
പാവപ്പെട്ട പഥികൻ (ചെറുകഥ) 888
പുലർവെട്ടം (പദ്യം) 66
പുതിയതരം ചികിത്സ (ചെറുകഥ) 713
പുഉമയും പഴമയും (ഗദ്യം) 862
പുല്ലാംകുഴൽ (പദ്യം) 1165
പൂജ ടി 1046
പൂവനത്തിലെ പുലരി (ഗദ്യകവിത) 1088
പൂമാല (പദ്യം) 1090
പൂജയെയ്ത് ടി 1175
പെരുംചോറ് ഉഭയനൻ (ചരിത്രം) 381
പെണ്ണുണ്ണന്മാർ (ചെറുകഥ) 755
പേക്കിനാവ് (പദ്യം) 579
പൊലിഞ്ഞ ഭവനദീപം (ഗദ്യകവിത) 842
പൊലിയാത്ത പൊൽത്താരം (പദ്യം) 943
പൊന്നാണമേ വരൂ! ടി 1107
പോയിവന്നപ്പോൾ (ചെറുകഥ) 151
പ്രതിമാഭാസ് ഗുപ്താ (ജീവചരിത്രം) 404
പ്രഭോ ഇങ്ങനെചെയ്യല്ലാ! (ചെറുകഥ) 549
പ്രകാശം (ഉപന്യാസം) 1176
പ്രതീക്ഷ (പദ്യം) 1236
പ്രാർത്ഥനാമണ്ഡപം ടി 743
പ്രാർത്ഥന ടി 971
പ്രായശ്ചിത്തം ടി 1110
പ്രേമബലി (ചെറുകഥ) 728
പ്രേംചന്ദ് (ജീവചരിത്രം 901
പ്രേമമൂർത്തിയായബാപ്പു (ഉപന്യാസം) 941
ഫക്കീറിന്റെ ആദർശം (പദ്യം) 65
ബക്കീറും ബലിയും (ഉപന്യാസം) 106
ബഹാദൂർഷാ (ജീവചരിത്രം) 127
ബാപ്പു 542
ബാപ്പുജിയുടെനിർമ്മാണത്തെപ്പറ്റി (പദ്യം) 552
ബാലവിദ്യാർത്ഥികൾക്ക് ടി 724
ബാബുജി, നമസ്കാരം! ടി 739
ബാബുവിനുശേഷം 839
ബുദ്ധ (ചെറുകഥ) 998
ബാലപംക്തി 1034, 1127
ബാല്യത്തിന്റെ മുന്നിൽ (പദ്യം) 1081
ബുദ്ധപൗർണ്ണമി (ഉപന്യാസം) 870
ബ്രിഗേഡിയർ ഉസ്മാൻ ടി 1162
ഭാരതചന്ദ്രൻ (ഗദ്യകവിത 179
ഭാരതീയൻ (പദ്യം) 396
ഭാരതദീപം ടി ix
ഭാരതദേശപതാകേ! ടി 457
ഭിക്ഷ (ചെറുകഥ) 677
മനസ്സേ! (ഉപന്യാസം) 97
മഠിരോത്സവത്തിൽ (പദ്യം) 126
മഹാത്മഗാന്ധി i
മറക്കാനോ പഠിച്ചു (പദ്യം) 493
മറ്റൊരു ഭീഷ്മൻ ടി 544
മദ്യപൻ ടി 572
മഹാത്മജിയുടെ അവസാനകണ്ണീർ 646
മനുഷ്യർ മൃഗങ്ങളാണ്കഞ്ഞേ! (ഗദ്യകവിത) 740
മരണം (പദ്യം) 891
മനുഷ്യൻ (ഏകാങ്കനാടകം) 1100
മഹാത്മജിയും രാമനാമജപവും 1145
മരക്കുതിര (ചെറുകഥ) 1205
മാഗ്ദർശി (പദ്യം) 26
മാത്തുരിനുകിട്ടിയ മരുമകൻ (ചെറുകഥ) 111
മാഡംക്യൂറി 393, 515, 625 847
മാറ്റൊലി (പദ്യം) 971
മാടമഹീശകിരീടധാരണം 1151
മുദ്രാലയങ്ങളുടെ പുരോഗതി (ഉപന്യാസം) 370
മുരളീഗാനം (പദ്യം) 448
മുടിനരച്ചു. ടി 977
മൗനസ്മൃതികം (ചെറുകഥ) 512
മൂഢൻ (പദ്യം) 693
മൂകരാഗം ടി 1160
മെത്തുമ പുരോഭാഗത്തങ്ങുന്ന കലാനിധേ! 8
യാക്കൂബ് (ജീവചരിത്രം) 298
യാഥാർത്ഥ്യങ്ങൾ (ചെറുകഥ) 978

യോഗിനിദ്വാഗീതകം (പദ്യം) 1204
രത്നഹാരം (ചെറുകഥ) 27
രസകരങ്ങളായ ചരിത്രരേഖകൾ 51
രാഗപൂജ (പദ്യം) 246
രാധാകൃഷ്ണൻ ടി 485
രാജദ്രോഹികൾക്കു ക്ഷേത്രം 690
ലക്ഷദീപോത്സവം (പദ്യം) 653
ലഡ്ഡീക്കുക്ക് (ചെറുകഥ) 123
ലോകൈകമഹാൻ (ഗദ്യം) 1048
വനസംരക്ഷണം (ഉപന്യാസം) 192
വഞ്ചനയുടെ വിജയം (ഏകാങ്കനാടകം) 358
വസന്തത്തിൽ (പദ്യം) 388
വസുധൈവകുടുംബകം (ചെറുകഥ) 697
വനിതാപംക്തി 930, 1029, 1124
വനസ്മരണ (ചെറുകഥ) 949
വാനിൽക്കൂടി (പദ്യം) 779
വായുമണ്ഡലം (ഉപന്യാസം) 1001
വിജയോപഹാരം (ചെറുകഥ) 23
വിനോദപംക്തി 84, 286, 397, 522, 630, 831, 923, 1038, 1130. 1237
വിനോദശകലങ്ങൾ 184 187
വിസ്മരിക്കില്ല (പദ്യം) 229
വിദ്യാരംഭം ടി 297
വിശ്വദീപം ടി 539
വിഷുക്കൈനീട്ടം ടി 749
വിശപ്പിന്റെ താരാട്ട് ടി 887
വിപ്ലവത്തിനുശേഷം ടി 958
വിശ്വദീപം ടി 1028
വിജയപതാക (ഉപന്യാസം) 1197
വീരകേസരി (ഗദ്യകവിത) 694
വേണുഗാനം (ചെറുകഥ) 833
വേശ്യ (പദ്യം) 997
വേർപെടുവാനാകാത്തതു ടി 1082
വൈദ്യവും ജ്യോതിഷവും (ഉപന്യാസം) 669
ശങ്കരമ്മാവൻ (തൂലികാചിത്രം) 40
ശബരിമലയാത്ര (ഗദ്യം) 215
ശവക്കഴിക്കം അപ്പുറത്തുനിന്നു് (ചെറുകഥ) 271
ശശികല ടി 847
ശങ്കരക്കുറുപ്പു് (ഉപന്യാസം) 972
ശിവലീലാവർണ്ണവാരംഭം (പദ്യം) 1068
ശ്രീലേഖ (കഥ) 1034
ശ്രീ ചക്രവർത്തി രാജഗോപാചാരി 944
ഷാഹിയുടെ പരിത്യാഗം. (പദ്യം) 1087
ഷിറിൻ ഫർഹാദ് (കഥ) 406
സക്കീസ്സിംഹം (പദ്യം 21
സമുദ്രങ്ങൾ (ഉപന്യാസം) 115
സാരാജത്തിന്റെ അന്ത്യയാത്ര (ചെറുകഥ) 165
സത്യമോ? (ഏകാങ്കനാടകം) 881
സമർത്ഥൻ (വിനോദകഥ) 927
സരോജിനിനായിഡു (ഉപന്യാസം) 959
സാഹിത്യത്തിലെ രാഷ്ട്രീയാംശം ടി 231
സാധനാബോസ് (ജീവചരിത്രം) 634
സാഹസം (പദ്യം) 862
സിനിമാപംക്തി 195, 835, 938
ഴുബ്രഹ്മണ്യഭാരതി (ജീവചരിത്രം) 43
സുധാകരന്റെ കത്തു് (ചെറുകഥ) 1091
സുരയ്യയുടെ പത്നി (ഉപന്യാസം) 564
സുന്ദരയുദ്ധത്തിന്റെ പിന്നിൽ (പദ്യം) 603
സ്വാതിതിരുനാൾ തിരുമനസ്സിലെ സാഹിത്യസംരംഭം (ഉപന്യാസം) 9
സ്വതന്ത്രഭാരതം ടി 328
സ്വന്തം തടവിൽ (പദ്യം) 858
സ്ത്രീ (ഏകാങ്കനാടകം) 682
സ്മരണകൾ (പദ്യം) 160
സ്റ്റാലിന്റെ ഭാര്യാജീവിതം 121
സ്റ്റെപ്പീസ് പുല്പ്രദേശം (പദ്യം) 181, 285
ഹമീദ് (കഥ) 67
ഹാ! ആജനുവരി, 31! 637
ഹിന്ദി, അതിന്നൊരു രാഷ്ട്രഭാഷയായിരിക്കുമോ? 1065
ഹേമന്തസമരം (പദ്യം) 349
ഹോട്ടലിൽവെച്ചു് (ചെറുകഥ) 449
റേഡിയോ (ഉപന്യാസം) 343

To

മാനേജർ,

കലാനിധി

റെഡ്യാർ പ്രസ്സ്,

തിരുവനന്തപുരം.

നമ്പർ 15985

സ്ഥലം .....

തീയതി .....

മാന്യരെ,

കലാനിധി അഞ്ചാംലക്കത്തിൽ എനിക്കു ഏറ്റവും പ്രിയപ്പെട്ട ലേഖനങ്ങളുടെ പേരുവിവരം മുറയ്ക്കു ചുവടെ ചേർത്തിരിക്കുന്നു.

ഗദ്യലേഖനത്തിന്റെ പേരു്:—

1 .....

പദ്യകൃതിയുടെ പേരു്:—

1 .....

പേരു് .....

മേൽവിലാസം .....

.....

ഒപ്പു് .....

വോട്ടു്:—ഈ ഫാറം വെട്ടം തിരുത്തും ഇല്ലാതെ മീനം 1-ാംനു-ക്കു മുമ്പു് ഇവിടെ കിട്ടത്തക്കവണ്ണം പൂരിപ്പിച്ചയയ്ക്കുക.

ഫാറങ്ങളുടെ നമ്പർ എഴുതി നറുക്കിട്ടെടുക്കുന്നതും അതിൽ ആദ്യം കിട്ടുന്ന നമ്പർകാരനു ഒരു കൊല്ലത്തെ കലാനിധി മാസികയും, രണ്ടാമതുകിട്ടുന്ന നമ്പർകാരനു ആറുമാസത്തെ കലാനിധി മാസികയും ഇനാമായി നല്കുന്നതാണു്.

N. B. ഫാറം പൂരിപ്പിച്ചയക്കുമ്പോൾ കവറിന്റെ പുറത്തു ഫാറത്തിന്റെ നമ്പർക്കൂടി കാണിച്ചിരിക്കണം.

Reg: No. T. 154 Reg: No. M. 5192

നിങ്ങൾ വായിച്ചുവോ?

			Rs.	As.
സാഹിത്യസല്ലാപം	ചെറുകഥകൾ	കെ. മാമോദരൻ	1	0
പ്രഫുല്ലഹൃദയം	ഗദ്യനാടകം	ബ്രഹ്മവ്രതൻ	1	4
പുരോഗതി	നിരൂപണങ്ങൾ	എം. സി. ജോസഫ്	1	4
തിലോത്തമ	ഗദ്യനാടകം	ഇ. വി.	1	4
കാൻഡീഡ്	നോവൽ	മോംട്ടയർ	2	0
കലാവതി	ചെറുകഥ	എൻ. കെ. ആചാരി	0	12
വാരനാരി	ലഘുകാവ്യം	ശൊവിന്ദപ്പിള്ളിശാസ്ത്രി	1	0
രാഗിണി	അഭിനവനാടകം	കെ. കെ. വാധ്യാർ	1	8
ആത്മമിത്രം	ചെറുകഥകൾ	നരേന്ദ്രനാഥ്	1	0
സൂക്ഷ്മ	ഗദ്യനാടകം	വെട്ടിക്കവല	1	0
ജീവിതം	,,	ലീലാഭായി	1	0
രഹസ്യങ്ങൾ	,,	പട്ടം ഗോപാലൻനായർ	1	0
പ്രണയബാംബു	ഗദ്യനാടകം	സി. മാധവൻപിള്ള	0	12
സൗധിനി	,,	,,	1	8
ജ്ഞാനാംബിക	നോവൽ	,,	2	0
ദേശസേവിനി	,,	,,	4	0
കുമാരികമല	ഗദ്യനാടകം	,,	1	0
വീരാംഗന	,,	,,	1	0
മിന്നാമിനുങ്ങുകൾ	ചെറുകഥ	നാഗവള്ളി	1	0
മനോഹരി	നോവൽ	ചെമയിൽ രാമകൃഷ്ണപണിക്കർ	1	4
ദുഃഖനാടകം	ചെറുകഥകൾ	പൊൻകുന്നംവക്കി	1	0
അനുരാഗം	,,	,,	1	12
താരകൾ	,,	വെട്ടൂർ രാമൻനായർ	1	4
ഇ. വി. സ്മരണകൾ 1-ാംഭാഗം		സി. എ. രാമൻനായർ	1	8
ടി 2-ാംഭാഗം		,,	2	0
ഇൻഡ്യയെക്കണ്ടെത്തൽ	രാഷ്ട്രീയം	ജവഹർലാൽനെഹ്റു	10	0

റെഡ്യാർ പ്രസ്സ്
തിരുവനന്തപുരം

Printed and Published by T. Subbiah Reddiar, The Reddiar Press and Book-Depot, Main Road, Trivandrum.